VII ധനകാര്യം

2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

12.00 NOON] എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,75,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,73,51,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥനയും വിനോദ സഞ്ചാരം എന്ന LVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,13,62,000 യുടെ ഉപധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിക്കുവേണ്ടി വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,96,52,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിക്കുവേണ്ടി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,00,16,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42,02,86,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,67,43,000 രൂപയുടെ ഉപധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന 46-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,11,34,000 രൂപയുടെ ഉപധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 26,27,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 45,17,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 128,71,38,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,46,65,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 101,07,87,000 രൂപയുടെ ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,64,01,000 രൂപയുടെ ഉപധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 27,83,79,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,24,05,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 127,20,45,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,35,04,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 99,97,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, തുറമുഖങ്ങൾ എന്ന LX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, ഞാൻ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സാധാരണഗതിയിൽ ധനകാര്യ വകുപ്പുമന്ത്രി ഏത് വിമർശനങ്ങളേയും വളരെ സമചിത്തതയോടുകൂടി ധൈര്യപൂർവ്വം നേരിടുന്നതാണ് ഈ നിയമസഭാ സമ്മേളനങ്ങളിലുടനീളം നമുക്ക് കാണാൻ കഴിഞ്ഞുള്ളത്. പക്ഷേ ഇന്നലേയും ഇന്നും അദ്ദേഹത്തിന്റെ സമനില തെറ്റിയിരിക്കുന്നു എന്നുവേണം നമുക്ക് കണക്കാക്കാൻ. ആരോപണങ്ങളുടെ മുൻപിൽ അദ്ദേഹം പതറുന്നതും ചൂളുന്നതും പാളുന്നതുമായ കാഴ്ചയാണ് നമുക്ക് കാണാൻ കഴിഞ്ഞത്. അങ്ങേയ്ക്ക് എന്തുപറ്റി എന്ന് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും അറിയാം. എന്നിരുന്നാൽ പോലും ഇത് അങ്ങയുടെ നിലവാരത്തിൽനിന്ന് വളരെയധികം താഴോട്ട് പോകുന്നു എന്ന യാഥാർത്ഥ്യം അങ്ങയെ ഓർമ്മപ്പെടുത്തുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഞാൻ ഉപധനാഭ്യർത്ഥനകളിലെ ഒരു കാര്യം സൂചിപ്പിച്ചുകൊണ്ട് പറയാം. അങ്ങയുടെ പല ബഡ്ജറ്റ് പ്രൊപ്പോസൽസിലും അങ്ങ് ഒരുപാട് നാടകീയമായ മുഹൂർത്തങ്ങൾ സൃഷ്ടിക്കാറുണ്ട്. പേജ് 43-ൽ (c) The grant sought is to provide an interest free loan to the extend of guarantee commission ....തുടർന്ന് ഞാൻ വായിക്കുന്നില്ല. 2003-ൽ പാസ്സാക്കിയ ആക്ടിലെ വ്യവസ്ഥ പ്രകാരം, കാർഷിക ഗ്രാമ വികസന ബാങ്ക് ഗ്യാരന്റി കമ്മീഷൻ അടയ്ക്കാനുണ്ട് എന്ന് പറഞ്ഞ് നോട്ടീസ് കൊടുക്കുന്നു. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

ആ സ്ഥാപനത്തിന് അത് കൊടുക്കാൻ നിവൃത്തിയില്ല, ഒഴിവാക്കണം എന്ന് അവർ ആവശ്യപ്പെടുന്നു. അങ്ങയുടെ രാഷ്ട്രീയ പാർട്ടിക്കാർ തന്നെയാണ് അവിടെ ഭരണം നടത്തുന്നത് എന്ന ഒരു സ്വാധീനം ഉപയോഗിച്ചുകൊണ്ട് അവരെ ഒരു കെണിയിൽ അകപ്പെടുത്തി ഈ 124 കോടിരൂപയും അവർക്ക് അടയ്ക്കുന്നതിനുവേണ്ടിയുള്ള ഇന്ററസ്റ്റ് ഫ്രീ ലോണിനുവേണ്ടിയിട്ടാണ് ഇപ്പോൾ ഈ ഉപധനാഭ്യർത്ഥന. ഇന്ററസ്റ്റ് ഫ്രീ ലോൺ അങ്ങോട്ട് കൊടുത്തതായി രേഖയുണ്ടാക്കുന്നു. അവർ പണം അടച്ചതായി രേഖയുണ്ടാക്കുന്നു. എന്തിനാണ് ഈ നാടകം ? 2003-ൽ കൊണ്ടുവന്ന ആക്ട് എന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ ആക്ടാണ്. ആ ആക്ടിലെ വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് ഇനിയും അങ്ങ് എന്തുകൊണ്ടാണ് നടപടിയെടുക്കാത്തത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരു സഹകരണ സ്ഥാപനത്തെ പൂട്ടിക്കുന്നതിനു വേണ്ടി മാത്രമേ ഇത് ഉതകുകയുള്ളൂ എന്ന് അങ്ങയെ ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ഭൂമാഫിയ തഴച്ചുവളർന്ന നാല് വർഷമാണ് കടന്നുപോയത്. മെർക്കിസ്റ്റൺ എസ്റ്റേറ്റ് കച്ചവടത്തിലാണ് ആദ്യമായി ഇത് പുറത്തുവന്നത്. തുടർന്ന് അതിന്റെ തുടർച്ചയായി ഇപ്പോൾ അവസാനം എത്തിനിൽക്കുന്നത് അട്ടപ്പാടിയിലെ കയ്യേറ്റമാണ്. മൂന്നാർ ഒഴിപ്പിക്കൽ വന്നു, മൂന്നാർ ഒഴിപ്പിക്കൽ വന്നുകഴിഞ്ഞപ്പോൾ കയ്യേറ്റം ഒഴിപ്പിക്കാൻ ചെന്നവനെ കയ്യേറ്റം ചെയ്ത് പുറത്തുവിട്ടു. സി.പി.ഐ.(എം)-ന്റെ നേതാക്കന്മാരും സിപി.ഐ. യുടെ നേതാക്കന്മാരുമായിരുന്നു അതിന്റെ പിന്നിൽ എന്നുള്ളത് വളരെ വ്യക്തമാണ്. ഇപ്പോഴും മൂന്നാർ കയ്യേറ്റം നിർബാധം തുടരുന്നു, യഥാർത്ഥ കയ്യേറ്റക്കാർക്കെതിരെ നടപടി ഇല്ല, ടാറ്റായെ തൊടുമെന്ന് പ്രഖ്യാപിക്കുന്നതല്ലാതെ ടാറ്റായുടെ കൈവശമുള്ള അധികഭൂമി ഏറ്റെടുക്കുന്നതിന് ഒരു നടപടിയുമില്ല. ഇപ്പോൾ ഏറ്റവും അവസാനം അട്ടപ്പാടിയിൽ നിന്ന് പുറത്ത് വന്നുകൊണ്ടിരിക്കുന്ന ഭൂ മാഫിയയുടെ കച്ചവടക്കഥകൾ വിരൽ ചൂണ്ടുന്നതും ഭരണ നേതൃത്വത്തെ തന്നെയാണ്. 2005 മുതൽ 2009 വരെയാണ് അട്ടപ്പാടിയിൽ ഇത്രയധികം കള്ളക്കച്ചവടം നടത്താൻ കഴിഞ്ഞത്. ഇത്രയധികം വസ്തുകള്ളക്കച്ചവടം നടത്താനുള്ള ധൈര്യം ഇവർക്ക് എങ്ങനെയാണ് വന്നത് ? അതും ആദിവാസികളുടെ ഊരുകളിൽ അവരുടെ ജീവിത നിലവാരം പഠിക്കാനായി മന്ത്രി ശ്രീ. എ. കെ. ബാലൻ സന്ദർശനം നടത്തുന്ന ഈ അവസരത്തിൽ ഈ ആദിവാസികളെ കബളിപ്പിച്ച് അവരുടെ വസ്തുവകകൾ തട്ടിയെടുക്കാൻ ധൈര്യം വന്നു ? അതും അങ്ങയുടെ സ്വന്തം ജില്ലയിൽ. അതുമാത്രമല്ല, അങ്ങ് നേതൃത്വം കൊടുക്കുന്ന പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിന്റെ മറവിൽ അങ്ങയുടെ വകുപ്പിലെ ക്ഷേമപദ്ധതിക്ക് വിരുദ്ധമായി ആദിവാസികളെ അവരുടെ ഭൂമിയിൽനിന്ന് ഇറക്കിവിട്ട് ഈ വസ്തുക്കച്ചവടം നടത്തി അവസാനം സുസ്ലോൺ കമ്പനിയുടെ കയ്യിൽ ഈ ഭൂമി എങ്ങനെ എത്തി എന്നുള്ളതിനെ സംബന്ധിച്ച് അങ്ങേയ്ക്ക് ഒന്നുമറിയില്ല എന്നാണ് അങ്ങ് നടിക്കുന്നതെങ്കിൽ അതെങ്ങനെ വിശ്വസിക്കാൻ കഴിയും ? അങ്ങയുടെ സ്വന്തം ജില്ലയിൽ ഇത്രയധികം കച്ചവടം നടന്നിട്ട് അങ്ങേയ്ക്ക് ഒന്നുമറിയില്ല, 'ഞാൻ ഒന്നുമറിഞ്ഞില്ല, ഇപ്പോഴാണ് ഞാൻ ഇതൊക്കെ അറിയുന്നത്' എന്നാണ് മന്ത്രി ശ്രീ. എ.കെ. ബാലൻ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതെങ്കിൽ അത് വിശ്വസിക്കാൻ സാമാന്യ ബുദ്ധിയുള്ളവർക്ക് കഴിയുന്നില്ല എന്നതാണ് സത്യം. എന്നുമാത്രമല്ല, അപ്പോൾ ജനങ്ങൾക്ക് പറയേണ്ടി വരും Something is rotten in the City of Denmark. ഇവിടെ എന്തോ ചീഞ്ഞ് നാറുന്നു എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. 70-ഓളം ക്രയവിക്രയങ്ങളാണ് നടന്നത്. ഒരേ സർവ്വേ നമ്പരിൽ നാല് വർഷത്തിനുള്ളിൽ കോട്ടത്തറ വില്ലേജിൽ സർവ്വേ നമ്പർ 12/75-ൽ കേന്ദ്രീകരിച്ചാണ് ഏറ്റവും കൂടുതൽ ആധാരം നടന്നത്. സർക്കാരിന്റെ വിൻഡ് എനർജി പോളിസിക്ക് വിധേയമായി അനെർട്ടിന്റെ സാങ്കേതികാനുമതിയോടുകൂടിയാണ് കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ചതെന്നും ഇതിനായി സ്ഥലം വില കൊടുത്ത് വാങ്ങിയതാണെന്നും ഈ വിവരം അനെർട്ടിനേയും വൈദ്യുതി വകുപ്പിനേയും യഥാസമയം അറിയിച്ചിട്ടുണ്ടെന്നും സുസ്ലോൺ കമ്പനി പത്ര സമ്മേളനത്തിൽ പറഞ്ഞു. അങ്ങയെ അറിയിച്ചിട്ടുണ്ടോ? അങ്ങയുടെ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ? അനെർട്ടിനെ അറിയിച്ചിട്ടുണ്ടോ? കോട്ടത്തറ വില്ലേജിൽ 110 ഏക്കറും അഗളി-ഷോളയാർ വില്ലേജിൽ 75 ഏക്കറും കമ്പനി കൈവശപ്പെടുത്തിയിട്ടുണ്ട്. പല കൈകൾ കൈമറിഞ്ഞ് 30 ഏക്കർ സ്ഥലം ഭീമ, അന്ന അലുമിനീയം, ഏഷ്യൻ സ്റ്റാർ, പോപ്പി തുടങ്ങിയ കമ്പനികളുടെ കൈകളിലും എത്തി. ഇങ്ങനെ കൈമാറ്റം ചെയ്തതിൽ ആദിവാസി ഭൂമിയുണ്ട്, വന ഭൂമിയുണ്ട്, റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ട്. ഈ കള്ളക്കച്ചവടം വനം വകുപ്പ് അറിഞ്ഞില്ല, ആദിവാസി ക്ഷേമവകുപ്പ് അറിഞ്ഞില്ല, വൈദ്യുതി വകുപ്പും റവന്യൂ വകുപ്പും അറിഞ്ഞില്ല. രജിസ്ട്രേഷൻ വകുപ്പ് അറിഞ്ഞും അറിയാതെയും തപ്പിയും തടഞ്ഞും നിൽക്കുകയാണ്. വസ്തു വൻകിടക്കാരുടെ പേരിൽകൂട്ടി കരവും അടയ്ക്കുന്നു. ഈ ഭൂമി കച്ചവടത്തിന്റെ ദുർഗന്ധം ഇടതുമുന്നണിയെ മൂടി നിൽക്കുകയാണ്. ഇവിടെ വ്യവസായ വകുപ്പുമന്ത്രി പുതിയ സോപ്പ് എല്ലാം വിതരണം ചെയ്തിരിക്കുകയാണ്. ഈ സോപ്പിന്റെ സുഗന്ധം കൊണ്ട് ഇത്രയധികം മലീമസമായ ദുർഗന്ധം അകറ്റാൻ കഴിയുമോ? ഷേക്സ്പിയറിന്റെ ഒരു വാക്കുണ്ട്. All the perfumes of Arabia will not sweeten thy hands. ലേഡി മാക്ബത്തിന്റെ ആ കൈകളേക്കാൾ മലീമസമായിരിക്കുന്നു നിങ്ങളുടെ കൈകൾ, അത് ശുദ്ധമാക്കാൻ ഏഴ് കടലിലെ ജലം കൊണ്ടും അറേബ്യയിലെ മുഴുവൻ സുഗന്ധങ്ങൾ ലേപനം ചെയ്താലും സാദ്ധ്യമാകുകയില്ല എന്ന് നിങ്ങൾ മനസ്സിലാക്കുന്നത് നന്നായിരിക്കും എന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, ഇവിടെ ഗവൺമെന്റ് ക്വാർട്ടേഴ്സ് അനുവദിക്കുന്നത്, സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ്. പക്ഷേ ഇവിടെ പത്രത്തിൽ ഒരു വാർത്ത വന്നു പുത്തൻ ഓഫർ, സി.പി.ഐ.(എം) യൂണിയനിൽ ചേരൂ സർക്കാർ ക്വാർട്ടേഴ്സിൽ പ്രവേശിക്കൂ, താമസിക്കൂ. സി.പി.ഐ. യൂണിയനിൽ ചേർന്നുകഴിഞ്ഞാൽ സീനിയോറിറ്റി വേണ്ട. ഇവിടെ ശ്രീ. കെ. കെ. ദിവാകരൻ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞത്, ജീവനക്കാർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് ക്വാർട്ടേഴ്സ് അനുവദിക്കുന്നത് എന്നാണ്. രജിസ്ട്രേഷന്റെ സീനിയോറിറ്റി ക്രമത്തിൽ ഒഴിവ് വരുന്ന മുറയ്ക്ക് സംവരണതത്വം പാലിച്ച് ക്വാർട്ടേഴ്സ് അനുവദിക്കുന്നു. അങ്ങനെ അല്ലല്ലോ അനുവദിച്ചത്. ജില്ലാ കളക്ടർ അനുവദിച്ചതിനുവിരുദ്ധമായി

LIBRARY ARCHIVES Kerala Legislative Assembly

516 സ്പെഷ്യൽ ഓർഡറുകൾ ഇറക്കിയിരിക്കുന്നു. എന്തടിസ്ഥാനത്തിൽ ഈ സീനിയോറിറ്റി ഓവർ ലുക്ക് ചെയ്തു ? എന്നിട്ട് ശ്രീ. പി. കെ. അബ്ദുറബ്ബിന്റെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്പെഷ്യൽ ഓർഡർ പ്രകാരം എത്ര ക്വാർട്ടേഴ്സ് തിരുവനന്തപുരം ജില്ലയിൽ അനുവദിച്ചു എന്ന ചോദ്യത്തിന് 516 ക്വാർട്ടേഴ്സുകൾ അനുവദിച്ചുവെന്നും സീനിയോറിറ്റി പ്രകാരം എത്ര ക്വാർട്ടേഴ്സുകൾ അനുവദിച്ചു എന്നതിന് എട്ട് ക്വാർട്ടേഴ്സുകൾ അനുവദിച്ചു എന്ന് മറുപടി പറഞ്ഞിരിക്കുന്നു. സീനിയോറിറ്റി പ്രകാരം എട്ട് ക്വാർട്ടേഴ്സുകളും സ്പെഷ്യൽ ഓർഡർ പ്രകാരം 516 ക്വാർട്ടേഴ്സുകളും അനുവദിച്ചിരിക്കുന്നു. ജില്ലാ കളക്ടർ പറഞ്ഞു എന്നെക്കൊണ്ട് ഇനിയും ഈ പണി പറ്റില്ല എന്ന്. ഈ ക്വാർട്ടേഴ്സുകൾ അനുവദിച്ചത് എങ്ങനെയാണ് ? ഈ സ്പെഷ്യൽ ഓർഡറുകൾ എങ്ങനെ അനുവദിച്ചു ? യഥാർത്ഥത്തിൽ എന്താണ് ഇവിടെ ഉണ്ടായത് എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് വ്യക്തമാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മലയാള മനോരമ പത്രത്തിൽ ഇന്നലെ സെന്റർ പേജിൽ വന്ന വാർത്തയാണ്, നടരാജനെ അവർ ചുട്ടുകൊന്നു. നടരാജന്റെ ജീവൻ എടുത്തത് ആരാണ് ? ആർക്കുമറിയില്ല, എല്ലാവരും ഒന്നറിയുന്നു ഭാര്യയേയും മകനേയും രക്ഷിക്കാനുള്ള തത്രപ്പാടിൽ നടരാജൻ വെന്ത് ചാരമായി എന്ന്. ജൂലായ് രണ്ടിന് പുലർച്ചെ അട്ടപ്പാടിയിലെ ദുരൂഹ മരണങ്ങളുടെ പട്ടികയിലേയ്ക്ക് ആ കൊലപാതകം കൂടി. ബഹുമാനപ്പെട്ട മന്ത്രി ബാലൻ അങ്ങേയ്ക്ക് അഭിമാനിക്കാൻ ധാരാളമുണ്ട്. അട്ടപ്പാടിയിൽ ആദിവാസികളെ കുടിയൊഴിപ്പിച്ചത് മാത്രമല്ല, നടരാജനെപ്പോലെയുള്ള നിരവധി ആളുകളെ ചുട്ടുകൊല്ലുന്ന ഒരു ഭരണമാണ് ഈ സംസ്ഥാനത്ത് നിൽക്കുന്നത് എന്നാണ് ഇന്ന് പത്രത്തിൽ വന്നിട്ടുള്ളത്. ഈ നിലയിൽ മുന്നോട്ടുപോകുന്ന ഭരണം, ഇത് ആർക്കുവേണ്ടിയുള്ള ഭരണമാണ് ? ഭൂമാഫിയകൾ തഴച്ചുവളരുന്നു. നമ്മുടെ നാട്ടിൻ പ്രദേശത്ത് വയൽ മണ്ണിട്ട് നികത്തുകയാണ്. ഇന്ന് ചെയറിലിരിക്കുന്ന ബഹുമാനപ്പെട്ട അങ്ങ് തന്നെ ചോദ്യം ചോദിച്ചു, മണ്ണിട്ട് നികത്തിക്കഴിയുമ്പോൾ അവിടെ ഒരു കൊടി പ്രത്യക്ഷപ്പെടും. പിന്നെ നെഗോസിയേഷൻസാണ്. ഒരാഴ്ച കൊണ്ട് ആ കൊടി അപ്രത്യക്ഷമാകും. നിർബാധം വയൽ നികത്തും. ഇത് നമ്മുടെ നാട്ടിൻപ്രദേശത്ത് നിർബാധം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ഭൂമാഫിയകളെ കയറൂരിവിടുകയും ആദിവാസികൾക്കുവേണ്ടി മുതലക്കണ്ണീർ ഒഴുക്കുകയും അവരെ ദുരിതത്തിലാഴ്ത്തുകയും ചെയ്യുന്ന ഈ ഭരണത്തിനു വേണ്ടിയുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. ടി. ജലീൽ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇവിടെ ഒന്നും ചീഞ്ഞ് നാറുന്നില്ല, അപ്പുറത്തിരിക്കുന്ന ചില ആളുകളുടെ മനസ്സല്ലാതെ. ആടിനെ പട്ടിയാക്കി, പട്ടിയെ പേപ്പട്ടിയാക്കി സമർത്ഥമായി എങ്ങനെയാണ് രക്ഷപ്പെടുക എന്നുള്ളതിന് ഇന്നലെയും ഇന്നുമായി പ്രതിപക്ഷത്തിന്റെ പ്രവർത്തനത്തിലൂടെ സഭ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. നാട്ടിൻപുറത്ത് കള്ളനെ തെരഞ്ഞുനടന്ന ഒരുകൂട്ടം ആളുകളെ സംബന്ധിച്ച് നമ്മൾ കേട്ടിട്ടുണ്ട്. ആ ആൾകൂട്ടത്തിൽ ചേർന്ന് കള്ളനും കള്ളൻ, കള്ളൻ എന്നുപറഞ്ഞ് കള്ളനെത്തേടി നടക്കുന്നു. അതുപോലെയാണ്

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥ കുറ്റവാളികളായിട്ടുള്ളവർ ഇപ്പുറത്തിരിക്കുന്ന ആളുകളെ സംബന്ധിച്ച് അഴിമതിക്കാർ എന്ന് ആക്ഷേപിക്കുന്നത്. ലോട്ടറിയെച്ചൊല്ലി വലിയ വാഗ്വാദവും തർക്കവിതർക്കങ്ങളും നടന്നുകൊണ്ടിരിക്കുകയാണല്ലോ ? കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി അന്യ സംസ്ഥാന ലോട്ടറികൾക്ക് എതിരായും ലോട്ടറി മാഫിയകൾക്കെതിരായും ശക്തമായ നടപടി സ്വീകരിക്കുവാൻ ആരാണ് തയ്യാറായത് ? ലോട്ടറികളുടെ നിയമലംഘനത്തിനെതിരെ വിജിലൻസ് അന്വേഷണമല്ലേ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചത്. അങ്ങനെ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ച ഒരു ഗവൺമെന്റിനെ, ആ വിജിലൻസ് അന്വേഷണത്തിലൂടെ നിയമവിരുദ്ധമായ നിരവധി കാര്യങ്ങൾ കണ്ടെത്തി അത് ബന്ധപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. ശിവരാജ്പാട്ടീലിനെ അറിയിച്ച ഒരു ഗവൺമെന്റിനെ എന്തിനാണ് പ്രതിപക്ഷം പ്രതിക്കൂട്ടിലാക്കാൻ ശ്രമിക്കുന്നത് ?

കഴിഞ്ഞ യു.ഡി.എഫ്-ന്റെ ഭരണകാലത്ത് എന്തായിരുന്നു സ്ഥിതി ? യാതൊരു തരത്തിലുള്ള കേസുകളും അന്യസംസ്ഥാന ലോട്ടറിമാഫിയകൾക്കെതിരായി എടുക്കേണ്ട എന്നുള്ള സമീപനമായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചു, ആ വിജിലൻസ് അന്വേഷണത്തിൽ പല കാര്യങ്ങളും കണ്ടെത്തി, അതുകൊണ്ടു മാത്രം കാര്യങ്ങൾ അവസാനിപ്പിക്കുകയല്ല ഗവൺമെന്റ് ചെയ്തത്. മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഇതു സംബന്ധമായി ഒരു കത്ത് എഴുതിയിരുന്നു. ആ കത്തിലെ വാചകങ്ങൾ ഞാൻ ഉദ്ധരിക്കുകയാണ്. In order to measure the depth of violation, Government ordered a vigilance probe recently. It revealed large-scale violation of Section 4 of Central Act even by the paper lotteries organised in this State on behalf of Sikkim and Bhutan Governments. Copy of the report is enclosed. It carries a clear evidence and ample proof to ban these lotteries, whose only intention is to exploit innocent people. എന്നിട്ട് ആ കത്ത് കൺക്ലൂഡ് ചെയ്യുന്നത് ഇങ്ങനെയാണ്. In view of the position explained above, I would request that Hon'ble Minister to take urgent steps to ban computarised and online lotteries and also to ban other State paper lotteries conducted in violation of Section 4 of Lotteries Regulation Act. 2006, 11-ാം മാസമാണ് മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ശിവരാജ് പാട്ടീലിന് കത്ത് നൽകിയത്. ഇതുമായി ബന്ധപ്പെട്ട് എന്തു നടപടിയാണ് കേന്ദ്ര ഗവൺമെന്റും ആഭ്യന്തര വകുപ്പും എടുത്തത് ? ഇവിടെ ചില പ്രതിപക്ഷാംഗങ്ങൾ പറഞ്ഞു, കെന്നഡിക്കുവേണ്ടിയോ മെഗാ എന്റർപ്രൈസസ് ലോട്ടറി ഏജന്റിനുവേണ്ടിയോ ഹൈക്കോടതിയിൽ നളിനി ചിദംബരം ഹാജരായത് അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോഴല്ല എന്ന്. ശരിയാണ്, അദ്ദേഹം അന്ന് ഇൻഡ്യയുടെ ധനകാര്യവകുപ്പുമന്ത്രിയായിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാര്യ ഈ രാജ്യത്തെ ചൂഷണം ചെയ്യുന്ന ശക്തികൾക്കെതിരായി, ഒരു സംസ്ഥാന ഗവൺമെന്റ് നടത്തുന്ന കേസിനെതിരായി പ്രതികളെ രക്ഷിക്കാൻ ഹൈക്കോടതിയിൽ ഹാജരായി എന്നുപറയുന്നത് ശരിയായിരുന്നോ ?

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെയാണ് പ്രതികരിക്കാതിരിക്കുക ? അദ്ദേഹം ആയതുകൊണ്ട് അത്രയും മാന്യത പുലർത്തി. കാരണം സത്യസന്ധതയും ആത്മാർത്ഥതയും പുലർത്തുന്ന ആളുകളെക്കുറിച്ച് പച്ചക്കള്ളം കെട്ടിച്ചമച്ച് കൊണ്ടുവരുമ്പോഴു ണ്ടാകുന്ന മനോവിഷമം എന്തായിരിക്കുമെന്ന് നിങ്ങൾക്കറിയില്ല. നിങ്ങൾ ഇതുവരെ അത് അനുഭവിച്ചിട്ടില്ല. തെറ്റ് ചെയ്തവനായിരുന്നു മന്ത്രിയെങ്കിൽ കോമ്പ്രമൈസിന്റെ ഭാഷയിലായിരിക്കും അദ്ദേഹം സംസാരിക്കുക. നിങ്ങളെ പ്രകോപിപ്പിക്കുകയല്ല, പ്രലോഭിപ്പിക്കുകയായിരുന്നു അദ്ദേഹം ചെയ്യേണ്ടിയിരുന്നത്. അതല്ല അദ്ദേഹം ചെയ്തത്. തെറ്റ് ചെയ്യാത്ത മനുഷ്യന്റെ മനസ്സിൽനിന്നുവരുന്ന വാക്കുകളാണ് അദ്ദേഹത്തിൽനിന്ന് നമ്മൾ കേട്ടത്. ശരിയല്ലാത്ത പ്രവർത്തനം ചെയ്യുന്നതിനെക്കുറിച്ച്, മോശമായ പ്രവർത്തനമെന്നു പറയുന്നത് അപരാധമാണോ ? മിതമായ ഭാഷയിൽ മറ്റെന്താണ് ഇതേക്കുറിച്ച് പറയേണ്ടത് ? നിങ്ങൾ നെഞ്ചത്ത് കൈവച്ചുകൊണ്ട് ആലോചിച്ചുനോക്കണം. ഈ ഗവൺമെന്റ് അന്യസംസ്ഥാന ലോട്ടറികൾക്കെതിരായി ശക്തമായ നടപടികളെ ടുക്കുമ്പോൾ നിങ്ങൾക്കെന്തിനാണ് ഇത്ര പ്രയാസം ? ആൾപ്പാർട്ടി മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റിന് അധികാരം നൽകാതെ പ്രതിപക്ഷം നടത്തുന്ന കസർത്ത് എല്ലാപേർക്കും മനസ്സിലാകും. എന്തായിരുന്നു അഡീഷണൽ സോളിസിറ്റർ ജനറൽ കേന്ദ്ര ഗവൺമെന്റിനുവേണ്ടി ഹൈക്കോടതിയിൽ വന്നു പറഞ്ഞത്. ഇവർക്കെതിരായി ഒരു നിയമനടപടിയുമെടുക്കാൻ സംസ്ഥാന ഗവൺമെന്റിന് ഒരു അധികാരമില്ല എന്നാണ്. ഇങ്ങനെ ഹൈക്കോടതിയിൽ പറയുകയും എന്നിട്ട് സഭയിൽ വന്ന് കള്ളത്തരം പ്രചരിപ്പിച്ച് ആളുകൾക്കിടയിൽ തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കുകയും ചെയ്യുന്നത് മാന്യതയാണോ, ഇത് രാഷ്ടീയ പ്രവർത്തനമാണോയെന്ന് നിങ്ങൾ പുനർവിചിന്തനം നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഇവിടെ പറഞ്ഞത് സത്യമായിട്ടുള്ള കാര്യങ്ങളാണ്. രേഖകൾ അതിനുള്ള തെളിവുമാണ്. ആർക്കാണ് ഈ സത്യത്തെ എതിർക്കാൻ കഴിയുക ? പ്രതിപക്ഷം ധനകാര്യവകുപ്പുമന്ത്രി അഴിമതിക്കാരനെന്ന് മുദ്രകുത്തുന്നതിന്റെ കാരണമെന്താണെന്ന് ഏതൊരാൾക്കും അറിയാം. നിങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയെ ടാർജറ്റ് ചെയ്തു തുടങ്ങിയിട്ട് കുറച്ചു കാലമായി. എന്തിനാണ് ? കേരളത്തിന്റെ ചരിത്രത്തിലിതുവരെ ഇത്ര നന്നായി ധനകാര്യ മാനേജുമെന്റ് കൈകാര്യം ചെയ്ത ഒരു മന്ത്രിയുണ്ടായിട്ടില്ല അതുകൊണ്ട് അദ്ദേഹത്തെ പ്രതിക്കൂട്ടിൽ നിറുത്തണം, ഇല്ലാ കഥകൾ മെനഞ്ഞ് അദ്ദേഹത്തെ തളർത്തണം. അങ്ങനെ ഈ ഗവൺമെന്റിന്റെ ചടുലമായ പ്രയാണത്തെ തടുത്തുനിറുത്തണം.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ]

ഒറ്റ ദിവസം പോലും കേരളത്തിൽ ട്രഷറി പൂട്ടിയില്ലല്ലോ? ഇവിടെ കൂട്ട റിട്ടയർമെന്റ് ഉണ്ടാകുന്ന സമയത്ത് മഹാപ്രളയമായിരിക്കും, ഭൂകമ്പമായിരിക്കും ഉണ്ടാവുക എന്നല്ലേ നിങ്ങൾ പറഞ്ഞിരുന്നത് ? ഇവിടെ ഒന്നും ഉണ്ടായില്ല ? എല്ലാം സ്മൂത്തായി പോകുന്നു. ഇത്തരമൊരു സ്ഥിതിവിശേഷം അതിവിദഗ്ദ്ധമായ ധനകാര്യ മാനേജുമെന്റിലൂടെ മാത്രമേ സാധിച്ചെടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുകയുള്ളു. അത് ഈ സംസ്ഥാനത്തിന് സാദ്ധ്യമാക്കി എന്നുളളതിന്റെ പേരിലാണ് നിങ്ങൾ ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രിയെ വേട്ടയാടിക്കൊണ്ടിരിക്കുന്നത്, ചില പത്രമാധ്യമങ്ങളുടെ പിന്തുണയോടുകൂടി നാട്ടിൽ ധനമന്ത്രിക്കെതിരെ തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുവാൻ നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നതിന് കനത്ത വില തന്നെ നിങ്ങൾ നൽകേണ്ടിവരും. അദ്ദേഹത്തിന്റെ ഭാഷ മോശമായിരുന്നു എന്നാണ് നിങ്ങൾ ആരോപിച്ചത്. എത്ര വലിയ കള്ളത്തരമല്ലേ നിങ്ങൾ ഇവിടെ പ്രചരിപ്പിച്ചത്; അത്ര വലിയ കള്ളത്തരമല്ലേ നിങ്ങൾ ഈ സഭയിൽ എഴുന്നള്ളിച്ചത് ? സത്യവുമായി ഒരു പുലബന്ധം പോലും നിങ്ങളുടെ ആരോപണങ്ങൾക്കില്ലെന്ന് ആരെക്കാളും അധികം നിങ്ങൾക്കുതന്നെ അറിയാം.

മി. ചെയർമാൻ: ശ്രീ. കെ. ടി. ജലീൽ, പോയിന്റ് ഓഫ് ഓർഡർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, സ്പീക്കറുടെ റൂളിംഗാണ്. അവിടെയുണ്ടായ സംഭവത്തെക്കുറിച്ച് ഏറ്റവും അവസാനമായി സ്പീക്കർ നടത്തിയ റൂളിംഗുണ്ട്, ആ റൂളിംഗിന് വിരുദ്ധമായിട്ടാണ് ശ്രീ. കെ. ടി. ജലീൽ ഇവിടെ സംസാരിക്കുന്നത്. രണ്ടാമത്തെ കാര്യം, സഭാരേഖയിൽ നിന്ന് നീക്കിയതാണ്. മാത്രമല്ല അൺപാർലമെന്ററിയായിട്ടുള്ള വാക്കുകൾ ശ്രീ. കെ. ടി. ജലീൽ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. അത് പാർലമെന്ററിയാണോ എന്ന് പരിശോധിക്കണം. വീണ്ടും വീണ്ടും അദ്ദേഹം അതുതന്നെ പറഞ്ഞുകൊണ്ടിരിക്കുന്നു. മാത്രമല്ല സ്പീക്കറെ തന്നെ ചോദ്യം ചെയ്ത്, സ്പീക്കർ റൂൾ ചെയ്തതിനെ രേഖയിൽ നിന്നും മാറ്റിയ കാര്യം വീണ്ടും ഒരു മെമ്പർ ഈ സഭയിൽ പറയുന്നത് ശരിയാണോ ? അത് ഓർഡറിലാണോ ? അല്ലെങ്കിൽ അത് സഭാരേഖയിൽ നിന്ന് നീക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ അങ്ങയുടെ റൂളിംഗ് ആവശ്യപ്പെടുന്നു.

ശ്രീ. കെ. ടി. ജലീൽ: സർ, ഞാൻ സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല ചെയ്തത്. സ്പീക്കറുടെ റൂളിംഗിനെ ഞാൻ ബഹുമാനിക്കുന്നു, ആദരിക്കുന്നു. * * * പ്രവർത്തനം നടത്തിയാൽ പിന്നെ പറ പ്രവർത്തനമെന്നാണോ പറയേണ്ടത് ? * * * പ്രവർത്തനം നടത്തിയാൽ * * * പ്രവർത്തനമെന്നല്ലാതെ പിന്നെ പറ പ്രവർത്തനമെന്നാണോ പറയേണ്ടത്?

മി. ചെയർമാൻ: * * * എന്ന വാക്ക് രേഖയിലുണ്ടാകില്ല. .....(ബഹളം)....

ശ്രീ. കെ. ടി. ജലീൽ: * * * എന്ന വാക്കിനോട് പ്രതിപക്ഷത്തിന് വലിയ ഈർഷ്യയും പകയുമാണ് എന്നുളളതുകൊണ്ട് * * * പ്രവർത്തനം എന്നുള്ളതിന് പകരം പറ പ്രവർത്തനം എന്നാക്കണമെന്നാണ് എന്റെ ഭേദഗതി. എന്തിനാണ് ഈ ആക്രോശവും ഉറഞ്ഞുതുള്ളലുമെല്ലാം ? ഈ ഗവൺമെന്റ് കാര്യങ്ങൾ യഥാവിധി നടപ്പിലാക്കി മുന്നോട്ട് പോകുന്നു. കുറ്റമറ്റ ധനകാര്യ മാനേജുമെന്റ് ഈ സംസ്ഥാനത്ത് നടപ്പിലാക്കി പുരോഗമന പ്രവർത്തനങ്ങൾ ചരിത്രത്തിൽ ഇന്നോളമില്ലാത്ത വിധം അതിശക്തമായി നടന്നുകൊണ്ടിരിക്കുന്നു.

* * * സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിലുള്ള കടുത്ത അസൂയയും പകയുമാണ് ധനകാര്യമന്ത്രിയെ താറടിച്ചുകാണിക്കാൻ ശ്രമിക്കുന്നതിനുപിന്നിലെ ചേതോവികാരം. അത് ജനങ്ങൾക്കറിയാം എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ച മന്ത്രിമാർ എത്ര പേരുണ്ട് ഇവിടെ ? മന്ത്രിമാരെപ്പറ്റിയോ അവരുടെ വകുപ്പിനെപ്പറ്റിയോ ഒരു കാര്യം ചോദിച്ചാൽ ഉത്തരം പറയാൻ ആരെങ്കിലുമുണ്ടോ ? ധനകാര്യ വകുപ്പുമന്ത്രി മനസ്സിലാക്കേണ്ട കാര്യം, അങ്ങ് കഴിഞ്ഞ അഞ്ച് വർഷം ഇവിടെ ഇരുന്നല്ലോ. ഉപധനാഭ്യർത്ഥന സമയത്തെങ്കിലും മന്ത്രിമാർ ഇവിടെ കുത്തിയിരുന്ന് കേൾക്കുമല്ലോ. ഇവിടെയുള്ള മെമ്പർമാർ, ഭരണകക്ഷിയാകട്ടെ, പ്രതിപക്ഷമാകട്ടെ, പറയുന്നത് എന്താണെന്ന് കേൾക്കണ്ടേ ? അതിന് മറുപടി പറയണ്ടേ ? അഴിമതി ആരോപണം എഴുതിത്തന്ന് ഉന്നയിച്ചാൽ മാത്രമേ മന്ത്രിമാർ ഇവിടെ ഇരിക്കൂ എന്ന മാനസിക നിലയിലേക്ക് ഈ ഗവൺമെന്റ് പോകുന്നത് ശരിയാണോ എന്ന് നിങ്ങൾ ചിന്തിക്കണം. ബഹുമാനപ്പെട്ട കെ. ടി. ജലീലിനോട് എനിക്ക് ഒരു അഭിപ്രായം പറയാനുണ്ട്. ഇപ്പോൾ ശ്രീ. കെ. ടി. ജലീൽ നടത്തിയതുപോലെ 17 കൊല്ലം ഞാൻ ഈ സഖാക്കൻമാർക്ക് വേണ്ടി കൂലിത്തല്ല് നടത്തിയവനാണ്. ഈ കൂലിത്തല്ല് കൊണ്ട് വലിയ കാര്യമില്ലെന്ന് എനിക്ക് 17 കൊല്ലം കൊണ്ടാണ് ബോദ്ധ്യമായതെങ്കിൽ ബഹുമാനപ്പെട്ട കെ.ടി. ജലീലിന് രണ്ട് കൊല്ലം കൊണ്ട് ബോദ്ധ്യമാകും. ഒരു സംശയവും വേണ്ട. ബഹുമാനപ്പെട്ട വി. ചെന്താമരാക്ഷനാണ് സംസാരിക്കേണ്ടത്. ശ്രീ. വി. ചെന്താമരാക്ഷനെ മാറ്റിയിട്ട്, ഏഴാമത് പ്രസംഗിക്കേണ്ട ശ്രീ. കെ. ടി. ജലീൽ രണ്ടാമത് കയറി വന്ന് കൂലിത്തല്ല് നടത്തുകയാണ്. ശ്രീ. കെ. ടി. ജലീൽ ഇതിനൊക്കെ അനുഭവിക്കാൻ പോവുകയാണ്.....................(ബഹളം)...........

മി. ചെയർമാൻ : ശ്രീ. പി. സി. ജോർജ്, ഒരു പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഇവിടെ ബഹുമാന്യനായ മെമ്പർ ഇപ്പുറത്തുള്ള മന്ത്രിമാരായ ആളുകൾക്കുവേണ്ടി കൂലിത്തല്ല് നടത്തുന്ന ജോലിയാണ് ചെയ്തതെന്നാണ് പറഞ്ഞത്. സി.പി.ഐ (എം)-ന്റെയോ ഇടതുപക്ഷ മുന്നണിയുടെയോ മന്ത്രിമാർക്ക് ഈ കൂലിത്തല്ല് നടത്താനുള്ള വാടക ഗുണ്ടകളൊന്നുമില്ല. ....(ബഹളം)....... അവരെ തല്ലാൻ വന്നാൽ അവർ തിരിച്ച് തല്ലിക്കോളും. ശ്രീ. ജോർജിന്റെ പണി അതാണെങ്കിൽ ഈ വാടക പ്രസംഗത്തിനും കൂലിത്തല്ലിനും വേണ്ടിയാണോ അപ്പുറത്ത് പോയതെന്നുള്ള കാര്യം വ്യക്തമാക്കണം.

മി. ചെയർമാൻ : ശ്രീ. പി. സി. ജോർജ്, അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. കെ. ബാബു : സർ, ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞത്, അവർക്ക് കൂലിത്തല്ലിന്റെ ആവശ്യമില്ല. കാരണം സ്വയം തല്ലുന്നവരാണ് എന്നുള്ളതുകൊണ്ടല്ലേ ?.......(ബഹളം)................

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡറല്ല, ശ്രീ. പി. സി. ജോർജ്, അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ചോദിക്കട്ടെ, ഈ ഗവൺമെന്റ് 2006 മേയ് മാസത്തിൽ വന്ന ഗവൺമെന്റാണ്. ഈ ഗവൺമെന്റ് വന്നിട്ട് നാല് കൊല്ലം കഴിഞ്ഞില്ലേ ? ഏതെങ്കിലും ഒരു കാര്യത്തിൽ ഗവൺമെന്റിന് ഒരുമിച്ച് നീങ്ങാൻ കഴിഞ്ഞിട്ടുണ്ടോ? ബഹുമാനപ്പെട്ട ധനകാര്യമന്ത്രി തോമസ് ഐസക്കിനെതിരെ രൂക്ഷമായ ആക്രമണം പ്രതിപക്ഷനേതാവിന്റെ ഭാഗത്തുനിന്നുണ്ടായി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി രൂക്ഷമായി തന്നെ മറുപടി പറഞ്ഞു. ഞാൻ രണ്ടും കേട്ടുകൊണ്ടിരിക്കുകയാണല്ലോ ? അങ്ങേയ്ക്ക് ഇന്ന് രാവിലെ മുതൽ ഭയങ്കര അസഹിഷ്ണുതയാണ്. എനിക്ക് അത്ഭുതം തോന്നി. അങ്ങ് agitated ആണ്. എന്തിന് agitated ആകുന്നു ? അങ്ങ് വളരെ agitated ആയി സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരൻ പുറകിലിരുന്ന് ചിരിക്കുകയാണ്. ഞാൻ ഇത് പറയുന്നത്, ഈ ഗവൺമെന്റ് വന്നിട്ട് ഇന്നുവരെ ഐക്യത്തോടുകൂടി പ്രവർത്തിക്കാൻ കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെന്റ് ഈ സംസ്ഥാനത്തുണ്ടോ ? മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദന് പിന്തുണ കൊടുക്കുന്ന ആരുണ്ട് ഇവിടെ ? അദ്ദേഹത്തിന് പിന്തുണ കൊടുത്ത എം.എൽ.എ.-മാർ ആരുണ്ട്; മന്ത്രിമാർ ആരുണ്ട് ? കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു നാണംകെട്ട ഗവൺമെന്റല്ലേ നാലേകാൽ വർഷമായി ഭരിച്ചുകൊണ്ടിരിക്കുന്നത് ? ....(ബഹളം)........... ഞാൻ നിർത്തുകയാണ്. എനിക്ക് സമയം കിട്ടണം ....(ബഹളം)....... എന്റെ സമയം കളയാൻ പറ്റില്ല. മുഴുവൻ സമയവും തരേണ്ടി വരും. ഈ സഭയിലെ ഒരു അംഗമെന്ന നിലയിൽ എനിക്ക് സംസാരിക്കാൻ അവസരമുണ്ട്. കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു ഗവൺമെന്റ് എന്ന ആരോപണമാണ് ഞാൻ ഉന്നയിക്കുന്നത്. ഞാൻ ചോദിക്കട്ടെ, നാലേകാൽ കൊല്ലമായി ഈ ഗവൺമെന്റ് ഭരണം നടത്തിയിട്ട്. എന്നാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനും ഈ മുന്നണിയിലെ അംഗങ്ങളും യോജിച്ചത് ? മിനിഞ്ഞാന്നാണ്.

മി. ചെയർമാൻ : ശ്രീ. പി. സി. ജോർജ്, പോയിന്റ് ഓഫ് ഓർഡർ.........

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അവാസ്തവമായ കാര്യങ്ങൾ സഭയിൽ പറയുന്നത് ഓർഡറിലല്ല എന്നുള്ളതുകൊണ്ടാണ് ഞാൻ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട തോമസ് ഐസക് മറുപടി പറയുമ്പോൾ ഞാൻ ഈ സഭയിലുണ്ടായിരുന്നില്ല. ഞാൻ പിന്നിലിരുന്ന് ചിരിച്ചതിനെപ്പറ്റി............അത് ഓർഡറിലല്ല, തിരുത്തണം. ഞാൻ ഇവിടെ ഉണ്ടായിരുന്നില്ല ....(ബഹളം).......

മി. ചെയർമാൻ : അങ്ങ് പറയൂ.

ശ്രീ. കെ. ബാബു : സർ, ബഹുമാനപ്പെട്ട മന്ത്രി ജി.സുധാകരൻ ഇവിടെ വന്നില്ല, ഇതുകേട്ട് വീട്ടിലിരുന്ന് ചിരിക്കുകയായിരുന്നു എന്നാണ് പറഞ്ഞത് ....(ബഹളം)............

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരൻ, ഞാൻ അങ്ങയെ അപമാനിക്കാൻ പറഞ്ഞതല്ല, ഈ ഗവൺമെന്റിലെ മന്ത്രിമാർ തമ്മിലുളള ബന്ധത്തെപ്പറ്റി രാജ്യത്തെ ജനങ്ങൾക്ക് ബോദ്ധ്യമുളള കാര്യം ഓർമ്മപ്പെടുത്താൻ വേണ്ടി പറഞ്ഞുവെന്നേയുളളു. അങ്ങയെ അപമാനിക്കാനല്ല. ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്നു. ഈ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന ആൾ ആരുമാകട്ടെ, മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവും ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനും തമ്മിൽ ഏതെങ്കിലും കാര്യത്തിൽ യോജിക്കാൻ പറ്റിയിട്ടുണ്ടോ ? നാലരക്കൊല്ലമായല്ലോ ? യോജിച്ചോ ? എന്തിന് യോജിച്ചു ? മുസ്ലീം സമുദായത്തിന്റെ ഇടയിൽ പരസ്പര വർഗ്ഗീയ സംഘട്ടനം ഈ രാജ്യത്തുണ്ടാക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ ഡൽഹിയിൽ നിന്ന് പത്രസമ്മേളനം നടത്തിയപ്പോൾ അത് നിങ്ങളുടെ രാഷ്ട്രീയമായ ഗൂഢലക്ഷ്യമായിരുന്നു ആ ലക്ഷ്യം നിറവേറ്റാൻ വേണ്ടി ശ്രീ. പിണറായി വിജയൻ അതിനെ അംഗീകരിച്ചു. ആദ്യമായി ഭരണ നേതൃത്വവും പാർട്ടി നേതൃത്വവും തമ്മിലുണ്ടായ യോജിപ്പ് ആകെയുണ്ടായത് അവിടെയാണ്. എന്താണ് നിങ്ങളുടെ ഉദ്ദേശം ? മുസ്ലീം സമുദായത്തെ അപമാനിക്കാൻ വേണ്ടി, മുസ്ലീം സമുദായത്തിൽ മാന്യമായി പ്രവർത്തിക്കുന്ന വരെ അപമാനിക്കാൻ വേണ്ടി. ഞാൻ ഓർക്കുന്നു, മാറാട് കലാപം ഞാൻ പ്രതിപക്ഷത്തിരുന്നപ്പോഴാണല്ലോ. ഞാൻ അന്ന് ഇടതുപക്ഷത്തോടൊപ്പമല്ലേ? മാറാട് കലാപമുണ്ടായപ്പോൾ ഈ സംസ്ഥാനത്ത് മതസൗഹാർദ്ദം നില നിർത്താൻ ആരുടെ വാക്കുകളാണ് ഉപകരിച്ചത് ? ബഹുമാനപ്പെട്ട മുസ്ലീം ലീഗിന്റെ സംസ്ഥാന പ്രസിഡന്റ് പാണക്കാട് തങ്ങളുടെ അഭ്യർത്ഥനയും പ്രസ്താവനയുമായിരുന്നു സത്യത്തിൽ മതസൗഹാർദ്ദം ഉണ്ടാക്കാനും മതസം ഘട്ടനം ഒഴിവാക്കാനും ഈ രാജ്യത്ത് പ്രചോദനമായതെന്ന് അറിയാത്തത് ആരാണ് ? പക്ഷേ മുസ്ലീംലീഗ് രാഷ്ട്രീയ പാർട്ടിയോടുളള വൈരാഗ്യം തീർക്കാൻ നിങ്ങൾ രാഷ്ട്രീയ നേതൃത്വവും ഭരണ നേതൃത്വവും ഒന്നിച്ചിരിക്കുന്നു എന്ന ഗതികെട്ട സാഹചര്യമല്ലേ ഇപ്പോൾ ഉണ്ടായിരിക്കുന്നത് ?

മുസ്ലീംലീഗ് ഒരു മതേതര കക്ഷിയെപ്പോലെ പെരുമാറുന്ന കക്ഷിയല്ലേ, ആ മുസ്ലീം ലീഗിനെ അപമാനിക്കാൻ അതിലൂടെ മുസ്ലീം സമുദായത്തെ മുഴുവൻ അപമാനിക്കാൻ നിങ്ങൾ നടത്തുന്ന ശ്രമം ഹീനമല്ലേ ? ആ ഹീനമായ ശ്രമത്തിന് പാർട്ടി നേതൃത്വവും അതുപോലെ തന്നെ ഭരണ നേതൃത്വവും കൂട്ട് നിൽക്കുന്നുവെന്ന് പറഞ്ഞാൽ എത്രയോ അപമാനകരമാണ്, മതസൗഹാർദ്ദം നിലനിൽക്കുന്ന സംസ്ഥാനമാണിത്. പോപ്പുലർ ഫ്രണ്ട് എന്ന് പറഞ്ഞ് പേടിപ്പിക്കുകയാണ്. ഞാൻ ചോദിക്കട്ടെ എന്റെ അഭിപ്രായത്തിൽ, നിങ്ങൾ തെറ്റിദ്ധരിക്കരുത്. പോപ്പുലർ ഫ്രണ്ടാണോ മുവാറ്റുപുഴ സംഭവത്തിന് ഉത്തരവാദി, ആണോ അല്ലയോ, തെളിയിക്കപ്പെടേണ്ട കാര്യമാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ആണെങ്കിൽ അത് കുറ്റപ്പെടുത്തണം, അത് ഔദ്യോഗികമായി കുറ്റപ്പെടുത്തണം. പക്ഷേ വേറെ ഒരു കാര്യം, പോപ്പുലർ ഫ്രണ്ടിന്റെ സംസ്ഥാന നേതൃത്വം പറഞ്ഞിരിക്കുന്നത് എന്താണ് ? മൂവാറ്റുപുഴ

LIBRARY ARCHIVES Kerala Legislative Assembly

സംഭവത്തെ ഞങ്ങൾ അപലപിക്കുന്നു. എസ്.ഡി.പി.ഐ. യുടെ നേതാക്കന്മാർ പറഞ്ഞതല്ലേ, എസ്.ഡി.പി.ഐ.യുടെ നേതാക്കന്മാർ അങ്ങനെ പറഞ്ഞത് മുഖവിലയ്ക്ക് എടുക്കണ്ടേ ? ഞാൻ അവർക്ക് അനുകൂലമായി പ്രസംഗിക്കുകയല്ല, അവർക്കുവേണ്ടി വാദിക്കുകയല്ല. ഞാൻ പറഞ്ഞത് മതസൗഹാർദ്ദം നിലനിർത്താനുള്ള സാഹചര്യം സൃഷ്ടിക്കാനുള്ള ബാധ്യത നമുക്കുണ്ട് എന്ന് സൂചിപ്പിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട പാർട്ടി സെക്രട്ടറി പി. ജയരാജന്റെ പത്ര സമ്മേളനമാണ്. അദ്ദേഹവും മുസ്ലീം ലീഗിനെതിരെ പ്രചരണം നടത്തുകയാണ്. മുസ്ലീം സമൂഹം മുഴുവൻ തീവ്രവാദികളാണെന്ന് വരുത്തത്തക്ക രീതിയിൽ നിങ്ങൾ പ്രചരണവുമായിട്ട് നടന്നാൽ ഇവിടത്തെ മതസൗഹാർദ്ദമാണ് തകരാൻ പോകുന്നതെന്ന വസ്തുത നിങ്ങൾ അംഗീകരിക്കണം. ആരാണ് കുറ്റക്കാർ, അവരെ ശിക്ഷിക്കണം, നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണം. ഇവിടെ ആർക്കും തർക്കമില്ല. പക്ഷേ അതിലൂടെ രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ, അതിലൂടെ മതസൗഹാർദ്ദം തകർത്തിട്ടാണെങ്കിലും മതങ്ങൾ തമ്മിൽ കൊലപാതകം നടന്നാലും വീണ്ടും അധികാരത്തിൽ വരണമെന്ന ഗൂഢലക്ഷ്യം' മാത്രം വച്ചുകൊണ്ട് നിങ്ങൾ മുന്നോട്ട് പോകുമ്പോൾ ഞാൻ നിങ്ങളോട് പറയാം നിങ്ങളുടെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നു. ഒരു സംശയവും വേണ്ട. ഞാൻ ചോദിക്കട്ടെ, ഈ മുന്നണി 2006-ൽ അധികാരത്തിൽ വന്നപ്പോൾ നിങ്ങളുടെ കൂടെ എത്ര എം.എൽ.എ.-മാരുണ്ടായിരുന്നു ? ഇപ്പോൾ നിങ്ങളെ വിട്ട് പോയവർ എത്ര ? അത് നോക്കണം. പി. സി. ജോർജ് മാത്രമാണോ, എന്നെ നിങ്ങൾ പുറത്താക്കിയതിൽ നിങ്ങൾ വിഷമിക്കണ്ട. ഞാൻ മാത്രമല്ലല്ലോ. ശ്രീ. പി. ജെ. ജോസഫ് ഇപ്പോൾ എവിടെ, നമ്മുടെ ജനതാദൾ എവിടെ, കേരളാ കോൺഗ്രസ്, പി. എം. എ. സലാം തീർന്നില്ല. ഒന്നുകൂടി കേട്ടോ. നിങ്ങൾക്ക് അധികം നാളൊന്നും ഇവിടെ ഇരിക്കാൻ പറ്റില്ല. ഈ ജനുവരി മാസത്തിൽ നിങ്ങൾക്ക് തെരഞ്ഞെടുപ്പ് നടത്തേണ്ടി വരും. ഒരു സംശയവും വേണ്ട. അങ്ങനെ തെരഞ്ഞെടുപ്പ് നടത്താൻ പോകുന്നതിന് മുമ്പ് തന്നെ ഇപ്പോൾ നിങ്ങളുടെ കൂടെ നിൽക്കുന്ന എം.എൽ.എ.-മാരും വിട്ടുപോകും. ഇനി ഈ സഭ സമ്മേളിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. ഈ നിയമസഭ സമ്മേളനത്തോടുകൂടി സമ്മേളനം അവസാനിക്കും. ഈ സീസൺ അവസാനിക്കുമെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. പക്ഷേ നിങ്ങളുടെ കൂട്ടത്തിലുള്ള എം.എൽ.എ. മാരിൽ ഇനിയും പലരും ഇങ്ങോട്ട് വരാൻ നിൽക്കുകയാണ്. നിങ്ങൾ അത് കരുതണം, ഒരു സംശയവും വേണ്ട.

ശ്രീ. കെ. കെ. ഷാജു : സർ, അങ്ങ് ഭരണകക്ഷി ശിഥിലമായതിന്റെ കഥ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അപ്പുറത്ത് നിന്ന് ബഹുമാന്യനായ പാലോളി മുഹമ്മദ് കുട്ടിയും മന്ത്രിമാരും മറ്റ് അംഗങ്ങളുമെല്ലാം എഴുന്നേറ്റ് പ്രതിപക്ഷത്തെ നോക്കിയാണ് ഞങ്ങൾ തിരിച്ചു വരും, തിരിച്ചുവരും എന്നു പറയുന്നത്. അവർ യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത് പ്രതിപക്ഷത്തേക്ക് തിരിച്ചുവരും എന്നുള്ളതാണെന്ന് അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടോ ?

ശ്രീ. പി. സി. ജോർജ് : സർ, അദ്ദേഹം പറഞ്ഞത് വളരെ വ്യക്തമാണ്. ഞാൻ വേറെ വിഷയത്തിലേക്ക് കടക്കട്ടെ. നമ്മൾ ഒരു മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റി ഉണ്ടാക്കിയിട്ടുണ്ടല്ലോ, അതിന്റെ ഗതി എന്താണ്? അത് ഒന്ന് ആലോചിക്കുക. അതിന് റൂൾസ് ഇരിപ്പുണ്ടല്ലോ. ഗവൺമെന്റ് റൂൾസ് ഓഫ് ബിസിനസ്സ് അതിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. അതിൽ 45(1)-ൽ നിയമനം സംബന്ധിച്ച് പറയുകയാണ് "......of any Government servant or of any member of the staff in any Government Company or any public undertaking or any statutory board holding any post, appointment which is to be made by the Government or with the sanction of the Government." ഗവൺമെന്റിന്റെ അനുവാദം ഇല്ലാതെ ഏതെങ്കിലും യൂണിവേഴ്സിറ്റിക്ക് പെർമനന്റായിട്ട് സ്റ്റാഫിനെ വയ്ക്കാൻ പറ്റുമോ ? ഇപ്പോൾ ഒന്നുകൂടി വ്യക്തമായി. തൃശ്ശൂരിൽ നടക്കുന്ന കാര്യങ്ങൾ മുഴുവൻ പറയാൻ കൊള്ളാമോ, നിങ്ങൾ നിഷ്പക്ഷമായി ആലോചിക്കണം. ഇന്നലെ ജോയി കൈതാരം എന്നു പറയുന്ന പൊതു പ്രവർത്തകൻ മന്ത്രിക്ക് ഒരു നിവേദനം കൊടുത്തല്ലോ. ആ നിവേദനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഓരോന്ന് എടുത്താൽ ആരുടെ മുഖമാണ് വികൃതമാവുക എന്ന് നിങ്ങൾ ആലോചിക്കണം. അവിടെ കെട്ടിടം പണി ഒന്നും തുടങ്ങിയിട്ടില്ല. അവിടെ ആളെ നിയമിക്കുകയാണ്. അവിടെ നിയമിച്ചിരിക്കുന്ന എം.സി.എ. ഉദ്യോഗസ്ഥൻ ഹരിലാലിനെ സിസ്റ്റം അഡ്മിനിസ്ട്രേറ്ററായി വച്ചിരിക്കുകയാണ്. അയാൾക്കാണ് ഗവൺമെന്റ് നിയമനം കൊടുത്തിരിക്കുന്നത്. അയാളുടെ ഡിഗ്രി എന്താണെന്ന് അന്വേഷിക്കണ്ടേ ? എം.സി.എ. ഡിസ്റ്റന്റ് എഡ്യൂക്കേഷനിൽ പാസായ ആളാണ്. അഗ്രികൾച്ചറൽ സർവ്വകലാശാലയിൽ സെലക്ഷൻ ഗ്രേഡ് ഉദ്യോഗസ്ഥനായി ഇരുന്ന ക്ളർക്കിനെയാണ് അവിടെ ഇപ്പോൾ സിസ്റ്റം അഡ്മിനിസ്ട്രേറ്ററാക്കിയിരിക്കുന്നത്. മന്ത്രിയില്ല ഇത് കേൾക്കാൻ. കാരണം മന്ത്രി അറിഞ്ഞുകൊണ്ടാണോയെന്ന് ചോദിക്കാൻ എനിക്ക് ആഗ്രഹമുണ്ട്, മന്ത്രിയില്ലാതെ ചോദിക്കാൻ പറ്റുമോ, ഒന്ന് ആലോചിച്ചുനോക്കൂ. 2010 ഏപ്രിലിൽ ഇന്റർവ്യൂ നടത്തിയിട്ട് ആ ഇന്റർവ്യൂ റദ്ദ് ചെയ്തു. കാരണം അഞ്ച് വർഷത്തെ എക്സ്പീരിയൻസ് ഉള്ള ആളില്ലായെന്നുള്ളതുകൊണ്ട്. ആളില്ലാത്തതുകൊണ്ട് ക്യാൻസൽ ചെയ്തു. ഇയാളെ പിന്നീട് ഇന്റർവ്യൂ നടത്തിയാണ് നിയമിച്ചത്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനായ മാധവൻ നായരാണ് പിന്നീട് ഇന്റർവ്യൂ നടത്തിയത്. നേരത്തെ വിവരമുള്ളവർ ഇന്റർവ്യൂ നടത്തി ആളില്ലാത്തതുകൊണ്ട് മാറ്റി വച്ചു. ഞാൻ ചോദിക്കുന്നത് ഇങ്ങനെ നിയമനം നടത്തിയാൽ എങ്ങനെ മുന്നോട്ട് പോകും ? എനിക്ക് അൽഭുതം തോന്നുന്നു. അവിടെ എ.എ.ഒ. ആയി ഒരാളെ നിയമിച്ചിട്ടുണ്ട്. പി.കെ.നാരായണന് സ്ഥിരം നിയമനമാണ്. ശമ്പളം എത്രയാണെന്ന് അറിയാമോ, 45,000 രൂപയാണ്. ഇത് ഇങ്ങനെ കൊള്ളയടിച്ചു കൊടുക്കുന്നത് ശരിയാണോ എന്ന് നിഷ്പക്ഷമായി നിങ്ങൾ, എം.എൽ.എ.-മാർ ചിന്തിക്കണം. പി.സി.ജോർജ് പറഞ്ഞതുകൊണ്ട് നിങ്ങൾ വിഷമിക്കണ്ട. വസ്തുതാപരമായി പറഞ്ഞ കാര്യങ്ങൾ നിങ്ങൾ പരിശോധിക്കണം. ഡയറക്ടർ ഓഫ് വർക്സിൽ ഒരു പെൻഷൻ പറ്റിയ ഒരു ആളിനെക്കൊണ്ട് സ്ഥാപിച്ചിരിക്കുകയാണ്. അയാൾക്ക് ശമ്പളം എത്രയാണെന്നറിയാമോ, 60,000 രൂപ. കേരള സർക്കാരിന്റെ കീഴിലുള്ള ഇറിഗേഷൻ ചീഫ് എഞ്ചിനീയറെക്കാൾ

LIBRARY ARCHIVES Kerala Legislative Assembly

വലിയ ശമ്പളമാണ് അവിടെ വച്ചിരിക്കുന്നത്. എന്താണ് ഇവരുടെ പണി എന്ന് പറയൂ. ഈ രീതിയിലുള്ള നിയമനങ്ങളുമായി നിങ്ങൾ മുന്നോട്ട് പോവുകയാണ്. എന്ത് പറഞ്ഞാലും നിങ്ങൾക്ക് കുറ്റമാണ്.

ഇന്ന് രാവിലെ സബ്മിഷൻ ഉന്നയിച്ചല്ലോ. നെൽവയൽ-നീർത്തട സംരക്ഷണ നിയമം നമ്മൾ ഉണ്ടാക്കി. നിങ്ങൾ എം.എൽ.എ.മാർ നിഷ്പക്ഷമായി ആലോചിക്കണം. ഈ നിയമം പ്രവാർത്തികമായിട്ട് അതിന്റെ റൂൾസ് പോലും ശരിയായ വിധം ഉണ്ടാക്കിയിട്ടില്ല. അവിടെ കമ്മിറ്റികൾ ഉണ്ടാക്കിയിട്ടില്ല. ഇപ്പോൾ ബഹുമാനപ്പെട്ട കോടതിയുടെ ഇൻഡയറക്ടായിട്ടുള്ള സഹായം വാങ്ങിക്കൊണ്ട് നിങ്ങൾ ഈ രാജ്യത്തെ പാടങ്ങൾ മുഴുവൻ വെട്ടി നശിപ്പിച്ച് മുഴുവൻ റിയൽ എസ്റ്റേറ്റ് മാഫിയായ്ക്ക് കൂട്ട് നിന്നു കൊടുക്കുകയാണ്. എം.എൽ.എ.-മാർ എന്തിന് ഇതിന് പിന്തുണ കൊടുക്കുന്നത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇവിടത്തെ മന്ത്രിമാർ ചെയ്യുന്ന കാര്യങ്ങൾ തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാൻ ബാധ്യതപ്പെട്ടവരല്ലേ പ്രതിപക്ഷാംഗങ്ങളും ഭരണകക്ഷി യംഗങ്ങളും എന്തുകൊണ്ട് അതിലേക്ക് പോകുന്നില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ശ്രീ. പി. സി. ജോർജ് ഇപ്പോൾ പറഞ്ഞ നിയമം നിലവിലുണ്ട്. പക്ഷേ അതിനകത്തൊരു ക്ലാസുണ്ട്. ലാന്റ് ബാങ്ക് വരണം. ലാന്റ് ബാങ്ക് വന്നതിനുശേഷമേ ഇത് ആകാവൂ. അപ്പോൾ അതിന്റെ ഇടയ്ക്ക് ഈ പറയുന്ന കൺവർഷൻ അനുവദിച്ചുകൊണ്ടുള്ള റൂൾ ഇപ്പോൾ റിപ്പീൽ ചെയ്തു. ഇതിന്റെ അർത്ഥം ഇഷ്ടപ്രകാരം ആളുകൾക്ക് നികത്താം എന്നുള്ളതാണ് ഇന്നത്തെ സ്ഥിതി എന്നത് ശ്രീ. പി. സി. ജോർജിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. സി. ജോർജ് : സർ, ശ്രദ്ധയിൽപ്പെട്ടുവെന്നു മാത്രമല്ല ഇന്ന് സബ്മിഷൻ ഉന്നയിച്ചത് അക്കാര്യം മാത്രമാണ്. അത് മാത്രമാണ് ഞാൻ ഇവിടെ പറഞ്ഞത്. എന്ത് ചെയ്യാൻ കഴിഞ്ഞു. മന്ത്രി മറുപടി പറഞ്ഞത് ശക്തമായ നടപടി സ്വീകരിക്കുമെന്നാണ്. എന്താണ് ശക്തം ? ഞാൻ വേറെ ഒരു സംശയംകൂടി ചോദിക്കട്ടെ. ബഹുമാനപ്പെട്ട കോടതിയോടുള്ള ബഹുമാനത്തോടുകൂടി തന്നെ പറയുകയാണ്. കോടതിയെ കുറ്റം പറയാൻ നിങ്ങൾ തയ്യാറാണ്. നിങ്ങൾ പുറമെ ചീത്ത വിളിക്കുന്നുണ്ട്. നിങ്ങളുടെ നേതാക്കന്മാർക്ക് എതിരെ വിധി വന്നാൽ കുറ്റപ്പെടുത്തുന്നുണ്ട്. എന്നാൽ ബഹുമാനപ്പെട്ട കോടതി ഒരു കേസിൽ വച്ചിട്ട് 20 അവധി വച്ചിട്ടും വിധി പറയാതിരിക്കുന്ന ജഡ്ജിക്കെതിരെ മിണ്ടാൻ നിങ്ങൾക്ക് തന്റേടമുണ്ടോ ? എന്തുകൊണ്ട് നിങ്ങൾ മിണ്ടുന്നില്ല ? മെർക്കിസ്റ്റൺ കേസിന് 42 അവധി വച്ചു. മന്ത്രിമാരും എം.എൽ.മാരും മനസിലാക്കണം. ഇതുവരെ 42 അവധി വച്ച കോടതിയുടെ നടപടി തെറ്റായിപ്പോയി എന്ന് പറയാനുള്ള സാമാന്യമായ മര്യാദ ഗവൺമെന്റ് കാണിക്കുന്നുണ്ടോ ? ഇതിനെതിരെ നിങ്ങൾ മിണ്ടാതിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് നെൽവയലിനെക്കുറിച്ച് പറഞ്ഞല്ലോ. ഇപ്പോൾ ഈ നിയമത്തിൽ ഗ്യാപ് കിടക്കുകയാണ്. ആ നിയമത്തിന്റെ ഗ്യാപ് മുതലെടുത്തുകൊണ്ട് ഒരു വയൽ നികത്തിക്കൊണ്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

150 കോടി രൂപയുടെ ഒരു നിർമ്മാണം ഈ തിരുവനന്തപുരം പട്ടണത്തോട് ചേർന്ന് ഒരു സ്ഥലത്ത് നടക്കുന്ന വിവരം അങ്ങേയ്ക്ക് അറിയില്ലേ ?

ശ്രീ. പി. സി. ജോർജ് : സർ, ആ കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഒരു ഗുണവും കിട്ടുന്നില്ല. വ്യവസായ വകുപ്പിന്റെ ചർച്ചയിൽ ഞാൻ ഈ സഭയിൽ തന്നെ വേറൊരു കാര്യം പറഞ്ഞു. 1978-ൽ കെ.എം.എം.എൽ., കേരള സംസ്ഥാനത്ത് ഏറ്റവും വലിയ സമ്പത്ത് ഉണ്ടാക്കാൻ കഴിയുന്ന മഹത്തായ സ്ഥാപനം ഉദ്ഘാടനം ചെയ്യപ്പെട്ടപ്പോൾ പ്രസിദ്ധീകരിച്ച ബ്രോഷറാണിത്. ഇതിൽ പറയുന്നത് എന്താണ്, കെ.എം.എം.എൽ. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ ആസ്ട്രേലിയൻ മിനറൽസ് ഡെവലപ്മെന്റ് ലബോറട്ടറീസ് നിർദ്ദേശവും ഈ ബ്രോഷറിന്റെ അഞ്ചാം പേജിന്റെ ആദ്യവും അവസാനവും കാണാം. പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിവരം സൂചിപ്പിക്കുകയാണ്. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് കമ്പനിയുടെയും ഗവൺമെന്റിന്റെയും പക്കലുള്ളതാണ്. പ്രോജക്ട് ഇല്ലാതെ ഖനനം നടത്താൻ കഴിയില്ലല്ലോ. കടലാക്രമണത്തിൽ നിന്ന് തീരം സംരക്ഷിച്ച് ഡീപ് മൈൻ ചെയ്യാനാണ് ലബോറട്ടറീസ് നിർദ്ദേശം. ഐ.ആർ.ഇ.എൽ. കമ്പനി ചവറ മേഖലയിൽ പലഭാഗങ്ങളിലും അപ്രകാരം ഖനനം നടത്തി. 30 അടി താഴ്ചയുള്ള ലോഹമണൽ ശേഖരിച്ച് വരുന്നു. അതിനുശേഷം അതിന്റെ വേസ്റ്റ് മണ്ണ് കൊണ്ട് ഖനന സ്ഥലം നികത്തി ഭൂമിയെ പഴയ പ്രകാരം നിലനിർത്തുന്നു.

കെ.എം.എം.എൽ. രണ്ടര അടി മാത്രം മേൽമണ്ണ് എടുത്തിട്ട് മുഴുവൻ ഖനനം നടത്തി. 600 മീറ്റർ ഉള്ളിലേക്കാണ് കടൽ കടന്നുകയറിയിരിക്കുന്നത്. ആയിരം കോടി രൂപയുടെയെങ്കിലും നഷ്ടം മിനറൽസ് മേഖലയിൽ കെ.എം. എം.എൽ.-ന്റെ പ്രവൃത്തിയിൽനിന്ന് ഉണ്ടായി. ഈ ഗവൺമെന്റ് എന്തു ചെയ്തു ? ഈ സർക്കാരിനല്ലേ നഷ്ടം വരുന്നത് ? മറ്റൊരു കാര്യംകൂടി പറഞ്ഞ് നിർത്താം. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ ഇല്ല.

മി. ചെയർമാൻ: അങ്ങ് ചുരുക്കണം.

ശ്രീ. പി. സി. ജോർജ് : സർ, ഇതല്ലാതെ വേറെയൊന്നും പറയുകയില്ല. വിദ്യാഭ്യാസ മേഖലയെ ഇതിൽപ്പരം അപമാനിക്കാനുണ്ടോ? വിദ്യാഭ്യാസ മേഖല നശിപ്പിച്ചു എന്നു മാത്രമല്ല; സ്വാശ്രയ കോളേജുകൾ, ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 50 : 50 സീറ്റ് ഒറ്റ വർഷം ആക്കിയതല്ലാതെ നാളിതുവരെയായി സ്വാശ്രയ മേഖലയിൽ 50 : 50 ആക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ? അതു മാത്രമല്ല സ്വാശ്രയ കോളേജ് മാനേജുമെന്റിനുവേണ്ടി വഴിവിട്ട രീതിയിലല്ലേ ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ? ഈ വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വാശ്രയ കോളേജ് മാനേജുമെന്റിന് മുമ്പിൽ മുട്ടുമടക്കുകയല്ല, അവരുടെ മുമ്പിൽ തൊഴുകയ്യുമായിനിന്ന് സ്വാശ്രയത്തിന് ഓശാന പിടിക്കുന്ന ഒരു നടപടിയാണ് സ്വീകരിക്കുന്നത്. ആ നിലയ്ക്ക് ഈ ഗവൺമെന്റ് കൊണ്ടുവരുന്ന ഉപധനാഭ്യർത്ഥനകളെ സ്വാഗതം ചെയ്യാൻ കഴിയുകയില്ല. ഒരു ചെറിയ കാര്യംകൂടി. മുരളി എന്നു പറയുന്ന ഒരു എം.ബി.ബി.എസ്. വിദ്യാർത്ഥിയും അതോടൊപ്പം നാല് വിദ്യാർത്ഥികളും കോഴ്സ് പൂർത്തീകരിച്ചു.........

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. പി. സി. ജോർജ് : സർ, ആ കേസ്സിൽ ഇന്റേണൽ മാർക്കിൽ കുഴപ്പമുണ്ട്. ഒന്നരക്കൊല്ലമായി അതിന്റെ പുറകേ നടക്കുന്നു. .... (ബഹളം)..... ആ കുട്ടികളെ രക്ഷിക്കുവാൻ, കുട്ടികളുടെ റിസൾട്ട് പബ്ലിഷ് ചെയ്യാൻ പറ്റുകയില്ലെന്ന് പറഞ്ഞു. ഒരു മന്ത്രി ഇവിടെ എന്തിനിരിക്കുന്നു എന്ന് ചോദിക്കുവാൻ കഴിയുമോ? ഞാൻ ശക്തമായി ഈ സപ്ലിമെന്ററി ഡിമാന്റുകളെ എതിർക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജ് പറഞ്ഞത്, എൽ.ഡി.എഫ്.-ൽ ഉള്ള കാലത്ത് അദ്ദേഹം ഇവിടത്തെ കമ്മ്യൂണിസ്റ്റുകാർക്കുവേണ്ടി കൂലിത്തല്ല് നടത്തിയിട്ടുള്ള ആളാണെന്നാണ്. സത്യത്തിൽ ശ്രീ. പി. സി. ജോർജ് എൽ.ഡി.എഫ്. വിട്ടുപോയപ്പോൾ മാനസിക പ്രയാസം ഉണ്ടായിരുന്നു. ആ പ്രയാസം ഇന്ന് തീർന്നു. അദ്ദേഹം എസ്.പി.ഡി.ഐ.-യ്ക്കും എൻ.ഡി.എഫിനും പോപ്പുലർ ഫ്രണ്ടിനും വേണ്ടിയാണ് കൂലിത്തല്ല് ആരംഭിച്ചിരിക്കുന്നത്. സത്യത്തിൽ ഇപ്പോൾ ഒരുപാട് ആളുകൾ നിങ്ങളോടൊപ്പം കൂടി എന്നു പറയുന്നുണ്ട്. ഞങ്ങൾക്ക് യാതൊരു വിഷമവുമില്ല. സന്തോഷമേയുള്ളൂ. കാരണം ചില അപകടകാരികൾ നിങ്ങളുടെകൂടെ കൂടി എന്ന കാര്യം മാത്രം വിചാരിച്ചാൽമതി. കണാരേട്ടൻ പണ്ട് പാർട്ടിയിലെ ഒരു സഖാവിനോട് പറഞ്ഞു, നീ എന്തിനാണെടാ മോനേ ഈ പാർട്ടിയിൽനിന്ന് കഷ്ടപ്പെടുന്നത്? 'നീ കോൺഗ്രസ്സിൽ ചേര്'. അത് നശിക്കട്ടെ എന്ന് പറഞ്ഞതുപോലെ ശ്രീ. പി. സി. ജോർജിനോട് ഞങ്ങൾ പറയുന്നത്, അത് നശിക്കട്ടെ എന്നുള്ള വിചാരം മാത്രമേയുള്ളൂ. ചില ആളുകൾ വന്ന് കൂടിക്കഴിഞ്ഞാൽ കഷ്ടകാലം ആരംഭിക്കും. അത് നിങ്ങൾ മനസ്സിലാക്കിക്കൊള്ളണം. ഇപ്പോൾ നിങ്ങളുടെകൂടെ കൂടിയിരിക്കുന്ന പല ആളുകളും, പൂച്ച വന്നു കയറുന്നത് നല്ല കാലത്തും നായ വന്നു കയറുന്നത് മോശക്കാലത്തുമാണെന്ന് പറയുന്നതാണ്. പൂച്ച വന്നു കയറിയാൽ നല്ലതെന്ന് പറയാൻ കാരണം, പൂച്ച എപ്പോഴും ദൈവത്തോട് പ്രാർത്ഥിക്കുന്നത് ഈശ്വരാ ഈ വീട്ടിൽ ഇഷ്ടംപോലെ നെല്ല് ഉണ്ടാകണേ, ആ നെല്ലിൽ എനിക്ക് കാഷ്ഠിക്കണം. കാരണം പൂച്ച നെല്ലിലാണ് കാഷ്ഠിക്കുക. അത് നെല്ലുണ്ടാകണേ എന്ന് പ്രാർത്ഥിക്കും. അപ്പോൾ ഇഷ്ടം പോലെ സമ്പത്തും ധനവുമൊക്കെ ഉണ്ടാക്കും. ഈ നായ പ്രാർത്ഥിക്കുന്നത്, ഈശ്വരാ എന്നെങ്കിലും ഈ വീട് കത്തി ആ വെണ്ണീറിൽ എനിക്ക് കിടക്കുവാൻ പറ്റണേ എന്നാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, പോയിന്റ് ഓഫ് ഓർഡർ. നായകളെപ്പറ്റി ഇങ്ങനെ പറയുന്നത് ശരിയാണോ ? സ്പീക്കർ റൂളിംഗ് നടത്തണം. ഇത് തെറ്റാണ്. ഇത് തെറ്റാണ്. റൂളിംഗ് നടത്തണം.

മി. ചെയർമാൻ : അത് കഥ പറഞ്ഞതല്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഞാൻ നായയെപ്പറ്റിയല്ല, ഞാൻ ഒരു പുരാണമാണ് പറഞ്ഞത്. അവിടെ വന്നുചേർന്ന ആളുകളെ കുറിച്ച് പറഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: സർ, പ്രസംഗത്തിന്റെ ആവേശം മൂത്ത് കോൺഗ്രസ് നശിച്ചുകൊണ്ടിരിക്കുന്ന കാര്യം പറഞ്ഞു. പ്രത്യയശാസ്ത്രപരമായി കമ്മ്യൂണിസ്റ്റിന്റെ നല്ല വശത്തിന് ഞങ്ങൾ എതിരല്ല. അത് കൊണ്ടു നടക്കുന്ന നിങ്ങളോടാണ് എതിർപ്പ്. 1857-ൽ ജന്മമെടുത്ത ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്നും ഇന്ത്യ എന്ന മഹാ രാജ്യത്ത് ഒരു സത്യമായി നിലനിൽക്കുകയാണ്. ....(ബഹളം)..... വെറുതെ അങ്ങ് സത്യത്തെ വളച്ചൊടിക്കരുത്. നിങ്ങൾക്ക് തമാശ തോന്നും. ജനിച്ച സ്ഥലത്തുപോലും നിങ്ങളുടെ പാർട്ടി ഇല്ല. നിങ്ങൾക്ക് തമാശ തോന്നും.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്ങ് പറഞ്ഞത് ഒരു അർത്ഥത്തിലേ ശരിയാകുന്നുള്ളൂ. കാരണം കോൺഗ്രസ് നശിച്ചിട്ടില്ല. അത് നിലനിൽക്കുന്നു. അത് ശരിയാണ്. പക്ഷേ കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിൽ രണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിക്കും കൂടി നഷ്ടപ്പെട്ടത് അര ശതമാനമാണ്. നിങ്ങൾക്ക് രാജീവ്ഗാന്ധിയുടെ കാലത്തെ 49 ശതമാനം 26 ശതമാനമായി മാറിയിട്ടുണ്ട്. കോൺഗ്രസ്സിന് 23 ശതമാനം വോട്ട് പോയി. ഞങ്ങൾക്ക് അര ശതമാനം വോട്ട് മാത്രമേ പോയിട്ടുള്ളൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കോൺഗ്രസ് വളരുന്നു എന്നു പറയുന്നതിൽ ഞങ്ങൾക്ക് വിരോധമൊന്നുമില്ല. കോൺഗ്രസ് വളരട്ടെ. പക്ഷേ കോൺഗ്രസ് വളർന്നോ എന്നുള്ള കാര്യം ബഹുമാന്യനായ കാർത്തികേയൻ പരിശോധിക്കണം. നേരത്തെ മന്ത്രി പറഞ്ഞല്ലോ? രാജീവ്ഗാന്ധിയുടെ കാലത്ത് നിങ്ങൾക്ക് എത്ര സീറ്റായിരുന്നുവെന്ന് നിങ്ങൾക്ക് എല്ലാവർക്കും അറിയാം. നരസിംഹറാവു ആണല്ലോ ഒറ്റ പാർട്ടിയുടെ ഭൂരിപക്ഷത്തിന് ഭരിച്ച അവസാനത്തെ പ്രധാനമന്ത്രി. ഇപ്പോൾ നിങ്ങൾക്ക് വേറെ ആരുടേയും കൂട്ടില്ലാതെ ഭരിക്കുവാൻ പറ്റുന്നുണ്ടോ? ഇന്ത്യയിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടി ആയിരുന്നില്ലേ? വളർച്ചയുടെ കാര്യമൊന്നും പറയേണ്ട. വളർച്ച എവിടേക്കാണെന്നുള്ള കാര്യം ഞങ്ങൾക്കെല്ലാം അറിയാം. ....(ബഹളം)......... ഇന്ത്യയിൽ 110 ജില്ലയിലും നിങ്ങൾക്ക് കെട്ടിവച്ച കാശ് കിട്ടിയിട്ടില്ല. അത് മനസ്സിലാക്കണം. അപ്പോൾ കോൺഗ്രസ് വളരുന്നത് എവിടേക്ക് ആണെന്നുള്ള കാര്യത്തെക്കുറിച്ച് തർക്കിക്കേണ്ട. ഞാൻ പറഞ്ഞത് ഇവിടെ ....(ബഹളം)..........

ശ്രീ. കെ. ബാബു: ശ്രീ. സുനിൽ കുമാർ കോൺഗ്രസ് തകർന്നു എന്ന് പറഞ്ഞല്ലോ? ഇപ്പോൾ സി.പി.ഐ. എത്ര സീറ്റിലുണ്ട്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സി.പി.ഐ. എത്ര സീറ്റിലുണ്ടെന്ന് എന്നെ നോക്കാതെ നിങ്ങൾക്ക് അറിയാമല്ലോ? അതല്ലല്ലോ ഇവിടെ വിഷയം. ഇവിടെ കോൺഗ്രസ്സിനെ കുറിച്ചാണല്ലോ പറഞ്ഞത്. ബാബു ചേട്ടൻ എപ്പോഴും ഇങ്ങനെയുള്ള ചോദ്യം ചോദിച്ച് കൊഞ്ഞനം കുത്തുന്നതല്ലാതെ അതിന്റെ വസ്തുതകളിലേക്ക് കടന്നുവരാൻ പലപ്പോഴും അദ്ദേഹം തയ്യാറാകാറില്ല. ഞാൻ ഇവിടെ പറഞ്ഞ് വരുന്നത്, ഇവിടെ നാലു കൊല്ലമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുകയാണ്. നിങ്ങൾ ഞങ്ങളെ ഏല്പിച്ചപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇത് ഒരു മരിച്ച വീടുപോലെ ആയിരുന്നു. കാരണം കർഷകർ ആത്മഹത്യ ചെയ്യുന്നു, രാജ്യത്ത് സമാധാനമില്ല, രാജ്യത്ത് വില വർദ്ധനവ് ഉണ്ടാകുന്നു. എല്ലാ രീതിയിലും രാജ്യത്ത് ആളുകൾ നശിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് ഞങ്ങളെ ഭരണം ഏൽപ്പിച്ചത്. ഞങ്ങൾ ഈ നാലു കൊല്ലക്കാലം കേരളം ഭരിച്ചു. നാട്ടിലെ സാധാരണക്കാരായ ആളുകൾക്കുവേണ്ടി ഒരുപാട് കാര്യം ചെയ്തിരിക്കുകയാണ്. നിങ്ങൾക്ക് അതുകൊണ്ട് ചില കാര്യങ്ങൾ മനസ്സിലായി. ഈ നിയമസഭയിൽ ഇന്നലെ മുതൽ നിങ്ങൾക്ക് സ്വഭാവം മാറിയിരിക്കുകയാണ്. നേരം ചാച്ചലായി, മീൻ ചീച്ചലായി, മൂപ്പര് പാച്ചിലായി എന്ന് പറഞ്ഞതു പോലെ അവസാന സമയമായപ്പോൾ കോൺഗ്രസ്സിന്റെ ആളുകൾക്ക്, യു.ഡി.എഫ്. കാർക്ക് ഒരു പാച്ചിലാണ്. കിട്ടിയ സമയത്ത് വെല്ലിലേക്ക് ഇറങ്ങുക എന്നുള്ളതാണ്. ....(ബഹളം)....... വേണ്ട വിശദീകരിക്കേണ്ട. ഞാൻ പിന്നീട് പറയാം. അതുകൊണ്ട് ഇങ്ങനെ ഇടയ്ക്കിടയ്ക്ക് പ്രിയപ്പെട്ട കോൺഗ്രസ്സിന്റെ എം.എൽ.എ.മാരെ വെല്ലിലിറക്കരുത്. ഇങ്ങനെ വെല്ലിലിറക്കി ക്കൊണ്ടുള്ള ഏർപ്പാട് അവസാനിപ്പിക്കണം. അപ്പോൾ നമ്മുടെ വാച്ച് ആന്റ് വാർഡിന്റെ വരവും ആ ഒരു നിൽപ്പും ഇതൊക്കെ ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന തല്ലാതെ നാട്ടിൽ ജനങ്ങളെ സംബന്ധിച്ച് ഇത് ഒരു പ്രശ്നമൊന്നുമില്ല. നാലു കൊല്ലം കഴിഞ്ഞു. അഞ്ചാമത്തെ വർഷത്തേക്ക് കടക്കുവാൻ പോകുകയാണ്. ഇവിടെ ശ്രീ. പി. സി. ജോർജ് പറയുന്നത് കേട്ടു, ജനുവരി മാസത്തിൽ ഇലക്ഷൻ വരാൻ പോകുകയാണ്. ജനുവരി മാസത്തിൽ ഇലക്ഷൻ വരട്ടെ. ഞങ്ങൾക്ക് പേടിയുണ്ടോ ? കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിൽ ചില സീറ്റിൽ ഞങ്ങൾ പരാജയപ്പെട്ടു. നാല് സീറ്റിൽ ജയിച്ചല്ലോ ? കൂടുതൽ സീറ്റുകളിൽ ജയിച്ച നിങ്ങളുടെ സ്ഥിതി എന്താണ് ? ഒരാൾ ഇപ്പോൾ തിരുവനന്തപുരത്ത് നിന്ന് ജയിച്ചു പോയി. അദ്ദേഹത്തിന്റെ സ്ഥിതി എന്തെന്ന് ഞാൻ പറയുന്നില്ല. ഞാൻ പറഞ്ഞാൽപ്പിന്നെ പാർലമെന്ററി വിരുദ്ധമായി. പാർലമെന്ററി അല്ലാത്ത വാക്കുകൾ ഉപയോഗിച്ചു എന്നുപറഞ്ഞ് പ്രശ്നം ഉണ്ടാക്കേണ്ട എന്നുള്ളതു കൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. രണ്ടാമത് ഒരാൾ ഉണ്ടല്ലോ, ഇപ്പോൾ മാവേലിക്കരയിൽനിന്ന് ജയിച്ചുപോയ ആൾ. പാർലമെന്ററി പാർട്ടി സെക്രട്ടറിയാണല്ലോ ? ഏഴു തവണ കോൺഗ്രസ്സിന്റെ കൈപ്പത്തി അടയാളത്തിൽ വ്യാജ സർട്ടിഫിക്കറ്റ് കൊടുത്തല്ലേ മത്സരിച്ചത് ? കോൺഗ്രസ്സിന്റെ യഥാർത്ഥ പ്രതീകമെന്നു പറയുന്നത് ശ്രീ. കൊടിക്കുന്നിൽ സുരേഷ് ആണ്. നിങ്ങൾ വ്യാജമായിട്ടുള്ള കാര്യങ്ങൾ പറയുന്നവരാണ്. ....(ബഹളം)....... ശ്രീ. ഷാജു ഇരിക്ക്.......... കോൺഗ്രസ് ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെല്ലാംതന്നെ വ്യാജമാണ്. ഞാൻ പറയാൻ കാരണം, എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് വി. ഡി. സതീശൻ ഒരു നല്ല മെമ്പറാണ്. കാര്യങ്ങൾ പഠിച്ച് അവതരിപ്പിക്കുന്ന ആളാണ്. പക്ഷേ അദ്ദേഹം ഇന്നലെ പരാജയപ്പെടുന്നത് ഞങ്ങൾ കണ്ടു. ഇല്ലാത്ത കറുത്ത പൂച്ചയെ ഇരുട്ട് മുറിയിൽ തപ്പുന്ന ഒരു വൃഥാ വ്യായാമം അദ്ദേഹം നടത്തി. അദ്ദേഹം ഇവിടെ അഴിമതി ആരോപണം എഴുതിക്കൊടുത്ത് ഉന്നയിച്ചു. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ എന്ത് സംഭവിച്ചു ? ശ്രീ. ശിവദാസൻ നായർ ചോദിച്ചു, എവിടെയോ ചീഞ്ഞ് നാറുന്നത്. ഡെൻമാർക്കിൽ ഒന്നുമല്ല, ഡൽഹിയിലാണ് ചീഞ്ഞ് നാറുന്നത്. നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ 25 കോടി രൂപയുടെ അഴിമതി ആരോപണത്തെക്കുറിച്ച് പറയുകയുണ്ടായി. അതിൽ എന്താണ് സത്യമെന്ന് പറയുകയുണ്ടായി. ശ്രീമതി നളിനി ചിദംബരത്തെ പോലെയുള്ള ആളുകൾ ആർക്കുവേണ്ടി വാദിച്ചു എന്ന് പറയുകയുണ്ടായി. ശ്രീമതി നളിനി ചിദംബരം ലോട്ടറി മാഫിയയ്ക്കുവേണ്ടി മാത്രമല്ല, ഇന്ത്യയിലേക്ക് കടന്നുവരുന്ന കോർപ്പറേറ്റ് കമ്പനികൾക്കും, വിദേശ കമ്പനികൾക്കു വേണ്ടിയും, വിദേശ ഏജന്റുമാർക്കുവേണ്ടിയും വാദിക്കുന്ന ഒരു നേതാവിന്റെ ഭാര്യയാണ്, ഒന്നാന്തരം വക്കീലാണ്. ഞങ്ങൾ പറയാൻ കാരണം, അവർക്ക് വാദിക്കാം. പക്ഷേ ഇവിടെ പാർട്ടി എന്നു പറഞ്ഞാൽ, സത്യമല്ലാത്ത ഒരു കാര്യത്തിനുവേണ്ടി ഞാൻ വാദിക്കുകയില്ലെന്ന് പറഞ്ഞ മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ പാർട്ടിയായ കോൺഗ്രസ് പാർട്ടിയാണ്. ആ പാർട്ടിയുടെ പുതിയ തലമുറയിൽപ്പെട്ട ശ്രീ. ചിദംബരത്തിന്റെ ഭാര്യ മോൺസാന്റോ, കാർഗിൽ തുടങ്ങിയ കമ്പനികൾക്കുവേണ്ടിയും ബഹുരാഷ്ട്ര കുത്തകകൾക്കും ഇവിടുത്തെ ലോട്ടറി മാഫിയകൾക്കുവേണ്ടിയും വാദിക്കുമ്പോൾ ഞങ്ങൾ ചില പ്പോൾ പറഞ്ഞു എന്നിരിക്കും. അതിന് നിങ്ങളാണ് മറുപടി പറയേണ്ടത്. ഇവിടെ ശ്രീ. പി. സി. ജോർജ് ഏതോ ഒരു സ്ഥലത്ത് നിലം നികത്തിയ കാര്യമൊക്കെ പറയുന്നത് കേട്ടു. ഇവിടെ ശ്രീ. വി. ഡി. സതീശൻ ചോദിച്ചു, നിങ്ങൾ പാവപ്പെട്ടവരുടെ കൂടെയാണോ എന്ന്. ഞങ്ങൾ പാവപ്പെട്ടവരുടെ ഗവൺമെന്റ് തന്നെയാണ്, ഒരു സംശയവും വേണ്ട. ഞങ്ങൾ പാവപ്പെട്ട വർക്കുവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റാണ്. അതുകൊണ്ടാണ് നാല് കൊല്ലക്കാലം ഈ നാട്ടിൽ പട്ടിണി പാവങ്ങൾക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്തത്. ഇവിടെ ചീഞ്ഞ് നാറുന്നതിനെ കുറിച്ച് നിങ്ങൾ പറഞ്ഞല്ലോ, ചീഞ്ഞ് നാറുന്നതിനെക്കുറിച്ച് സുപ്രീം കോടതി ഒരു കാര്യം പറഞ്ഞിട്ടുണ്ട്, എന്താണെന്ന് അറിയാമോ ? നിങ്ങൾ വായിക്കണം. ഈ നാട്ടിലെ പട്ടിണി പാവങ്ങളെ കുറിച്ച് സുപ്രീംകോടതി പറഞ്ഞിരിക്കുന്നു. 'It is a crime to allow food to rot.' ഭക്ഷണ സാധനത്തെ ചീഞ്ഞ് നാറുവാൻ അനുവദിക്കുവാൻ പാടില്ല, ഇത് ക്രിമിനൽ കുറ്റമാണ് എന്ന് ജസ്റ്റിസ് ദൽവീർ ഭണ്ഡാരിയും ദീപക് വർമ്മയും ചേർന്നുകൊണ്ട് സുപ്രീം കോടതിയിൽ ഒരു പരാമർശം നടത്തിയിരിക്കുന്നത് എന്താണെന്ന് അറിയാമോ? "If food is rotting, don't waste it. In a country where admittedly people are starving, it is a crime to waste even a single grain." ആളുകൾ പട്ടിണി കിടക്കുമ്പോൾ ഒരു മണി അരി പോലും ഇങ്ങനെ ചീഞ്ഞു നാറാൻ അനുവദിക്കാൻ പാടില്ല. രണ്ടു രൂപയ്ക്കും മൂന്ന് രൂപയ്ക്കും അരി കിട്ടാൻ വേണ്ടി വെമ്പൽ കൊള്ളുന്ന, ഈ നാട്ടിലെ പാവപ്പെട്ട പട്ടിണി പാവങ്ങൾ ജീവിക്കുന്ന സ്ഥലത്ത് കേന്ദ്ര ഗവൺമെന്റിന്റെ ഫുഡ് സപ്ലൈ ഡിപ്പാർട്ട്മെന്റ് കോടിക്കണക്കിന് മെട്രിക് ടൺ അരി ചീഞ്ഞു നാറാൻ അനുവദിച്ചിരിക്കുകയാണ്. അതാണ് പാവങ്ങൾക്കുവേണ്ടിയുള്ള നിങ്ങളുടെ കാഴ്ചപ്പാട്. ഇന്നലെ ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് ചോദിച്ചു, നിങ്ങൾക്ക് എന്താ എന്ന്. ഇന്ത്യയെക്കുറിച്ച് അഭിമാനമില്ലേ എന്ന്. കമ്മ്യൂണിസ്റ്റുകാരായ ഞങ്ങൾക്ക് ഇന്ത്യയെക്കുറിച്ച് അഭിമാനമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

'ഭാരതമെന്ന പേർ കേട്ടാൽ
അഭിമാനപൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ
തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ'

എന്നതിനെ അംഗീകരിക്കുന്നവർ കൂടിയാണ് ഞങ്ങൾ. ശ്രീ. പി. സി. വിഷ്ണുനാഥ് പറയുന്നതുപോലെ ഭാരതത്തിന് വിരുദ്ധരായ ആളുകളല്ല ഞങ്ങൾ. ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ സൈനിക ശക്തികളിൽ ഒന്നാണ്.

ശ്രീ. സാജു പോൾ: സർ, ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് ഇന്നലെ ഇന്ത്യയുടെ നേട്ടങ്ങളെക്കുറിച്ച് എന്തുകൊണ്ട് പറയുന്നില്ലെന്ന് വളരെ പ്രസക്തമായ ചോദ്യം ചോദിച്ചു. കേരള പിറവിക്കുശേഷം ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കേരളത്തിന് സംഭാവന ചെയ്ത ഒരുപാട് സദ്ഫലങ്ങൾ എന്തുകൊണ്ട് നിങ്ങൾ ആ നിലയിൽ വിലയിരുത്തുന്നില്ല എന്നാണ് നമുക്ക് തിരിച്ചു ചോദിക്കാനുള്ളത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശരിയാണ്. നിങ്ങൾ ഇപ്പോൾ സൂപ്പർ പവർ രാജ്യമായി ഇന്ത്യയെ വളർത്തുമെന്ന് പറഞ്ഞു. വികസനത്തിലേക്ക് പോകാൻവേണ്ടി വികസനം നടത്തുകയാണെന്ന് പറഞ്ഞു, നല്ല കാര്യമാണ്, ഞാൻ നിഷേധിക്കുന്നില്ല. ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ സമ്പന്ന രാജ്യമായി മാറാൻ പോകുന്നു. സന്തോഷമുള്ള കാര്യമാണ്. ഇന്ത്യ ബഹിരാകാശത്തേക്ക്, ചന്ദ്രനിലേക്ക് മനുഷ്യനെ അയയ്ക്കാൻ പോകുന്നു. നമ്മുടെ ചന്ദ്രയാൻ പദ്ധതി, ചന്ദ്രനിൽ മഞ്ഞുമലയുണ്ട് എന്ന് കണ്ടെത്തിയത് നമ്മുടെ ശാസ്ത്രജ്ഞൻമാരാണ്. ലോകത്തിലെ ഏറ്റവും വലിയ ആണവ ശക്തിയുള്ള രാജ്യമായി നമ്മുടെ രാജ്യം മാറിയിരിക്കുന്നു. സൂപ്പർ പവർ രാഷ്ട്രമായി നമ്മുടെ രാഷ്ട്രം മാറിയിരിക്കുന്നു, സത്യമാണ്. പക്ഷേ ഇന്നലെ പല അംഗങ്ങളും സംസാരിച്ചതാണ്. ലോകത്തിൽ ഏറ്റവും ദരിദ്രരായ ആളുകൾ, ഇന്നലെവരെ അതിന്റെ ചാമ്പ്യൻഷിപ്പ്, ആഫ്രിക്കയ്ക്കായിരുന്നു. അതിനുശേഷം ഇപ്പോൾ ആ ചാമ്പ്യൻഷിപ്പ് ഒന്നാംറാങ്ക് ഇന്ത്യയ്ക്ക് കിട്ടിയിരിക്കുന്നു. ഇതാണോ നമ്മുടെ പുരോഗതി? ഇത് പറയണ്ടേ? അതോടൊപ്പം വേറൊരു കാര്യമുണ്ട്, ശതകോടീശ്വരൻമാർ ഏറ്റവും കൂടുതൽ ഉണ്ടായിരുന്ന രാജ്യം ജപ്പാനായിരുന്നു. എന്നാൽ നിങ്ങളുടെ ഭരണത്തിന്റെ ഫലമായി ഏറ്റവും കൂടുതൽ ശതകോടീശ്വരൻമാർ ഉണ്ടാകുന്ന ഒന്നാമത്തെ രാഷ്ട്രമായി ഇന്ത്യാരാജ്യം മാറിയിരിക്കുന്നു. 300 പാർലമെന്റ് അംഗങ്ങളിൽ ആയിരക്കണക്കിന് കോടി ആസ്തിയുള്ള കോൺഗ്രസിന്റെ

2.00 PM]

അംഗങ്ങൾ, അവിടെ ഇരിക്കുകയാണ്. നിങ്ങൾ ആരുടെ വർഗ്ഗ താൽപര്യം സംരക്ഷിക്കുന്നു. ഇന്നലെ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ശ്രീ. രാജാജി മാത്യു തോമസിന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു..........

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ശ്രീ. രാജാജി മാത്യു തോമസ് പറഞ്ഞതിനുശേഷം ഞാനും ഒരു പരിശോധന നടത്തി. ഹ്യൂമൻ ഇൻഡക്സ് ഡെവലപ്മെന്റ് മൂന്നായിട്ടാണ് വെരി ഹൈ ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സ്,

LIBRARY ARCHIVES Kerala Legislative Assembly

ഹൈ ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സ്, മീഡിയം ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സ്. അതിൽ ലോയും ഉണ്ട്. ഇതിൽ മീഡിയം ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സിൽ ഇന്ത്യയും ചൈനയും ലോകത്ത് ഒരു ശ്രേണിയിലാണുള്ളത്. ശ്രീ. വെളിയം ഭാർഗ്ഗവൻ കലാകൗമുദിക്ക് കൊടുത്ത ഇന്റർവ്യൂവിൽ പറഞ്ഞു 1962-ൽ ചൈനയുടെ സഹായത്തോടുകൂടി സി.പി.ഐ. (എം) ഗവൺമെന്റ് ഉണ്ടാക്കാൻ പോയി എന്ന്. എന്നിട്ട് എന്തായി ? അതിനെക്കുറിച്ച്കൂടി പറയുമോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ചർച്ച ചെയ്യാൻ അതിനൊക്കെ വേദികൾ വേറെയുണ്ട്. ഇത് പറയുമ്പോൾ ശ്രീ. പി. സി. വിഷ്ണുനാഥ് വേറെ കാര്യം പറയരുത്. ഐക്യരാഷ്ട്ര സഭയുടെ കണക്കുകൾ പ്രകാരവും നിരവധി പഠനങ്ങളുടെ അടിസ്ഥാനത്തിലും ഇന്ത്യ ദക്ഷിണാഫ്രിക്കൻ രാജ്യങ്ങളേക്കാൾ ഏറ്റവും കൂടുതൽ കൂപ്പ് കുത്തുന്ന വിധത്തിലേക്ക് പോകുകയാണ്.

മി. ചെയർമാൻ: അങ്ങ് തീർക്കണം........

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. അറുപത്തി മൂവായിരം കോടി രൂപ ഇവിടെ കോൺഗ്രസ് ഗവൺമെന്റ് സബ്സിഡി കൊടുത്തുകൊണ്ടിരിക്കുന്നു എന്ന് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. അറുപത്തിമൂവായിരമല്ല, എഴുപതിനായിരം കോടി രൂപ ഇവിടെ സബ്സിഡി കൊടുക്കുന്നുണ്ട്. എന്നാൽ അദ്ദേഹം പറയാതെ പോയ ഒരു കാര്യം, കഴിഞ്ഞ അഞ്ച് കൊല്ലക്കാല ത്തിനിടയിൽ കേരളത്തിലെ കോർപ്പറേറ്റുകൾക്കുവേണ്ടി കൊടുത്ത സബ്സിഡി -നികുതി ഇളവ് 18,10,519 കോടി രൂപ, 2004-ൽ 1,56,661 കോടി രൂപ, 2006-ൽ 2,06,700 കോടി രൂപ, 2007-ൽ 2,39,712 കോടി രൂപ, 2007-08-ൽ 2,85,052 കോടി രൂപ, 2008-09-ൽ 4,80,095 കോടി രൂപ, 2009-10 ൽ 5,02,299 കോടി രൂപ. എന്നാൽ ഈ അഞ്ച് കൊല്ലത്തേക്ക് കൂടി ഈ പാവപ്പെട്ട മനുഷ്യർക്ക് കൊടുത്ത സബ്സിഡി എത്രയാണെന്ന് അറിയാമോ ? 4,40,771 കോടി രൂപ മാത്രം പാവപ്പെട്ടവന് സബ്സിഡി കൊടുത്ത് ഇവിടെ ഇരുന്ന് ഞെളിഞ്ഞ് പറയാൻ, പാവപ്പെട്ടവന് വേണ്ടി വാദിക്കുന്ന കോൺഗ്രസിന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾക്ക് ലജ്ജയില്ലേ ? മഹാത്മാഗാന്ധിയുടെ പാർട്ടിയെന്ന് പറയുന്ന നിങ്ങൾക്ക് ലജ്ജയില്ലേ ? ഞങ്ങൾ പാവങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നു. കഴിഞ്ഞ അഞ്ച് കൊല്ലക്കാലം പാവപ്പെട്ടവന് രണ്ട് രൂപയ്ക്ക് അരി, ഈ നാട്ടിലെ കൃഷിക്കാരന് പെൻഷൻ കൊടുക്കാൻ ആദ്യമായി എൽ.ഡി.എഫ് സർക്കാർ തീരുമാനിച്ചു. കർഷകത്തൊഴിലാളി പെൻഷൻ 300 രൂപയായി വർദ്ധിപ്പിച്ചു. അങ്ങനെ പാവപ്പെട്ടവനുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്തതിന്റെ അഭിമാനബോധം ഈ സർക്കാരിനുണ്ട്. അതുകൊണ്ട് ജനുവരി മാസത്തിൽ തെരഞ്ഞെടുപ്പ് വരാൻ പോകുന്നു എന്നുള്ള ഉമ്മാക്കി കാട്ടി ഞങ്ങളെ പേടിപ്പിക്കേണ്ട. ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രതിപക്ഷത്തേക്ക് തിരിച്ചുവരും എന്നു പറഞ്ഞ ശ്രീ. കെ. കെ. ഷാജു, ഞങ്ങൾ ട്രഷറി ബഞ്ചിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

തന്നെ തിരിച്ചു വരും. അന്ന് ശ്രീ. കെ.കെ. ഷാജുവിന് പ്രതിപക്ഷത്ത് അംഗമായിപ്പോലും വരാൻ കഴിയാതെ പുറത്ത് നിൽക്കേണ്ടി വരും എന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. എൽ.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ നാലുവർഷക്കാലത്തെ ഭരണത്തിന്റെ അഭിമാനത്തോടുകൂടി അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതുണയ്ക്കുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനം അതീവ ഗുരുതരമായ പ്രശ്നങ്ങളിലൂടെ കടന്നു പോകുമ്പോൾ അപ്പുറത്തും ഇപ്പുറത്തും നിന്ന് കുറ്റം പറഞ്ഞുകൊണ്ട് നാം ചർച്ച ചെയ്യുന്നത് ശരിക്കും നമ്മുടെ സംസ്ഥാനത്തിന്റെ താൽപര്യത്തിന് യോജിച്ചതല്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്ന് വില വർദ്ധനവ്, തീവ്രവാദം, തൊഴിലില്ലായ്മ, അഴിമതി, കാർഷികരംഗത്തുള്ള തകർച്ച ഇതൊക്കെയാണ് കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവ. ഇതിനെ സംബന്ധിച്ച് ഗവൺമെന്റിന് ആവശ്യമായ നടപടി സ്വീകരിക്കുവാനോ അതല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ ഫണ്ട് നീക്കി വയ്ക്കുവാനോ ഒന്നും സർക്കാരിന് താൽപ്പര്യമില്ല. അങ്ങോട്ടുമിങ്ങോട്ടും പരസ്പരം കുറ്റം പറയാതെ പ്രതിപക്ഷവും ഭരണപക്ഷവും ഒന്നിച്ച് നിന്നുകൊണ്ട് കേന്ദ്രത്തിൽ നിന്നും വാങ്ങേണ്ടത് വാങ്ങി സംസ്ഥാനത്തിന് ഗുണകരമായ കാര്യങ്ങൾ നടപ്പാക്കണം. അതുപോലെ പൊരുതേണ്ട കാര്യങ്ങൾക്ക് യോജിച്ചു നിന്നു പൊരുതുകയും വേണം. അല്ലാതെ ഏത് അവസരത്തിലും അങ്ങോട്ടും ഇങ്ങോട്ടുമുള്ള കുറ്റംപറച്ചിൽ അത് അവസാനിപ്പിക്കാൻ മുന്നോട്ട് വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കുറയ്ക്കാൻ ഗവൺമെന്റിന് കഴിഞ്ഞില്ലെന്ന് സി & എ. ജിയുടെ റിപ്പോർട്ടിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുകയാണ്. സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. സംസ്ഥാന ലോട്ടറികൾക്ക് പ്രഹരമേൽപ്പിക്കാൻ തക്കം പാർത്തിരിക്കുന്ന അന്യസംസ്ഥാന ലോട്ടറി മാഫിയ, കേരളത്തിൽ പുതിയ ലോട്ടറികൾ ആരംഭിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് ഇന്നും ഇന്നലേയും ഈ സഭയിൽ നടന്ന വിവാദങ്ങൾ, ഞാൻ അതിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഇക്കാര്യങ്ങളെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് മടിക്കുന്നത് എന്തിനാണ് എന്ന് മാത്രമാണ് എനിക്ക് ചോദിക്കാനുള്ളത്. അതോടൊപ്പം തന്നെ 2010-2011-ലെ കേന്ദ്ര വിഹിതം കേരളത്തിന് 513.45 കോടി രൂപ കൂടുതൽ ലഭിക്കും. 4009.5 കോടി രൂപയാണ് ആകെ ലഭിക്കേണ്ടുന്ന തുക. പ്രസ്തുത തുക പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വലിയ നേട്ടമായിരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ധനവില വർദ്ധനവിലൂടെ സംസ്ഥാനത്തുനിന്ന് ലഭിക്കുന്ന അധിക നികുതി വരുമാനം വേണ്ടെന്ന് വയ്ക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ബംഗാൾ ഗവൺമെന്റ് പോലും അവിടെ ചില സബ്സിഡികൾ ഏർപ്പെടുത്തിയത് ഈ സന്ദർഭത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഡീസലിനും പെട്രോളിനും വില വർദ്ധിപ്പിച്ചപ്പോൾ ചെറിയ സാധനങ്ങൾക്കും ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങൾക്ക് വരെ വില വർദ്ധിപ്പിച്ചിരിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇതൊന്നും കാണാനോ നടപടി സ്വീകരിക്കാനോ ഗവൺമെന്റ് തയ്യാറാകുന്നില്ല. പാവപ്പെട്ട ആളുകൾ എങ്ങനെ ജീവിക്കുമെന്നതിനെക്കുറിച്ച് ഗവൺമെന്റിന് ഒരു ലക്ഷ്യബോധവുമില്ല. വാസ്തവത്തിൽ ഇതൊന്നും നിയന്ത്രിക്കാൻ അധികാരികളില്ല, തോന്നിയതുപോലെ സാധനങ്ങൾ വിൽക്കുകയാണ്. ഇന്ധനവില വർദ്ധനവിലൂടെ ലഭിക്കുന്ന അധിക നികുതി പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകണം. പദ്ധതികൾക്കുവേണ്ടി 2008-09-ൽ നീക്കിവച്ച തുകയിൽ 7,718 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിക്കാതെ പോയത്. കേന്ദ്ര ആസൂത്രണ കമ്മീഷൻ തന്നെ ഇതിനെ ശക്തിയായി വിമർശിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയും പിരിച്ചെടുക്കാൻ കഴിയുന്നില്ല. ലോട്ടറി നികുതി കുടിശ്ശികയിൽ മാത്രം 9287 കോടി രൂപ പിരിച്ചുകിട്ടാനുണ്ട്. നാലു വർഷമായിട്ടും ഗവൺമെന്റ് ഈ കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കുകയുണ്ടായില്ല. വാർഷിക പദ്ധതിയിൽ 1,700 കോടി രൂപ പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 72 ശതമാനം മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ഏറ്റവും വലിയ വീഴ്ചയാണ് ഈ കാര്യത്തിലുണ്ടായിട്ടുള്ളത്. പൊതുകടം 70,017 കോടി രൂപയായി ഉയർന്നു. 2001-ൽ 23,919 കോടി രൂപയായിരുന്നത് ഇപ്പോൾ 70,000 കോടിയിലധികം കടന്നിരിക്കുകയാണ്. തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിച്ചു. കേരളത്തിന്റെ മലയോര മേഖലയിലെ കർഷകരുടെ ഏറ്റവും വലിയ ആവശ്യമായ ഹിൽ ഹൈവേ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ചെങ്കിലും നിർത്തൽ ചെയ്തു. പൊതുമരാമത്ത് വകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, എത്രയും വേഗത്തിൽ അങ്ങയുടെ കാലത്തുതന്നെ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ നടപടികളുണ്ടാകണമെന്നാണ്. കെ.എസ്.ടി.പി.യുടെ റോഡ് നിർമ്മാണം നവംബറിൽ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. ലോക ബാങ്കിന്റേയോ അതല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസികളുടേയോ സാമ്പത്തിക സഹായം സംബന്ധിച്ച് ഇതുവരെ വ്യക്തതയുണ്ടായിട്ടില്ല. അത് എങ്ങനെ ആരംഭിക്കാൻ കഴിയും എന്നുകൂടി വ്യക്തമാക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത ഒ.ഡി.ആർ.-എം.ഡി.ആർ. ആയി ഉയർത്തുകയും ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം യാതൊരു മാനദണ്ഡവുമില്ലാതെ ചില റോഡുകൾ മാത്രം നില നിർത്തിക്കൊണ്ട് മറ്റ് റോഡുകളെല്ലാം ഒ.ഡി.ആർ. ആക്കി മാറ്റുകയുണ്ടായി. പഞ്ചായത്തുകൾക്ക് ഇതുസംബന്ധിച്ച് ഉത്തരവ് നൽകിയിട്ടില്ല. അതുകൊണ്ട് പി.ഡബ്ല്യു.ഡി.-യുടേതാണോ അതോ പഞ്ചായത്തിന്റേതാണോ എന്ന് അറിയാതെ യാതൊരു വിധത്തിലുള്ള വികസന പ്രവർത്തനങ്ങളോ പുനരുദ്ധാരണ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങളോ നടത്താതെ ആ റോഡുകൾ അനാഥമായി കുണ്ടുംകുഴിയുമായി കിടക്കുന്നു, ബസ് സർവ്വീസുകൾ നിർത്തൽ ചെയ്യുന്നു. ഈ കാര്യത്തിൽ ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിലെന്നപോലെ പ്രധാനപ്പെട്ട ഒ.ഡി.ആർ., എം.ഡി.ആർ. ആക്കി ഉയർത്തി പുനരുദ്ധാരണ പ്രവർത്തനം നടത്താനാവശ്യമായ ഫണ്ടുകൾ നീക്കിവച്ചുകൊണ്ട് എത്രയും വേഗത്തിൽ അതിന്റെ പ്രവർത്തനം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നാല് വർഷം പിന്നിട്ടിട്ടും കൂടുതൽ സർക്കാർ സ്കൂളുകൾ ആരംഭിക്കുകയോ നിലവിലുളളത് അപ്ഗ്രേഡ് ചെയ്യുകയോ ചെയ്തിട്ടില്ല. അടിയന്തരമായി പുതിയ സർക്കാർ സ്കൂളുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. സച്ചാർ കമ്മിറ്റി റിപ്പോർട്ടായാലും പാലോളി കമ്മിറ്റി റിപ്പോർട്ടായാലും മൂന്നു നാല് വർഷങ്ങൾക്കുശേഷവും യാതൊരു നടപടിയുമുണ്ടായിട്ടില്ല. എത്രയും വേഗത്തിൽ സച്ചാർ കമ്മിറ്റിയുടേയും പാലോളി കമ്മിറ്റിയുടേയും നിർദ്ദേശങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നാളികേരവും കൊപ്രയും ഏറ്റവും വലിയ പ്രതിസന്ധി നേരിടുകയാണ്. നാളികേരത്തിന്റെ വിലയിടിവു കാരണം കർഷകർ ബുദ്ധിമുട്ടുകയാണ്. അതുപോലെ തന്നെ വിലയിടിവും രോഗവും കാരണം അടയ്ക്ക കർഷകരും വലിയ പ്രതിസന്ധി നേരിടുകയാണ്. അടയ്ക്കയ്ക്ക് 150 രൂപയിൽ കുറയാതെ താങ്ങുവില നിശ്ചയിക്കണം, അതോടൊപ്പം നാളികേരത്തിനും താങ്ങുവില നിശ്ചയിച്ച് കൊണ്ട് ബന്ധപ്പെട്ട ഏജൻസികളെ എല്ലാ മേഖലകളിലും നിയോഗിക്കുകയും നാളികേരവും കൊപ്രയും സംഭരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. അടയ്ക്ക കർഷകർക്കെതിരെ ജപ്തി നടപടികൾ നടന്നുവരികയാണ്. അതുകൊണ്ട് ബാങ്ക് വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത അടയ്ക്ക കർഷകർക്ക് രണ്ടുമൂന്നു വർഷത്തേയ്ക്കെങ്കിലും കാർഷിക വായ്പയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണം. കാസർഗോഡ് പോലുള്ള ജില്ലകളിൽ നെല്ല് സംഭരിക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അടിയന്തരമായി കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും നെല്ല് സംഭരിക്കാനും നെല്ലിന്റെ വില ഉയർത്തുവാനും ആവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് കാലങ്ങളായി പല സാങ്കേതിക കാരണങ്ങളാൽ നിർമ്മാണം മുടങ്ങിക്കിടക്കുന്ന പാലങ്ങളുടേയും റോഡുകളുടേയും കെട്ടിടങ്ങളുടേയും കണക്ക് ശേഖരിച്ച് ആവശ്യമായ ഫണ്ട് നീക്കിവച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇന്ന് ഏറ്റവും കൂടുതൽ ചർച്ച് ചെയ്യപ്പെട്ടത് തീവ്രവാദവുമായി ബന്ധപ്പെട്ട് മുസ്ലീം ലീഗിന് എതിരെയുള്ള ആരോപണങ്ങളായിരുന്നു. അവിടെ നിന്ന് പറഞ്ഞ എല്ലാ ആരോപണങ്ങളേയും ഞങ്ങൾ നിഷേധിക്കുന്നതോടൊപ്പംതന്നെ കേരളത്തിലെ മത സൗഹാർദ്ദം നിലനിർത്തുന്നതിന് ആത്മാർത്ഥമായി ശ്രമിച്ച പാർട്ടിയാണ് മുസ്ലീം ലീഗ് എന്ന് ഓർമ്മപ്പെടുത്താനും ആഗ്രഹിക്കുന്നു. അതുപോലെതന്നെ ഇവിടത്തെ ഹൈന്ദവ സഹോദരൻമാരോട് വളരെയധികം വിധേയത്വമുണ്ട്. വോട്ടിനുവേണ്ടി ഇരു സമുദായങ്ങളേയും തമ്മിലടിപ്പിക്കാൻ ശ്രമിക്കേണ്ടതില്ല ഞങ്ങളുടെ പൂർവ്വപിതാക്കൾ

LIBRARY ARCHIVES Kerala Legislative Assembly

ഹൈന്ദവരായിരുന്നു. അറബിക്കടൽ താണ്ടി 1400 വർഷങ്ങൾക്കുമുമ്പ് കേരളത്തിലേക്ക് വന്നപ്പോൾ ഒറ്റ മുസൽമാൻപോലും ഇവിടെയുണ്ടായിരുന്നില്ല. ഇവിടത്തെ ഹൈന്ദവ സഹോദരൻമാർ അവരെ സ്വീകരിക്കുകയും അവർക്ക് വീട് വയ്ക്കാൻ സ്ഥലം കൊടുക്കുകയും പള്ളിവയ്ക്കാൻ സ്ഥലം കൊടുക്കുകയും ചെയ്ത ഹൈന്ദവ സഹോദരൻമാരുടെ കാഴ്ചപ്പാടുകൾ അത്ര വിശാലമായിരുന്നു. മുസ്ലീം മതത്തേയും ക്രിസ്തുമതത്തേയും ഏറ്റവും കൂടുതൽ സഹർഷം സ്വാഗതം ചെയ്ത ഹൈന്ദവ സഹോദരൻമാരോട് ഞങ്ങൾക്ക് അങ്ങേയറ്റം വിധേയത്വമുണ്ട്. ഇവിടത്തെ ഹൈന്ദവ സഹോദരൻമാരേയും ഞങ്ങളേയും ഒരിക്കലും ഭിന്നിപ്പിക്കാൻ നോക്കേണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സി. ടി. അഹമ്മദ് അലി,............ ഇനിയൊരു ബില്ലുകൂടിയുണ്ട്. .... ശ്രീ. മുരളി പെരുനെല്ലി ....

ശ്രീ. സി.ടി.അഹമ്മദ് അലി : ഇവിടെ മുസ്ലീംലീഗ് തകർന്നുപോയാൽ തീവ്രവാദവും ഭീകരവാദവും ആർക്കും നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് എത്തും. തീവ്രവാദ പ്രവർത്തന കേന്ദ്രങ്ങൾ കണ്ടെത്താനോ തടയാനോ ഈ കഴിഞ്ഞ നാല് വർഷമായിട്ടും കഴിഞ്ഞില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : നോ.........നോ.......അങ്ങ് പറഞ്ഞു കഴിഞ്ഞു. അങ്ങ് നിർത്തണം ....ശ്രീ. മുരളി പെരുനെല്ലി.............

ശ്രീ. സി. ടി. അഹമ്മദ് അലി : ഇവിടെ സ്ക്വാഡ് രൂപീകരിച്ച് ഞാനടക്കമുള്ള ആളുകളുടെ വരവും പോക്കും നിരീക്ഷിക്കാനും കേരളത്തിലെ മുഴുവൻ ജനങ്ങളേയും നിരീക്ഷിക്കാനുമുള്ള രഹസ്യാന്വേഷണ വിഭാഗത്തെ സംഘടിപ്പിച്ചാൽ മാത്രമേ ആയുധങ്ങൾ ശേഖരിക്കുന്നതും ഉപയോഗിക്കുന്നതും കണ്ടുപിടിക്കാനാവുകയുള്ളൂ. ഈ രഹസ്യാന്വേഷണ വിഭാഗം പൂർണ്ണ പരാജയമാണ്. അതുകൊണ്ട് പി.ഡി.പി. ആയാലും പോപ്പുലർ ഫ്രണ്ട് ആയാലും മത തീവ്രവാദ സംഘടനകളെ ശക്തിയായി എതിർക്കുന്ന പാർട്ടിയാണ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ്. മതസൗഹാർദ്ദ സദസ്സുകൾ സംഘടിപ്പിക്കാൻ ഞങ്ങളുടെ നേതാവ് ഹൈദരലി ശിഹാബ് തങ്ങളുടെ ആഹ്വാനം ഇന്നത്തെ പത്രത്തിൽ ഉണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് സംസാരിക്കുന്നുണ്ടോ ? ഇങ്ങനെ സഭ കൊണ്ടുപോകാനാവില്ല. ഇങ്ങനെ നിയന്ത്രണമില്ലെങ്കിൽ സഭ കൊണ്ടുപോകാനാവില്ല. ഇതിനൊക്കെ ഒരു നിയന്ത്രണമുണ്ട്. ഓരോരുത്തർ അവരവരുടെ പ്രസംഗ സമയത്ത് ഇടപെടുക, അല്ലാത്തപ്പോൾ വേറെ വർത്തമാനം പറയുക ....ഇതൊന്നും ശരിയല്ല...........

ശ്രീ. മുരളി പെരുനെല്ലി : സർ, ...

മി. ഡെപ്യൂട്ടി സ്പീക്കർ : നോ......നോ.........അങ്ങ് അങ്ങയുടെ സീറ്റിൽ ഇരിക്ക്. ശരിയല്ല ഇതൊന്നും ....

ശ്രീ. സി. ടി. അഹമ്മദ് അലി : ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മുരളി പെരുനെല്ലി : സർ, 2010-2011 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ജനങ്ങൾക്കു വേണ്ടി ലോഭമേതുമില്ലാതെ ധനം എങ്ങനെ ദാനം ചെയ്യാമെന്നും ധനിക വിഭാഗങ്ങളിൽനിന്നും എങ്ങനെ ധനം സമാഹരിക്കാമെന്നുമുള്ള ശാസ്ത്രീയമായ ഒരു ധനമാനേജ്മെന്റ് കേരളത്തിന് സംഭാവന നൽകിയ ധനകാര്യ വകുപ്പുമന്ത്രിയാണ് ഡോ. തോമസ് ഐസക്. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലെ ധനമന്ത്രിമാർക്കെന്നല്ല, കേന്ദ്ര ധനമന്ത്രിക്കുപോലും മാതൃകയാക്കാൻ കഴിയുന്ന ഈ ധനമന്ത്രിയുടെ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കാൻ നമ്മുടെ സംസ്ഥാനത്തെ സ്നേഹിക്കുന്നവർക്ക് മാത്രമേ കഴിയൂ. അല്ലാത്തവർ എതിർക്കും. ഞാനിതിനെ പിന്തുണയ്ക്കുകയാണ്. ഇന്നലെ ഈ സഭയിൽ ബഹുമാന്യനായ ഒരു പ്രതിപക്ഷ മെമ്പർ പറയുകയുണ്ടായി, പ്രതിപക്ഷ മെമ്പർ എന്ന നിലയിൽ മാത്രമല്ല എതിർക്കുന്നത്, ഈ ധനം നിങ്ങൾക്ക് തന്നാൽ ശരിയായി വിനിയോഗിക്കില്ല എന്ന വിശ്വാസത്തിലാണ് ധനവിനിയോഗ ബില്ലിനെ എതിർക്കുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ പരാമർശം വഴി ഭംഗ്യന്തരേണ രണ്ടു കാര്യങ്ങളാണ് അദ്ദേഹം സഭയിൽ സമ്മതിച്ചത്. ഒന്ന്, 2001 മുതൽ 2006 വരെയുള്ള അഞ്ചുവർഷത്തെ യു.ഡി.എഫ്. ഭരണത്തിൽ ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല, കാരണം അവരുടെ കയ്യിൽ ധനം ഇല്ലായിരുന്നു. രണ്ട്, സഖാവ് വി.എസ്. അച്യുതാനന്ദൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിലെ ധനമന്ത്രിയുടെ ഖജനാവിൽ ആവശ്യത്തിന് പണമുണ്ട്, പക്ഷേ അത് ചെലവുചെയ്യാൻ ഞങ്ങൾ അനുവദിക്കില്ല എന്ന നിലപാടാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നമുക്ക് കാണാൻ കഴിഞ്ഞത്. 5 വർഷക്കാലത്തെ യു.ഡി.എഫ്. ഭരണത്തിന്റെ അവസ്ഥ എന്താണെന്ന് എല്ലാവർക്കും അറിയാം. പട്ടിണിപ്പാവങ്ങളുടെ പെൻഷൻ, സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത, കരാറുകാരുടെ ബില്ലുകൾ, അങ്ങനെ ഒരുപാട് ആനുകൂല്യങ്ങളെല്ലാം കുടിശ്ശികയാക്കിവച്ചിട്ടാണ് ഇവർ ഈ പടി വിട്ട് ഇറങ്ങിപ്പോയത്. ട്രഷറി തുറക്കാനുള്ള ജീവനക്കാരനെ പിരിച്ചുവിട്ട് താക്കോൽ മടിയിൽ വച്ച് സമ്പന്നരുടെ തീൻമുറിയിൽ ഉദയങ്ങളെ സംബന്ധിച്ച് സ്വപ്നം കാണുന്ന ധനകാര്യ വകുപ്പുമന്ത്രിയാണ് അന്ന് നമുക്കുണ്ടായിരുന്നത്. ഉയർന്ന റവന്യൂ കമ്മിയുണ്ടാക്കിയിട്ടാണ് ഇവർ പടിയിറങ്ങിപ്പോയത്, 3.3 ശതമാനം അതുപോലെ ആഭ്യന്തരവരുമാനത്തിന്റെ 39.12 ശതമാനം കടബാദ്ധ്യത വരുത്തിവച്ചിട്ടാണ് യു.ഡി.എഫ്. സർക്കാർ ഇവിടെനിന്നും ഇറങ്ങിപ്പോയത്. അതുപോലെ 1800 കർഷകരെ നിഷ്ഠൂരം സൂയിസൈഡ് പോയിന്റിൽ കൊണ്ടെത്തിച്ച് അവരെ തള്ളിവിട്ടിട്ടാണ് ഇവർ ഇവിടെ കർഷകരക്ഷ നടപ്പിലാക്കിയത്. പൊതുമേഖലാ വ്യവസായങ്ങളെയെല്ലാം അഴിമതിയിൽ മുക്കി നഷ്ടത്തിലാക്കി പടിയടച്ച് പിണ്ഡം വച്ചാണ് ഇവർ ഭരണത്തിൽനിന്ന് ഇറങ്ങിപ്പോയത്. അവർ സമസ്തമേഖലയിലും ദുരിതത്തിന്റെ കൊടിയ വിഷ വിത്തുകൾ വിതറിയാണ് 5 വർഷവും കേരളത്തിൽ ആടിത്തിമർത്തത്. ഖജനാവിൽ ധനമില്ലാതിരുന്നതുകൊണ്ടുള്ള പ്രശ്നമല്ല. ആ ധനം എങ്ങനെ വിനിയോഗിക്കണമെന്ന് കൃത്യമായ വർഗ്ഗബോധത്തിന്റെ പ്രതിഫലനം നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭരണത്തിൽ ഞങ്ങൾ കണ്ടു. സമ്പന്നർക്ക്, പ്രമാണിമാർക്ക്, മാഫിയയ്ക്ക്, പെൺവാണിഭക്കാർക്ക്, ഐസ്ക്രീം കച്ചവടക്കാർക്ക്, കാട്ടുകള്ളന്മാർക്ക് മറ്റുമായി നിങ്ങൾ ഭരണത്തിൽ തിമർത്ത് ആടുകയായിരുന്നു. എന്നിട്ടുപറയുന്നു എൽ.ഡി.എഫ്.-ന് ധനം തന്നാൽ അത് ശരിയായി വിനിയോഗിക്കില്ലെന്ന്. എന്താണ് കഴിഞ്ഞ നാല് വർഷത്തെ എൽ.ഡി.എഫ്-ന്റെ അനുഭവം? എൽ.ഡി.എഫ് ഭരണത്തിന്റെ ഫലമായി ഏതെങ്കിലും ഒരു ആനുകൂല്യം ലഭിക്കാത്ത ഒരു കുടുംബം ഇന്ന് കേരളത്തിലുണ്ടോ? അത് പരിശോധിക്കണം. പ്രതിപക്ഷനേതാവടക്കം കേരളത്തിലെ മൂന്നരക്കോടിയോളമുള്ള മലയാളികളുടെ വീട്ടിലും നാല് വർഷത്തെ എൽ.ഡി.എഫ്. ഭരണത്തിന്റെ ഒരു വിഹിതം ലഭിച്ചിട്ടുണ്ടെന്ന കാര്യം വിസ്മരിച്ചുപോകുന്നത് ഉചിതമാണോയെന്ന് നിങ്ങൾ ശാന്തമായി ആലോചിക്കണം. പെൻഷൻ കുടിശ്ശിക പൂർണ്ണമായി കൊടുത്തു. ക്ഷേമപെൻഷൻ 300 രൂപയാക്കി. കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർത്തു. മൂലധനച്ചെലവ് സർവ്വകാല റെക്കോർഡിലായി. എന്നിട്ടും ട്രഷറി പൂട്ടാതെ തുറന്നുതന്നെ ഇരിക്കുകയാണ്. 'എന്തതിശ്ശയമേ' എന്ന് ചോദിക്കുന്ന തുപോലെയാണ് നമുക്ക് ഇത് കാണാൻ കഴിയുന്നത്. ഇവിടെ റവന്യൂ കമ്മി കുറഞ്ഞു, കടബാദ്ധ്യത കുറഞ്ഞു, 35 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് അരി കൊടുക്കുന്നു, പൊതുമേഖലാവ്യവസായം തുറന്ന് ലാഭകരമാക്കുന്നു, കർഷകന്റെ ആത്മഹത്യ പഴങ്കഥകളാകുന്നു. നെൽവയലുകളിൽ സമൃദ്ധിയുടെ ഓണവെയിൽ പരക്കുകയാണ്. ധനവിനിയോഗ രീതിയെന്താണെന്ന് നിങ്ങൾ ശാന്തമായി ആലോചിക്കുന്നത് നന്നായിരിക്കും. നിങ്ങളുടെ മനസ്സ് പറയുന്നതെന്താണെന്ന് ഞങ്ങൾക്ക് കൃത്യമായി അറിയാം. ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നത് ജനവഞ്ചനയാണ്. പക്ഷേ എന്ത് ചെയ്യാം? ഞങ്ങൾ കോൺഗ്രസ്സ് ആയിപ്പോയില്ലേ? യു.ഡി.എഫ്. ആയിപ്പോയില്ലേ? സാമ്രാജ്യത്വ മതതീവ്രവാദ ഭീകരവാദ ഫ്രണ്ടുകളെല്ലാം യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം വളരെ പോപ്പുലറായതുകൊണ്ട് അവർക്കുവേണ്ടി മാത്രം നമ്മൾ ഇതിനെ എതിർക്കുന്നുവെന്ന നിലയിലാണ് ഇവരുടെ മനസ്സ് ഇപ്പോൾ മന്ത്രിക്കുന്നത്. എനിക്ക് ഒരു കഥ ഓർമ്മ വരികയാണ്. ആറ്റുകാൽ പൊങ്കാലയ്ക്ക് നമ്മുടെ നാട്ടിൽനിന്ന് തിരുവനന്തപുരത്തേക്ക് തീവണ്ടി കയറിയ കല്യാണിചേച്ചിയെ ഈ സന്ദർഭത്തിൽ ഓർമ്മ വരികയാണ്. അവർ അൽപ്പം പൊങ്ങച്ചക്കാരിയാണ്. അതുപോലെ വലിയ ആഭരണപ്രിയയുമാണ്. അവരുടെ ഒപ്പം ഭർത്താവായ ഗോപാലേട്ടനും ഉണ്ട്. തൃശ്ശൂരിൽനിന്നും തീവണ്ടി കയറി കൊല്ലത്ത് എത്തിയപ്പോഴാണ് കല്യാണിചേച്ചിയുടെ കാതിൽ ഇമ്പമുള്ള ഒരു ഗാനമൊഴുകിയെത്തുന്നത്. "ചിങ്ങമാസം വന്നുചേർന്നാൽ നിന്നെ ഞാനെൻ സ്വന്തമാക്കും-കൊല്ലം സുപ്രീം സ്വർണ്ണമിട്ടാൽ കള്ളന്മാർ മണ്ടിപ്പോകും" എന്ന രീതിയിലാണ് ആ പാട്ട് കേട്ടത്. ഈപാട്ടുകേട്ടയുടനെ ആഭരണപ്രിയയായിട്ടുള്ള കല്യാണിചേച്ചി തീവണ്ടിയിൽനിന്നും ഇറങ്ങി, പിന്നാലെ ഗോപാലേട്ടനും ഇറങ്ങിയോടുകയാണ്. എങ്ങോട്ടാണ് പോകുന്നതെന്നുള്ള കാര്യം ഗോപാലേട്ടന് പിടികിട്ടുന്നില്ല. പക്ഷേ ചെന്നു നിൽക്കുന്നത് ഒരു ജ്വൂവലറിയുടെ മുന്നിലാണ്. അവിടെയാണ് ഈ ഓട്ടം ചെന്ന് അവസാനിക്കുന്നത്. പക്ഷേ ഗോപാലേട്ടന് വിവരമുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കാര്യം മനസ്സിലായി. പക്ഷേ ഭാര്യയോട് മിണ്ടാനുളള ഭയം കൊണ്ട് അദ്ദേഹത്തിന് പറയാനും പറ്റാത്ത അവസ്ഥയായി. മഞ്ഞലോഹത്തിന്റെ തിളക്കത്തിൽ കണ്ണ് മഞ്ഞളിച്ച കല്യാണിചേച്ചിക്ക് അകത്തുകടന്നപ്പോഴാണ് അക്കിടി പറ്റിയത്. ഇത് സാധാരണ ഒരു സ്വർണ്ണക്കടയല്ല. അതൊരു ഇമിറ്റേഷൻ ഗോൾഡ് വിൽക്കുന്ന ഒരു കടയാണ്. അത് കല്യാണിചേച്ചിക്ക് മനസ്സിലായിരുന്നില്ല. ഇന്നലെ ശ്രീ. വി. ഡി. സതീശന്റെ ലോട്ടറി കഥ കേട്ടപ്പോൾ ഈ ഇമിറ്റേഷൻ ഗോൾഡ് കിട്ടിയ കല്യാണിചേച്ചിയെയാണ് എനിക്ക് ഓർമ്മ വന്നത്. എന്താണ് ഇവിടെ കാണുന്നത് ? നിധി കിട്ടിയെന്ന് സ്വപ്നം കണ്ട് കട്ടിലിൽനിന്ന് വീണവനെപ്പോലെ ആയി ശ്രീ. വി. ഡി. സതീശൻ. ജൂവലറി പുറത്തുനിന്ന് കണ്ട കല്യാണിചേച്ചിയുടെ അവസ്ഥ പോലെയാണ് ധനമന്ത്രിക്കെതിരെ ആരോപണവുമായി മെമ്പർ സഭയ്ക്കകത്ത് കടന്നുവന്നത്. ഗോപാലേട്ടനെപ്പോലെ അപകടാവസ്ഥ മണത്തറിഞ്ഞ ഒരാൾ കൂടെയുണ്ടായി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അത് പുറത്തുപറയാൻ പറ്റിയില്ല. ഗോപാലേട്ടന് കല്യാണിചേച്ചിയോട് പറയാൻ പറ്റാത്തതുപോലെ ശ്രീ. തിരുവഞ്ചൂരിന് പറയാൻ പറ്റാത്ത ഒരു അവസ്ഥയുണ്ടായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ മനസ്സിലിരുപ്പ് പുറത്തുവന്നു. എന്താണ് അദ്ദേഹം പറഞ്ഞത്? നിങ്ങൾ കുറേക്കാലമായി അഴിമതി....അഴിമതിയെന്ന് പറയുകയാണ്. നിങ്ങൾക്ക് എതിരെ അഴിമതിയാരോപണമുന്നയിക്കാൻ കാര്യം വേണ്ടേ ? ഇവിടെ പേരിനുവേണ്ടി ഞങ്ങൾ ഉന്നയിച്ചുവെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അഴിമതിയാരോപണത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞത്. അതുപോലെ ചർച്ച കഴിഞ്ഞ് ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി കേട്ടതോടുകൂടി ഈ കടയ്ക്കകത്തുചെന്ന കല്യാണിചേച്ചിയെപ്പോലെ അക്കിടി പറ്റി നിയമസഭയും വിട്ട് ഓടുന്ന ഒരു പ്രതിപക്ഷത്തെയാണ് നമ്മൾ ഇവിടെ കണ്ടത്. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനമനസ്സുകളിൽ ഇടം നേടി ആവേശത്തോടുകൂടി മുന്നോട്ടുപോകുന്ന എൽ.ഡി.എഫ്. സർക്കാരിനേയും അതിലെ ധനകാര്യ വകുപ്പുമന്ത്രിയേയും താറടിപ്പിക്കാനുളള ശ്രമം തിരുട്ടുഗ്രാമത്തിലെ കളളന്മാരുടെ തറവേലപോലെയാണ്. അതാണ് പ്രതിപക്ഷം ഇവിടെ കാണിക്കുന്നത്. എന്താണ് ഇവരുടെ പണി ? നടുറോഡിൽ നോട്ടുകെട്ടുവിതറുക. നടുറോഡിൽ നോട്ടുകെട്ട് വിതറിയിട്ട് അങ്ങനെ നോട്ടുകെട്ടിലേക്ക് ശ്രദ്ധ തിരിയുന്ന യാത്രക്കാരുടെ വിലപിടിപ്പുളള ആഭരണങ്ങൾ, അവരുടെ വസ്തുവകകൾ അവയെല്ലാം തട്ടിയെടുത്തുകൊണ്ട് ഓടുന്ന തിരുട്ടുകളളന്മാരെപ്പോലെ, ആ തസ്ക്കരവീരന്മാരെപ്പോലുളള ഇടപാടാണ് പ്രതിപക്ഷത്തുനിന്നും കാണുന്നത്. മനുഷ്യമലം വിതറുന്നുണ്ട്, മറ്റുപല പൊടികളും വിതറുന്നുണ്ട് അതൊക്കെ വിതറുന്ന തസ്ക്കരവീരന്മാരെ പോലെയാണ് ഇവിടെ ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ആക്ഷേപം ഉന്നയിക്കുന്ന പ്രതിപക്ഷത്തെ നമുക്കിവിടെ കാണാൻ കഴിയുന്നത്. ആ തസ്ക്കരവീരന്മാരെ അടുത്ത തെരഞ്ഞെടുപ്പോടുകൂടി കേരള ജനത പിടിച്ചുകെട്ടും, ഒരു തർക്കവും വേണ്ട. ഇവിടെ ലോട്ടറി രാജാക്കന്മാരെ നിയന്ത്രിക്കാൻ കർക്കശ നടപടികളെടുക്കാൻ സംസ്ഥാനത്തെ ധനകാര്യ വകുപ്പുമന്ത്രി തയ്യാറായതിന്റെ അസഹിഷ്ണുതയല്ലേ പ്രതിപക്ഷം ഇവിടെ പ്രകടിപ്പിക്കുന്നത് ? കാരണം

LIBRARY ARCHIVES Kerala Legislative Assembly

അവർ ലോട്ടറി രാജാക്കന്മാർക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിനെതിരായി ലോട്ടറി രാജാക്കന്മാർക്കുവേണ്ടി കോടതിയിൽ ഹാജരാകാൻ ഭാര്യയെത്തന്നെ പറഞ്ഞയച്ച കേന്ദ്രമന്ത്രി അതുവഴി എ.ഐ.സി.സി.യിലേക്ക് എത്ര പണം കിട്ടിയിട്ടുണ്ട് ? ആ പണം അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ ഒഴുക്കാനുള്ള ഗൂഢപദ്ധതികളല്ലേ ഇപ്പോളവർ ഒരുക്കിക്കൊണ്ടിരിക്കുന്നത് ? കള്ളച്ചൂതാട്ടക്കാർക്കുവേണ്ടി ചട്ടങ്ങൾ ധൃതിയിൽ ഇറക്കിയതാരാണ്; ഈ ധനകാര്യ വകുപ്പുമന്ത്രിയാണോ? കേന്ദ്ര ഗവൺമെന്റല്ലേ? അങ്ങനെ ഇവിടെ ചൂതാട്ടക്കാർക്കും, ലോട്ടറി കച്ചവടക്കാർക്കും വേണ്ടി നാണംകെട്ട രീതിയിലുള്ള ഇടപാടാണ് പ്രതിപക്ഷം ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾ സമരം ചെയ്യേണ്ടത് ഡോ. തോമസ് ഐസക്കിനെതിരെയല്ല, ചിദംബരത്തിനെതിരെ, എ.ഐ.സി.സി.ക്കെതിരെ, കേന്ദ്രത്തിനെതിരെയാണ്. അതിനുവേണ്ടി നിങ്ങൾ സമരം ചെയ്യണം.

ശ്രീ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട സി. ടി. അഹമ്മദ് അലി ഇതിന് തൊട്ടുമുമ്പ് പ്രസംഗിച്ച കാര്യം താങ്കൾ ശ്രദ്ധിച്ചില്ലേ? മുസ്ലീം ലീഗ് എന്നുപറയുന്ന സാമുദായിക -രാഷ്ട്രീയ പാർട്ടികളുടെ പോപ്പുലർ ഫ്രണ്ട്, എൻ.ഡി.എഫ്. ബന്ധമൊക്കെ വെളിവായതോടുകൂടി ലീഗ് നേതൃത്വം ആകെ ബേജാറായതിന്റെ ലക്ഷണമല്ലേ സി. ടി. അഹമ്മദ് അലി ഇവിടെ സഭയിൽ നടത്തിയിട്ടുള്ള പ്രസംഗം എന്നത് ബഹുമാനപ്പെട്ട മുരളി ശ്രദ്ധിച്ചിട്ടില്ലേ ?

ശ്രീ. മുരളി പെരുനെല്ലി : സർ, തീർച്ചയായും.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞങ്ങളുടെ നിലപാടുകൾ വ്യക്തമാക്കിയപ്പോൾ നിങ്ങളെത്ര കള്ളത്തരം പറഞ്ഞാലും എന്തെല്ലാം പരിപാടികൾ നടത്തിയാലും ഇവിടത്തെ മതസൗഹാർദ്ദം തകർക്കാൻ കഴിയില്ല. അതിനിവിടെ മുസ്ലീം ലീഗുണ്ട്, യു.ഡി.എഫ്. ഉണ്ട് എന്ന് കേട്ടപ്പോൾ ബേജാറായതല്ലേ ശ്രീ. പി. ജയരാജൻ ?

ശ്രീ. മുരളി പെരുനെല്ലി : സർ, ബേജാർ അപ്പുറത്താണ്. മതം രാഷ്ട്രീയത്തിൽ ഇടപെടരുത്.....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഇവിടെയിപ്പോൾ നടന്ന സംഭവം ജോസഫ് സാറിന്റെ കൈ വെട്ടിയതാണ്. അത് എൻ.ഡി.എഫ്. ആണെന്ന് ഞങ്ങൾ പറയുന്നു. എൻ.ഡി.എഫ്. ആണോ അല്ലയോയെന്ന് പറയാൻ സാധിക്കുകയില്ലെന്നല്ലേ മുസ്ലീംലീഗിന്റെ സെക്രട്ടറി ബഷീർ പറയുന്നത്. അങ്ങയുടെ അഭിപ്രായമെന്താണ് എൻ.ഡി.എഫ്. ആണോ അല്ലയോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ബഷീർ അങ്ങനെ പറഞ്ഞിട്ടുള്ളതായി ഞങ്ങളൊന്നും കേട്ടിട്ടില്ല. അങ്ങനെ പറയില്ല. ഇവിടെ ആരെങ്കിലും പറഞ്ഞാൽ, ആര് ചെയ്താലും അത് തെറ്റാണ്...........

ശ്രീ. മുരളി പെരുനെല്ലി : സർ, മതം രാഷ്ട്രീയത്തിൽ ഇടപെടരുത്. അതുപോലെ രാഷ്ട്രീയം മതത്തിലിടപെടരുത്. അതാണ് ഇന്ത്യൻ മതനിരപേക്ഷത. ആ മതനിരപേക്ഷത സംബന്ധിച്ച് പണ്ഡിറ്റ് ജവഹർലാൽ

LIBRARY ARCHIVES Kerala Legislative Assembly

നെഹ്റു പറഞ്ഞൊരു വാചകമുണ്ട്. ഈശ്വരവിശ്വാസികൾക്കും അല്ലാത്തവർക്കും തുല്യപരിഗണന കൊടുക്കുക്കയെന്നുള്ളതാണ് ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്യുന്ന മതനിരപേക്ഷത. ആ മതനിരപേക്ഷതയുടെ കടയ്ക്കൽ കത്തിവയ്ക്കുകയാണ് കോൺഗ്രസ്സ്. പോപ്പുലർ ഫ്രണ്ടിനുവേണ്ടി, ഭീകരവാദികൾക്കുവേണ്ടി, തീവ്രവാദികൾക്കുവേണ്ടി, കൂടെ നിൽക്കുന്ന മുസ്ലീംലീഗിനു വേണ്ടി ഒക്കെയുള്ള നിലപാട് എടുത്തുകൊണ്ട് അല്ലേ മുന്നോട്ടുപോകുന്നത്. അത്യന്തം അപകടകരമായ ഒരു നിലപാടാണ്. ഇവിടെ ചില പുരോഹിതന്മാർ ഇടയലേഖനങ്ങൾ ഇറക്കി പോപ്പുലർ ഫ്രണ്ടിന്റെ ഫ്രണ്ട്ഷിപ്പ്, ലഭിക്കുന്നതിനു വേണ്ടി നാടിനെ ഒറ്റിക്കൊടുക്കുന്ന നിലപാട് അത്യന്തം അപലപനീയമാണ്. അത് ഭസ്മാസുരന് വരം കൊടുത്ത അനുഭവം ഉണ്ടാക്കും. ഭിന്ദ്രൻവാലയെ വളർത്തിക്കൊണ്ടുവന്ന ഇന്ദിരാഗാന്ധിയുടെ അനുഭവം ഉണ്ടാകും. നമ്മുടെ നാട് അപകടകരമായ ഒരു അവസ്ഥയിലേക്ക് കൊണ്ടെത്തിക്കുന്നതിനുവേണ്ടിയാണ് കോൺഗ്രസ്സും യു.ഡി.എഫ്-ഉം പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. നാടിന്റെ മതനിരപേക്ഷതയും, ഐക്യവും തകർക്കുന്ന സമീപനത്തിൽ നിന്ന് നിങ്ങൾ പിൻതിരിയണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്.

ഇന്നലെ ഇവിടെ ഒരു മുസ്ലീംലീഗ് മെമ്പറുടെ പ്രസംഗം ഞാൻ കേൾക്കുകയുണ്ടായി. വ്യവസായ മന്ത്രി നൽകിയ ത്രിൽ സോപ്പ് തേച്ചുകുളിച്ച് നല്ല ത്രില്ലിലാണ് അദ്ദേഹം ഇവിടെ പ്രസംഗിച്ചത്. അഞ്ച് കൊല്ലം കേരളം ഭരിച്ച യു.ഡി.എഫ്. ഗവൺമെന്റ് വിത്തിട്ട് നനച്ച് വന്നതിനെ വളർത്തിക്കൊണ്ടുവരുന്ന നിലപാടാണ് ഇപ്പോൾ ഇടതുപക്ഷമുന്നണി സർക്കാർ എടുത്തുകൊണ്ടിരിക്കുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. കൂട്ടത്തിൽ ഞങ്ങളുടെ കുട്ടിയെ നിങ്ങൾ വളർത്തുന്നു എന്ന നിലയിലും പറഞ്ഞു. അത് ഞങ്ങൾക്ക് കൃത്യമായി അറിയാം. ആ പറഞ്ഞ കാര്യത്തിൽ ഒരു അർദ്ധ സത്യമുണ്ട്. അശ്വത്ഥാമ ഹത: കുഞ്ജര എന്നു പറഞ്ഞതുപോലെ അശ്വത്ഥാമാവ് മരണപ്പെട്ടു ആനയായിരുന്നു എന്നു പറഞ്ഞപോലെ ആദ്യഭാഗം പൂർണ്ണമായും ശരിയാണ്. നിങ്ങൾ വിത്തിട്ട് നനച്ച് വളർത്തിക്കൊണ്ടുവന്ന ഒരു വിത്തുണ്ട്. അത് ശരിയാണ്. അത് ഞങ്ങളല്ല വളർത്തുന്നത് അത് ഉമ്മാന്റെ മടിയിൽ റജീനയുടെ മടിയിൽ നല്ല ഭംഗിയായി സുന്ദരക്കുട്ടപ്പനായി വളരുന്നുണ്ട് എന്ന കാര്യം നാട്ടുകാർക്കൊക്കെ നന്നായി അറിയാവുന്ന കാര്യമാണ്. മുസ്ലിംലീഗ് മറന്നുവെന്ന് തോന്നുന്നു. എത്ര നാണം കെട്ട അവസ്ഥയിലേക്കാണ് ഈ പ്രതിപക്ഷം പൊയ്ക്കൊണ്ടിരിക്കുന്നത് എന്നതിന്റെ ഉത്തമ തെളിവാണ് ഇന്നലത്തെ ഇറങ്ങിപ്പോക്കിന്റെ രംഗം. ഈ സഭാ സമ്മേളനം തുടങ്ങിയ നാളുമുതൽ മോണിംഗ് വാക്ക് ഔട്ടായിരുന്നു കണ്ടുകൊണ്ടിരുന്നത്. പ്രഭാത സവാരി എന്നു പറയുന്നപോലെയുള്ള മോണിംഗ് വാക്ക്ഔട്ട്. ഇപ്പോൾ മോണിംഗ് വാക്ക്ഔട്ട് ഈവനിംഗ് വാക്ക് ഔട്ടിലേയ്ക്ക് മാറിവരുകയാണ്. ഇന്നലെ ഏകദേശം ആ നിലയ്ക്കുള്ള പ്രകടനമായിരുന്നു. ഒന്നും അങ്ങോട്ട് ക്ലച്ച് പിടിക്കുന്നില്ല. അതുകൊണ്ടാണ് ഈവനിംഗ് വാക്ക് ഔട്ട് ഇപ്പോൾ പ്രതിപക്ഷം എടുത്ത് ഉപയോഗിക്കുന്നത്. നിങ്ങളുടെ ഇറങ്ങിപ്പോക്കുകൊണ്ട് വലിയ പ്രയോജനമൊന്നും സാധാരണ ജനങ്ങൾക്ക് ഉണ്ടാകാൻ പോകുന്നില്ല. ഒരു ഗുണമുണ്ട്, അത് ബാറ്റാ കമ്പനിക്കാണ്. നിരന്തരം

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ ഇറങ്ങിപ്പോക്കുമൂലം ചെരുപ്പ് തേഞ്ഞുപോകുന്നതുകൊണ്ട് പുതിയ ചെരുപ്പ് വാങ്ങേണ്ടിവരും. ബാറ്റാ കമ്പനിക്ക് അതിന്റെ പ്രയോജനം ലഭിക്കും. സാധാരണക്കാർക്ക് ഉണ്ടാകാൻ പോകുന്നില്ല. ഇനി ഈ രീതി മാറി മദം പൊട്ടി ബീഹാർ മോഡൽ സമരങ്ങൾ സഭയിൽ അരങ്ങേറുമോ എന്ന് സംശയിക്കുകയാണ്. കാരണം മദം പൊട്ടിപ്പോകുന്ന ഒരു സ്ത്രീയെ നമ്മൾ ബീഹാറിൽ കാണുകയുണ്ടായില്ലേ ? അങ്ങനെ ഇവിടെ ഉണ്ടാകാൻ സാധ്യതയില്ല. കാരണം മരുന്നിനുപോലും ഒരു സ്ത്രീ അപ്പുറത്തില്ല എന്നുള്ളതുകൊണ്ട് അതിലേക്ക് നിങ്ങൾ പോകില്ല എന്ന് ഞങ്ങൾക്ക് കൃത്യമായിട്ട് അറിയാം. പട്ടിക ജാതി സഹോദരങ്ങൾക്കുവേണ്ടി ഇവർ മുതലക്കണ്ണീർ ഒഴുക്കുന്നതുകണ്ടാൽ, ഇവിടെ സംവരണ സീറ്റിൽ മത്സരിക്കാൻ അയോഗ്യനായ ശ്രീ. കൊടിക്കുന്നിൽ സുരേഷിന് ആറ് തവണ മത്സരിക്കാൻ കഴിഞ്ഞതെങ്ങനെയാണ് ? ജാതി രേഖകളിൽ കൃത്രിമം കാട്ടി, കൃത്രിമം, തട്ടിപ്പ്, വഞ്ചന ഇതൊക്കെ കോൺഗ്രസ്സിനുള്ള കുലത്തൊഴിലാണ്. ആ നിലയിലേക്ക് പട്ടികജാതിക്കാർക്കെതിരായിപ്പോലും ഇത്തരത്തിലുള്ള നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുകയാണ്. കള്ളക്കർക്കിടക മാസമാണ് ഇത്. ഇവിടെ ഇടിവെട്ടി മഴ പെയ്യും, മിന്നൽപ്പിണർ പായും, കാറ്റുവീശും, അത് കൊടുങ്കാറ്റാകും. അതാണിപ്പോൾ സഭയിൽ നടക്കുന്നത്. പ്രതിപക്ഷം കത്തിച്ചുവിട്ട വെടിക്കുറ്റി ചീറ്റിപ്പോയി അത് ചായക്കോപ്പയിലെ കൊടുങ്കാറ്റായി. ഈ ദുരിതത്തിന്റെയും പ്രയാസങ്ങളുടെയും കള്ളക്കർക്കിടകം കഴിഞ്ഞ് സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും നല്ല ഓണ നാളുകൾ വരാൻ പോകുകയാണ്. അടുത്ത തെരഞ്ഞെടുപ്പോടുകൂടി ഇതിനേക്കാൾ ശക്തമായ രീതിയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ കേരളത്തിൽ അധികാരത്തിൽ വരുമെന്നതിന്റെ നിലയിലേക്ക് കേരളം മുന്നോട്ടുപോയി എന്നുള്ളതുകൊണ്ടുതന്നെ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിൻതുണയ്ക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ഉപധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുന്നു. നാല് വർഷത്തെ എൽ.ഡി.എഫ്. ഭരണം എല്ലാ മേഖലയിലും മുന്നേറ്റമുണ്ടാക്കി. ക്ഷേമം, വികസനം, സമാധാനം അതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ മുദ്രാവാക്യം. ഞാൻ കഴിഞ്ഞ തവണ പ്രതിപക്ഷത്തായിരുന്നു. ബഹുമാന്യനായ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ അവിടെയിരുന്ന് പ്രസംഗിക്കുന്നതുകേട്ടിട്ടുണ്ട്, ഈ ക്ഷേമ പെൻഷൻ എല്ലാം കൊടുത്തതിനുശേഷമേ ഞാൻ എന്റെ ശമ്പളം എഴുതി ഒപ്പിട്ടു വാങ്ങൂ എന്ന്. അതു കേട്ടപ്പോൾ എന്റെ രോമം എഴുന്നേറ്റുനിന്നു. പക്ഷേ ക്ഷേമ പെൻഷനുകൾ 28 മാസത്തെ കുടിശ്ശിക വച്ചതല്ലാതെ ഒരുമാസവും ശ്രീ. ഉമ്മൻ ചാണ്ടി ശമ്പളം വാങ്ങിക്കാതിരുന്നിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തിൻ കീഴിൽ കാർഷികമേഖലയിൽ ഉണർവ്വ്, വ്യാവസായിക മേഖലയിൽ വലിയ മുന്നേറ്റം പൊതുമേഖല ശക്തം. സ്വകാര്യ മേഖലയെ പിൻതുണയ്ക്കുന്ന സമീപനം ഇടതുപക്ഷ ജനാധിപത്യമുന്നണിക്കില്ല. റോഡ്, വെള്ളം, വെളിച്ചം തുടങ്ങിയ സർവ്വത്ര കാര്യങ്ങളിലും ഫലപ്രദമായ ഇടപെടലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിയത്. എന്നിട്ടും സാമ്പത്തിക സ്ഥിതിയിൽ വലിയ ഗുരുതരമായ പ്രശ്നങ്ങളൊന്നുമില്ല. പൊതുകടം വല്ലാതെ പെരുകിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

2001-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 23,000 കോടി രൂപയായിരുന്നു പൊതുകടം. 2006-ൽ അവർ ഇറങ്ങിപ്പോകുമ്പോൾ 45,000 കോടി ആയി. 2010-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണം തുടരുമ്പോൾ അത് 78,000 കോടി രൂപയായിട്ടുണ്ട്. ഇല്ലെന്ന് ഞങ്ങൾ പറയുന്നില്ല. കടം വർദ്ധിച്ചപ്പോൾ വികസന പ്രവർത്തനങ്ങൾ ശക്തമായ രൂപത്തിൽ നടന്നു. ഇടതുപക്ഷ ഭരണത്തിൻ കീഴിൽ ധനകാര്യ വകുപ്പുമന്ത്രിക്ക് യു.ഡി.എഫ്. എം.എൽ.എ. മാരുടെ പ്രശംസയുണ്ട്. അവരുടെ ഫ്ളക്സ് ബോർഡ് മണ്ഡലങ്ങളിൽ മുഴുവൻ നിറച്ച് വച്ചിരിക്കുകയാണ്. കേരളത്തിൽ ഇപ്പോൾ തീവ്രവാദ പ്രവർത്തനം ശക്തമായി ഉയർന്ന് വന്നിരിക്കുകയാണ്. മതതീവ്രവാദമാണ്. കാസർകോഡ് ജില്ലയിൽ 1997-ൽ ഒരു കൊലപാതകം നടന്നു. ബാലകൃഷ്ണൻ എന്ന ചെറുപ്പക്കാരനെയാണ് തീവ്രവാദികൾ കൊന്നത്. ഒരു മുസ്ലിം പെൺകുട്ടിയെ പ്രേമിച്ച് കല്യാണം കഴിച്ചതാണ് ബാലകൃഷ്ണൻ ചെയ്ത ഭീകരമായ കുറ്റം. ഇങ്ങനെയുള്ള 29 കേസ്സുകളിൽ ഇപ്പോൾ പുനരന്വേഷണം നടക്കുകയാണ്. ഇത്തരം സമീപനം സ്വീകരിക്കുന്ന തീവ്രവാദികൾക്കെതിരെ ബഹുമാന്യനായ മുഖ്യമന്ത്രി ഒരു നിലപാട് സ്വീകരിച്ചപ്പോൾ പ്രകോപനം കൊള്ളുകയാണ് നമ്മുടെ യു.ഡി.എഫ്-കാർ. ബാലകൃഷ്ണൻ യൂത്ത് കോൺഗ്രസ്സ് നേതാവായിരുന്നു. കോൺഗ്രസ്സുകാർക്ക് ഇത്തരം കാര്യങ്ങളിലൊന്നും യാതൊരു പ്രശ്നവുമുണ്ടാകില്ല. അത് ഞങ്ങൾക്കറിയാം. ഹിന്ദുരാഷ്ട്രം ആർ.എസ്.എസ്-ന്റെ മുദ്രാവാക്യമാണ്. മുസ്ലീം രാഷ്ട്രമാണ് എൻ.ഡി.എഫ്-ന്റെ മുദ്രാവാക്യം. അതിനെതിരെ നിലപാട് സ്വീകരിച്ചാൽ മുഖ്യമന്ത്രിക്കെതിരെ ഇങ്ങനെ പറയേണ്ട കാര്യമെന്താണ് ? യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അവരുടെ മുദ്രാവാക്യമെന്തായിരുന്നു, അതിവേഗം ബഹുദൂരം. ക്ഷേമമില്ല വികസനമില്ല. ക്ഷേമപെൻഷൻ 28 മാസത്തെ കുടിശ്ശിക. ഞാൻ പ്രതിപക്ഷത്തായിരുന്നപ്പോൾ സി.എം.ഡി.ആർ.എഫ്-ൽ ഒരു അപേക്ഷ കൊടുത്താൽ മുഖ്യമന്ത്രി അത് ഉടനെ സെക്രട്ടറിക്ക് കൊടുക്കും, സെക്രട്ടറി കളക്ടർക്ക് കൊടുക്കും, കളക്ടർ തഹസീൽദാർക്ക് കൊടുക്കും, തഹസീൽദാർ വില്ലേജ് ഓഫീസർക്ക് കൊടുക്കും. തണ്ണീർ... തണ്ണീർ സിനിമയിൽ ഇത് ഇങ്ങനെ പ്രതീകാത്മകമായി കാണിക്കുന്നുണ്ട്. 'അതുപോലെയാണ് കേരളത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇപ്പോൾ അങ്ങനെയാണോ പ്രതിപക്ഷ എം.എൽ.എ. മാരോട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രതികരിക്കുന്നത് ? യു.ഡി.എഫ്.-ന്റെ എം.എൽ.എ. മാർക്ക് കിട്ടാത്ത പരിഗണനയാണ് കൊടുക്കുന്നത് പലതും വാങ്ങിച്ചുകൊണ്ട് പോകുന്നുണ്ട്. എന്നിട്ടിപ്പോൾ വലിയ ഫ്ളക്സ് ബോർഡ് മണ്ഡലം മുഴുവൻ നിറച്ച് വച്ചിട്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരെ ഇവർ പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ഇവർ വിലക്കയറ്റത്തെപ്പറ്റി ഒരക്ഷരം മിണ്ടുന്നില്ല. എവിടെപ്പോയി വിലക്കയറ്റം ? രാജ്യം ഭരിക്കുന്ന ഭരണാധികാരികളുടെ ജനവിരുദ്ധ സാമ്പത്തിക നയങ്ങളുടെ ഭാഗമായിരൂക്ഷമായ വിലക്കയറ്റം നമ്മുടെ രാജ്യത്ത് വന്നിരിക്കുകയാണ്. ഇന്നലെ ലോക്സഭ സ്തംഭിക്കുന്ന നിലയുണ്ടായി. യു.പി.എ.യ്ക്ക് പിൻതുണ കൊടുക്കുന്ന മമത ബാനർജി, ഡി.എം.കെ., മുലായം സിങ് യാദവ്, ലാലു പ്രസാദ് യാദവ്

LIBRARY ARCHIVES Kerala Legislative Assembly

ഇവരെല്ലാം യു.പി.എ. ഗവൺമെന്റിന് എതിരാണ്. ഇവിടെ വിലക്കയറ്റം ഒരു പ്രശ്നമേയല്ല. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനം ചേരുമ്പോൾ പ്രതിപക്ഷം ഏറ്റവും ശക്തമായ രൂപത്തിൽ ഉയർത്തിക്കൊണ്ടുവന്ന ഒരു വിഷയമായിരുന്നു വിലക്കയറ്റം. ഇപ്പോൾ ഒരക്ഷരം മിണ്ടാനില്ല, ഒരു പ്രശ്നവുമില്ല. ഈ കേരളത്തിന്റെ തൊട്ടപ്പുറത്ത് തമിഴ്നാട്, നമ്മുടെ നാട്ടിൻപുറത്ത് ചായയ്ക്ക് 4 രൂപ, തമിഴ് നാട്ടിൽ 5 രൂപ നമ്മുടെ നാട്ടിൻപുറത്ത് ഭക്ഷണം കഴിക്കാൻ 25 രൂപ, തമിഴ്നാട്ടിൽ 40 രൂപ മുതൽ 60 രൂപ വരെ. ശ്രീ. രമേശ് ചെന്നിത്തലയ്ക്കും ശ്രീ. ഉമ്മൻ ചാണ്ടിക്കും ഇപ്പോൾ ഇതിൽ ഒരു പ്രശ്നവുമില്ല. ഇവർ അവിടെ കേന്ദ്രത്തിൽ പോയി പറയേണ്ടതാണ്. അവിടെച്ചെന്നാൽ ഇവരെ ആരെങ്കിലും പരിഗണിക്കുമോ ? അവർക്ക് വേറെന്തൊക്കെ പണിയുണ്ട് ? ശ്രീ. ചെന്നിത്തലയും ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീമതി സോണിയയെയും, ശ്രീ. മൻമോഹൻസിംഗിനെയും കണ്ട് പറയണം. പക്ഷേ അവർ ഇവരെ ഇപ്പോൾ പരിഗണിക്കുന്നില്ല. അതുപോലെതന്നെ വികസന കാര്യങ്ങൾ. നമ്മുടെ കേരളത്തിന്റെ പൊതുവായ വികസനത്തിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ട കൂട്ടത്തിൽ പ്രധാനപ്പെട്ട കാര്യമാണ് കൊച്ചി മെട്രോ. അതിന് കേന്ദ്രം സമ്മതിക്കുന്നില്ല. ആരാണ് സമ്മതിക്കാത്തത് ? മൊണ്ടേഗ് സിംഗ് അലുവാലിയ ആസൂത്രണ കമ്മീഷന്റെ ഉപാധ്യക്ഷനാണ്. ചാരുകസേര ഉപദേഷ്ടാവ് എന്നാണ് കേന്ദ്രമന്ത്രിതന്നെ ഇദ്ദേഹത്തെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന്റെ എതിർപ്പിന്റെ അടിസ്ഥാനത്തിലാണ് കൊച്ചി മെട്രോ തടസ്സപ്പെട്ടുനിൽക്കുന്നത്. ഐ.എം.എഫ്. ഗുമസ്തന്റെ കാര്യസ്ഥൻ പറയുന്നത്, കേരളത്തിന് അർഹതപ്പെട്ട പദ്ധതിയില്ല എന്നാണ്. അപ്പുറത്തുള്ള വർക്ക് ഇത് സംബന്ധിച്ച് ഒന്നും പറയാനില്ല. അതുപോലെതന്നെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള സമ്പൂർണ്ണ വൈദ്യുതീകരണം കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എ.ഐ.സി.സി.യുടെ ജനറൽ സെക്രട്ടറി ബഹുമാന്യനായ രാഹുൽ ഗാന്ധി ആണവ കരാറുമായി ബന്ധപ്പെട്ട് നടക്കുന്ന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രസംഗിച്ചത് മഹാരാഷ്ട്രയിലെ കലാവതി എന്ന സ്ത്രീയുടെ വീട്ടിൽ കറന്റ് കിട്ടാൻ ആണവ കരാർ വേണം എന്നാണ്. ഇത്തരം ഒരു സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കേരളത്തിലെ നാട്ടിൻപുറത്ത് എല്ലാ ആളുകൾക്കും കറന്റ് കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ആണവകരാറിന്റെ സ്ഥിതിയെന്താണ്? നമ്മുടെ നാട്ടിൽ ഇപ്പോൾ ഇതുമായി ബന്ധപ്പെടുത്തി ആണവ ബാധ്യതാബിൽ കൊണ്ടുവന്നിരിക്കുകയാണ്. അപകടമുണ്ടായാൽ ബാധ്യത കമ്പനിക്കല്ല. ബാധ്യതയുണ്ടായിരുന്ന കാലത്ത് ഭോപ്പാലിൽ ഗ്യാസ് ട്രാജഡി ഉണ്ടായപ്പോൾ രൂക്ഷമായ പ്രശ്നമുണ്ടായി. 20000 ആളുകൾ മരിച്ചു. എന്നിട്ടു പോലും ഒരു നടപടിയും സ്വീകരിച്ചില്ല. വാറൻ ആൻഡേഴ്സൺ എന്ന ഭോപ്പാൽ കമ്പനിയുടെ ഉത്തരവാദപ്പെട്ട ആളുകളെ രക്ഷപ്പെടാൻ രാജ്യത്ത് അന്ന് പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിയുൾപ്പെടെ സഹായിച്ചു എന്നാണ് വാർത്തകൾ വ്യക്തമാക്കുന്നത്. അങ്ങനെ ബാധ്യതയുള്ള കാലത്ത് ഇതാണ് സ്ഥിതിയെങ്കിൽ ബാധ്യത ഇല്ലായിരുന്നാൽ എന്തായിരിക്കും നമ്മുടെ നാട്ടിലെ അവസ്ഥ ? അമേരിക്കയിലെ ആണവ കമ്പനികൾക്ക് നമ്മുടെ രാജ്യം

LIBRARY ARCHIVES Kerala Legislative Assembly

ചൂഷണം ചെയ്യുന്നതിനാവശ്യമായ സാഹചര്യമാണ് ഇപ്പോൾ ഇവിടെ ഉണ്ടായിരിക്കുന്നത്. വയനാട്ടിലെ ആദിവാസികളെ വെടിവച്ച് കൊന്നിട്ടായാലും ഇറക്കിവിടണമെന്നാണ് നമ്മുടെ നാട്ടിലെ കോടതി പറഞ്ഞിട്ടുള്ളത്. കൊതുകിനെയും ഈച്ചയെയും കൊല്ലണം. ആരും പുകവലിക്കാൻ പാടില്ല. ആരും മദ്യപിക്കാൻ പാടില്ല. സമ്പന്ന വർഗ്ഗ പക്ഷപാതിത്തമാണ് നമ്മുടെ നാട്ടിലെ കോടതികൾ സ്വീകരിക്കുന്നത്. ഇന്നലെ ബഹുമാന്യനായ പാലാ മെമ്പർ കെ. എം. മാണിയുടെ പ്രസംഗംകേട്ടു. മതികെട്ടാൻ വിഷയത്തിൽ കോടതി ഇടപെട്ടപ്പോൾ ശ്രീ. മാണിക്ക് ഒരു പ്രശ്നവുമുണ്ടായിരുന്നില്ല. അന്ന് രാജി വയ്ക്കാൻ ശ്രീ. മാണിക്ക് മന്ത്രി സ്ഥാനമുണ്ടായിരുന്നു. ഇപ്പോൾ സ്ഥാനമില്ലാതെ ഞാൻ രാജിവയ്ക്കുമെന്ന് പറയുമ്പോൾ എന്ത് കഷ്ടം എന്നേ എനിക്കത് സംബന്ധിച്ച് പറയാനുള്ളു. ഇന്ന് മന്ത്രി ശ്രീ. മാണിയല്ലല്ലോ....അതുപോലെതന്നെ കൊടിക്കുന്നിൽ സുരേഷ് ഇന്ന് ഇന്ത്യയിൽ കോൺഗ്രസ്സിന് മാതൃകയാക്കാൻ പറ്റുന്ന ഒരു മനുഷ്യനാണ്. വ്യാജ ജാതി സർട്ടിഫിക്കറ്റിൽ ഏഴ് തവണ മത്സരിച്ചു, നാല് തവണ എം.പി.യായി, കോൺഗ്രസ്സിന്റെ ആളുകൾക്ക് നാണമില്ല, മാനമില്ല. ഇപ്പോൾ വല്ല പ്രശ്നവുമുണ്ടോ ? എ.ഐ.സി.സി.യിലെ സമുന്നതനായ നേതാവ് വ്യാജ സർട്ടിഫിക്കറ്റ് വച്ച് എം.പി.യായിരിക്കുകയാണ്. കള്ളന് കൊള്ളക്കാരൻ കൂട്ട് എന്ന സ്ഥിതിവിശേഷമാണ് നമ്മുടെ നാട്ടിലുള്ളത്. ഇപ്പോൾ വലിയ തോതിൽ പറഞ്ഞുകൊണ്ടിരിക്കുന്നത് അഴിമതിയെ സംബന്ധിച്ചാണ്. ഞാൻ ചോദിക്കട്ടെ, കേന്ദ്രഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന മന്ത്രിസഭയിലെ ശ്രീ. ഡി.രാജ, 2 ജി സ്പെക്ട്രം ഇടപാടിൽ 60,000 കോടി രൂപ ഖജനാവിന് വരേണ്ടത് നഷ്ടപ്പെടുത്തിയെന്നാണ് ആധികാരികമായ രേഖകൾ ഉദ്ധരിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. 2 ജി സ്പെക്ട്രം അഴിമതിയിൽ ഗവൺമെന്റിന് ആകെ കിട്ടിയത് 3,000 കോടി രൂപയാണ്. ലേലത്തിന് വച്ചപ്പോൾ 70,000 കോടി രൂപയാണ് ഗവൺമെന്റിന് കിട്ടിയത്. 30,000 കോടി കിട്ടുമെന്നാണ് പ്രതീക്ഷിച്ചത്, പക്ഷേ കിട്ടിയത് 70,000 കോടി. 2 ജി. സ്പെക്ട്രം ഇടപാടിൽ എത്രയോ കോടിക്കണക്കിന് രൂപയുടെ നഷ്ടം രാജ്യത്തുണ്ടായി. ഇതിനൊക്കെ നേതൃത്വം കൊടുത്ത ആളുകൾക്കെതിരെ 'കമ' എന്നൊരു അക്ഷരം ഉരിയാടാൻ അപ്പുറത്തിരിക്കുന്നവർക്കോ, രാജ്യം ഭരിക്കുന്ന കോൺഗ്രസ്സിന്റെ ഭരണാധികാരികൾക്കോ കഴിഞ്ഞില്ല. കേന്ദ്രത്തിൽ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനോട് ഈ കാര്യം പറഞ്ഞപ്പോൾ No problem, it is courageous എന്നാണ് നമ്മുടെ ഇന്ത്യൻ പ്രധാനമന്ത്രി ഇതിനെ സംബന്ധിച്ച് പറഞ്ഞത്. ഇന്ത്യൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ അനുഭാവികൾ ഇവിടെ വന്ന് അഴിമതിക്കെതിരെ വലിയ പ്രസംഗം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ലോട്ടറിയെ സംബന്ധിച്ചാണ് അഴിമതി ആരോപണം വന്നിട്ടുള്ളത്. സമഗ്ര അന്വേഷണമാണ് നടത്തിയത്. സിബി മാത്യൂസ് എന്ന് പറയുന്ന കേരള പോലീസിലെ മിടുക്കനായ ഉദ്യോഗസ്ഥനാണ് ഇത് സംബന്ധിച്ച് അന്വേഷിച്ചത്. സംസ്ഥാന ഗവൺമെന്റ് ഈ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടി സ്വീകരിച്ചു. സംസ്ഥാന ഗവൺമെന്റ് ഹൈക്കോടതിയെ സമീപിച്ചു. അതിൽ അനുകൂലമായ വിധി വന്നു. അനുകൂലമായ വിധി വന്നപ്പോൾ അതിനെ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റിമറിക്കാൻ വേണ്ടി തട്ടിപ്പുകാർ രംഗത്തുവന്നു. കേന്ദ്ര ഗവൺമെന്റിന്റെ സഹായം, മേഘാ ഡിസ്ട്രിബ്യൂഷനുവേണ്ടി കോടതിയിൽ ഹാജരായത് നളിനി, രാജീവ് ഗാന്ധി വധക്കേസിലെ പ്രതിയല്ല നളിനി, നളിനി ചിദംബരമാണ് ഹാജരായത്. സംസ്ഥാനത്തിന് അധികാരമില്ല എന്നാണ് ഇവർ പറഞ്ഞത്. അന്യസംസ്ഥാന ഗവൺമെന്റിന്റെ പേരിൽ പ്രസിദ്ധീകരിക്കുന്ന ലോട്ടറികളൊന്നും ഗവൺമെന്റ് ലോട്ടറികളല്ല എന്ന നിലപാട് കേരളം സ്വീകരിച്ചപ്പോൾ കേന്ദ്രം അതിനെ എതിർക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. സുപ്രീം കോടതിയിൽ ഈ കേസ് വന്നു. അന്യസംസ്ഥാന ലോട്ടറിക്കെതിരെ ഒരു നടപടിയും സ്വീകരിക്കാത്ത യു.ഡി.എഫ്-ന്റെ ആളുകളാണ് ഇപ്പോൾ നടപടി നടപടി എന്ന് പറഞ്ഞ് വന്നിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റഡി റിപ്പോർട്ട്, ഇതെല്ലാം ഇന്നലെ മന്ത്രി ഇവിടെ വിശദീകരിച്ചതാണ്. അന്യസംസ്ഥാന ലോട്ടറി മാഫിയയ്ക്കനുകൂലമായ സമീപനമാണ് കേന്ദ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ സർവ്വകക്ഷി യോഗം കൂടി തീരുമാനിച്ചിട്ടും യാതൊരു നടപടിയും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വരുന്നില്ല. കേന്ദ്രലോട്ടറി നിയന്ത്രണ ചട്ടങ്ങൾ തട്ടിപ്പുകാർക്കുവേണ്ടി ഇപ്പോൾ ഉണ്ടായിരിക്കുകയാണ്. ഒരു ദിവസം 24 നറുക്കെടുപ്പ്. ലോട്ടറി റെഗുലേഷൻ നിയമത്തിന്റെ 4-ാം വകുപ്പ് പരിശോധിക്കണമെന്ന് സുപ്രീം കോടതി പറഞ്ഞിട്ട് കേന്ദ്രഗവൺമെന്റ് അനങ്ങിയില്ല. ആ കേന്ദ്രഗവൺമെന്റിന്റെ ആളുകളാണ് ഇവിടെ വന്ന് ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന ഇടതു പക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനും മന്ത്രിക്കും എതിരെ ഉമ്മാക്കി കാണിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രം ഒന്നും ചെയ്തില്ല. എന്നിട്ട് കേരള ഗവൺമെന്റിനെതിരെ ആരോപണം. ഇവിടെ ജോൺ കെന്നഡിക്കുവേണ്ടി നളിനി ചിദംബരം വന്നു. ഇത് മറ്റേ നളിനിയല്ല, മോനേ സതീശാ, അതൊന്ന് മനസ്സിലാക്ക്. ആ നിലയിലുള്ള സമീപനം സ്വീകരിക്കൂ. കേന്ദ്രത്തിനെതിരെ അല്ലെങ്കിൽ ശ്രീ. ചിദംബരത്തിനെതിരെ, കേന്ദ്രഗവൺമെന്റിനെതിരെയാണ് അന്വേഷണം വേണ്ടത്. ഇവിടെ അന്വേഷണം അന്വേഷണം എന്നുപറയുന്ന ആളുകൾ അതിനെ സംബന്ധിച്ച് വ്യക്തമായി പറയണം. ഇപ്പോൾ നമ്മുടെ നാട്ടിൽ അഴിമതിയെന്ന് പറയുമ്പോൾ, ബോഫോഴ്സ് കുംഭകോണം, ടെലികോം കുംഭകോണം തുടങ്ങി നിരവധി അഴിമതി ആക്ഷേപങ്ങൾ വന്നിട്ടുണ്ട്. ഇതിനെല്ലാം നേതൃത്വം കൊടുത്ത കോൺഗ്രസ്സിന്റെ ആളുകളാണിപ്പോൾ യാതൊരു അഴിമതിയും നടത്താത്ത കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അഴിമതി നടത്തിയെന്ന പ്രചാരണം നടത്തികൊണ്ടിരിക്കുന്നത്. വരാൻ പോകുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പ്, അത് കഴിഞ്ഞാൽ നടക്കാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പ് അതെല്ലാം മനസ്സിൽ കണ്ട് മനപായസം കുടിച്ചുകൊണ്ടാണ് ഇത്തരം ആക്ഷേപവുമായി ഇവർ രംഗത്ത് വന്നിട്ടുള്ളത്. നമ്മുടെ നാട്ടിലെ മാധ്യമങ്ങൾ ഇതെല്ലാം ഏറ്റുപിടിക്കുകയാണ്. ഇന്നലെ ഈ പ്രശ്നമുണ്ടായപ്പോൾ ഇന്നത്തെ പത്രങ്ങളിലെല്ലാം വലിയ തലക്കെട്ട് അതാണ്. ഇപ്പോൾ കേരളത്തിലെ മാധ്യമങ്ങൾ പറയുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിലെന്തോ മഹാപരാധം ചെയ്തു എന്നാണ്. വൈകുന്നേരം 6 മണി

LIBRARY ARCHIVES Kerala Legislative Assembly

ആകുമ്പോൾ ചാനൽ ചർച്ചകൾ തുടങ്ങും. ചർച്ച നല്ലതാണ്. പക്ഷേ ചർച്ച ചെയ്യേണ്ട വിഷയങ്ങളാണോ ചർച്ച ചെയ്യുന്നത്. കേരളത്തിന്റെ സമൂലമായ വികസനത്തിന് ആവശ്യമായ എന്തെല്ലാം കാര്യങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ ചെയ്തുകൊണ്ടിരിക്കുന്നു. ഇവിടെ അങ്ങനെ വല്ല കാര്യങ്ങളും ചർച്ചചെയ്യുന്നുണ്ടോ? ഒരു ദിവസം വൈകുന്നേരം ഞാൻ വീട്ടിൽ ചെന്നപ്പോൾ വോട്ട് ആന്റ് ടോക്ക് ചർച്ചയാണ്. എന്താ ചർച്ച? ശോഭന തത്തയെ തുറന്നുവിട്ടത് ശരിയോ തെറ്റോ? ശോഭന തത്തയെ തുറന്നുവിട്ടത് ശരിയായാലും തെറ്റായാലും ഈ കേരളത്തിലെ മൂന്നേകാൽ കോടി മലയാളികളെ അത് എങ്ങനെയാണ് ബാധിക്കുന്നത്? അത് എത്ര ആലോചിച്ചിട്ടും മനസ്സിലായിട്ടില്ല. ഇത്തരം യാതൊരു ആശയവുമില്ലാതെ നമ്മുടെ നാടിന്റെ സമൂലമായ പുരോഗതിക്കോ മുന്നേറ്റത്തിനോ ഉപകാരം ചെയ്യാത്ത ചർച്ചകളാണ് നമ്മുടെ നാട്ടിലെ മാധ്യമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ആ മാധ്യമങ്ങളെ കൂട്ടുപിടിച്ചാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരെ അപവാദപ്രചരണങ്ങൾ ഇപ്പോൾ കേരളത്തിലെ യു.ഡി.എഫ്. ആരംഭിച്ചിട്ടുള്ളത്. ഇതൊന്നും നാട്ടിൽ വിലപോകില്ല, കേരളത്തിലെ ജനങ്ങൾ പ്രബുദ്ധരാണ് ഇടതുപക്ഷത്തെ പിന്തുണയ്ക്കുന്ന ആളുകളാണ്, അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തെ കേരളത്തിലെ ജനങ്ങൾ പിന്തുണയ്ക്കും. ആ നിലയ്ക്കുള്ള സമീപനം സ്വീകരിക്കുന്ന ഒരു സാഹചര്യത്തിലേക്ക് കേരളത്തെ എത്തിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽ കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. എനിക്ക് മുമ്പ് ബഹുമാനപ്പെട്ട മുരളി പെരുനെല്ലി എം.എൽ.എ. ഇവിടെ ഒരു കഥ പറഞ്ഞു. ആ കഥയിൽ പറയുന്നത് കല്യാണി ഏട്ടത്തിയുടെ കഥയാണ്. ഇമിറ്റേഷൻ സ്വർണ്ണം കണ്ടപ്പോൾ കല്യാണി ഏട്ടത്തിക്ക് മനസ്സിലായതുപോലെ ഇവിടത്തെ ജനങ്ങൾ ഇപ്പോൾ മനസ്സിലാക്കിയിരിക്കുകയാണ്. ഈ സർക്കാർ ഒരു ഇമിറ്റേഷനാണെന്ന്. പുറത്ത് സ്വർണ്ണം പൂശിയ ഒരു ഇമിറ്റേഷൻ സാധനമാണ് ഇവിടത്തെ സർക്കാർ. അതുകൊണ്ടാണ് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നത്. ഇവിടെ എന്താണ് നടക്കുന്നത്? നമുക്ക് വലിയ പ്രതീക്ഷകളും അതിലേറെ വാഗ്ദാനങ്ങളുമായിട്ടാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. പക്ഷേ ഇന്ന് ഈ സർക്കാരിന്റെ കാലാവധി തീർക്കാൻ വേണ്ടി ജനം കാത്തിരിക്കുകയാണ്. എല്ലാ പ്രതീക്ഷകളും അസ്തമിച്ചിരിക്കുകയാണ്. ഈ സർക്കാരിന് നേതൃത്വം കൊടുത്തവർക്കെതിരെ ജനങ്ങൾ പുറത്ത് കാത്തിരിക്കുകയാണ്. ഇവിടെ പറഞ്ഞ ഇമിറ്റേഷൻ പോലെ വാഗ്ദാനങ്ങൾ പൊളിവചനങ്ങളായി. സ്മാർട്ട് സിറ്റി, സാറ്റലൈറ്റ് സിറ്റി, മൂന്നാർ ഭൂമി ഏറ്റെടുക്കൽ, വിഴിഞ്ഞം പദ്ധതി, സ്വാശ്രയ നിയമം, ഓപ്പൺ യൂണിവേഴ്സിറ്റി ഇതൊക്കെതന്നെ നിരവധി വാഗ്ദാനങ്ങളും പ്രതീക്ഷകളുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതൊന്നും ഇതുവരെ നടപ്പിലാക്കാൻ സാധിച്ചില്ല. നാലേകാൽ വർഷം കഴിഞ്ഞു, ഇപ്പോഴും വാഗ്ദാനങ്ങളും അതുപോലെതന്നെ പ്രഖ്യാപനങ്ങളുമാണ്. അതാണ് മനസ്സിലാക്കാൻ സാധിക്കാത്തത്. പരസ്പരം പഴിചാരുക എന്ന മുഖമുദ്രയുമായിട്ടാണ് മന്ത്രിമാർ മുന്നോട്ട് പോകുന്നത്.

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, അങ്ങ് കൂടി അംഗീകരിച്ച ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പ്രഖ്യാപിച്ച കാര്യങ്ങളിൽ ഇനി ഏതാണ് നടപ്പാക്കാനുള്ളതെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ ?

ശ്രീ. കെ. പി. മോഹനൻ: സർ, ഒരുപാട് കാര്യങ്ങളുണ്ട്. നമ്മൾ ആദ്യം തുടങ്ങിയതല്ലേ മൂന്നാർ ? മൂന്നാർ ഇപ്പോൾ എവിടെയെത്തി? വാഗ്ദാനങ്ങൾ അല്ല, ഈ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്തതായതു കൊണ്ടാണ് ഞങ്ങൾ ഇങ്ങോട്ട് പോന്നത്. പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാന മൂല്യങ്ങൾപോലും വിസ്മരിച്ചാണ് മുഖ്യമന്ത്രിയെ വിമർശിക്കുന്ന മന്ത്രിമാരും മന്ത്രിമാരെ വിമർശിക്കുന്ന മുഖ്യമന്ത്രിയും ഈ കേരളം ഭരിക്കുന്നത്.. കൊക്കകോള, കിനാലൂർ ദേശീയ പാത തുടങ്ങിയ നിരവധി വിഷയങ്ങളിൽ മന്ത്രിമാരും വകുപ്പുതലവന്മാരും തമ്മിൽ തല്ലുകയാണ്. തമ്മിൽ തല്ലിത്തകർന്ന യാദവകുലത്തിന്റെ കഥപോലെയാണ് ഈ സർക്കാർ. കേന്ദ്രത്തെ സ്ഥാനത്തും അസ്ഥാനത്തും വിമർശിക്കുന്ന ഈ സർക്കാർ കേന്ദ്രം അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിൽ പൂർണ്ണമായും പരാജയപ്പെടുകയാണ്. ജവഹർലാൽ നെഹ്റു ദേശീയ നവീകരണ പദ്ധതിയിൽ കേരളത്തിന് അനുവദിച്ചത് 645 കോടി രൂപയാണ്. 165 കോടി രൂപ മാത്രമാണ് നമ്മൾ വാങ്ങിയത്. ഇവിടെ തുക വാങ്ങാനും ചെലവഴിക്കാനും കഴിയണം. ചെറുകിട നഗര വികസനത്തിന് കേന്ദ്രം അനുവദിച്ച 342 കോടി രൂപയിൽ കേരളം വാങ്ങിയത് 173 കോടി രൂപയാണ്. വാങ്ങാനും ചെലവഴിക്കാനും സാധിക്കുന്ന ഒരു ശക്തമായ മാനേജ്മെന്റ് വേണം. കേരളത്തിലെ ചെറുതും വലുതുമായ നഗരങ്ങളുടെ അസൗകര്യങ്ങൾ കാരണം നഗരത്തിലെ റോഡുകൾ പാർക്കിംഗ് സെന്ററുകളായി തീർന്നിരിക്കുകയാണ്. ഇത് പരിഹരിക്കാനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഇനിയെങ്കിലും ആർജ്ജവം കാണിക്കണം. നമ്മുടെ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. പി. രാജേന്ദ്രൻ ഞങ്ങൾക്കൊക്കെ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടും കാര്യങ്ങളുമൊക്കെ നൽകാറുണ്ട്. അതുപോലതന്നെ കളക്ടർ നിർദ്ദേശിക്കുന്നതും നൽകാറുണ്ട്. പക്ഷേ ഞാൻ മനസ്സിലാക്കിയിടത്തോളം എം.എൽ.എ.യോ, കളക്ടറോ നിർദ്ദേശിക്കാത്തതായ പദ്ധതികൾ ചില മണ്ഡലങ്ങൾക്കൊക്കെ നൽകുന്നുണ്ടെന്ന് പുറത്ത് ഒരു സംസാരമുണ്ട്. കാരണം കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മാണി റവന്യൂ വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് ഇത്തരം ഒരു ആരോപണമുണ്ടായപ്പോൾ എം.എൽ.എ. മാർ നിർദ്ദേശിക്കുന്ന റോഡുകൾക്കുമാത്രമേ ഫണ്ട് അനുവദിക്കുകയുള്ളൂ എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം ഒരു കത്തെഴുതിക്കൊടുത്തു. എന്നാൽ ഞങ്ങൾ എഴുതികൊടുത്ത റോഡുകൾക്കുമാത്രമേ ഫണ്ട് അനുവദിച്ചിരുന്നുള്ളൂ. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ ഒരു സംസാരവും പ്രചരണവുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. 2009 ഡിസംബർ 31 വരെ കേന്ദ്രം അനുവദിച്ച തുകയിൽ 1976 കോടി രൂപ കൂടി ചെലവഴിക്കാൻ ഉണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതം 750 കോടി രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 153 കോടി രൂപ, മുനിസിപ്പാലിറ്റി വിഹിതം 104 കോടി രൂപ. ഇത്തരത്തിൽ അടിസ്ഥാന മേഖലയിൽ നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ നിന്ന് ഈ സർക്കാർ പിന്നോട്ട് പോകുകയാണ്. ഈ രംഗത്ത് സർക്കാർ തോറ്റ് തുന്നം പാടുകയാണ്. കണ്ണൂരിലെ കണ്ടൽക്കാടുകൾ വെട്ടിതെളിച്ച് വികസനം നടത്തി പരിസ്ഥിതിയേയും പ്രകൃതിയേയും വെല്ലുവിളിക്കുന്ന സംവിധാനമാണ് ഇവിടെയുളളത്. തൊട്ടതെല്ലാം വിവാദമാക്കാൻ വിദ്യാഭ്യാസ വകുപ്പിനും കഴിഞ്ഞിട്ടുണ്ട്. ഉദ്യോഗസ്ഥ മേഖലയിൽ തച്ചങ്കരിമാരെ സൃഷ്ടിക്കാൻ സാധിച്ചതാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായി കാണുന്നത്. അത് വളരെ ഗൗരവത്തോടുകൂടി കാണേണ്ട പ്രശ്നമാണ്. ഒരു തച്ചങ്കരി മാത്രമല്ല അതുപോലെയുള്ള ആളുകളൊക്കെത്തന്നെ ഇവിടെ ഉണ്ടാകും. അങ്ങനെ കണ്ടുകൊണ്ട് പല വകുപ്പിലും ഇത്തരം ആളുകളുണ്ടാകുമ്പോൾ അവരെക്കുറിച്ച് അന്വേഷിച്ച് വേണ്ട വിധത്തിൽ സർക്കാർ ഇടപെട്ടിട്ടില്ല. അവർക്ക് അനുകൂലമായ സമീപനങ്ങൾ സ്വീകരിക്കുന്നതിനുപകരം അവരുടെ കാര്യങ്ങളൊക്കെ തന്നെ മനസ്സിലാക്കികൊണ്ട് മുന്നോട്ട് പോകാൻ സാധിക്കണം. ഇവരൊക്കെ നല്ല ഉദ്യോഗസ്ഥർക്ക് അപമാനമാണ്. നല്ല ഉദ്യോഗസ്ഥന്മാരൊക്കെ തന്നെ ഇവിടെയുണ്ട്. പേര് എടുത്തുപറയാൻ ആഗ്രഹിക്കുന്നില്ല. കേരളം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെ നേരിടുമെന്നാണ് ധനകാര്യ വിദഗ്ദ്ധർ പറയുന്നത്. ഇത് പരിഹരിക്കുവാനുള്ള ആത്മാർത്ഥമായ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ലോട്ടറിയെകുറിച്ച് ഇന്നലെ വളരെ ഗൗരവത്തോടെ ഇവിടെ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എന്തുകൊണ്ടാണ് രോഷാകുലനായത് എന്ന് വ്യക്തമാക്കണം. അത് ഗൗരവത്തിൽ എടുത്തുകൊണ്ട് അതിനെതിരെ പ്രതികരിക്കുന്നതിനുപകരം പഴിചാരുകയും അതുപോലെത്തന്നെ രോഷാകുലനുമാകുന്ന സ്ഥിതിയിലേക്കാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മാറിയത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇതുകൂടി കേൾക്കേണ്ടതാണ്, ഞാൻ ഒരുപാട് പ്രാവശ്യം പറഞ്ഞതാണ്. ഇനി അത് പറയുന്നതിൽ അർത്ഥമില്ലായെന്നാണ് എനിക്ക് തോന്നുന്നത്. വടക്കേക്കളം എസ്റ്റേറ്റിന്റെ പ്രശ്നം, ഈ സമ്മേളനം തുടങ്ങിയപ്പോൾ ആദ്യമായി ഉന്നയിച്ച സബ്മിഷനാണ്. അതിന് പരിഹാരം ഉണ്ടാക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. ഇപ്പോഴും അവിടെ കൃഷി നശിച്ച കർഷകർക്ക് ആനുകൂല്യങ്ങൾ വാങ്ങാൻ സാധിച്ചില്ല. അതിന്റെ തൊട്ടടുത്ത മണ്ഡലത്തിൽ ഒരു തെങ്ങിന് ആയിരം രൂപ നൽകുമ്പോൾ ഈ കർഷകർക്ക് ഒരു രൂപ പോലും വാങ്ങാൻ കഴിയാത്ത സ്ഥിതിയാണ്. ഏകദേശം പതിനാറായിരം തെങ്ങുകൾ അവിടെയുണ്ട്. അത്രമാത്രം വികസിച്ച സ്ഥലമാണ്. എന്നിട്ടുപോലും അതിന് അനുകൂലമായ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. എത്ര വർഷമായി, ഇനിയുമെത്ര കാത്തിരിക്കണം. ഒരുപാട് വേദനിക്കുന്നവരാണ് അവിടെയുള്ള കർഷകർ. അവരൊക്കെ ചെറിയ കർഷകരാണ്, വലിയ

LIBRARY ARCHIVES Kerala Legislative Assembly

കർഷകരല്ല. മൂന്നാറിലേതുപോലുള്ള ടാറ്റയോ ബിർലയോ അല്ല അവർ. ചെറുകിട കർഷകരായ അവരെ രക്ഷിക്കാൻ മുന്നോട്ടു വരണം. ഒരുപാട് പദ്ധതികൾക്ക് രൂപം കൊടുത്തിരുന്നു. നരിക്കോട് മലയിലെ ടൂറിസ്സം പദ്ധതി, പഞ്ചായത്തുകളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ ഇതിനൊക്കെയുള്ള പ്രത്യേക ഫണ്ടുകൾ നീക്കിവച്ചാൽ മാത്രമേ പദ്ധതികൾക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇവിടെ രാഷ്ട്രീയപരമായി പറയുമ്പോൾ തീവ്രവാദ പ്രവർത്തനവും അതുപോലെയുള്ള കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. നമ്മൾ ഒന്ന് ആലോചിക്കേണ്ടതും ഇവിടെ മുസ്ലീം തീവ്രവാദവും ഹൈന്ദവ തീവ്രവാദവും മറ്റ് തീവ്രവാദങ്ങളൊക്കെ വരുന്നത് എവിടെ നിന്നാണ്, എങ്ങനെയാണ്, എന്നതിനെകുറിച്ചാണ്. ഒരു 'വിഭാഗത്തെ' മാത്രം താറടിച്ചു കാണിക്കാനുള്ള സമീപനം തുടങ്ങിയിട്ട് കുറേ കാലമായി. ഔട്ട്ലുക്ക് മാഗസിനിൽ ഒരു കവർ സ്റ്റോറിയുണ്ടായിരുന്നു "Not all the Muslims are terrorists, but all the terrorists are Muslims" പിടിക്കപ്പെടുന്ന തീവ്രവാദികളൊക്കെ മുസ്ലീങ്ങളാണ് എന്ന പ്രചരണം നടത്താൻ വേണ്ടി ഗൂഢമായ ഒരു ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. വളരെ ഗൂഢമായ ശ്രമം. ലൗ ജിഹാദിനെക്കുറിച്ച് ഇവിടെ ചർച്ചകൾ നടന്നു. ലൗ- ഉം ജിഹാദും രണ്ടും രണ്ടാണ്. എന്തിനാണ് പ്രേരണകൾ നടത്തുന്നത്? നമുക്കറിയാം ഒരു പെണ്ണ്, പുരുഷനെ പ്രേമിക്കുന്നത് നിമിഷനേരം കൊണ്ടാണ്. ജിഹാദ് എന്ന് പറഞ്ഞാൽ അദ്ധ്വാനിച്ച് നേടി എടുക്കുക എന്നാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രേമിക്കുന്നതിന് അങ്ങ് പരാതിയൊന്നും പറയേണ്ട കാര്യമില്ല. പ്രേമിക്കുന്നവർ പ്രേമിച്ചോട്ടേ ?

ശ്രീ. കെ. പി. മോഹനൻ : ലൗ ജിഹാദ് എന്ന് പറയുന്നതിൽ ജിഹാദ് എന്ന് പറഞ്ഞാൽ അദ്ധ്വാനിച്ച് നേടിയെടുക്കുക എന്നതാണ്. പ്രേമം എന്നു പറയുന്നത് അദ്ധ്വാനിച്ച് നേടിയെടുക്കാനുള്ളതല്ല. മറിച്ച് ഒരു നിമിഷനേരം കൊണ്ട് ഉണ്ടാകുന്ന ഒരു വികാരമാണ്. അത് പിന്നീട് അങ്ങോട്ട് പോകുന്തോറും ....

ശ്രീ. കെ. ബാബു : സർ, പ്രിയപ്പെട്ട മോഹനന് ഒരു നിമിഷം കൊണ്ട് എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. പി. മോഹനൻ : എത്രയോ ആളുകൾക്ക് ഉണ്ടായിട്ടുണ്ട്. എനിക്കും ഉണ്ടായിട്ടുണ്ട്. അത് വേറെ കാര്യം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് അറിയാത്ത ഒരു കാര്യത്തെ കുറിച്ച് പറയണ്ടേ ; പ്രേമം അങ്ങനെയൊന്നുമല്ല. വിശ്വൻ മാഷിനോട് ചോദിക്കൂ.............

ശ്രീ. കെ. പി. മോഹനൻ: സർ, അതല്ല, ഞാൻ അതിന്റെ ഗൗരവത്തിലേക്ക് വരികയാണ്. ലൗ ജിഹാദിന്റെ കാര്യം പറഞ്ഞുകൊണ്ട് ഒരു ഹിന്ദുവും ഒരു മുസ്ലീമും പ്രേമിച്ചാൽ അവരെ തട്ടിക്കൊണ്ടുപോയി മതം മാറ്റം നടത്തുമെന്ന രൂപത്തിലുള്ള പ്രചരണങ്ങൾ നടക്കുന്നത്, അഭികാമ്യമല്ല എന്നുള്ളതാണ് എനിക്ക് പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വിശ്വൻ മാഷിന് പ്രേമത്തെക്കുറിച്ച് എന്തോ പറയാനുണ്ട് ?

ശ്രീ. പി. വിശ്വൻ: സർ, നിങ്ങൾ ലൗ ജിഹാദിനെക്കുറിച്ചുള്ള വിഷയങ്ങളെ മറ്റു രൂപത്തിലേക്ക് കൊണ്ടുപോകാൻ പാടില്ല എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അനശ്വര പ്രേമത്തെക്കുറിച്ച് മഹാനായ ഷേക്സ്പിയറുടെ റോമിയോയും ജൂലിയറ്റും അതുപോലെ കാതറിൻ ക്ലമന്റിന്റെ എഡ്വിൻ ആന്റ് നെഹ്റു എന്നിങ്ങനെ വളരെ പ്രസിദ്ധമായ പുസ്തകങ്ങളിൽ അങ്ങ് വായിച്ചിട്ടുണ്ടോ ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. പി. മോഹനന് ക്ലിയറായി.

ശ്രീ. കെ. പി. മോഹനൻ: അല്ല, അതല്ല, ഞാൻ പറഞ്ഞത് ലൗ ജിഹാദ് എന്ന് പറയുന്നതിൽ ലൗവും ജിഹാദും ഒന്നായി കൂട്ടിച്ചേർക്കാവുന്ന പദങ്ങളല്ല. ജിഹാദ് എന്നുപറഞ്ഞാൽ അദ്ധ്വാനിച്ച് നേടിയെടുക്കലാണ്. പ്രേമം ഒരിക്കലും അദ്ധ്വാനിച്ച് നേടിയെടുക്കാവുന്നതല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പ്രേമത്തെക്കുറിച്ചുള്ള ഡെഫിനിഷൻ മാറ്റണ്ട. അങ്ങ് ഇത് അവസാനിപ്പിക്കൂ. വിഷയം മാറി.

ശ്രീ. കെ. പി. മോഹനൻ: അങ്ങനെ പ്രേമിച്ച് കല്യാണം കഴിച്ച് മതപരിവർത്തനം നടത്തുന്നുവെന്നാണ് പറയുന്നത്. പണ്ടുമുതലേ ഉണ്ടായതാണ്. അങ്ങനെ ഇല്ലാത്ത പ്രചരണങ്ങൾ നടത്തിക്കൊണ്ട് ഒരു വിഭാഗത്തെ താറടിച്ചുകാണിക്കുന്ന രൂപത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചത് എന്നാണ് ഞാൻ സംശയിക്കുന്നത്. അതുകൊണ്ട് അത് പാടില്ല എന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ജിഹാദ് എന്ന് പറയുന്നത് അദ്ധ്വാനമാണ്. അതിനേക്കാളും അദ്ധ്വാനമാണ് പ്രേമത്തിന്. അങ്ങേയ്ക്ക് അത് അറിയാമോ?

ശ്രീ. കെ. പി. മോഹനൻ: പ്രേമിക്കാൻ അദ്ധ്വാനിക്കണ്ട.

ശ്രീ. കെ. ബാബു: ഇത് അനുഭവത്തിൽ നിന്നാണ് പറയുന്നത് എന്ന് ശ്രീ. കെ. പി. മോഹനന് അറിയാമോ?

ശ്രീ. കെ. പി. മോഹനൻ: സർ, അദ്ദേഹത്തിന്റെ അനുഭവത്തിൽ അതായിരിക്കും ശരി. പ്രേമം എന്നുപറയുന്നത് നിമിഷനേരം കൊണ്ട് ഉണ്ടാകുന്നതാണ്. ഒരു കണ്ടുമുട്ടലിൽ ഉണ്ടാകുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് അനുഭവമില്ലായെന്ന് ബോധ്യമായി. അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. കെ. പി. മോഹനൻ: നമ്മൾ ഒരു ദിവസം നമ്മുടെ ആര്യാടൻ മുഹമ്മദിനെ പ്രേമിക്കണമെന്ന് തീരുമാനിക്കുകയാണ്, എന്ന് പറഞ്ഞാൽ അത് സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, ലൗ ജിഹാദ് എന്ന് പറഞ്ഞല്ലോ? ലൗ എന്നുപറഞ്ഞാൽ പ്രേമം, ജിഹാദിന്റെ അർത്ഥമെന്താണ്?

ശ്രീ. കെ. പി. മോഹനൻ: അദ്ധ്വാനിച്ച് നേടിയെടുക്കുക എന്നാണ്. ....(ബഹളം) .... അത് അറബി വാക്കാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ അങ്ങ് അവസാനിപ്പിക്കുക.

ശ്രീ. കെ. പി. മോഹനൻ: അതുകൊണ്ട് ഇത്തരം പ്രചരണങ്ങൾ കണ്ടുകൊണ്ട് യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കാനുള്ള ഏറ്റവും ധാർമ്മികമായ ചുമതല ഉണ്ടായിരിക്കണം. അതാണ് വേണ്ടത്. അതിനുപകരം ഒരു വിഭാഗത്തെ മാത്രം താറടിച്ച് കാണിക്കുന്നത് ശരിയല്ല എന്നുപറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒന്നുകൂടി എതിർക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചില കാര്യങ്ങളിൽ കുറച്ചുകൂടി റിസർച്ച് നടത്തേണ്ടതായിട്ടുണ്ട്. ശ്രീ. സി. എച്ച് കുഞ്ഞമ്പു അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഈ ഉപധനാഭ്യർത്ഥന ഞാൻ അനുകൂലിക്കുന്നു. എന്തിനാണ് ഇന്നലെ വൈകുന്നേരം പ്രതിപക്ഷം ഈ സഭ വിട്ടിറങ്ങിയത്? അതൊരു, ഇറങ്ങിപ്പോക്കാണോ അതോ ഒരു ഒളിച്ചോട്ടമാണോ? എനിക്കുതോന്നിയത് ഇന്നലത്തേത് ഇറങ്ങിപ്പോക്കല്ല അതൊരു ഒളിച്ചോട്ടമായിരുന്നു എന്നാണ്. നിങ്ങൾ ഏതായാലും ചില കാര്യങ്ങൾ ഉന്നയിച്ചു. അതിന് മറുപടി കിട്ടുമ്പോൾ അതിൽ പ്രകോപിതരായി ഒന്നു വെളിയിലിറങ്ങി, പിന്നെ ഒരു ഓട്ടം, ഓടി പുറത്തുപോയി- മുദ്രാവാക്യം വിളിച്ചു. ഇങ്ങനെ ഒരു പരിഹാസ നാടകം ഇവിടെ നടത്തേണ്ടതുണ്ടായിരുന്നോ? യഥാർത്ഥത്തിൽ ഇന്നലെ നടന്നത് ഞങ്ങളുടെ വടക്കൻ ഭാഷയിൽ പറഞ്ഞാൽ പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടിയും സംഘവും നടത്തിയ പൊറാട്ടു നാടകമായിരുന്നു എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. നിങ്ങൾ പറഞ്ഞ കാര്യങ്ങൾ അന്തർ സംസ്ഥാന ലോട്ടറികളെ സംബന്ധിച്ച് അന്വേഷണം നടത്തണം. വിജിലൻസ് അന്വേഷണം നടത്തിയല്ലോ? എന്തിനാണ് വിജിലൻസ് അന്വേഷണം നടത്തിയത്? നിങ്ങൾ യു.ഡി.എഫ്-ന്റെ കാലത്ത് ലോട്ടറി നിയന്ത്രണ നിയമത്തിന്റെ ലംഘനത്തിനെതിരെ എടുത്ത എല്ലാ നടപടികളും പിൻവലിക്കണമെന്ന് പറഞ്ഞുകൊണ്ട് സുപ്രീം കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്തു. അതുകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് അന്വേഷണം നടത്തിയത്. ആ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് കൊടുത്തു. ആ നോട്ടീസ് കൊടുത്തതിനെതിരായി കോടതിയിൽ പോയി കോടതിവിധി എന്താണ് വന്നത്? ആദ്യം സിംഗിൾ ബഞ്ചിന്റെ കോടതിവിധി വന്നു. അതായത് ഭൂട്ടാൻ ലോട്ടറി അത് കേന്ദ്രത്തിന് മാത്രമേ നിയന്ത്രിക്കാൻ അവകാശമുള്ളൂ. അന്തർ സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാൻ കേന്ദ്രഗവൺമെന്റിനാണ് അധികാരമുള്ളത്. അതിനെതിരെ ഡിവിഷൻ ബഞ്ചിൽപോയി, ഡിവിഷൻ ബഞ്ചിലെ കേസ് വാദിക്കാൻ വരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രമന്ത്രിയുടെ ഭാര്യ നളിനി ചിദംബരം. ശ്രീ. ചിദംബരം ഈ ലോട്ടറി നിയമത്തിന് ചട്ടങ്ങൾ കൊണ്ടുവരുന്നു. ഇത് കേന്ദ്രത്തിന് മാത്രമേ കൈകാര്യം ചെയ്യാൻ പറ്റൂ. സംസ്ഥാനങ്ങൾക്ക് അധികാരമില്ല. മാത്രമല്ല, ലോട്ടറി നിയന്ത്രണ നിയമത്തിൽ പറയുന്നത് വർഷത്തിൽ ആറ് ബമ്പറും അതുപോലെ തന്നെ ആഴ്ചയിൽ ഒരു നറുക്കെടുപ്പുമാണ്. ഇവിടെ ചട്ടത്തിലെന്താണ് കൊണ്ടുവന്നത്? ഒരു ദിവസം 24 എണ്ണമാവാം. ചുരുക്കി പറഞ്ഞാൽ ചട്ടംകൊണ്ട് മന്ത്രിയുടെ സഹായം, നിയമം കൊണ്ട് മന്ത്രിയുടെ ഭാര്യയുടെ സഹായം. ഇത് പണത്തിന്റെ വലിപ്പമല്ലേ ? അതുകൊണ്ട് എനിക്ക് ഇതെല്ലാം കേട്ടപ്പോൾ തോന്നിയത്, ചിദംബരം ചുരുങ്ങിയത് എത്രകോടി രൂപ വാങ്ങിയിട്ടുണ്ടാവും ? * * * ആ കാര്യം ....(ബഹളം)......................

മി. ഡെപ്യൂട്ടി സ്പീക്കർ: അത് സീരിയസ്സായിട്ടുള്ള വിഷയമല്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, ശ്രീ. വി. ഡി. സതീശൻ, വാങ്ങിയെന്ന് ഇതേ സഭയിൽ പറയുകയുണ്ടായി. സി.പി.ഐ. (എം)-നെ ക്കുറിച്ച് എഴുതിക്കൊടുത്ത് പറയാൻ പറ്റുകയില്ല. നിങ്ങൾക്ക് ഇവിടത്തെ മന്ത്രിമാരെക്കുറിച്ച് പറയാം. സി.പി.ഐ(എം)-നെക്കുറിച്ച് ഇന്നലെ ചൂണ്ടിക്കാണിച്ചല്ലോ ? ഇത് രേഖയിൽ നിന്ന് നീക്കുമ്പോൾ അതും നീക്കം ചെയ്യണം. ഇതും നീക്കം ചെയ്യണം. അതല്ല.......(ബഹളം)........ഇന്ന് പത്രങ്ങളിൽ അച്ചടിച്ചുവന്നിട്ടുണ്ട്. അതനുസരിച്ച് ഇങ്ങോട്ട് പറഞ്ഞാൽ അങ്ങോട്ടും പറയാൻ നിർബന്ധിതമാകും. പറയുമ്പോൾ സൂക്ഷിച്ച് പറയണം. ....(ബഹളം)........

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. എച്ച്. കുഞ്ഞമ്പു............ (ബഹളം).................... പാടില്ല............പാടില്ല...............അത് നിയമവിരുദ്ധമാണ്. പാടില്ല. ഇത് വെറുതെ.............അല്ല.............അല്ല........... അങ്ങനെ പറയാൻ പാടില്ല. അത് പരിശോധിക്കാം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ ഇത് പറയാൻ കാരണം ഒരു അടിസ്ഥാനവുമില്ലാത്ത ആരോപണമാണ് ഇന്നലെ ഇവിടെ ഉന്നയിച്ചത്. ഞാൻ ഈ ആരോപണം ഉന്നയിക്കാൻ കാരണമുണ്ട്. കാരണം ഈ കേസിൽ മേഘ ഡിസ്ട്രിബ്യൂട്ടേഴ്സ്-ജോൺ കെന്നഡിക്കുവേണ്ടിയാണ് നളിനി ചിദംബരം വന്നത്. അവർക്കുവേണ്ടിയാണ് ചിദംബരം ചട്ടങ്ങളിൽ ഭേദഗതിയുണ്ടാക്കിയത്. പണം കിട്ടാൻ അത് ഉണ്ടാക്കുമോ ? അവർക്കുവേണ്ടി ഇവിടെ ശ്രീ. വി. ഡി. സതീശൻ വാദിച്ചു. ആർക്ക് ? ജോൺ കെന്നഡിക്കു വേണ്ടിയുള്ള ശ്രീ. വി. ഡി. സതീശന്റെ വാദം കോടതി വാദിക്കുന്നതിനേക്കാളും വലിയ തോതിലല്ലേ ഇവിടെ വാദിച്ചത് ? ശ്രീ. വി. ഡി. സതീശൻ ഒന്നും കിട്ടാതെ വാദിച്ചുവെന്ന് ഞാൻപറയില്ല. * * * അതുകൊണ്ട് അന്വേഷണം വേണമെന്നുപറയുന്ന യു.ഡി.എഫ്.-ന്റെ ആവേശം അത് ഉന്നയിക്കേണ്ടത് ഇവിടെ അല്ല. മറിച്ച്..........(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: നോ.....നോ....അല്ല......അല്ല.....പാടില്ല...

---

* * * സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നീക്കം ചെയ്തു.
[Vide file No, 3774/EB/2010/Leg. Dtd. 6-8-2010]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : അന്വേഷണം നടത്തേണ്ടത് കേന്ദ്രത്തിലാണ്. സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണം......(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ : നോ.....നോ പാടില്ല. എഴുതിത്തന്ന ആരോപണമാണ് അത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : ....എന്നാണ് എന്റെ പക്ഷം. സി.ബി.ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കാൻ............. കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങനെ പറയാൻ പാടില്ല. അത് രേഖയിലുണ്ടാകില്ല. രേഖയിലുണ്ടാകില്ല. അങ്ങ് അങ്ങനെ പറയുന്നത് ശരിയല്ല. നോ.....നോ....നോ.....അതിൽ വേണ്ട. അത് എഴുതിത്തന്ന ഒരു കാര്യമാണ്. അത് വേറെ. അങ്ങനെ പറയരുത്. ......(ബഹളം)......... പറഞ്ഞല്ലോ രേഖയിലുണ്ടാകില്ല എന്ന് പറഞ്ഞു. ....(ബഹളം)......... ശ്രീ. ആനത്തലവട്ടം................ പ്ലീസ്..........

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഇതിൽ ഏതൊക്കെയാണ് രേഖയിലുണ്ടാകില്ല എന്ന് അങ്ങ് പറഞ്ഞത് വ്യക്തമാക്കണം. ഇന്നലെ പറഞ്ഞ കാര്യങ്ങളും രേഖയിലുണ്ടാകില്ലെന്നാണോ അതോ ഇന്ന് പറയുന്ന കാര്യം മാത്രം രേഖയിലുണ്ടാകില്ലെന്നാണോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. വി. ഡി. സതീശൻ, പറഞ്ഞുകഴിഞ്ഞു..... പറഞ്ഞു.... അതൊക്കെ ചെയർ പറഞ്ഞുകഴിഞ്ഞു.... ചെയർ പറഞ്ഞു കഴിഞ്ഞു.....(ബഹളം)....

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, എന്റെ ടൈം പോകുന്നു.......(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ : ഇല്ല.....ഇല്ല....അങ്ങ് സംസാരിക്ക്....സംസാരിക്ക്....

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : എന്റെ ടൈം പോകുന്നു സർ .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ഇരിക്കൂ. അത് പരിശോധിച്ച് ചെയ്യും............പരിശോധിച്ച് ചെയ്യും............പരിശോധിച്ച് ചെയ്യാം............ ശ്രീ. സി. എച്ച്. കുഞ്ഞമ്പു............. പറയാം............ പറയാം............. ശ്രീ. സി. എച്ച്. കുഞ്ഞമ്പു.............അങ്ങ് സംസാരിക്ക്.............പറഞ്ഞുകഴിയട്ടേ ....പറഞ്ഞുകഴിയട്ടേ............അതൊക്കെ പറയേണ്ട സമയത്ത് പറയണം....... (ബഹളം)....അങ്ങ് പറയുക......(ബഹളം).......അതും പരിശോധിക്കാം.......... അതും പരിശോധിക്കാം........അങ്ങ് സംസാരിക്ക്.......... ശ്രീ. ആനത്തലവട്ടം ഇരിക്കൂ.........

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, കോൺഗ്രസ്സിന്റെ പ്രവർത്തനത്തിന്....

മി. ഡെപ്യൂട്ടി സ്പീക്കർ : .....(ബഹളം).....അതും പരിശോധിക്കും. എന്താണ് ചെയ്യുക ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : ....എവിടെ നിന്നാണ് സർ ഫണ്ട് ? കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ കാസർഗോഡ് പാർലമെന്റ് മണ്ഡലത്തിലേക്ക് ഒരു സ്ഥാനാർത്ഥിയും ഒരു കോടി രൂപയും വന്നു. സ്ഥാനാർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

തോറ്റു തൊപ്പിയിട്ടു. ഇങ്ങോട്ട് വന്നു. ഒരു കോടി രൂപയിൽ 25 ലക്ഷം രൂപ കോൺഗ്രസ്സിന്റെ ഒരു നേതാവ് മുക്കിയിട്ട് നാല് മാസക്കാലം അമേരിക്കയിൽ സുഖവാസത്തിനുപോയത് ശ്രീ. തിരുവഞ്ചൂരിനറിയില്ലേ ? കോൺഗ്രസ്സിന്റെ കാസർഗോഡ് നേതാവ് 25 ലക്ഷം രൂപ മുടക്കി അമേരിക്കയിൽ പോയി നാല് മാസം കഴിഞ്ഞാണ് തിരിച്ചുവന്നതെന്ന കാര്യം ഇവിടെ ശ്രീ. തിരുവഞ്ചൂരിനറിയില്ലേ ?

മി. ഡെപ്യൂട്ടി സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ...ശ്രീ. ബാബു എന്താണ് പോയിന്റ് ?

ശ്രീ. കെ. ബാബു : സർ, പോയിന്റ് ഓഫ് ഓർഡർ. കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥികൾക്ക് ഒരു കോടി രൂപ വന്നു. എന്തടിസ്ഥാനത്തിലാണ് ഇദ്ദേഹം പറഞ്ഞത് ? എന്തെങ്കിലും തെളിവുണ്ടോ? ......(ബഹളം)....... പറയട്ടേ.....ഞാൻ പറയട്ടേ.......25 ലക്ഷം രൂപ ഒരു നേതാവ് മുക്കി. ഞാൻ പറയുന്നു, മാർക്സിസ്റ്റ് പാർട്ടി ഈ ലോട്ടറി കേസിലും ശ്രീ. കുഞ്ഞമ്പുവിന്റെ തെരഞ്ഞെടുപ്പിൽ ഉൾപ്പെടെ കോടിക്കണക്കിന് രൂപ കൊള്ളയടിച്ചിട്ടുണ്ട്. കോടിക്കണക്കിന് രൂപ......(ബഹളം)......

ശ്രീ. വി. ശിവൻകുട്ടി : സർ, പോയിന്റ് ഓഫ് ഓർഡർ.....ശ്രീ. ബാബു ഇപ്പോൾ പറഞ്ഞത് ശ്രീ. കുഞ്ഞമ്പുവിന്റെ തെരഞ്ഞെടുപ്പിനടക്കം സി.പി.ഐ(എം). കോടിക്കണക്കിന് രൂപ കൊള്ളയടിച്ചുവെന്നാണ്. അവരുടെ ഇന്നലത്തെ ലക്ഷ്യം ഇന്നത്തെ വീക്ഷണത്തിൽ വന്നിരിക്കുന്നു, * * * ഇതായിരുന്നു അവരുടെ ലക്ഷ്യം. അങ്ങ് റൂളിംഗ് കൊടുക്കുമ്പോൾ, നേരത്തെ ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞതുപോലെ ഏതൊക്കെ കാര്യങ്ങളാണ് രേഖയിൽനിന്ന് നീക്കുന്നത് എന്നതിനെ സംബന്ധിച്ചിടത്തോളം ഒരു റൂളിംഗ് കൊടുക്കേണ്ടതായിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, കാസർഗോഡ് ജില്ലയിലെ കോൺഗ്രസ്സിന്റെ ഒരു നേതാവ്, ഞാൻ പേരൊന്നും പറയുന്നില്ല. നിങ്ങൾക്ക് അറിയാത്ത ആളൊന്നുമല്ലല്ലോ ? ഒരു നേതാവ് 25 ലക്ഷം രൂപ മുടക്കി അമേരിക്കയിൽ പോയി നാല് മാസം കഴിഞ്ഞാണ് വന്നത്, ഡി.സി.സി.യിലുണ്ടായ പ്രശ്നങ്ങളെല്ലാം നിങ്ങൾക്കറിയില്ലേ ? അപ്പോൾ ഞാൻ വേറൊന്ന് പറയാം. എന്താണ് നിങ്ങളുടെ ലക്ഷ്യം ? ഇന്നലെ എന്താണ് ഇവിടെ പറഞ്ഞത്? ഇന്നലെ നിങ്ങൾ പറഞ്ഞ അഴിമതി ആരോപണത്തിൽ ഒരു കഴമ്പുമില്ലാ എന്നത് എല്ലാവർക്കുമറിയാം. കേരളത്തിലെ മൂന്നുകോടി ജനങ്ങൾക്കുമറിയാം. ഡോ. തോമസ് ഐസക്കിനെ നിങ്ങൾ ഒന്ന് പിടിച്ചുകുലുക്കണം. അങ്ങനെ നിങ്ങളുടെ ഓലപ്പാമ്പ് കാണുമ്പോൾ പേടിക്കുന്ന ഒരാളല്ല ഡോ. തോമസ് ഐസക്. കേരളം കണ്ട ഏറ്റവും ശക്തനായ ധനകാര്യ വകുപ്പുമന്ത്രിയാണ് ഡോ. തോമസ് ഐസക്, ആ ധനവകുപ്പുമന്ത്രിയെ നിങ്ങൾക്ക് പേടിയുണ്ട്. അതുകൊണ്ടാണ് ഞാൻ ഒളിച്ചോടി എന്ന് പറഞ്ഞത്. നാല് വർഷക്കാലമായി ധനമന്ത്രി എന്ന നിലയിൽ ഏറ്റവും സുതാര്യവും ശക്തവുമായ ധനമാനേജ്മെന്റാണ് കേരളത്തിൽ നടത്തിയത്. അതിന്റെ

* * * സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നീക്കം ചെയ്തു.
[Vide file No, 3774/EB/2010/Leg. Dtd. 6-8-2010]

LIBRARY ARCHIVES Kerala Legislative Assembly

ഫലമായി കേരളം വമ്പിച്ച വികസന കുതിപ്പിലേക്ക് കയറി. അതുകൊണ്ട് ആ മന്ത്രിയെ ഇത്തവണ പിടിക്കണം. കഴിഞ്ഞ തവണ നിങ്ങൾ ശ്രീ. ബേബിയെ പിടിച്ചു. പിന്നെ ശ്രീമതി ടീച്ചറെ പിടിച്ചു. ഇപ്പോൾ നിങ്ങൾ ഡോ. ഐസക്കിനെയാണ് പിടിച്ചുകുലുക്കാൻ നോക്കുന്നത്. ഡോ. ഐസക്കിനെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല എന്ന് ജനങ്ങളുടെ ഇടയിലേക്ക് പോയാൽ മനസ്സിലാകും.

ശ്രീമതി കെ. കെ. ലതിക : സർ, ശ്രീ. കുഞ്ഞമ്പു, വടകര പാർലമെന്റ് നിയോജകമണ്ഡലത്തിൽ, 50 ലക്ഷത്തിന്റെ പെട്ടി കൊണ്ടുവന്ന അവിടെ ഉള്ളൊരു യുവജന നേതാവിനെ പിടിച്ചത് പത്രത്തിൽ വന്ന കാര്യം ശ്രീ. കുഞ്ഞമ്പുവിന് അറിയില്ലേ ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, എനിക്ക് ആ കാര്യം അറിയാം. ഈ കോൺഗ്രസ്സുകാർക്കുമറിയാം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് നന്നായി അറിയാം. ഈ പണം മോഷ്ടിക്കുന്നതും ഈ പണം വരുന്നതുമെല്ലാം നാട്ടിൽ മുഴുവൻ ആളുകൾക്കും അറിയാം. മറ്റൊരു കാര്യം ....(ബഹളം)...... മഹാത്മാഗാന്ധി ദേശീയ തൊഴിൽദാന പദ്ധതിയെ സംബന്ധിച്ച് ഇന്നലെ പ്രതിപക്ഷ നേതാവ് പറഞ്ഞത്, വെബ്സൈറ്റിൽ നോക്കിയപ്പോൾ കിട്ടിയ വിവരം ഞാനൊന്ന് പറയാം. സാമ്പത്തിക രംഗത്ത് മൊത്തം ചെലവ് 471.85 കോടി രൂപ. പതിനേഴാമത്തെ സ്ഥാനം കേരളത്തിന്. കൂലിയിനത്തിൽ ചെലവ് 410.17 കോടി രൂപ, പതിനാലാമത്തെ സ്ഥാനം. ആകെ ചെലവിൽ കൂലിയുടെ ശതമാനം 86.93. ഒന്നാമത്തെ സ്ഥാനം കേരളത്തിന്. എത്ര സ്റ്റേറ്റുണ്ടെന്ന് നോക്കണം. കേരളം മൊത്തം സ്ഥാനമാണ് പറയുന്നത്. അതുപോലെ തന്നെ തൊഴിൽ നൽകിയതിൽ പതിനാലാമത്തെ സ്ഥാനം. അതുപോലെ സ്ത്രീ പങ്കാളിത്തം ഒന്നാമത്തെ സ്ഥാനം. ആകെ തൊഴിൽ ദിനങ്ങൾ 318.68 ലക്ഷം, 14-ാമത്തെ സ്ഥാനം. ശരാശരി തൊഴിൽ ദിനം 35, ഇരുപത്തിമൂന്നാമത്തെ സ്ഥാനം. എവിടെ നിന്ന് കിട്ടി നിങ്ങളുടെ പ്രതിപക്ഷ നേതാവിന് ? വെബ്സൈറ്റിലുള്ളതാണെന്ന് പറഞ്ഞത് പച്ചക്കള്ളമല്ലേ ? ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഒരു ഒറ്റ മിനിറ്റ്......(ബഹളം).....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : അല്ല ഇവിടെ ശ്രീ. ഷാജു ചോദിക്കുന്നത് തൊഴിലുറപ്പ് പദ്ധതി ഇൻഡ്യയിലെ ഏത് സംസ്ഥാനങ്ങൾ നടപ്പാക്കിയാലും അതിൽ, ഏറ്റവും കുറവ് തൊഴിലാളികൾ വരുന്ന ഒരു സംസ്ഥാനം കേരളമായിരിക്കും. എന്തുകൊണ്ട് ? ഇവിടെ ഒരു തൊഴിലാളി പണിയെടുത്താൽ ഇരുന്നൂറും ഇരുന്നൂറ്റിയമ്പതും മുന്നൂറും രൂപ കൂലി കിട്ടുന്നിടത്ത് 125 രൂപയ്ക്ക് വരില്ല. അതേസമയം 12 രൂപ മുതൽ 20 രൂപ വരെ കൂലി കൊടുക്കുന്ന ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജനസംഖ്യയുടെ 78 ശതമാനം ഏതാണ്ട് 98 കോടി. അവിടെ കൂടുതൽ ആളുകൾ പണിയെടുക്കും. ഇവിടെ.......അല്ല....അല്ല....നൂറ് ദിവസത്തിൽ കുറവ് തൊഴിലുള്ളവർക്ക് നൂറ് രൂപയെങ്കിലും കിട്ടാതെ ആരും വരില്ല. ഇവിടെ അങ്ങനെ തൊഴിലില്ലാത്തവരുടെ സംഖ്യ കുറവാണ്. അതാണ് ഇവിടെ തൊഴിലാളികളുടെ എണ്ണം കുറയുന്നത്. അത് നിങ്ങൾ ......

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, മുസ്ലീം സമുദായത്തെ അപമാനിക്കുന്നത് ഇടതുപക്ഷം എന്നാണല്ലോ ഇവിടെ ചില ആളുകൾ പറയുന്നത്. പ്രത്യേകിച്ചും. പി. സി. യൊക്കെ പ്രസംഗിക്കുന്നത് കേട്ടു. തീവ്രവാദത്തെ ന്യായീകരിക്കുന്ന ഈ മുസ്ലീം സമുദായത്തിന്റെ പേരിൽ എൻ.ഡി.എഫ്.-നേയും പോപ്പുലർ ഫ്രണ്ടിനേയും ന്യായീകരിക്കുന്ന പ്രവണതയല്ലേ ഇവിടെ കണ്ടത് ? ഞാൻ എന്റെ നാട്ടിലെ ഒരു ഉദാഹരണം പറയാം, ഇവിടെ അദ്ധ്യാപകന്റെ കൈ വെട്ടിയത് മാത്രമല്ല. കാസർഗോഡ് ജില്ലയിലെ യൂത്ത് കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റായിരുന്ന ബാലകൃഷ്ണൻ എന്റെ സുഹൃത്തായിരുന്നു, എന്റെ വീടിനടുത്താണ്. ആ ബാലകൃഷ്ണനെ പത്ത് വർഷം മുമ്പ് എൻ.ഡി. എഫ്.-കാർ വെട്ടിക്കൊലപ്പെടുത്തി. എന്തിനാണ് കൊന്നത് ? ആ ബാലകൃഷ്ണൻ ഒരു പെൺകുട്ടിയെ കല്യാണം കഴിച്ചു. ആ പെൺകുട്ടി മുസ്ലീം പെൺകുട്ടിയായിരുന്നു. രണ്ട് കുടുംബങ്ങളും അംഗീകരിച്ചതിന്റെ പേരിൽ, രണ്ട് കുടുംബങ്ങളും സമ്മതിച്ചാണ് ആ കല്യാണം കഴിച്ചത്. കല്യാണം കഴിഞ്ഞ് ആറ് മാസം കഴിഞ്ഞപ്പോൾ ബാലകൃഷ്ണനെ സുഹൃത്തുക്കളായിട്ടുള്ള ചില ആളുകൾ വീട്ടിൽ വന്ന് വിളിച്ചുകൊണ്ടുപോയി കാസർഗോഡ് ടൗൺ ഹാളിന്റെ പുറകിൽ കൊണ്ടുപോയി കൊലപ്പെടുത്തി. ആ കൊലയാളികളെ രക്ഷപ്പെടുത്തിയത് മുസ്ലീംലീഗാണ്. ശ്രീ. സി. ടി. അഹമ്മദ്അലിയുടെ പാർട്ടിയാണ് അവരെ ഗൾഫിലേക്ക് അയച്ചത്. എന്നിട്ട് ഇപ്പോൾ എൻ.ഡി.എഫ്-ഉം എസ്.ഡി.പി.ഐ.യും ഉൾപ്പെടെയുള്ള പാർട്ടികൾ അതിനെ വെള്ളപൂശാനുള്ള നടപടിയാണ് ഇവിടെ സ്വീകരിക്കുന്നത്. ബാലകൃഷ്ണന്റെ പേരിൽ ഒരു പ്രതിഷേധം നടത്താൻ ശ്രീ. തിരുവഞ്ചൂരിന്റെ പാർട്ടിക്ക് പറ്റിയോ എന്നാണ് ഞാൻ കോൺഗ്രസ്സുകാരോട് ചോദിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സി. എച്ച്. കുഞ്ഞമ്പു.................. ശ്രീ. സി. ടി. അഹമ്മദ്അലിക്ക് എന്തോ പറയാനുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, നിങ്ങൾ പണം പിരിച്ചിട്ട് ബാലകൃഷ്ണന്റെ കുടുംബത്തിന് നയാപൈസ കൊടുത്തോ ? നിങ്ങൾ മറ്റെന്തെങ്കിലും ഒരു സഹായം ചെയ്തോ ? ഇവിടെ ശ്രീ. രാഹുൽഗാന്ധി വന്നപ്പോൾ നിങ്ങൾ കുടുംബസംഗമം നടത്തി, രക്തസാക്ഷി കുടുംബസംഗമം, ആ രക്തസാക്ഷി കുടുംബസംഗമത്തിൽ ബാലകൃഷ്ണന്റെ കുടുംബത്തെ നിങ്ങൾ വിളിച്ചോ ? നിരപരാധിയായ ബാലകൃഷ്ണൻ ഒരു കല്യാണം കഴിച്ചു എന്നതിന്റെ പേരിലാണ് കൊല്ലപ്പെട്ടത്. കാസർഗോഡ് ജില്ലയിലെ സംഭവമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്....പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, സത്യവിരുദ്ധമായ ഒരു പ്രസ്താവന ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിക്കുന്നത് ഓർഡറിലാണോ? എന്റെയും എന്റെ പാർട്ടിയുടേയും പേര് ഇവിടെ പരാമർശിക്കപ്പെട്ടത് സത്യവിരുദ്ധമാണ് അത് ഓർഡറിലാണോ ? അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സി. എച്ച്. കുഞ്ഞമ്പു.............യെസ്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, ശ്രീ. രാഹുൽ ഗാന്ധി വന്നപ്പോൾ കാഞ്ഞങ്ങാട് നിങ്ങളൊരു രക്തസാക്ഷി കുടുംബസംഗമം നടത്തി, പക്ഷേ ബാലകൃഷ്ണന്റെ കുടുംബാംഗങ്ങളെ വിളിച്ചില്ല. യൂത്ത് കോൺഗ്രസ്സിന്റെ മണ്ഡലം സെക്രട്ടറിയായിരുന്ന ബാലകൃഷ്ണന്റെ കുടുംബത്തെ വിളിച്ചില്ലല്ലോ? ചുരുക്കി പറഞ്ഞാൽ ലീഗിന് വേണ്ടി എന്ത് മതേതരത്വവും ഉപേക്ഷിക്കാൻ കോൺഗ്രസ്സിന് ഒരു മടിയുമില്ല. നിങ്ങൾക്ക് എന്താണ് വേണ്ടത്? 'ദീപസ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം പണം' ആര് ? കുഞ്ചൻ നമ്പ്യാർ പറഞ്ഞു ഇവിടെ 'തീവ്രവാദം, ഭീകരവാദം, കൈവെട്ട്, കൊല എനിക്കും കിട്ടണം വോട്ട്' ആര് ? ഉമ്മൻ ചാണ്ടി. ഈ വോട്ടിന് വേണ്ടി ഏതറ്റം വരെയും പോകാൻ നിങ്ങൾ ഒരു മടിയും കാണിക്കില്ല എന്നതിന്റെ തെളിവാണ് മുസ്ലീം ലീഗിനെ ഉപയോഗിച്ചുകൊണ്ട് എല്ലാ തീവ്രവാദികളേയും തങ്ങളുടെ കൂടെ നിർത്തുക എന്നത്. ഞങ്ങൾക്ക് കോൺഗ്രസ്സിനോട് ഒരു ചോദ്യമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്........അങ്ങ് കൺക്ലൂഡ് ചെയ്യു..........

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : രണ്ട് മിനിട്ടും കൂടിയെ ഉള്ളു.........

മി. ഡെപ്യൂട്ടി സ്പീക്കർ : അത് ഇവിടെ നോക്കുന്നുണ്ടല്ലോ...........അങ്ങ് അവസാനിപ്പിക്കു.....................

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, കോൺഗ്രസ്സ് ഒരു മതേതര പാർട്ടിയാണല്ലോ ? കോൺഗ്രസ്സിന്റെ മതേതരത്വം ഞങ്ങൾ അംഗീകരിക്കുന്നു. കോൺഗ്രസ്സ് മതേതരത്വത്തിൽ വിശ്വസിക്കുന്ന പാർട്ടിയും അത് നടപ്പിലാക്കുന്ന പാർട്ടിയും ആണെങ്കിൽ ആദ്യം നിങ്ങൾ മുസ്ലീംലീഗ് എന്ന പാർട്ടിയെ കോൺഗ്രസ്സിന്റെ മുന്നണിയിൽ നിന്ന് ഒഴിവാക്കണം. മുസ്ലീംലീഗിന്റെ ആശയമാണ് എസ്.ഡി.പി.ഐ.യും അതുപോലെതന്നെ എൻ.ഡി.എഫ്. ഉൾപ്പെടെയുള്ള തീവ്രവാദ പ്രവർത്തനങ്ങളിലുള്ളത്. അതുകൊണ്ട് മുസ്ലീംലീഗിനെ കൂട്ടി നടന്നുകൊണ്ട് ഈ രാജ്യത്ത് മതേതരത്വം ഉണ്ടാക്കാൻ കഴിയില്ല. ഈ കേരളത്തിലല്ലാതെ മറ്റേത് സംസ്ഥാനത്താണ് മുസ്ലീംലീഗിനെ............

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. എച്ച്. കുഞ്ഞമ്പു അങ്ങ് അവസാനിപ്പിക്കു...............ശ്രീ. പി. സി. വിഷ്ണുനാഥ്................

ശ്രീ. സി. എച്ച് കുഞ്ഞമ്പു : സർ, ഞങ്ങൾ ഹിന്ദു-മുസ്ലീം വർഗ്ഗീയതയേയും ഭൂരിപക്ഷന്യൂനപക്ഷ വർഗ്ഗീയതയേയും അങ്ങനെ ഏത് വർഗ്ഗീയതയായാലും അതിനെ എതിർത്ത് പരാജയപ്പെടുത്തിക്കൊണ്ടാണ് ഞങ്ങൾ...............

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്....അങ്ങ് കൺക്ലൂഡ് ചെയ്യു.........പ്ലീസ്......

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : ഏത് സന്ദർഭത്തിലും വോട്ടിനുവേണ്ടി ഇതിലേതെങ്കിലും ഒരു തീവ്രവാദ സംഘടനകളെ കൂട്ടാൻ, അതല്ലെങ്കിൽ മതവർഗ്ഗീയവാദികളെ കൂട്ടാൻ ഞങ്ങൾ ഇടതുപക്ഷ പാർട്ടി തയ്യാറല്ല..........

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് . അവസാനിപ്പിക്കു........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : ...... സഖ്യമാണ്.......................കോലീബി സഖ്യം.............. ഇങ്ങനെ കോലീബി സഖ്യമുണ്ടാക്കി ഇടതുപക്ഷത്തെ പരാജയപ്പെടുത്തി വീണ്ടും ഇങ്ങോട്ട് വരാനാണ് മോഹമെങ്കിൽ അത് നടക്കാൻ പോകുന്നില്ല. അടുത്ത തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി വൻപിച്ച ഭൂരിപക്ഷത്തോടെ............

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. വിഷ്ണുനാഥ് അങ്ങ് സംസാരിക്കൂ......

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത്, മലബാറിലെ വിദ്യാഭ്യാസ മേഖലയിൽ +1 പ്രവേശനവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കുള്ള ആശങ്കകൾ പരിഹരിക്കാൻ വേണ്ടി സ്കൂളുകൾ അനുവദിക്കാനുള്ള തീരുമാനം എടുക്കുകയുണ്ടായി. 178 സ്കൂളുകളാണ് മലബാർ മേഖലയിൽ ഈ ഗവൺമെന്റ് അനുവദിച്ചത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയും ഒക്കെ ഭരിക്കുമ്പോഴും സ്കൂളുകൾ അനുവദിച്ചിരുന്നു. അന്ന് ഞങ്ങൾ ഗവൺമെന്റ് സ്കൂളുകൾക്കാണ് ഹയർ സെക്കന്ററി അനുവദിക്കാൻ വേണ്ടി തീരുമാനിച്ചത്. ആരുടെ കയ്യിൽ നിന്ന് പണം വാങ്ങിയിട്ടാണ് ഗവൺമെന്റ് സ്കൂളുകളിൽ +2 അനുവദിക്കുന്നത് ? ഈ ഗവൺമെന്റ് 178 സ്കൂളുകളിൽ +2 അനുവദിച്ചതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇന്ന് അങ്ങ് ശ്രീ. കെ. സി. ജോസഫിന്റെ സബ്മിഷന് മറുപടിയായി പറഞ്ഞു മാനദണ്ഡങ്ങൾ വച്ചുകൊണ്ടാണ് +2 അനുവദിച്ചത് എന്ന്. മാനദണ്ഡമെന്താണ് ? ആ മാനദണ്ഡം, മറ്റ് സ്കൂളുകളില്ലാത്ത പഞ്ചായത്തിൽ, അല്ലെങ്കിൽ വിജയശതമാനം, കുട്ടികളുടെ എണ്ണം, പട്ടികജാതിക്കാരുടെ എണ്ണം എന്നിവ നോക്കിയാണ് അനുവദിച്ചിട്ടുള്ളത് എന്നാണ് പറഞ്ഞത്. എന്നാൽ ഞാൻ വളരെ ഉത്തരവാദിത്തത്തോടെ ഈ സഭയിൽ നിന്ന് പറയുന്നു ആ മാനദണ്ഡങ്ങളെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് മറ്റ് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 178 സ്കൂളുകളിൽ +2 അനുവദിച്ചതിൽ ഇൻഡിവിഡ്യുവൽ മാനേജർമാർക്കും നൽകിയിട്ടുണ്ട്. ഉദാഹരണത്തിന്, ഉത്തരവാദിത്തത്തോടുകൂടി പറയുമ്പോൾ ഉദാഹരണം കാണിക്കേണ്ട ബാധ്യത എനിക്ക് ഉണ്ടായതുകൊണ്ട്, തൃശ്ശൂർ-പാലക്കാട് ജില്ലയുടെ അതിർത്തിയായ ആലത്തൂർ ഉപജില്ലയിൽ 16 ഹൈസ്കൂളുകൾ നിലവിലുണ്ടായിരുന്നു. അതിൽ പലപ്പോഴായി 8 സ്കൂളുകൾക്ക് ഹയർ സെക്കന്ററി അനുവദിച്ചിരുന്നു. അതിനുശേഷം ഇപ്പോൾ 7 സ്കൂളുകൾ ഇപ്പോഴത്തെ പുതിയ സംവിധാനത്തിൽ +2-ന് അനുവാദം കിട്ടാൻ അപേക്ഷിച്ചു. വേദനയോടുകൂടി പറയുന്നു, അതിൽ 6 സ്കൂളുകൾക്ക് ആ ഉപജില്ലയിൽ അങ്ങയുടെ ഗവൺമെന്റ് അനുവാദം കൊടുത്തു, ഒരു സ്കൂളിന് അനുവാദം കൊടുത്തില്ല. അപേക്ഷിച്ച 7 സ്കൂളുകളിൽ 6 എണ്ണത്തിനും അനുവാദം കൊടുത്തു. മാനദണ്ഡങ്ങളെക്കുറിച്ച് അങ്ങ് രാവിലെ പറയുന്നത് ഞാൻ ശ്രദ്ധയോടുകൂടി കേൾക്കുകയായിരുന്നു. ഈ കൊടുക്കാത്ത സ്കൂൾ പന്തലാംപാടം മേരിമാതാ ഹൈസ്കൂൾ, 100 ശതമാനം വിജയമുണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളാണ്. പന്തലാംപാടം മേരിമാതാ ഹൈസ്കൂൾ 850 കുട്ടികൾ പഠിക്കുന്ന സ്കൂളാണ്. പന്തലാംപാടം മേരിമാതാ ഹൈസ്കൂളിനെ സംബന്ധിച്ച് അങ്ങയുടെ വിദ്യാഭ്യാസ വകുപ്പിന്റെ എ.ഇ.ഒ. നൽകിയ റിപ്പോർട്ടിലെ ഏറ്റവും ഒടുവിലത്തെ ഭാഗം, "A new building with all facilities are arranged for the proposed HSS Batch. There is a site area for new construction of buildings for the HSS batch." എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉണ്ട് എന്ന് അങ്ങയുടെ എ.ഇ.ഒ. സമർപ്പിച്ച റിപ്പോർട്ടാണ്. ഈ സ്കൂളിന് എന്തു കൊണ്ട് പ്രസ്തുത ബാച്ച് അനുവദിക്കുന്നതിൽ അനുമതി നിഷേധിച്ചു? അതേസമയം തന്നെ ആലത്തൂർ ഉപജില്ലയിൽ കണ്ണാമ്പ്ര പഞ്ചായത്തിലാണ് ഈ പന്തലാംപാടം മേരിമാതാ ഹൈസ്കൂൾ, അവിടെത്തന്നെ ഒരു പി.കെ. ഹൈസ്കൂൾ, ഒരു ഇൻഡിവിഡ്യുവൽ മാനേജറാണ്, ആ പി. കെ. ഹൈസ്കൂളിന് അനുവാദം നൽകി. ആ സ്കൂളിന് അനുവാദം നൽകുമ്പോൾ വിജയശതമാനം 45 ശതമാനത്തിൽ താഴെയാണ്. അങ്ങ് പറഞ്ഞ മാനദണ്ഡം വച്ചാണെങ്കിൽ 100 ശതമാനം വിജയമുള്ള സ്കൂളിന് കൊടുക്കാതിരിക്കുന്നു, കോർപ്പറേറ്റ് മാനേജ്മെന്റാണ്. ഇവിടെ 45 ശതമാനമുള്ള സ്കൂളിന് കൊടുക്കുന്നു, കുട്ടികൾ പകുതിയിൽ താഴെ, സംസ്ഥാനത്ത് തന്നെ ഏറ്റവും കുറഞ്ഞ വിജയശതമാനമുള്ള ഈ സ്കൂളിന്, അതും ഇൻഡിവിഡ്യുവൽ മാനേജർക്ക് കൊടുത്തതിന്റെ മാനദണ്ഡമെന്താണ്? ഒരു കാര്യം കൂടി, ഈ പി.കെ. സ്കൂളിന് 3 കിലോമീറ്റർ ചുറ്റളവിൽ 3 സ്കൂളുകൾ നിലവിലുണ്ട്. എന്നാൽ പന്തലാംപാടം മേരിമാതാ ഹൈസ്കൂളിന് 14 കിലോമീറ്ററിന് അപ്പുറത്താണ് വേറൊരു സ്കൂളുള്ളത്. ഇൻഡിവിഡ്യുവൽ മാനേജർക്ക് സ്കൂൾ കൊടുത്തതിന് പിന്നിലുള്ള മാനദണ്ഡമെന്താണ്? അത് ഇവിടെ അങ്ങാടിപ്പാട്ടാണ്. ഇതിന്റെ പിന്നിലുള്ള മാനദണ്ഡങ്ങൾ, 3 പോസ്റ്റ് കൊടുക്കാത്തവർക്ക് നിലവിലെ മാർക്കറ്റ് റേറ്റിലുള്ള മറ്റ് ചില കാര്യങ്ങൾ.....ഇതിപ്പോൾ രഹസ്യമൊന്നുമല്ല. മലബാറിലെ എല്ലാ സ്ഥലത്തും അങ്ങാടിപ്പാട്ടാണ്. ചില മാനേജർമാർ അദ്ധ്യാപക നിയമനത്തിന് വേണ്ടി ചെല്ലുമ്പോൾ അവർ പറയുന്നത് ലോക്കൽ കമ്മിറ്റിക്ക് 3 കൊടുത്തിട്ടേ ബാക്കി കൊടുക്കാൻ കഴിയൂ എന്നാണ്. ആ രൂപത്തിൽ ഇവിടെ +2 അനുവദിച്ചതിൽ വ്യാപകമായി ക്രമക്കേടുകൾ നടക്കുന്നതായി അങ്ങാടിപ്പാട്ടാണ്. നാട്ടിൽ പറയുന്നുണ്ട്, വളരെ ഉത്തരവാദിത്തത്തോടുകൂടി, തെളിവിന്റെ അടിസ്ഥാനത്തിൽ ഞാൻ പറഞ്ഞ ഇക്കാര്യങ്ങൾ അങ്ങ് പരിശോധിക്കുമോ ? അങ്ങ് അന്വേഷിക്കുമോ ? തളിപ്പറമ്പ് സർ സയ്യിദ് കോളേജ്, പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്യപ്പെട്ട സമയത്ത്, പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്യപ്പെടുമ്പോൾ............

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അന്വേഷിക്കുമോ എന്നല്ലേ ചോദിച്ചത് മന്ത്രി ഇരിക്കുന്നുണ്ടല്ലോ ശ്രീ. വിശ്വൻ.......അത് മന്ത്രി പറഞ്ഞോളും...........മന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്.....മന്ത്രിയോട് അന്വേഷിക്കുമോ എന്നാണ് ചോദിച്ചത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ആ കോളേജിന് കിട്ടേണ്ടതാണ്. സുപ്രീം കോടതിയുടെ ഉത്തരവ് എന്റെ കയ്യിലുണ്ട്. സുപ്രീം കോടതിയുടെ ഉത്തരവ് ഉണ്ടായിട്ടുപോലും മേയ് 5-ാം തീയതി തളിപ്പറമ്പ് സർ സയ്യിദ്

LIBRARY ARCHIVES Kerala Legislative Assembly

കോളേജിന്റെ അധികൃതർ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അപേക്ഷ കൊടുത്തു. തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ നിലവിൽ മൂന്ന് സ്കൂളുകൾ അനുവദിച്ചപ്പോഴും സുപ്രീം കോടതി ഉത്തരവുണ്ടായ തളിപ്പറമ്പിലെ സർ സയ്യിദ് സ്കൂളിന്........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്...... പോയിന്റ് ഓഫ് ഓർഡർ എല്ലാവർക്കും അവകാശമൊന്നുമില്ല.....നോ..നോ..പ്ലീസ് പോയിന്റ് ഓഫ് ഓർഡർ..........തെറ്റിദ്ധാരണ വേണ്ട. പോയിന്റ് ഓഫ് ഓർഡർ അംഗങ്ങളുടെ അവകാശമല്ല, അങ്ങനെ തെറ്റിദ്ധാരണ വേണ്ട. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവന വരുന്ന സന്ദർഭത്തിലോ അല്ലെങ്കിൽ അല്ലാത്ത വല്ല പ്രഖ്യാപനങ്ങൾ വരുമ്പോഴോ അത് സഭയ്ക്ക് indecent ആയി വരുന്ന സമയത്ത് മാത്രം. അല്ലാതെ എല്ലാവർക്കും പോയിന്റ് ഓഫ് ഓർഡർ പറയാം എന്ന് എവിടെയും പറഞ്ഞിട്ടില്ല. തെറ്റിദ്ധാരണ വേണ്ട........... അങ്ങനെ കയറി ഇടപെടുന്നതിൽ അർത്ഥമില്ലാത്തതാണ്. അറിയാത്ത കാര്യമൊന്നും പറയണ്ട..........പോയിന്റ് ഓഫ് ഓർഡർ പറഞ്ഞു.......നോ.....അത് മിനിസ്റ്റർ ക്ലിയർ ചെയ്തുകൊള്ളും. ആരോപണമല്ലല്ലോ, മിനിസ്റ്റർ ക്ലിയർ ചെയ്തുകൊള്ളും............

ശ്രീ. പി. വിശ്വൻ: കൃത്യമായ രജിസ്റ്റർ വച്ചുകൊണ്ട് തന്നെയാണ് ഞാൻ പോയിന്റ് ഓഫ് ഓർഡർ പറഞ്ഞിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, അങ്ങ് പറയൂ.

ശ്രീ. പി. വിശ്വൻ: സർ, ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥിന്റെ പ്രസംഗം തുടർന്നപ്പോൾ മലബാറിൽ സ്കൂൾ അനുവദിച്ചതിനെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യങ്ങൾ യഥാർത്ഥത്തിൽ ഒരു മേഖലയെയാകെ അപമാനിക്കത്തക്ക രൂപത്തിലായിരുന്നു എന്നുള്ളത് മാത്രമല്ല, എന്റെ മണ്ഡലമായിരുന്ന കൊയിലാണ്ടിയിൽ ധീരദേശാഭിമാനിയായിരുന്ന കുഞ്ഞാലിമരയ്ക്കാരുടെ പേരിലുള്ള മഹത്തായ ഹൈസ്കൂളിനുപോലും പ്ലസ് ടു അനുവദിച്ച സർക്കാരാണ് ഈ സർക്കാർ. അതൊക്കെതന്നെ വളഞ്ഞ വഴിയിലൂടെയാണെന്നും പണം സമ്പാദിക്കാനാണെന്നും പറയുന്നത് ധീരദേശാഭിമാനിയായ കുഞ്ഞാലിമരയ്ക്കാരെപ്പോലും അപമാനിക്കുന്നതാണ്. അതോടൊപ്പംതന്നെ ഇതിൽ നിന്നൊക്കെ സി.പി.ഐ. (എം) പണം വാങ്ങുന്നു എന്നുള്ളത് ദുരുദ്ദേശ്യപരമാണ്. അദ്ദേഹത്തിന്റെ ക്രൂരമായ വാദമാണ്. അദ്ദേഹം ആ വാദം പിൻവലിക്കണം. അല്ലെങ്കിൽ അത് ഡിലീറ്റ് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ: നോ, നോ സി.പി.ഐ.(എം) -വാങ്ങുന്നു എന്നൊന്നും പറഞ്ഞിട്ടില്ല. അങ്ങനെ പറഞ്ഞാൽ രേഖയിലൊട്ടും ഉണ്ടാകുകയുമില്ല. അങ്ങനെ പറഞ്ഞിട്ടില്ല. പറയാത്ത കാര്യങ്ങൾ പറയണ്ട. ....(ബഹളം)......... അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് രേഖയിൽ ഉണ്ടാകില്ല. പറയാനും പാടില്ല. ....(ബഹളം)........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ ....(ബഹളം)........ ഇപ്പോൾ ഒരുമിനിട്ട് കളഞ്ഞു, ശ്രീ. പി. വിശ്വൻ മാഷ് എണീറ്റപ്പോൾ അത് പോയിന്റ് ഓഫ് ഓർഡർ അല്ല. എനിക്ക് ആ സമയംകൂടി, തരണം. ഞാൻ ഇന്ന് ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻ പോയപ്പോൾ എന്റെ പഴയ സഹപ്രവർത്തകയും എസ്.എഫ്.ഐ. പ്രസിഡന്റുമായിരുന്ന സിന്ധു ജോയിയെ ക്യാന്റീനിൽവച്ച് കണ്ടു. സിന്ധു ജോയിയെ കണ്ടപ്പോൾ ഒരുപാട് സമരങ്ങൾ ഓർമ്മ വന്നു. അങ്ങേയ്ക്ക് ഓർമ്മയില്ലേ, ഈ ഗവൺമെന്റ് കടന്നു വരാൻ വേണ്ടി ഒരുപാട് സമരങ്ങൾ നടത്തിയ സിന്ധു ജോയി ക്രച്ചസും പിടിച്ച് നടക്കുന്നതുമൊക്കെ ഞങ്ങൾ കണ്ടിട്ടുണ്ട്. അങ്ങ് ഏറ്റവും ഒടുവിൽ ഉണ്ടാക്കിയ എഗ്രിമെന്റ് എസ്.എഫ്.ഐ. സ്നേഹിതൻമാരെ കൊണ്ട് ഒന്ന് വിശ്വസിപ്പിക്കാൻ കഴിയുമോ? ഞാൻ ഒരൊറ്റ കാര്യം ചോദിക്കട്ടെ, 1996 മുതൽ 2006 വരെ കേരളത്തിലാകെ 68 കോളേജുകളാണ് ഉണ്ടായിരുന്നത്. എന്നാൽ സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസത്തിനെതിരായി സ്വകാര്യ വിദ്യാഭ്യാസം ആഗോള വൽക്കരണത്തിന്റെ അജണ്ടയാണെന്ന് പറഞ്ഞ നിങ്ങൾ അധികാരത്തിൽ വന്ന് നാലുവർഷം കൊണ്ട് 50 സ്വാശ്രയ കോളേജ് പുതുതായി കൊടുത്തു. ആകെയുണ്ടായിരുന്നത് 68 ആണ്. പിന്നെ നിങ്ങൾ 7 കോളേജിന്കൂടി എൻ.ഒ.സി. കൊടുത്തു. എ.ഐ.സി.ടി.ഇ. ആ കോളേജുകൾക്ക് അനുവാദം കൊടുക്കാത്തതുകൊണ്ട് ആ ഏഴിനേയും കൂടി സഹിക്കേണ്ടി വന്നില്ല. ഫീസിന്റെ ഘടന 2005-ൽ മെറിറ്റും മാനേജുമെന്റും 38,700 രൂപ, 50,000 എന്നിങ്ങനെയായിരുന്നു. ഇപ്പോൾ ഏറ്റവും ഒടുവിൽ എന്താണ്? എനിക്ക് സമയക്കുറവ് ഉള്ളതുകൊണ്ടാണ്. ഗൗരവമായിട്ട് പറയാം. 50,000 രൂപ 90,000 രൂപയാക്കി, 90,000 രൂപ നിങ്ങൾ 1,24,000 രൂപയാക്കി, 1,24,000 രൂപ പ്ലസ് 1,50,000 രൂപ ഡെപ്പോസിറ്റ് ഇതല്ലേ പുതിയത്. അതായത് ഒരു കുട്ടിക്ക് 1,24,000 രൂപ പ്ലസ് 1,50,000 ഡെപ്പോസിറ്റ്. 2005-ൽ 50,000 രൂപയിൽ നിങ്ങൾ ഏറ്റെടുത്ത കോളേജുകളിൽ ഇന്ന് ഒരു പുതിയ എഗ്രിമെന്റിൽ 1,24,000 രൂപ വാങ്ങിക്കാൻ കഴിയുന്നു. ഞങ്ങളെല്ലാം പറഞ്ഞ ആ വ്യവസ്ഥ പ്രകാരം ഒരു സ്വകാര്യ സ്വാശ്രയ കോളേജിൽ അവിടുത്തെ മാനേജുമെന്റിന്റെ മെറിറ്റിൽ പ്രവേശനം കിട്ടുന്ന ഒരു കുട്ടിക്ക് ഈ 22-ാം തീയതി കഴിഞ്ഞാൽ മറ്റൊരു കോളേജിൽ പ്രവേശനം കിട്ടിയാൽ 6,46,000 രൂപ കൊടുക്കാതെ മാറാൻ കഴിയില്ല. അങ്ങ് വേദനയോടുകൂടി ഈ കാര്യം ഉൾക്കൊള്ളണം. 19-ാം തീയതി രാത്രി നാലാമത്തെ അലോട്ടുമെന്റ് കഴിഞ്ഞു. 19-ാം തീയതി രാത്രി ഒരു കുട്ടിക്ക് അലോട്ടുമെന്റ് കിട്ടുകയാണ്. കാസർഗോഡുള്ള കുട്ടി 20-ാം തീയതി തിരുവനന്തപുരത്ത് വന്നു ചേർന്നില്ലെങ്കിൽ ആ കുട്ടി 35,000 രൂപയ്ക്ക് പകരം 1,24,000 രൂപയും 1,50,000 രൂപയും കൊടുക്കണം. കാസർഗോഡുള്ള ഒരു കുട്ടിക്ക് രാത്രി നെറ്റ് അക്സസ് ഉണ്ടെന്ന് കരുതട്ടെ, 12 മണിക്ക് അറിഞ്ഞാൽ 10 മണിക്ക് തിരുവനന്തപുരത്തുവന്ന് ചേരാൻ കഴിയുമോ? സ്വകാര്യ മാനേജർമാരുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ യഥാർത്ഥത്തിൽ വിദ്യാഭ്യാസ കച്ചവടം നടത്തി മനേജുമെന്റുകൾ കൊള്ളലാഭം ഉണ്ടാക്കുകയല്ലേ? എന്റെ സമയം വളരെ കുറവായതുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ വ്യവസായ വകുപ്പുമന്ത്രി മുമ്പ് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗം നടത്തിയ സമയത്ത് കോട്ടുമ്പ്ര കുഞ്ഞഹമ്മദ് ഹാജി ജയിലിൽ എന്തോ ഒരു ചെക്ക് ഒപ്പിടാൻവേണ്ടി പോയ കഥ, ഞങ്ങളെ എല്ലാവരേയും ആസ്വദിപ്പിച്ചുകൊണ്ട് പറയുകയുണ്ടായി. ഇപ്പോൾ എൽ.ഡി.എഫ്.-ൽ ഒരു പുതിയ ഘടകകക്ഷി വന്നിട്ടുണ്ട്, കേരള കോൺഗ്രസ് പി. സി. തോമസ്. ആ പി. സി. തോമസിന് മുമ്പൊരു പാർട്ടിയുണ്ടായിരുന്നു. ആ പാർട്ടിയുടെ പേര് ഐ.എഫ്.ഡി.പി. എന്നായിരുന്നു. ഐ.എഫ്.ഡി.പി.ക്ക് പാർലമെന്റിൽ നാല് എം.പി.മാരായിരുന്നു. മറ്റ് മൂന്ന് പേർ സയ്യിദ് ഷിഹാബുദ്ദീൻ, പപ്പു യാദവ്, മഹേഷ് ബാവ്‌ലിൻ എന്നിവരാണ്. മൂന്നുപേരും ജയിലിലാണ്. പി. സി. തോമസ് തീഹാർ ജയിലിൽപ്പോയി സൂപ്രണ്ടിന്റെ റൂമിലിരുന്ന് മറ്റ് മൂന്നു പേരെയുംകൂടി ഇറക്കിക്കൊണ്ടു വന്നിട്ടാണ് പാർലമെന്ററി പാർട്ടി കൂടിക്കൊണ്ടിരുന്നത്. രാഷ്ട്രീയം സാധ്യതകളുടെ കളിയാണെന്ന് കേട്ടിട്ടുണ്ട്. അങ്ങനെയാണെങ്കിൽ പി. സി. തോമസിന്റെ യഥാർത്ഥ സാധ്യത മനസ്സിലാക്കിയത് സഖാവ് പിണറായി വിജയനാണ്. മഹേഷ് ബാവ്‌ലിയും പപ്പു യാദവും ഒക്കെയുള്ള വിപുലമായ സാധ്യത.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അങ്ങ് അവസാനിപ്പിക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അത് മനസ്സിലാക്കിക്കൊണ്ടാണ് പി. സി. തോമസിനെ മുന്നണിയിൽ എടുത്തതും ശ്രീ. വി. സുരേന്ദ്രൻപിള്ളയെ മന്ത്രിയാക്കിയതും. അതുകൊണ്ട് ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാത്ത ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ വലിയ ചർച്ചയൊന്നും കൂടാതെ പാസ്സാക്കി കൊടുക്കേണ്ട ബാധ്യത അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർക്കുണ്ട്. കഴിഞ്ഞ നാലുവർഷക്കാലത്തെ ഭരണമെന്ന് പറഞ്ഞാൽ ഭരണപക്ഷം അനുഭവിച്ചതുപോലെ തന്നെ എല്ലാ വികസന പരിപാടികളും ഒരുപോലെ അനുഭവിച്ചവരാണ് അപ്പുറത്തുള്ളവരും. ഒരു പക്ഷേ പല മണ്ഡലങ്ങളിലും ഇപ്പുറത്ത് കൊടുക്കുന്നതിനേക്കാൾ കൂടുതൽ വികസന പ്രവർത്തനങ്ങൾ വാങ്ങിയ ആൾക്കാരാണ് അപ്പുറത്തിരുന്ന് വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നത്. കേരളത്തിലെ വി.എസ്. സർക്കാരിൽ തിളങ്ങി വിളങ്ങി നിൽക്കുകയാണ് ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്. ആ വിളങ്ങലും തിളങ്ങലും അപ്പുറത്ത് സഹിക്കുന്നില്ല. അപ്പുറത്തുള്ള ചില ആളുകൾ അവരുടെ നിലവാരം വച്ചാണ് സംസാരിക്കുന്നത്. ഞാൻ കുറ്റമൊന്നും പറയുന്നില്ല. കുറച്ചുമുമ്പ് ഞാൻ കൂലിത്തല്ലുകാരനാണ്, കവലച്ചട്ടമ്പിയാണ് എന്നൊക്കെ ശ്രീ. പി. സി. ജോർജ് സ്വയം വിശേഷിപ്പിച്ചുകൊണ്ട് സ്വയം ഞാൻ ഇന്നതാണെന്ന് പറയുകയാണ്. ദിവസേന ഈ സഭയിൽ ഈ മന്ത്രിയോട് ഏറ്റുമുട്ടി ദയനീയമായി പരാജയ പ്പെട്ടുകൊണ്ടിരിക്കുകയാണ് പ്രതിപക്ഷം. ഒടുവിൽ ഇന്നലെ ഈ സഭയിൽ ഉത്തരം മുട്ടിയിട്ട് കൊഞ്ഞനംകുത്തി ഇറങ്ങിപ്പോകുകയാണ് ചെയ്തത്. വൈകുന്നേരം ഒരു വിരുന്ന് സൽക്കാരത്തിന് വിളിച്ചിട്ടുപോലും വന്നില്ല. 19

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകൾ പാസ്സാക്കി കൊടുക്കണം. കഴിഞ്ഞ 22 ദിവസമായി നടക്കുന്ന ചർച്ചകൾ ഈ വകുപ്പുകളിൽ നടക്കുന്ന നിരവധി വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് അക്കമിട്ട് ഇവിടെ പറയേണ്ടിവന്നു. അപ്പുറത്തുള്ളവരും ഓരോ മന്ത്രിമാരേയും ശ്ലാഘിച്ച് ശ്ലാഘിച്ചുതന്നെയാണ് സംസാരിച്ചത്. ഒരുമിച്ച് ഗവൺമെന്റിനെ സഹായിക്കില്ല എന്നുമാത്രം. പക്ഷേ ഓരോ ധനാഭ്യർത്ഥനയ്ക്കും മന്ത്രിമാരെ ശ്ലാഘിച്ചുകൊണ്ടുതന്നെയാണ് സംസാരിച്ചത്. അവയൊക്കെ നിസ്സാരവൽക്കരിക്കാനും പരിഹസിക്കാനും മുതിർന്ന പ്രതിപക്ഷം യഥാർത്ഥത്തിൽ കേരളീയ സമൂഹത്തിന് മുമ്പിൽ സ്വയം പരിഹാസ്യരാകുകയാണ്. സാമ്പത്തിക അവസ്ഥയിൽ വലിയ മുന്നേറ്റം നേടിയ നമ്മൾ സാമൂഹ്യവും മതപരവുമായ ചില മേഖലകളിൽ പുറകിലേക്ക് പോകുന്ന സ്ഥിതിയുമുണ്ട്. കയ്യിലെ എല്ലാ ആയുധവുമെടുത്ത് പ്രയോഗിച്ചു. ഒരു രക്ഷയുമില്ല. പഠിച്ച പണി മുഴുവനും പയറ്റിനോക്കി. എല്ലാം പരാജയപ്പെട്ടപ്പോഴാണ് ഇപ്പോൾ ഒരു മുറിസൂചിയും കൊണ്ടുവന്ന് ഡോ. തോമസ് ഐസകിനുനേരെ ഈ ആക്ഷേപം ഉന്നയിക്കുന്നത്. കോൺഗ്രസ് പാർട്ടി 35,000 കോടി രൂപയാണ് സ്പെക്ട്രം അഴിമതിയിലൂടെ നടത്തിയിട്ടുള്ളത്. അവരാണ് ഇത് ഉന്നയിക്കുന്നത്. കോഴി കേസ്സു മുതൽ അരി കുംഭകോണം വരെ നടത്തിയ ആൾക്കാരാണ് അപ്പുറത്തുള്ളത്. എന്നിട്ട് ഒരു നാണവും മാനവുമില്ലാതെ ഇന്നലെ സി.പി.ഐ. (എം) ഇത്ര കാശ് വാങ്ങി, മന്ത്രി ഇത്ര കാശ് വാങ്ങി, എന്നൊക്കെ പറഞ്ഞ് ഒരു ആക്ഷേപവും ഉന്നയിച്ചില്ലെങ്കിൽ അതൊരു മോശപ്പെട്ട കാര്യമാണെന്ന തോന്നലിന്റെ അടിസ്ഥാനത്തിലാണ് ഈ ആക്ഷേപം ഉന്നയിച്ചിരിക്കുന്നത്. ഇവിടെ കുറച്ചു മുമ്പ് ശ്രീ. പി. സി. വിഷ്ണുനാഥ് സംസാരിച്ചപ്പോൾ, പ്ലസ്ടു-വിന്റെ കാര്യം പറയുകയുണ്ടായി, അത്തരം നാവുകൾകൊണ്ട് എന്തും പറയാമെന്ന് മാത്രമേയുള്ളൂ. പ്ലസ് ടു-വിന് കോഴ വാങ്ങിക്കുകയാണ് എന്ന് പറഞ്ഞു.

ശ്രീ. കെ. ടി. ജലീൽ: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ തളിപ്പറമ്പ് സർ സയ്യിദ് സ്കൂളിന് പ്ലസ് ടു കൊടുത്തില്ലാ എന്നുള്ള ആക്ഷേപം പറഞ്ഞു. പ്രീ-ഡിഗ്രി ഡീലിങ് ചെയ്തത് ഇന്നോ ഇന്നലെയോ അല്ല. കഴിഞ്ഞ അഞ്ചുവർഷം യു.ഡി.എഫ്. ആയിരുന്നു ഭരിച്ചിരുന്നത്. ആ സമയത്ത് അവിടെ പ്ലസ് ടു കൊടുക്കാമായിരുന്നു. അവർ പണം കൊടുക്കാത്തതുകൊണ്ടാണോ കൊടുക്കാതിരുന്നത്.........(ബഹളം)......

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് ഞാൻ വഴങ്ങാം, ഇനിയും പറയാനുണ്ട്. ഒരു സംശയവും വിചാരിക്കേണ്ട. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പ്ലസ് ടു കൈകാര്യം ചെയ്തത് മുഴുവൻ വലിയ കോഴ വാങ്ങിയാണെന്ന കാര്യം യു.ഡി.എഫ്.കാർ തന്നെ രഹസ്യമായി സമ്മതിക്കുന്നതല്ലേ ? വളരെ ദുർബലരായിട്ടുള്ള, ഒന്നും കൈവശമില്ലാതിരുന്ന എത്രയോ നേതാക്കൻമാർ വലിയ കോടീശ്വരൻമാരായി മാറിയത് പ്ലസ് ടു കച്ചവടം കൊണ്ടായിരുന്നുവെന്ന കാര്യം നിങ്ങൾ എത്ര മറച്ചുവച്ചാലും എല്ലാവർക്കും അറിയാം, അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. മാനന്തവാടി ബിഷപ്പ് പറഞ്ഞില്ലേ കാശ് കൊടുക്കാത്തതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കാത്തതെന്ന്. എന്റെ മണ്ഡലത്തിൽ ഈ സ്കൂളുകൾ കിട്ടിയത്, രാഷ്ട്രീയമായി പല പ്രശ്നങ്ങളും............. ഞാൻ പറഞ്ഞോട്ടെ ശ്രീ. പി. സി. വിഷ്ണുനാഥ്.................... രാഷ്ട്രീയമായി അല്ലെങ്കിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ചില തർക്കങ്ങൾ, ആ തർക്കങ്ങളിൽ ഒരു പക്ഷത്ത് നിൽക്കുന്ന ഇടതുപക്ഷ ഗവൺമെന്റിനേയും സി.പി.ഐ.(എം)-നേയുമൊക്കെ ശക്തിയായി എതിർക്കുന്ന സഭകൾക്ക് ഒരു മടിയും കൂടാതെ അവിടെ മാനേജുമെന്റ് സ്കൂളുകൾ അനുവദിച്ചു. അൽഭുതത്തോടുകൂടിയാണ് ആ സിസ്റ്റർമാർ എന്റെ മുമ്പിലേക്ക് വന്നത്. അവർക്ക് ഇത് ലഭിക്കുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചതല്ല. തേച്ചേരിയിലെ അൽ-അമീൻ സ്കൂളിന് പ്ലസ് ടു കിട്ടുകയാണ്. കിട്ടുമെന്ന് നമ്മൾ പ്രതീക്ഷിച്ചതേയില്ലായെന്ന് അവർ അൽഭുതത്തോടുകൂടി എന്നോട് പറഞ്ഞു. കാരണം ഈ ഗവൺമെന്റുമായി വഴക്കാണല്ലോ, അപ്പോൾ ഒരിക്കലും ഞങ്ങൾക്ക് തരില്ലായെന്നാണ് കരുതിയത്. ഒരു പക്ഷപാതവുമില്ലാതെ, കൃത്യമായ മാനദണ്ഡത്തിന്റെ പേരിൽ സ്കൂൾ അനുവക്കുകയാണ് ചെയ്തത്. എന്നിട്ടും......

ശ്രീ. പി. ടി. എ. റഹീം : സർ, ഇവിടെ സ്ക്കൂൾ കൊടുത്തതൊക്കെ കൈക്കൂലി വാങ്ങിയിട്ടാണെന്നാണ് ശ്രീ. പി. സി. വിഷ്ണുനാഥ് പരാമർശിച്ചത്. പാണക്കാട് ദാറുൽ ഹുദ ഹൈസ്ക്കൂളിന്റെ പ്രസിഡന്റ് ബഹുമാനപ്പെട്ട പാണക്കാട് തങ്ങളാണ്. എത്ര പൈസ കൊടുത്തിട്ടാണ് അത് വാങ്ങിയതെന്ന് പറയാൻ സാധിക്കുമോ ?

ശ്രീ. പി. സി. വിഷ്ണുനാഥ് : ഡെപ്യൂട്ടി സ്പീക്കർ സർ, സമയമില്ലാത്തതുകൊണ്ടാണ് പറയാഞ്ഞത്. 2003-ൽ ആ മൂന്ന് സ്ക്കൂളിന്, എസ്.എൻ.-ന്റെ രണ്ട് സ്ക്കൂളിനും അവർക്കും യു.ഡി.എഫ്. ഹയർ സെക്കന്ററി കൊടുത്തു. അതിനുശേഷം മറ്റൊരു കേസ് വന്നപ്പോൾ ഹൈക്കോടതി റദ്ദാക്കി. അവർ ഈ ഗവൺമെന്റിന്റെ കാലത്ത് സുപ്രീം കോടതിയിൽ പോയി ഉത്തരവ് വാങ്ങിച്ചു.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, അവരുടെ അനുഭവം അങ്ങനെയാണ്. അവർ ശീലിച്ചത് അങ്ങനെയാണ്. കാശ് കൊടുക്കാതെ, കാശ് കിട്ടാതെ ഒന്നും ചെയ്ത അനുഭവം അപ്പുറത്തില്ല. അതുകൊണ്ട് ഇപ്പുറത്ത് എത്ര സത്യസന്ധമായിട്ട് ആരൊക്കെ ചെയ്താലും അത് കാശ് വാങ്ങിയിട്ടാകും എന്ന് കരുതുകയാണ്. ഞാൻ ശ്രീ. പി. സി. വിഷ്ണുനാഥിനെ കുറ്റം പറയുന്നില്ല. കാരണം ശ്രീ. പി.സി. വിഷ്ണുനാഥ് ഒക്കെ പിച്ചവച്ച് വരാൻ തുടങ്ങിയിട്ടല്ലേയുള്ളു. അതിന്റെ ഭാഗമായി നേരത്തെ കേട്ട കഥകളുടെ അടിസ്ഥാനത്തിൽ എല്ലാവരെയും ഒരേ അളവുകോൽ വച്ച് അളക്കരുത് എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ട് 63 കൊല്ലം കഴിഞ്ഞു. കേരളം ഉണ്ടായിട്ട് 54 കൊല്ലം കഴിഞ്ഞു. നിരവധി കാര്യങ്ങളിൽ, അമ്പത് വർഷക്കാലത്തെ കേരളത്തിനുണ്ടായ വളർച്ചയും വികസനവും പല മേഖലകളിലും അതിന്റെ ഇരട്ടിയോളം ഈ നാളുകളിൽ കേരളത്തിൽ ഉണ്ടായില്ലേ ? അതൊക്കെ ചർച്ച ചെയ്യപ്പെട്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പത്ത് ഇരുപത്തിരണ്ട് ദിവസങ്ങളായി ചർച്ചചെയ്യപ്പെട്ടതാണ്. നമ്മൾ എവിടെനിന്നാണ് വരുന്നത്? ഏറ്റവും അന്ധകാരം നിറഞ്ഞ ഒരു സാമൂഹിക വ്യവസ്ഥയിൽ നിന്നാണ് ഈ കേരളം വരുന്നത്. കേരളത്തെ നൂറ് കൊല്ലങ്ങൾക്ക് മുമ്പ് ഭ്രാന്താലയമെന്നാണ് സ്വാമി വിവേകാനന്ദൻ വിളിച്ചത്. ആ കേരളം നിരവധി സാമൂഹ്യ പരിഷ്ക്കർത്താക്കളുടെ, നിരവധി രാഷ്ട്രീയ നേതാക്കന്മാരുടെ, നിരവധി സമരങ്ങളുടെയൊക്കെ അടിസ്ഥാനത്തിൽ ഇന്ന് കാണുന്ന വിധത്തിലുള്ള കേരളമായി മാറി. 1956 നവംബർ 1-ന് കേരളമുണ്ടായി. 1957 ഏപ്രിൽ 5-ന് അധികാരത്തിൽവന്ന ഇ.എം.എസ്.-ന്റെ ഗവൺമെന്റല്ലേ കേരളത്തിൽ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചത്? അതിനുശേഷം മാറിമാറി വന്ന ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകളല്ലേ കേരളത്തിൽ മാറ്റമുണ്ടാക്കിയത്? 1957-ൽ, സ്വാതന്ത്ര്യം കിട്ടി പത്ത് കൊല്ലം കഴിഞ്ഞിട്ടും പല ഗവൺമെന്റുകൾ കേരളം ഭരിച്ചിട്ടും ആർക്കും തോന്നാത്ത വിദ്യാഭ്യാസ ബിൽ, പന്ത്രണ്ടാം ക്ലാസുവരെ ഫീസേ വേണ്ട, സൗജന്യ വിദ്യാഭ്യാസം. പന്ത്രണ്ടാം ക്ലാസിന് മുകളിലുള്ള ഏത് ഉന്നത വിദ്യാഭ്യാസവും ദരിദ്രനാരായണന്റെ മക്കൾക്കുപോലും നേടിയെടുക്കാൻ കഴിയുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായം അന്ന് ഉണ്ടാക്കിയതുകൊണ്ടല്ലേ കേരളത്തിലെ കുട്ടികൾ നന്നായി പഠിച്ചത്. നന്നായി പഠിച്ച കുട്ടികൾക്ക് കേരളത്തിന്റെ അതിര് പോരാതെ വന്നു, ഇന്ത്യയിലേയ്ക്ക് പരന്നൊഴുകി. ഇന്ത്യ പോരാതെ വന്നു, ലോകത്തിലേക്ക് പരന്നൊഴുകി. അങ്ങനെ മലയാളിയില്ലാത്ത നാടില്ല എന്ന അവസ്ഥ വന്നത് 1957-മുതലാണ്. അതുകൊണ്ടല്ലേ സർ. അതിനുശേഷം ഈ കേരളത്തിലുണ്ടായ പുരോഗമനപരമായ ഏത് നിയമങ്ങൾ എടുത്താലും അത് കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റുകളുടെ കാലത്ത് വന്നതാണ്. ഇവിടെ അയിത്തവും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും മതപരമായ വേർതിരിവുകളും ഒക്കെ ഇല്ലാതാക്കുന്ന സാമൂഹ്യ അന്തരീക്ഷത്തിലേക്ക് കേരളത്തെ കൊണ്ടുപോയത് തീർച്ചയായും ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ്. ഇപ്പോൾ അതിനെയൊക്കെ തകിടംമറിക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നു. ആ ബോധപൂർവ്വമായ ശ്രമമാണ് ഇന്ന് നമ്മൾ കാണുന്നത്. ഏതെങ്കിലും ഒരു വ്യക്തിക്ക് മതവിശ്വാസമില്ലാതെ ജീവിക്കാം എന്നൊരു പാഠം വന്നാൽ ഉടൻ അദ്ധ്യാപകരെ ചവിട്ടിക്കൊല്ലുന്ന ഒരു അന്തരീക്ഷത്തിലേക്ക് മാറുകയാണ്. ലീഗിനെ സംബന്ധിച്ച് തീർച്ചയായും അതൊരു തീവ്രവാദ മനോഗതിയുള്ള പാർട്ടിയാണെന്ന് അഭിപ്രായം എനിക്ക് തീരെയില്ല. അന്തരിച്ചുപോയ ശിഹാബ് തങ്ങൾ തീർച്ചയായും മതേതരത്വം ഉയർത്തിപ്പിടിച്ചിരുന്ന ഒരു വലിയ നേതാവായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ അവസാനകാലമാകുമ്പോഴേക്കും അദ്ധ്യാപകനെ ചവിട്ടിക്കൊല്ലുന്ന അവസ്ഥയിലേയ്ക്ക് എത്തി. അത് ഇപ്പോൾ എത്തിനിൽക്കുന്നത് കൈവെട്ടിലാണ്. ദൈവത്തിന്റെ പേര് ഏതെങ്കിലും കഥാപാത്രത്തിനു വന്നാൽ പോലും അത് സഹിക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് അസഹിഷ്ണുതയുടെ പാതയിലേയ്ക്ക് പോപ്പുലർ ഫ്രണ്ടിനെ പോലെയുള്ള സംഘടനകൾ പോകുമ്പോൾ അതിനെ അപലപിക്കാനും അതിനെതിരായി അതിശക്തമായ നിലപാടെടുക്കാനും അവർക്ക് പല ഇടത്തും കഴിയുന്നില്ല. എന്റെ നാട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു അനുഭവം ഉണ്ട്. അഞ്ചാറ് മാസങ്ങൾക്ക് മുമ്പ് എന്റെ ഒരു സഹപ്രവർത്തകനെ എൻ.ഡി.എഫ്.കാർ വെട്ടിക്കൊന്നു. വെട്ടിക്കൊന്ന ചില ആളുകളെ പോലീസ് അറസ്റ്റു ചെയ്തു. അറസ്റ്റ് ചെയ്തപ്പോൾ എൻ.ഡി.എഫ്. പോപ്പുലർ ഫ്രണ്ടുകാർ, പോലീസ് സ്റ്റേഷനിൽ പോയി ബഹളമുണ്ടാക്കി. കുറച്ചു കഴിഞ്ഞപ്പോൾ ആ പോപ്പുലർ ഫ്രണ്ടുകാരുടെ കൂടെ ലീഗ് നേതാക്കന്മാരും ലോക്കൽ ലീഗ് നേതാക്കന്മാരും പോലീസ് സ്റ്റേഷനിൽ പോകുകയും ഇവരെ വിട്ടില്ലെങ്കിൽ ഞങ്ങൾ ബഹളമുണ്ടാക്കും, സമരം നടത്തും എന്ന് പറയുകയും ചെയ്തു. ഇവരുമായി സഹകരിച്ചുകൊണ്ട് പോകുന്നത് ആപത്താണ് എന്ന് മനസ്സിലാക്കാനുള്ള വിവേകം ലീഗിന്റെയും കോൺഗ്രസിന്റെയും നേതാക്കന്മാർക്ക് ഉണ്ടാകണം. ഈ ബന്ധം നല്ല രീതിയിലല്ല വാഴുന്നത് എന്ന് തിരിച്ചറിയണം. ബി.ജെ.പി.യും ബാജ്റംഗ്ദളും തമ്മിലുള്ള ബന്ധം പോലെയാണ് ഇപ്പോൾ ലീഗും എസ്.ഡി.പി.ഐ.യും തമ്മിലുള്ള ബന്ധം. ബി.ജെ.പി.യും ആർ.എസ്.എസ്-ഉം തമ്മിലുള്ള ബന്ധം പോലെയാണ് ലീഗും പോപ്പുലർ ഫ്രണ്ടും തമ്മിലുള്ള ബന്ധം. ഇത് രണ്ടുമായി ഇടപഴകി പോകുന്നത് ലീഗിന് ആപത്താണ്, മുസ്ലീം സമുദായത്തിന് ആപത്താണ്, ഈ രാജ്യത്തിന് ആപത്താണെന്ന് തിരിച്ചറിയാൻ സാധിക്കണം. ഈ ഭീകരത, പരിശീലനം-ആളെ കൊല്ലാൻവേണ്ടി പരിശീലനം കൊടുത്ത് ആ പരിശീലനം വിജയകരമായോ എന്ന് നോക്കാൻ വേണ്ടി ആളെ കൊല്ലുക. അങ്ങനെയാണ് ഞങ്ങളുടെ നാട്ടിലെ കൊലപാതകത്തെക്കുറിച്ച് പറഞ്ഞു കേൾക്കുന്നത്. അപ്പോൾ അത്ര ഭീകരമായ ഒരു പ്രസ്ഥാനം, എല്ലാവരും കൂടി ഒരുമിച്ച് എതിർത്ത് തോൽപ്പിക്കേണ്ട ഒരു പ്രസ്ഥാനം ഇവിടെ വളരുകയും അതിനെ അറിഞ്ഞോ അറിയാതെയോ പിന്തുണയ്ക്കുകയും ചെയ്യുന്ന ഒരു സ്ഥിതി നല്ലതല്ല. തീർച്ചയായും ഞാൻ ശ്രീ. ആര്യാടൻ മുഹമ്മദിനെ അങ്ങേയറ്റത്തെ ബഹുമാനത്തോടെ ആദരിക്കുകയാണ്. ഇത്തരം ഭീകര പ്രസ്ഥാനങ്ങളുടെ വോട്ട് എനിക്ക് വേണ്ട എന്ന് അപ്പുറത്തു നിന്ന് ഒരു ശബ്ദമെങ്കിലും ഉയർന്നുവല്ലോ.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, അന്ന് ഈ നിലപാട് എടുത്തതിന് ശ്രീ. ആര്യാടൻ മുഹമ്മദിന്റെയും മകന്റെയും നേരെ തീവ്രവാദികൾ വധഭീഷണി മുഴക്കിയതായി ഉള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബാബു എം. പാലിശ്ശേരി: ഉണ്ടാകും സർ. അവർ അങ്ങനെയാണ്. ഞാൻ അവർക്കുനേരെ സംസാരിച്ചാൽ എന്നെയും കൊല്ലാൻ ശ്രമിക്കും. പക്ഷേ അതൊക്കെ യാണെങ്കിലും, ഭീഷണിയൊക്കെ ഉണ്ടായെങ്കിലും ശ്രീ. ആര്യാടൻ മുഹമ്മദ് ആ നിലപാട് എടുത്തല്ലോ. ആ നിലപാടിനോട് യോജിക്കാനോ അല്ലെങ്കിൽ ഞങ്ങളുടെ നിലപാട് അതാണെന്ന് പറയാനോ അപ്പുറത്തിരിക്കുന്ന ബഹുമാന്യരായ നിരവധി വർഷങ്ങളുടെ തഴക്കവും പഴക്കവും ഉള്ള സീനിയർ നേതാക്കന്മാർക്ക് ആർക്കെങ്കിലും കഴിഞ്ഞോ? എന്തിന് അപ്പുറത്തിരിക്കുന്ന ലീഗുകാർക്ക് കഴിഞ്ഞോ? ഇന്നല്ലെങ്കിൽ നാളെ ലീഗിന് ഭീഷണിയായി വരാൻ പോകുന്ന ഈ പ്രസ്ഥാനങ്ങളെ ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കും അവരുടെ വോട്ട് ഞങ്ങൾക്ക് വേണ്ട എന്ന് പറയാനുള്ള ഒരു വലിയ മാനസിക വളർച്ച ലീഗിലെ ആർക്കെങ്കിലും ഉണ്ടായോ ? ഇപ്പോഴുമുണ്ടല്ലോ ഒരു മാന്യൻ അത് യു.ഡി.എഫ്. ആണല്ലോ, ഒരു പാർട്ടിയുടെ, ഒരു വലിയ പാർട്ടിയുടെ ഏക വൈസ് പ്രസിഡന്റ്, കുറച്ചുമുമ്പ് ഇവിടെ പ്രസംഗിക്കുന്നത് കേട്ടില്ലേ നിങ്ങൾ. എസ്.ഡി.പി.ഐ.യെ ന്യായീകരിച്ചുകൊണ്ട് എൻ.ഡി.എഫി.നെ ന്യായീകരിച്ചുകൊണ്ട് അവരാണ് കൈവെട്ടിയത് എന്നതിന് എന്ത് തെളിവുണ്ട് എന്ന് ശ്രീ. പി. സി. ജോർജ് ചോദിച്ചില്ലേ. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കുറച്ച് എൻ.ഡി.എഫ്. ഉണ്ട്. ആ വോട്ട് കിട്ടാൻവേണ്ടിയാണ് ചോദിച്ചത്. പരസ്യമായി അദ്ദേഹം ചോദിക്കുന്നു. പേടിച്ചിട്ടാകും. പരസ്യമായി ഈ നിയമസഭയിൽ ഒരാളും ഇതിനുമുമ്പ് ചോദിച്ചിട്ടില്ല. അവരാണ് വെട്ടിയത് എന്നതിന് തെളിവുണ്ടോ ? എന്തടിസ്ഥാനത്തിലാണ് അവരെ കുറ്റം പറയുന്നത് എന്ന് പറയുന്നിടത്തേക്ക് ശ്രീ. പി.സി. ജോർജ് എത്തിയെങ്കിൽ, ആ ശ്രീ. പി. സി. ജോർജ് ഉൾക്കൊള്ളുന്നതാണ് യു.ഡി.എഫ്. എങ്കിൽ യു.ഡി.എഫ്.ന്റെ നിലപാടാണത്. അപ്പോൾ യു.ഡി.എഫ്. എങ്ങോട്ടാണ് പോകുന്നത് ? ഈ അപകടകരമായ സാഹചര്യത്തെ അതിജീവിക്കാൻ ഇപ്പോൾ ഒരു ചെറിയ അഴിമതി ആക്ഷേപം എന്ന ഉമ്മാക്കി കാണിച്ച് പേടിപ്പിക്കുകയാണ്. നിങ്ങൾ ഡോ. തോമസ് ഐസക് എന്ന് പറയുന്ന ധനകാര്യ വകുപ്പുമന്ത്രിയെ കുറിച്ച് എന്തൊക്കെ പറഞ്ഞാലും ഈ കേരളം വിശ്വസിക്കില്ല. ഒരു സംശയവും വിചാരിക്കേണ്ട. നാല് കൊല്ലക്കാലം കൊണ്ട് കേരളത്തിന് സാമ്പത്തിക ഭദ്രതയുണ്ടാക്കി. നിങ്ങൾ വരുത്തിവച്ച മാലിന്യങ്ങളെല്ലാം അടിച്ചു വൃത്തിയാക്കി ഒരു സുന്ദര കേരളം പടുത്തുയർത്തുന്നതിന് നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റിന്റെ ഖജനാവ് സൂക്ഷിക്കുന്ന ഡോ. തോമസ് ഐസക്കിനെ കുറിച്ച് നിങ്ങൾ എന്ത് ആക്ഷേപം പറഞ്ഞാലും കേരളത്തിലെ ഒരു മനുഷ്യനും വിശ്വസിക്കില്ല എന്ന വസ്തുത നിങ്ങൾ മനസ്സിലാക്കണം. അധരവ്യായാമം നിർത്താൻ വേണ്ടി നിങ്ങൾക്ക് കഴിയണം. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്, അന്ധരായിട്ടുള്ള ആളുകളുടെ സമരം പുറത്ത് നടക്കുന്നുണ്ട്. ആ സമരം അവസാനിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടൽ ഉണ്ടാകണം എന്നുകൂടി പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ]

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഈ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിനെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ വിവിധ ഹെഡ്ഡുകളിൽ ചോദിച്ചിരിക്കുന്ന പണം പരിപൂർണ്ണമായും ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനക്ഷേമകരമായ പദ്ധതികൾക്കു വേണ്ടിയുള്ളതാണ്. ഇപ്പോൾ സിവിൽ സപ്ലൈസ് വകുപ്പിൽ രണ്ടു രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കുന്നതിനുവേണ്ടിയുള്ള പണം, അത് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചതിന് ഒരു ന്യൂ സർവ്വീസ് പ്രൊസിഡ്യൂർ എടുക്കാനുള്ള ഹെഡ്ഡാണ് പ്രധാനമായും ഇതിനകത്തുള്ളത്. രണ്ടു രൂപയ്ക്ക് അരി കൊടുക്കുന്ന പദ്ധതിയെ പ്രതിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കുന്നുണ്ടോ ? എതിർക്കുന്നില്ലായെങ്കിൽ എന്തുകൊണ്ട് ഈ ഉപധനാഭ്യർത്ഥകളെ എതിർക്കുന്നു. ഇവിടെ തൊട്ടുമുമ്പെ സംസാരിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് എന്റെ തൊട്ടടുത്ത മണ്ഡലത്തിലെ ജനപ്രതിനിധിയാണ്. എന്റെ നാട്ടിൽ നിന്നു തിരുവനന്തപുരത്തു വരുമ്പോൾ അദ്ദേഹത്തിന്റെ മണ്ഡലം ആരംഭിക്കുന്ന സ്ഥാനത്ത് അദ്ദേഹത്തിന്റെ കൂറ്റൻ പടം വച്ച ഒരു ഫ്ളക്സ് ബോർഡുണ്ട്. അവിടെ ഒരു കോടി മുപ്പത്തിയഞ്ചു ലക്ഷം രൂപയുടെ പണികൾ ചെയ്തു എന്നുള്ളതാണ് കാണിച്ചിരിക്കുന്നത്. അതു കഴിഞ്ഞ് കല്ലുശ്ശേരി പാലത്തിലും അദ്ദേഹത്തിന്റെ ഫ്ളക്സ് ബോർഡുണ്ട്. ചെങ്ങന്നൂർ ടൗണിന്റെ അതിർത്തി മുഴുവൻ യു.ഡി.എഫ്. എം.എൽ.എ. മാർക്ക് ഫ്ളക്സ് ബോർഡുകൾ വയ്ക്കുവാൻ, വികസന പ്രവർത്തനങ്ങൾ അവിടത്തെ മണ്ഡലങ്ങളിൽ നടപ്പിലാക്കുവാൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലേക്കാൾ കൂടുതലായി പ്രവൃത്തികൾ ചെയ്ത് അതിന് സാഹചര്യമൊരുക്കി കൊടുത്തത് ഈ ഗവൺമെന്റാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഒരു ഫ്ളക്സ് ബോർഡുപോലും വയ്ക്കുവാൻ കഴിയാതിരുന്ന എം.എൽ.എ. മാരാണ് ഇന്ന് ഈ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിനെ എതിർക്കുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അങ്ങിവിടെ പ്രതിപക്ഷ എം.എൽ.എ.മാരുടെ മണ്ഡലങ്ങളിലെ വികസനത്തെക്കുറിച്ച് പറഞ്ഞല്ലോ. കേരളത്തിൽ ഏറ്റവും കൂടുതൽ ടാക്സ് പിരിക്കുന്നത് കൊച്ചിയിൽ നിന്നും എറണാകുളത്തു നിന്നുമാണ്. എന്റെയും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെയും, മണ്ഡലമാണ്. അവിടെ ഒന്നും ചെയ്തില്ലായെന്ന് പറയാൻ ഗവൺമെന്റിന് കഴിയുമോ ? ഞങ്ങളുടെ റൈറ്റല്ലേ അത് ?

ശ്രീ. മാത്യു ടി. തോമസ്: ഞാൻ പറഞ്ഞല്ലോ. വിഷൻ 2010, അതുപോലെ തന്നെ മാന്ദ്യവിരുദ്ധ പാക്കേജ്, ഈ പദ്ധതികൾ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ കാലഘട്ടത്തിൽ സംസ്ഥാനത്ത് അവതരിപ്പിക്കുവാൻ കഴിഞ്ഞ ഒരു ധനകാര്യമന്ത്രി, കേരളം കണ്ട ഏറ്റവും നല്ല ധനകാര്യ മന്ത്രി മാത്രമല്ല, ഒരു പക്ഷെ ഇൻഡ്യ കണ്ട ഏറ്റവും മെച്ചപ്പെട്ട സംസ്ഥാന ധനകാര്യ മന്ത്രിയാണ്. ഇന്നലെ ചിലർ ആരോപണമുന്നയിച്ചു. ഞാൻ സത്യസന്ധമായി, ആത്മാർത്ഥമായി പറയുകയാണ്. ആ ആരോപണമുന്നയിക്കുവാൻ വേണ്ടി പ്രേരകമായത് ഭരണ കക്ഷി എം.എൽ.എ.മാരുടെ ചില പ്രസംഗങ്ങളാണ്. മൂന്നും നാലും ദിവസമായി ഞങ്ങൾ പ്രസംഗിക്കുകയല്ലേ ? നാലു കൊല്ലമായി ഒരു അഴിമതിയെങ്കിലും ഉന്നയിക്കുവാൻ പ്രതിപക്ഷത്തിന് കഴിഞ്ഞോ എന്ന് ചോദിച്ചപ്പോൾ പ്രതിപക്ഷത്തിന് ഭൂതോദയമുണ്ടായി. അവരുടെ കാലഘട്ടത്തിൽ എല്ലാ മന്ത്രിമാർക്കുമെതിരെ അഴിമതിയാരോപണങ്ങളായിരുന്നു. എന്നാൽ ഇരിക്കട്ടെ ദാ ഒരെണ്ണം എന്നുവച്ച് ഇന്നലെക്കൊണ്ട് വെറുതെ എടുപ്പിച്ചതാണ്. നളിനി ചിദംബരം ഒരു നല്ല വക്കീലാണ്. ലോട്ടറി മാഫിയക്കുവേണ്ടി നളിനി ചിദംബരം കേസ് വാദിച്ചപ്പോൾ ലോട്ടറി മാഫിയയുടെ കേസ് വിജയിച്ചു. എന്റെ സ്നേഹിതൻ ശ്രീ. വി. ഡി. സതീശൻ നല്ലൊരു വക്കീലാണ്. അദ്ദേഹം ഈ നിയമസഭയിൽ വരുന്നതിനുപകരം ഹൈക്കോടതിയിൽ വക്കീലായി

LIBRARY ARCHIVES Kerala Legislative Assembly

പ്രാക്ടീസ് ചെയ്തിരുന്നെങ്കിൽ നല്ല വക്കീലായി മാറുമായിരുന്നു എന്ന പൂർണ്ണവിശ്വാസമുള്ള ഒരാളാണ് ഞാൻ. പക്ഷേ ഇന്നലെ അദ്ദേഹം ഇവിടെ അവതരിപ്പിച്ച കേസ് പരിപൂർണ്ണമായി തോറ്റുപോയി. ഇവിടത്തെ പ്രശ്നം കേന്ദ്രത്തിലെ ധനകാര്യ മന്ത്രിയുടെ ഭാര്യ ലോട്ടറി മാഫിയയ്ക്കു വേണ്ടി ഹാജരായി എന്നുള്ളതല്ല. ധനകാര്യ മന്ത്രിയുടെ ഭാര്യ, അവരൊരു ഇൻഡിവിഡ്യുലാണ്, അവർക്ക് അവരുടേതായ പെഴ്സണാലിറ്റിയുണ്ട്, അവർക്ക് ഹാജരാകാം. പക്ഷേ ലോട്ടറി മാഫിയയുടെ വക്കീലായിരുന്ന ആളുടെ ഭർത്താവ് കേന്ദ്രത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിയാകുമ്പോൾ ലോട്ടറി മാഫിയക്ക് അനുകൂലമായി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന ഗുരുതരമായ ക്രമക്കേടാണ് ഈ രാജ്യത്തുണ്ടായത്. അതിന്റെ പരിണതഫലം മുഴുവൻ കേരളത്തിലെ ധനകാര്യ മന്ത്രിയുടെ തലയിൽ വച്ചുകെട്ടികൊണ്ട് രക്ഷപ്പെടാമെന്ന് ആരും ധരിക്കണ്ട. ഇന്നലെ ചില കാര്യങ്ങൾ നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഒരു മാന്യതയുടെ പേരിൽ പറയാതിരിക്കുകയാണ്. എത്ര പ്രതിപക്ഷ എം.എൽ.എ.മാർ ഇന്നലെ വൈകിട്ട് അദ്ദേഹത്തെ സ്വകാര്യമായി വിളിച്ചു. പല ആളുകളും വിളിച്ചിട്ട് ഇത് രാഷ്ട്രീയ കാരണങ്ങൾക്കുവേണ്ടി ഞങ്ങൾ ഉന്നയിക്കുന്നതാണ് എന്നാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ മാന്യത കൊണ്ട് അദ്ദേഹം ഇത് പറയാതിരിക്കുകയാണ്. ഞാൻ അതിലേക്ക് പോകുന്നില്ല. ഇവിടെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളാണ് നാം വിലയിരുത്തുന്നത്. അങ്ങനെ വിലയിരുത്തുമ്പോൾ ഈ നാട്ടിൽ ഭക്ഷ്യവിതരണ രംഗത്ത് സബ്സിഡി കൊടുത്ത ഒരു ഗവൺമെന്റാണിത്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഇന്നലത്തെ പ്രസംഗത്തിൽ സൂചിപ്പിച്ചു, പ്രതിവർഷം വെറും 24 കോടി രൂപ സബ്സിഡി കൊടുത്തിരുന്ന സ്ഥാനത്ത് എൽ.ഡി.എഫ്. ഗവൺമെന്റ് 500-ൽ അധികം കോടി രൂപ സബ്സിഡി കൊടുത്ത ഗവൺമെന്റായി മാറിയിരിക്കുന്നു. ജനക്ഷേമകരമായ പരിപാടികളും പദ്ധതികളുമാണ് ഇവിടെ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെ പ്രസംഗിക്കുമ്പോൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സൂചിപ്പിച്ചു. കേരളം ഈ പദ്ധതി നടത്തിപ്പിൽ മുപ്പതാം സ്ഥാനത്തും മുപ്പത്തിരണ്ടാം സ്ഥാനത്തുമെന്നൊക്കെയാണ് അദ്ദേഹം പറഞ്ഞത്. ഇൻഡ്യാ ഗവൺമെന്റിന്റെ തന്നെ വെബ്സൈറ്റിൽ നിന്നു ലഭ്യമാകുന്ന വിവരങ്ങൾവച്ച് മൊത്തം ചെലവിന്റെ കാര്യത്തിൽ കേരളം പതിനേഴാം സ്ഥാനത്താണ്. കൂലിയിനത്തിന്റെ ചെലവിന്റെ കാര്യത്തിൽ കേരളം പതിനാലാം സ്ഥാനത്താണ്. ആകെ ചെലവിൽ കൂലിയുടെ ശതമാനം 86.93 എന്നു പറയുന്നത്, കേരളം ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളെക്കാളും ഒന്നാം സ്ഥാനത്താണ് എന്നുളളതാണ്. അത് ഇൻഡ്യാ ഗവൺമെന്റിന്റെ കണക്കിൽ നിന്ന് ലഭ്യമാകും. തൊഴിൽ നൽകുന്ന കാര്യത്തിൽ, 93000 കുടുംബങ്ങൾക്ക് തൊഴിൽ കൊടുത്തിരിക്കുന്നു. അതിലെ സ്ത്രീ പങ്കാളിത്തം 88 ശതമാനമാണ്. അവിടെയും കേരളം ഒന്നാം സ്ഥാനത്താണെന്ന് വ്യക്തമായിക്കഴിഞ്ഞിരിക്കുകയാണ്. അതുപോലെ വെള്ളപ്പൊക്ക നിയന്ത്രണത്തിൽ, പൂർത്തിയാക്കിയ പ്രവൃത്തികളുടെ കാര്യത്തിൽ, രണ്ടാം സ്ഥാനത്താണ്. ചെറുകിട ജലസേചനത്തിൽ അഞ്ചാം സ്ഥാനത്തും,

LIBRARY ARCHIVES Kerala Legislative Assembly

ഭൂവികസന കാര്യത്തിൽ ഒമ്പതാം സ്ഥാനത്തുമാണ്. തൊഴിലുറപ്പു പദ്ധതിയുടെ രംഗത്ത് കഴിഞ്ഞ ദിവസം പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. നാം വളരെ അധികം മുന്നിൽ പോയിരിക്കുന്നു എന്നു പറയുവാൻ വേണ്ടി മാത്രമാണ് ഞാൻ ഈ കണക്കുകൾ സൂചിപ്പിക്കുവാൻ ശ്രമിച്ചത്. കഴിഞ്ഞ ദിവസങ്ങളിൽ ഗതാഗത വകുപ്പിനെ സംബന്ധിച്ച് ചില പരാമർശങ്ങൾ ഇവിടെയുണ്ടായി. ധനാഭ്യർത്ഥന ചർച്ച ചെയ്ത ബഹുമാനപ്പെട്ട ആര്യാടൻ സാറും ഇന്നലെ ബഹുമാന്യനായ മുൻമന്ത്രി ശക്തൻ സാറും സൂചിപ്പിച്ച ചില പ്രശ്നങ്ങൾ. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന വർഷം 104 കോടി രൂപയുടെ നഷ്ടം ഉണ്ടായിരുന്നു എന്നാണ് ബഹുമാനപ്പെട്ട എൻ. ശക്തൻ ഉന്നയിച്ചത്. അത് ശരിയല്ല. ഓഡിറ്റ് ചെയ്യുന്നതിനുമുമ്പ് പ്രൊവിഷണലായി ഉണ്ടായിരുന്ന കണക്ക് പ്രകാരം 2005-06-ൽ 104 കോടി രൂപ യായിരുന്നെങ്കിലും ഓഡിറ്റ് ചെയ്തു കഴിഞ്ഞപ്പോൾ ആ നഷ്ടം 191 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2007-08 ആയപ്പോൾ അത് 136 കോടിയായി കുറഞ്ഞുവന്നു. 2009-2010-ൽ 183.6 കോടി രൂപ ഓഡിറ്റ് ചെയ്ത കണക്കല്ല, ഓഡിറ്റ് ചെയ്യാൻ സമയമായില്ല. ആ കാലഘട്ടത്തെക്കാൾ കൂടുതലായി എന്നത് ശരിയാണ്. പക്ഷേ 191-ൽ നിന്ന് 183 കോടി രൂപ ആയി. ചെറിയ കുറവ് മാത്രമാണ് ഉണ്ടായതെങ്കിൽ അതിൽ 173 കോടി രൂപ പെൻഷനും ശമ്പളവും റിവൈസ് ചെയ്തതുകൊണ്ട് കൊടുക്കേണ്ടി വന്നിട്ടുള്ളതാണ്.

ശ്രീ. എൻ. ശക്തൻ : സർ, ഈ നിയമസഭാ സമ്മേളനകാലത്ത് 2-ാം തീയതി ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയോട് ഞാൻ തന്നെ ഒരു ചോദ്യം ചോദിച്ചു. അദ്ദേഹം എനിക്ക് രേഖാമൂലം തന്നത്, ഇപ്പോൾ ഒരു മാസം 33 കോടി രൂപയുടെ നഷ്ടമുണ്ടെന്നാണ്. ഒരു മാസം 33 കോടി രൂപയുടെ നഷ്ടം ഇപ്പോഴുണ്ടെങ്കിൽ ഒരു വർഷം എത്ര കോടി രൂപ ഒന്നു കണക്കാക്കിനോക്കൂ.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, കഴിഞ്ഞ സർക്കാരിന്റെ ഭരണമവസാനിക്കുമ്പോൾ 461 കോടി രൂപയാണ് കടം. ഈ സർക്കാർ 1270 കോടി രൂപയുടെ കടമെടുത്തു. അതിൽ 1042 കോടി രൂപ പഴയ കടത്തിന്റെ മുതലിനും പലിശയ്ക്കും വേണ്ടിയിട്ടാണ്. ഇതാണ് കടക്കെണിയെന്നു പറയുന്നത്. .... (ബഹളം)........... ഇതാണ് കടക്കെണി.

ശ്രീ. മാത്യു ടി. തോമസ്: അവിടെ അവസാനിക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ആ കണക്ക് പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. എന്നാൽ കഴിഞ്ഞ ഗവൺമെന്റ് ചുമതല വിട്ടൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി. എന്ന സ്ഥാപനം ഇൻഡ്യൻ ഓയിൽ കമ്പനിക്ക് കൊടുക്കാനുണ്ടായിരുന്ന തുക 173.8 കോടി രൂപയാണ്. ആ തുക മുഴുവനും ഈ ഗവൺമെന്റ് കൊടുത്തു എന്നു മാത്രമല്ല പിന്നീടുപയോഗിച്ച ഇന്ധനത്തിന്റെ ഒരു പൈസപോലും കടമിടാതെ മുഴുവൻ തുകയും കൊടുത്തുതീർത്തിരിക്കുകയാണ്. എം.എ.സി.ടി.ക്ക് 49 കോടി രൂപ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലെ കടം കൊടുത്തുതീർത്തിട്ടുണ്ട്. പി. എഫ് 105 കോടി രൂപ, പെൻഷനണറി ബെനിഫിറ്റ്സ്. അങ്ങനെ കഴിഞ്ഞ കാലങ്ങളിലെ കടം തന്നെ 652.81 കോടി രൂപ കെ.എസ്.ആർ.ടി.സി.

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുണ്ട്. 1270 കോടി രൂപയിൽ ധനകാര്യമന്ത്രി പറഞ്ഞതുപോലെ കടമെടുത്ത വകയിൽ പഴയകാലത്തിലെ തിരിച്ചടവു തന്നെ 1042 കോടി രൂപയാണ്. അത് ചൂണ്ടിക്കാണിക്കാതെ കെ.എസ്.ആർ.ടി.സി. കൂടുതൽ നഷ്ടത്തിലേക്ക് വന്നു എന്നു പറയുന്നത് ശരിയല്ല. എന്നു മാത്രമല്ല ലാഭ നഷ്ടക്കണക്കുകളുടെ ബാലൻസ് ഷീറ്റ് അവിടെ നിൽക്കട്ടെ. പതിനൊന്നേകാൽ ലക്ഷം കിലോമീറ്റർ ഓടിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ഇന്ന് പതിനാറുലക്ഷം കിലോമീറ്റർ ഓടുന്നു. 20000 പേർക്ക് പുതുതായി തൊഴിൽ കൊടുത്തിരിക്കുന്നു. അങ്ങനെ വികസനരംഗത്ത് കെ.എസ്.ആർ.ടി.സി.യും മറ്റ് എല്ലാ വകുപ്പുകളും മുന്നേറിക്കൊണ്ടിരിക്കുമ്പോൾ അതിന്റെ ഭാഗമായി അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയല്ലാതെ എങ്ങനെ എതിർക്കാൻ കഴിയും ? ഇവിടെ പല പ്രസംഗങ്ങൾ കഴിഞ്ഞു. ബഹുമാനപ്പെട്ട എന്റെ നേതാവ് ശ്രീ. കെ. പി. മോഹനൻ പറഞ്ഞത് പ്രേമം ഒരു നിമിഷനേരത്തേയ്ക്കുള്ള കാര്യമായിരുന്നു എന്നാണ്. അദ്ദേഹം അതിൽ പരിതപിക്കുന്നുണ്ട്, കാരണം അദ്ദേഹത്തിന് യു.ഡി.എഫിനോട് തോന്നിയ പ്രേമം നൈമിഷികമായിരുന്നു. അത് തുടരാൻ കഴിയാത്ത അവസ്ഥയിലാണ് അദ്ദേഹം എന്നുള്ളതുകൊണ്ടാണ് അദ്ദേഹം പറഞ്ഞത്. കുറേ നാളുകളായി നമ്മുടെ നാട്ടിൽ കാണുന്ന ഒരു പ്രതിഭാസം ജയിക്കുമെന്ന് തോന്നുന്നയിടത്തേക്ക് മാറുക. അവിടെ ചെന്നുകഴിയുമ്പോൾ നിരാശ തോന്നുക, നൈമിഷികമായി പോയെന്ന് തോന്നുക. ഇവിടെ അത് ശ്രീ. കെ. പി. മോഹനനു മാത്രം വന്ന പ്രശ്നമല്ല. 1977 മുതലുള്ള കേരളത്തിലെ ചരിത്രമതാണ്. വഴങ്ങാൻ സമയമില്ല മോഹനാ. നമ്മളൊരു പാർട്ടിക്കാരല്ലേ ? നമ്മൾ കുറഞ്ഞ പക്ഷം നിയമസഭാ രേഖകളിലെങ്കിലും ഒരു പാർട്ടിക്കാരല്ലേ ?

ശ്രീ. കെ. പി. മോഹനൻ : സർ, ശ്രീ. മാത്യു ടി. തോമസ്, എന്റെ നേതാവ് എന്നു പറഞ്ഞിട്ടാണ് തുടങ്ങിയത്, നല്ലതു തന്നെ. പക്ഷേ എന്തുകൊണ്ടാണ് അവിടെ നിന്ന് ഇങ്ങോട്ടു പോന്നതെന്ന് ബഹുമാനപ്പെട്ട മാത്യു ടി. തോമസിനുതന്നെ അറിയാം. ഞങ്ങളെല്ലാവരും കൂടി എടുത്ത തീരുമാനമാണ്. അതിൽ നിന്ന് പിൻവലിയുകയാണുണ്ടായത്.

മി. ചെയർമാൻ : സമയം വളരെ കൂടുതലെടുത്തിരിക്കുകയാണ്.

ശ്രീ. മാത്യു ടി. തോമസ് : വളരെ വ്യക്തമാണ്. വലിയ വിഷയമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥിയായി നിന്നു ജയിക്കുകയും ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ നാട്ടിൽ അവതരിപ്പിച്ചിരിക്കുന്ന പരിപാടികളാണ് നാടിന്റെ വികസനത്തിനും വളർച്ചയ്ക്കും പര്യാപ്തമെന്ന് വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും പ്രസംഗിക്കുകയും, കോൺഗ്രസ്സിന്റെ പരിപാടികൾ ജനവിരുദ്ധമാണെന്ന് ദീർഘനാളുകളായി പ്രസംഗിക്കുകയും പുസ്തകമെഴുതുകയുമൊക്കെ ചെയ്തതിനുശേഷം ഒരു സീറ്റു കിട്ടാതെ വരുമ്പോൾ പാർട്ടി മാറുകയും നിലപാടു മാറുകയും മുന്നണി മാറുകയും ചെയ്യുന്ന രാഷ്ട്രീയം അധാർമ്മികമാണെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഇവിടെ നിൽക്കുന്നത്. അദ്ദേഹം അപ്പുറത്ത് പോയതായിട്ട് പറയുന്നില്ല. അതുകൊണ്ട് വർഷങ്ങളായി, ദശാബ്ധങ്ങളായി ഉന്നയിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയമുള്ള ജനതാദൾ(എസ്) പ്രസ്ഥാനം, ആ രാഷ്ട്രീയമെന്നു പറഞ്ഞാൽ സാമ്രാജ്യത്വശക്തികൾക്ക് എതിരെ, നാട്ടിൽ സാമ്രാജ്യത്വ അനുകൂല നിലപാടെടുക്കുന്ന കോൺഗ്രസ്സിനെതിരെ, ഉദാരവൽക്കരണത്തിനെതിരെ ആഗോളീകരണത്തിനെതിരെ ഏറ്റവും ശക്തമായ നിലപാടെടുത്ത് പ്രചാരണം നടത്തിയ പ്രസ്ഥാനമാണ് ജനതാദൾ(എസ്) പ്രസ്ഥാനം. ഗാട്ട് കരാർ വന്നപ്പോൾ അതിലെ കാണാച്ചരട് എന്ത് എന്ന് വ്യക്തമാക്കിയ പ്രസ്ഥാനമാണ്. ആഗോളീകരണം വന്നപ്പോൾ അതിലെ ഊരാക്കുടുക്കുകൾ പ്രചരിപ്പിച്ച പ്രസ്ഥാനമാണ്. ആ പ്രസ്ഥാനം ഒരു സീറ്റിന്റെ പേരിൽ, വേറൊരു മുന്നണിയും വേറൊരു നയവുമായി ശത്രുപാളയത്തിലേയ്ക്ക് പോകുന്ന നയം അധാർമ്മികമാണെന്നുള്ളതുകൊണ്ടാണ് ജനതാദൾ (എസ്) പ്രസ്ഥാനം ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ തന്നെ തുടരുന്നത്. അപ്പുറത്ത് പോയവരുടെ സ്ഥിതി എന്താണ് ?- അപ്പുറത്ത് പോയവർ പാർട്ടിയുടെ പേരും ചിഹ്നവുമെല്ലാം മാറ്റാൻ പോകുകയാണ്....

മി. ചെയർമാൻ : അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. മാത്യു ടി. തോമസ് : നയപരിപാടികൾ മാറ്റിയതോടൊപ്പംതന്നെ ചിഹ്നവും പേരും പാർട്ടിയുമെല്ലാം മാറി കോൺഗ്രസ്സിന്റെ താവളത്തിൽ അവരുടെ അടിമകളായി മാറാൻ പോകുകയാണ്.

മി. ചെയർമാൻ : യെസ്... യെസ്....

ശ്രീ. മാത്യു ടി. തോമസ് : സർ, ഞാൻ അവസാനിപ്പിക്കുകയാണ് ഒരു ചോദ്യം മാത്രം. ഇവിടെ യു.ഡി.എഫിന്റെ കൺവീനർ ഉന്നയിച്ച ഒരു പ്രശ്നമുണ്ട്. യു.ഡി.എഫ്.-ലേക്ക് വരുന്ന ആളുകൾ ശ്രീമതി സോണിയാ ഗാന്ധിയുടെ നേതൃത്വം അംഗീകരിച്ചിട്ടുവന്നാൽ മതി, കോൺഗ്രസ്സിന്റെ പരിപാടികൾ അംഗീകരിച്ചിട്ടുവന്നാൽ മതി എന്ന്. ബഹുമാനപ്പെട്ട കെ. പി. മോഹനനും ശ്രീ.പി.സി.ജോർജുമൊക്കെ ഇവിടെ നിന്നു അങ്ങോട്ടു പോയവർ, (ശ്രീ. പി. ജെ. ജോസഫിനെ ഞാൻ വിടുകയാണ്. അദ്ദേഹം ഏതു പരിപാടിയും സ്വീകരിക്കാൻ തയ്യാറുള്ള ആളാണ്) അവർ ശ്രീമതി സോണിയാഗാന്ധിയുടെ നേതൃത്വം അംഗീകരിച്ചിട്ടുണ്ടോ ; കോൺഗ്രസ്സിന്റെ പരിപാടികളാണ് ഞങ്ങളുടെ പരിപാടി എന്ന് അവർ സ്വീകരിച്ചിട്ടുണ്ടോ ; അല്ലെങ്കിൽ യു.ഡി.എഫ്. കൺവീനർ മുന്നോട്ടുവച്ച നിബന്ധന അദ്ദേഹം സ്വീകരിച്ചിട്ടുണ്ടോ ?

മി. ചെയർമാൻ : യെസ്... യെസ് ... വൈന്റ്-അപ് ചെയ്യണം.

ശ്രീ. മാത്യു ടി. തോമസ് : ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ അടിയുറച്ച ധാർമ്മിക നിലപാടുന്നയിക്കുന്ന രാഷ്ട്രീയം, ആ രാഷ്ട്രീയത്തിന്റെ പാതയിൽ തന്നെ ഈ മുന്നണി മുന്നോട്ടുപോകും. ജനക്ഷേമകരമായ പരിപാടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകും. ആ ജനക്ഷേമകരമായ പരിപാടികൾക്കായി അവതരിപ്പിച്ചിരിക്കുന്ന ഈ സപ്ലിമെന്ററി ഗ്രാന്റ്സിനെ ഞാൻ അനുകൂലിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. തിലോത്തമൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. നികുതി-നികുതിയേതര ഇനങ്ങളിൽനിന്ന് ലഭിക്കുന്ന വരുമാനം വിവിധ സർക്കാർ വകുപ്പുകൾക്ക് പങ്കുവച്ച് കൊടുക്കുന്ന ഒരു കണക്കപ്പിള്ളയുടെ ചുമതലയാണ് അദ്ദേഹം അവലംബിച്ചത്. സർക്കാരിന്റെ പദ്ധതിയേതര ചെലവുകൾക്ക് പണം കണ്ടെത്തുക, നാടിന്റെ വികസന മുന്നേറ്റത്തിന് അനുകൂലമായ ധനസ്ഥിതി സൃഷ്ടിക്കുക, സമ്പദ്ഘടനയിൽ ക്രിയാത്മകമായ ഇടപെടൽ നടത്തുക എന്നുള്ള കാര്യത്തിലെല്ലാം വളരെ വിജയകരമായി നമ്മുടെ ധനമന്ത്രിക്ക് മുന്നേറാൻ കഴിഞ്ഞു എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യം അംഗീകരിക്കുന്നതിനുപകരം, അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കാനാണ് യു.ഡി.എഫ്.-ന്റെ പ്രിയപ്പെട്ട സ്നേഹിതന്മാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആ ആരോപണങ്ങളെല്ലാം സോപ്പ് കുമിളകൾപോലെ പൊട്ടിപ്പോകും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. യാഥാർത്ഥ്യത്തിന്റെ സൂചിമുനയ്ക്കുനേരെ നിൽക്കുമ്പോൾ കാറ്റുപോയ ബലൂൺപോലെയാകും ഈ ആരോപണങ്ങളെല്ലാം എന്ന് നമ്മൾ കണ്ടു കഴിഞ്ഞതാണ്. മതതീവ്രവാദത്തിന്റെ കാർമേഘ പടലങ്ങൾ നമുക്ക് മേലേ പരക്കുകയാണ്. ഈ കാർമേഘ പടലങ്ങളെ മതസൗഹാർദ്ദത്തിന്റെ പ്രാണവായു ആഞ്ഞ് വീശിക്കൊണ്ടുവേണം നമുക്ക് ഇതിനെ പരാജയപ്പെടുത്താൻ. മതസൗഹാർദ്ദത്തിന് പേരുകേട്ട സംസ്ഥാനമാണ് നമ്മുടേത്. എന്നാൽ ഈയിടെയായി കണ്ടുവരുന്ന ചില പ്രവണതകൾ നമ്മുടെ പാരമ്പര്യത്തെ തന്നെ ഇല്ലായ്മ ചെയ്യുമോ എന്ന ആശങ്ക കേരളീയ സമൂഹത്തിനാകെ ഉണ്ടാക്കിയിരിക്കുകയാണ്. എല്ലാ മതങ്ങൾക്കും ഒരുപോലെ പ്രവർത്തിക്കാനും എല്ലാ മതവിശ്വാസികൾക്കും അവരവരുടെ ആചാരാനുഷ്ഠാനങ്ങളനുസരിച്ച് ജീവിക്കാനും കഴിയുന്ന ഒരു അന്തരീക്ഷമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. മുഹമ്മദ് നബിയുടെ സന്ദേശം ഇവിടെ വന്നപ്പോഴും ക്രിസ്തുവിന്റെ സന്ദേശം ഇവിടെ വന്നപ്പോഴും രണ്ട് കയ്യുംനീട്ടി അതിനെ സ്വീകരിച്ചവരാണ് നമ്മുടെ പൂർവ്വികർ. അങ്ങനെ നന്മ എവിടെനിന്ന് വന്നാലും അതിനെ സ്വീകരിക്കുക എന്ന ഒന്നാന്തരം ഒരു സംസ്ക്കാരം കേരളീയരായ നമ്മുടെ പൂർവ്വികർ പടുത്തുയർത്തി. ഇതിൽനിന്നും വ്യത്യസ്തമല്ല നമ്മുടെ രാജ്യത്തിന്റെ ചരിത്രവും. ഒരിക്കൽപോലും ഒരു തിയോക്രാറ്റിക് ഭരണകൂടം, ഒരു വൈദീക ഭരണകൂടം നമ്മുടെ രാജ്യത്ത് ഉണ്ടായിരുന്നുവെന്ന് ഒരു ചരിത്രകാരന്മാർപോലും ഇന്ന് അംഗീകരിക്കുന്നില്ല. ബ്രിട്ടീഷുകാരുടെ കാലത്ത് നമ്മുടെ ചരിത്രത്തെ വളച്ചൊടിച്ച് വ്യാഖ്യാനിക്കാൻ അവർ പരിശ്രമിച്ചുവെങ്കിലും അതെല്ലാം അമ്പേ തെറ്റായിരുന്നുവെന്ന് എല്ലാ ചരിത്രകാരന്മാരും ഇന്ന് നിസ്സംശയം പറയുന്ന വസ്തുത നമുക്കെല്ലാവർക്കും ബോദ്ധ്യമുണ്ട്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായ സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. 1992-ലെ ബാബറി മസ്ജിദ് സംഭവമാണ് എല്ലാ വർഗ്ഗീയ പ്രസ്ഥാനങ്ങളുടേയും അഴിഞ്ഞാട്ടത്തിന് അവസരം ഒരുക്കിയത്. ആ വിവാദ സംഭവം നടക്കുന്ന പശ്ചാത്തലത്തിലാണ് എൻ.ഡി.എഫ്. എന്ന സംഘടന ഇവിടെ രൂപം കൊള്ളുന്നത്. അതുവരെ 'സിമി'യിൽ പ്രവർത്തിച്ചിരുന്ന ആളുകൾ, കേന്ദ്രഗവൺമെന്റ് 'സിമി'-യുടെ പ്രവർത്തനങ്ങളിൽ നിരോധനം ഏർപ്പെടുത്തിയപ്പോൾ ആ പ്രവർത്തകരെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

കൂടി ചേർന്ന് എൻ.ഡി.എഫ്.എന്ന സംഘടനയ്ക്ക് രൂപം കൊടുത്തു. ആ എൻ.ഡി.എഫ്. പിൽക്കാലത്ത് പോപ്പുലർ ഫ്രണ്ടായും എസ്.ഡി.പി.ഐ.-യായും രൂപാന്തരം പ്രാപിക്കുമ്പോൾ നാമെല്ലാം വിചാരിച്ചത് ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആ തീവ്രവാദ സംഘടന പരിണമിക്കുന്നു എന്നാണ്. എന്നാൽ കാര്യങ്ങൾ അങ്ങനെയായിരുന്നില്ല എന്നാണ് ന്യൂമാൻസ് കോളേജിലെ അദ്ധ്യാപകന്റെ കൈപ്പത്തിവെട്ടിയ സംഭവവുമായി ബന്ധപ്പെട്ട് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇടുങ്ങിയ വർഗ്ഗീയത, അതിനേക്കാളേറെ തീവ്ര മതവികാരം ആളിക്കത്തുന്ന സമീപനം, അതിന്റെ ചുവട് പിടിച്ച് പ്രവർത്തിക്കുന്ന ഒരു സംഘടനയായി ഇന്ന് എൻ.ഡി.എഫ്. മാറിക്കൊണ്ടിരിക്കുകയാണ്. എൻ.ഡി.എഫ്. രൂപം കൊണ്ടതിനുശേഷം അവർ നമ്മുടെ സംസ്ഥാനത്ത് 22 കൊലപാതകങ്ങൾ നടത്തിയിരിക്കുന്നു. കേരളത്തിന്റെ മണ്ണിൽ വർഗ്ഗീയ ചേരികൾ സൃഷ്ടിക്കാൻ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഒരു സംഘടനയായി എൻ.ഡി.എഫ്. മാറുകയാണ്. അതിന്റെ ആദ്യ രൂപമായ 'സിമി' 'ഇൻഡ്യയുടെ മോചനം ഇസ്ലാമിലൂടെ' എന്ന് പറഞ്ഞു. അപ്പോൾ തന്നെ ആർ.എസ്.എസ്. പ്രതികരിച്ചു. 'ഇസ്ലാമിന്റെ അന്ത്യം ഇൻഡ്യയിൽ തന്നെ' എന്ന്. വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കാൻ, ആ വർഗ്ഗീയ പ്രചാരണത്തിന് വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കാൻ കഴിഞ്ഞു എന്നത് നമുക്കെല്ലാവർക്കുമറിയാം. കേരളീയരുടെ പാരമ്പര്യവും അതല്ല. ഇൻഡ്യയുടെ പാരമ്പര്യം അതല്ല. വാങ്കുവിളികേട്ടാലും ശംഖുനാദം മുഴങ്ങിയാലും പള്ളി മണിയൊച്ച ഉയർന്നാലും അതെല്ലാം സംസ്ക്കാരത്തിന്റെ പ്രതീകങ്ങളായി നെഞ്ചിലേറ്റി നടന്നവർ ഇന്ന് അതൊക്കെ കേൾക്കുമ്പോൾ ഭയപ്പെടുന്ന ഒരു സാഹചര്യത്തിലേക്ക് എത്തിയിരിക്കുന്നു. ഈ വർഗ്ഗീയ ചേരിതിരിവ് സൃഷ്ടിക്കുന്ന വർഗ്ഗീയ പ്രസ്ഥാനങ്ങൾ ഇക്കാര്യത്തിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുകയാണ്. എല്ലാ തീവ്രവാദികളും മുസ്ലീങ്ങളാണ്. എന്നാൽ എല്ലാ മുസ്ലീങ്ങളും തീവ്രവാദികളല്ല എന്ന മോഡി ഭാഷ്യത്തോട് ഞങ്ങൾ യോജിക്കുന്നില്ല. എല്ലാ മതങ്ങളിലുംപ്പെട്ട ചെറിയ ഒരു വിഭാഗം വർഗ്ഗീയവാദികളുണ്ട്. ഏതാനും ദിവസങ്ങൾക്കുമുൻപ് നമ്മൾ കണ്ടതല്ലേ ? മോഡിയുടെ വലംകൈ ആയിരുന്ന അമിത്ഷാ, സി.ബി.ഐ. അതിന്റെയെല്ലാം വിവരങ്ങൾ വെളിച്ചത്ത് കൊണ്ടുവന്നില്ലേ? സൊഹ്റാബുദീൻ, അദ്ദേഹത്തിന്റെ ഭാര്യ കൗസർബി, ആ കൊലപാതകം എത്ര ക്രൂരമായിരുന്നു ? ഹിന്ദു വർഗ്ഗീയതയുടെ ഭീകരമായ മുഖം നമ്മൾ കാണുകയാണ്. എന്നെങ്കിലും ഈ രാജ്യത്ത് ഫാസിസം അധികാരത്തിൽ വരുമെങ്കിൽ അത് ഹിന്ദു വർഗ്ഗീയതയിലൂടെ മാത്രമേ സാദ്ധ്യമാകൂ എന്ന് ഉറച്ച് വിശ്വസിക്കുന്നവരാണ് കമ്മ്യൂണിസ്റ്റുകാർ. അതുകൊണ്ടാണ് ആർ.എസ്.എസ്-നോട് സന്ധിയില്ലാത്ത നിലപാട്, ഹിന്ദു വർഗ്ഗീയതയോട് സന്ധിയില്ലാത്ത നിലപാട് കമ്മ്യൂണിസ്റ്റുകാർ സ്വീകരിക്കുന്നത്. ആർ.എസ്.എസ്.-ന്റെ മൂന്ന് ശത്രുക്കളെ അവർ പറയുന്നുണ്ട്. മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, കമ്മ്യൂണിസ്റ്റുകാർ. കേരളത്തിന്റെ മണ്ണിലാണെങ്കിലും ഇൻഡ്യയുടെ മണ്ണിലാണെങ്കിലും ഈ വർഗ്ഗീയ രാഷ്ട്രീയ നിലപാട് സ്വീകരിക്കുന്ന പ്രസ്ഥാനങ്ങളോട് അചഞ്ചലമായി പോരാടുന്നത് കമ്മ്യൂണിസ്റ്റു

LIBRARY ARCHIVES Kerala Legislative Assembly

കാരാണ്. ഇത് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ ? ഇവിടെ അദ്ധ്യാപകന്റെ കൈപ്പത്തി വെട്ടി മാറ്റിയ കേസ്സുമായി ബന്ധപ്പെട്ട്, കേരളത്തിലെ ആഭ്യന്തര വകുപ്പ് വളരെ ശക്തമായ നിലപാട് സ്വീകരിച്ചു. ആ നിലപാട് സ്വീകരിച്ചു എന്നു മാത്രമല്ല, അതുമായി ബന്ധപ്പെട്ട അന്വേഷണങ്ങളിൽ ഒരുപാട് വിവരങ്ങൾ വെളിച്ചത്ത് വരുകയാണ്. ആ വിവരങ്ങൾ വച്ചുകൊണ്ട് മുഖ്യമന്ത്രി ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തു. അതിനെ എത്ര വികലമായിട്ടാണ് ചിത്രീകരിക്കുന്നത് ? കേരളത്തിൽ മതസൗഹാർദ്ദത്തിന് പേരുകേട്ട പാരമ്പര്യമുള്ള ഈ മണ്ണിൽ വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കാൻ, മത സൗഹാർദ്ദം നഷ്ടപ്പെടുത്താൻ ബോധപൂർവ്വം സൃഷ്ടിക്കുന്ന സംഘടിത പ്രവർത്തനങ്ങളെ കർക്കശമായി നേരിടാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ച് ഉറച്ച് അതിൽ നിന്ന് കിട്ടിയ വിവരങ്ങൾ ജനങ്ങളെ അറിയിക്കാനുള്ള ബാദ്ധ്യത മുഖ്യമന്ത്രി നടത്തിയപ്പോൾ അതിനെ ആക്ഷേപിക്കുകയാണ്.

ശ്രീ. സാജു പോൾ: സർ, ഇവിടെ ബഹുമാന്യനായ തിലോത്തമൻ നരേന്ദ്രമോഡിയുടെ കാര്യം പറയുകയുണ്ടായി. നരേന്ദ്രമോഡിയാണ് ഏറ്റവും വലിയ വികസന മാതൃക ലോകത്ത് തന്നെ സൃഷ്ടിച്ചത് എന്ന് വിളിച്ചു പറഞ്ഞു നടന്നയാളുകളെ ഇപ്പോൾ മടിയിലിരുത്തിക്കൊണ്ടാണ് കോൺഗ്രസ്സുകാരും ലീഗുകാരും പ്രവർത്തിച്ച് മുന്നോട്ടുപോകുന്നത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. ഉമ്മർ: സർ, സി.പി.ഐ., പി.ഡി.പി.-യോട് വളരെ ശക്തമായ നിലപാട് എടുത്ത ഒരു പാർട്ടിയാണ്. മാത്രവുമല്ല, പൊന്നാനിയിൽ പി.ഡി.പി. യുമായി ബന്ധപ്പെടരുത്, അവരുമായി സീറ്റ് ഷെയർ ചെയ്യരുത് എന്ന ശക്തമായ നിലപാട് ശ്രീ.എ.ബി. ബർദ്ദാനും സംസ്ഥാന കമ്മിറ്റിയുമൊക്കെ എടുത്തിരുന്നു. പക്ഷേ ആ പി.ഡി.പി.യുമായി, മ-അദനിയെ സ്വീകരിക്കാൻ സി.പി.ഐ. മന്ത്രിമാർ പോയിട്ടുമില്ല. അപ്പോൾ അത്ര ശക്തമായ നിലപാട് എടുക്കുന്ന സി.പി.ഐ.ക്ക് അവസാനം സി.പി.ഐ(എം)-ന്റെ പി.ഡി.പി. യുമായുള്ള ബന്ധത്തെ അംഗീകരിക്കാനുള്ള സാഹചര്യം ഉണ്ടായില്ലേ? എന്താണ് നിങ്ങളുടെ ഭാഗത്തുനിന്നുള്ള അഭിപ്രായം ?

ശ്രീ. പി. തിലോത്തമൻ: നമ്മൾ ഗുജറാത്തിൽ കണ്ടത് ഒരു ഭരണകൂടത്തിന്റെ ഭീകര പ്രവർത്തനമാണ്. അതിന്റെ മുഖമാണ് മോഡിയുടെ ഭരണത്തിൽ ഇപ്പോഴും നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഭരണകൂടത്തെ അതിനുവേണ്ടി എങ്ങനെ ഉപയോഗിക്കാം, അത് അവിടെ നിർലജ്ജം ഉപയോഗിച്ചു എന്നതാണ് ഗുജറാത്തിന്റെ അനുഭവത്തിൽ നമ്മൾ കണ്ടത്. ഇവിടെ ഭൂരിപക്ഷ വർഗ്ഗീയതയാണെങ്കിലും ന്യൂനപക്ഷ വർഗ്ഗീയതയാണെങ്കിലും എൻ.ഡി.എഫ്. ആണെങ്കിലും പി.ഡി.പി. ആണെങ്കിലും ആരാണെങ്കിലും വർഗ്ഗീയ പ്രസ്ഥാനങ്ങളുമായി യാതൊരു വിട്ടുവീഴ്ചയും പാടില്ല എന്ന നിലപാടാണുള്ളത്. ഇടതുപക്ഷം ആ നിലപാടിനെ മുറുകെ പിടിക്കുകയാണ്. എന്നാൽ നിങ്ങളുടെ നിലപാട് എന്താണ് ? എൻ.ഡി.എഫ്.-ന്റെ കാര്യം പറയുമ്പോൾ നിങ്ങൾ തള്ളിപ്പറയുന്നു എന്നു പറഞ്ഞാലും ഞങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ വോട്ട് വേണ്ട എന്ന് പരസ്യമായി പറയാൻ തയ്യാറാകുമായിരുന്നില്ലല്ലോ; ഈ നിലപാട് അല്ലേ ഏതാനും ദിവസങ്ങൾക്കുമുൻപ് ശ്രീ. എം. എം. ഹസ്സൻ മാധ്യമങ്ങൾക്ക് നൽകിയ സംഭാഷണത്തിലും വിവരിച്ചത് ?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. എ. വാഹീദ്]

ശ്രീ. കെ. ബാബു : സർ, ശ്രീ. തിലോത്തമൻ ഇതുപറഞ്ഞാലും നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കഴിഞ്ഞ ദിവസം ഈ സഭയിൽത്തന്നെ പറഞ്ഞു പി.ഡി.പി. യുടെ വോട്ട് വേണ്ട എന്ന് പറയില്ല എന്ന്. ഇത് സി.പി.ഐ.-ന്റെ നിലപാടാണോ ? അപ്പോൾ സി.പി.ഐ.(എം)-ന്റെ നിലപാട് സി.പി.ഐ. അംഗീകരിക്കുന്നുണ്ടോ ? അതിനെക്കുറിച്ച് ഒന്ന് വ്യക്തമാക്കാമോ ?

3.00 P.M]

ശ്രീ. പി. തിലോത്തമൻ : സർ, ഇടതുപക്ഷ നിലപാടാണ് ഞാൻ പറഞ്ഞത്. വർഗ്ഗീയ പ്രസ്ഥാനങ്ങളോട് വോട്ടിനോ സീറ്റിനോ യാതൊരു വിട്ടുവീഴ്ചയും ചെയ്യുന്ന നിലപാട് ഇടതുപക്ഷം സ്വീകരിക്കില്ല. വോട്ടും അധികാരവുമെന്നൊക്കെ പറഞ്ഞാൽ വരും പോകും. തത്വാധിഷ്ഠിതമായ രാഷ്ട്രീയ നിലപാടാണ് ഏറ്റവും പ്രധാനം. കോൺഗ്രസ്സ് അങ്ങനെ സ്വീകരിച്ച പാരമ്പര്യമില്ല. ബാബ്റി മസ്ജിദ് സംഭവം കോൺഗ്രസ്സിന്റെ വികലമായ കാഴ്ച്ചപ്പാടിൽ നിന്ന് ഉണ്ടായതല്ലേ ? ആരോരുമറിയാതെ അടച്ചുപൂട്ടപ്പെടുന്ന രാമജന്മഭൂമി-ബാബ്റി മസ്ജിദ് ക്ഷേത്രം തുറന്നുകൊടുത്തത് കോൺഗ്രസ് ഭരണകൂടമല്ലേ ? കാൽക്കീഴിൽ നിന്ന് മണ്ണൊലിച്ചുപോയ കോൺഗ്രസ്സിന്റെ അന്നത്തെ ഭരണ നേതൃത്വമാണ് അത് ചെയ്തത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനെത്തുടർന്നാണ് രാജ്യത്ത് ഒരുപാട് സംഭവ പരമ്പരകൾ ഉണ്ടായത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പി.ഡി.പി.-യെ സംബന്ധിച്ച് രണ്ട് നിലപാടാണ് സി.പി.ഐ.—യ്ക്കും, സി.പി.ഐ.(എം).—നുമായി ഇതുവരെ പുറത്തുവന്നിട്ടുള്ളത്. കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-ന് പി.ഡി.പി. സപ്പോർട്ട് കൊടുത്തു. അങ്ങനെ സി.പി.ഐ.(എം)-ന്റെ സ്ഥാനാർത്ഥിയെ അവർ അനുകൂലിച്ചുനിന്നു. അതേസമയം ഇപ്പുറത്ത് ആലപ്പുഴ ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ പി.ഡി.പി. വ്യത്യസ്തമായ നിലപാടെടുത്തു. നിങ്ങൾക്കെതിരായി മൽസരിക്കുമെന്നു പറഞ്ഞു. അപ്പോൾ പി.ഡി.പി.—യെ സംബന്ധിച്ച് മാർക്സിസ്റ്റു പാർട്ടിയുടെ നിലപാട് വേറെ, സി.പി.ഐ.-യുടെ നിലപാട് വേറെ. ഇതിൽ ഏതാണ് ശരിയായ നിലപാട് എന്നുള്ളതാണ് നമുക്കറിയേണ്ടത്.

ശ്രീ. പി. തിലോത്തമൻ : ശരിയായ നിലപാട് ഞങ്ങളുടെ പാർട്ടി നേതൃത്വം പറഞ്ഞിട്ടുണ്ട്. അത് ശ്രീ. തിരുവഞ്ചൂരിന് അറിയാമല്ലോ.

ശ്രീ. കെ. ടി. ജലീൽ : സർ, കഴിഞ്ഞ നിയമസഭയുടെ അവസാന സമ്മേളന സമയത്ത് മഅദ്നിയെ ജയിൽ മുക്തനാക്കണമെന്ന് പറഞ്ഞുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവർകളാണ് സഭയിൽ പ്രമേയം കൊണ്ടുവന്നതും കേരള നിയമസഭ ഏകകണ്ഠമായി അംഗീകരിച്ചതും എന്നുള്ള കാര്യം അങ്ങേയ്ക്കറിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ...

ശ്രീ. പി. തിലോത്തമൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഞാൻ പ്രസംഗിച്ചോട്ടെ, എന്റെ സമയം തീർന്നു. എന്റെ പ്രസംഗം ഒന്ന് തീർത്തോട്ടെ, ഇന്നലെ നമ്മുടെ പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ ഇരു സഭകളും സ്തംഭിച്ചു. എന്താണ് വിഷയം ? വിലക്കയറ്റമാണ് വിഷയം. വിലക്കയറ്റം സംബന്ധിച്ച് പ്രതിപക്ഷ പ്രസ്ഥാനങ്ങൾക്ക് വോട്ട് ചെയ്യാൻ അധികാരത്തോടുകൂടിയുള്ള പ്രമേയം അവതരിപ്പിക്കാൻ അനുമതി ഇല്ല, ചർച്ച ഇല്ല എന്നാണ് കേന്ദ്രം പറഞ്ഞത്. ഇവിടെ മുമ്പ് നാഴികയ്ക്ക് നാൽപ്പതു വട്ടം വിലക്കയറ്റത്തെക്കുറിച്ച് ചർച്ചയായിരുന്നു. എന്നാൽ ഇപ്പോൾ ഈ സെഷനിൽ വിലക്കയറ്റത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. എന്തുകൊണ്ടാണ് പറയാത്തത് ? വില വാണംപോലെ കയറുമ്പോൾ, ഇൻഡ്യയിലെ ജനജീവിതമാകെ ചുട്ടുപൊള്ളുമ്പോൾ ഒരു നടപടിയും സ്വീകരിക്കാനില്ല, ചർച്ചപോലും പാടില്ല എന്ന ഏകാധിപത്യ സമീപനമാണ് പാർലമെന്റിന്റെ ഇരു സഭകളിലും നടന്നത്. പാർലമെന്റ് പരിപൂർണ്ണമായി സ്തംഭിച്ചു. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക്, ഡീസൽ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് എത്ര പ്രാവശ്യമാണ് ഇവർ വില കൂട്ടിയത് ? വിലക്കയറ്റത്തെക്കുറിച്ച് ഇപ്പോൾ മിണ്ടാട്ടമില്ല. എന്താ മിണ്ടാട്ടമില്ലാത്തത് ? നിങ്ങൾ വേറൊരു കാര്യം പറഞ്ഞല്ലോ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ രാഷ്ട്രപതിയെക്കൊണ്ട് ഒരുപാട് കാര്യങ്ങൾ പറയിച്ചല്ലോ, അക്കൂട്ടത്തിൽ പറഞ്ഞതല്ലേ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമെന്ന്. വർഷം ഒന്ന് കഴിഞ്ഞില്ലേ ? ഈ സമ്മേളനത്തിലും ആ നിയമം അവതരിപ്പിക്കാൻ പോകുന്നില്ല എന്നാണ് ബഹുമാനപ്പെട്ട കൃഷിമന്ത്രി എല്ലാവരോടുമായി പറഞ്ഞത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗത്തിന് അനുവദിച്ച സമയവും കൂടുതൽ സമയവും ആയി. അങ്ങയുടെ പ്രസംഗം ചുരുക്കണം.

ശ്രീ. പി. തിലോത്തമൻ: സർ, കേന്ദ്ര സബ്സിഡി ഇവിടെ കുറച്ചു കുറച്ചു വരികയാണ്. എന്നാൽ ആ യാഥാർത്ഥ്യം ആരും കാണാതിരുന്നുകൂടാ. ടൊറന്റോ ഉച്ചകോടിയിൽ ഡോ. മൻമോഹൻ സിംഗ് ഇൻക്ലൂസീവ് ഗ്രോത്തിനെക്കുറിച്ച് ഒബാമയോട് പറഞ്ഞത്. ഇവിടെ തന്റെ രാജ്യത്ത് ജനങ്ങളിൽ ഇപ്പോൾ 50 ശതമാനം പേർ പട്ടിണിക്കാരായി മരിക്കുന്നു എന്നുള്ള യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ട് ലോക സമ്മേളന വേദിയിൽ പോയി ഇൻക്ലൂസീവ് ഗ്രോത്തിനെക്കുറിച്ച്സംസാരിക്കുന്നു. എന്താ ഇവിടെ നടക്കുന്നത്.

മി. ചെയർമാൻ: അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം, കൂടുതൽ സമയം എടുത്തു.

ശ്രീ. പി. തിലോത്തമൻ: സർ, എന്താ ഇവിടെ നടക്കുന്നത് ? റേഷൻ വെട്ടിക്കുറയ്ക്കുകയല്ലേ ? റേഷനിംഗിനെപ്പറ്റി കേരളമുൾപ്പെടെ നിലപാട് സ്വീകരിക്കുമ്പോൾ, രാജ്യമൊട്ടാകെ അതിനുവേണ്ടി മുറവിളി കൂട്ടുമ്പോൾ റേഷൻ സാധനങ്ങൾ വെട്ടിച്ചുരുക്കി,ജനങ്ങളെ കഷ്ടപ്പാടിലേക്ക് നയിക്കാൻ ശ്രമിക്കുന്ന ഒരു കേന്ദ്രം. ഇവിടെ അതിൽ നിന്നും തികച്ചും

LIBRARY ARCHIVES Kerala Legislative Assembly.

വ്യത്യസ്തമാണ്. കേരളത്തിലെ പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്താൻ, വിലക്കയറ്റത്തെ പിടിച്ചുനിർത്താൻ അതിന്റെ നടപടികളുമായി മുന്നോട്ടുപോകുന്ന ധനകാര്യ വകുപ്പിയെയാണ് ആക്ഷേപിക്കാനായി മുതിരുന്നത്. അതിന് ജനങ്ങൾ മറുപടി പറയും എന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, നികുതി ഭാരം അടിച്ചേൽപ്പിക്കാതെ സാമൂഹ്യ സുരക്ഷയും ജീവകാരുണ്യ പ്രവർത്തനവും നാടിന്റെ വികസനവും ആഗോള സാമ്പത്തിക നയത്തിന് ബദൽ നയവും നടപ്പാക്കിവരുന്ന ഒരു ഗവൺമെന്റാണിത്. ആ ഗവൺമെന്റിന്റെ പ്രവർത്തനത്തിന് വേണ്ടിവരുന്ന പണത്തിനുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഇവിടെ രണ്ട് ദിവസമായി നടക്കുന്ന ചർച്ചയിൽ ഉയർന്നുവന്ന രണ്ട് പ്രധാനപ്പെട്ട വിഷയങ്ങളുണ്ട്. ഒന്ന്, അട്ടപ്പാടിയിലെ ആദിവാസികൾക്കുള്ള ഭൂമി മുഴുവൻ അവിടെനിന്നും തട്ടിയെടുക്കുന്നു, ഈ ഗവൺമെന്റ് അതിന് കൂട്ടുനിൽക്കുന്നു എന്നുള്ളതാണ്. ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നില്ല. പക്ഷേ ബഹുമാന്യനായ മന്ത്രി ഇവിടെ നേരത്തെ സൂചിപ്പിക്കുകയുണ്ടായി, 17100 ആദിവാസികൾക്ക് ഈ ഗവണ്മെന്റ് വന്നതിനുശേഷം 17000-ൽ പ്പരം ഏക്കർ ഭൂമി കൊടുത്തു. ഈ വസ്തുത മൂടിവയ്ക്കാനാണ് ഈ പ്രസംഗങ്ങൾ എല്ലാം നടത്തുന്നത്. 1975-ലാണ് ആദ്യമായി ആദിവാസികളുടെ ഒരു നിയമം കൊണ്ടുവന്നത്. 1962-ന് ശേഷമുള്ള എല്ലാ കൈമാറ്റങ്ങളും റദ്ദ് ചെയ്തുകൊണ്ടുള്ള ഒരു നിയമം 1999-ൽ ശ്രീ. കെ. ഇ. ഇസ്മയിൽ റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്നു. അത് കൊണ്ടുവരാൻ ഇടയായത് 1975-ലും 1977-ലും 1985-ലും എല്ലാം, ആ കാലഘട്ടത്തിൽ ആദിവാസികളുടെ ഭൂമി അനധികൃതമായി തട്ടിയെടുത്തു. അങ്ങനെ തട്ടിയെടുത്ത ഭൂമി ഒഴിപ്പിക്കാൻ ഒരു പരിശ്രമം നടത്തി. അതിനുവേണ്ടി പോയ അന്നത്തെ ഒരു ആർ.ഡി.ഒ. ഉണ്ടായിരുന്നു. ശ്രീ. ഐസക്കിന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻ ശ്രീ. മാരപാണ്ഡ്യൻ. അങ്ങനെ ഒഴിപ്പിക്കാൻ പോയ അദ്ദേഹം അവിടെനിന്ന് ഉടുതുണിയില്ലാതെ ഓടി രക്ഷപ്പെടുകയാണ് ചെയ്തത്. അതിനെത്തുടർന്നാണ് കൃഷിക്കാരുടെ കൈവശമിരിക്കുന്ന ഭൂമി ഒഴിപ്പിക്കാൻ 1999-ൽ ഒരു നിയമം കൊണ്ടുവന്നത്. എല്ലാ കക്ഷികളും കൂടി യോജിച്ചാണ് അഞ്ച് ഏക്കറിൽ കൂടുതലുള്ളവരുടെ ഭൂമി മാത്രമേ ഒഴിപ്പിക്കാവൂ, അഞ്ച് ഏക്കറിൽ താഴെയുള്ളവരുടെ ഭൂമി ഒഴിപ്പിക്കാൻ പാടില്ല എന്ന നിയമം വന്നു. ഇപ്പോൾ മാവോയിസ്റ്റുകൾ പറയുന്നു ആ ഭൂമിയും കയ്യേറണമെന്ന്. അതിന് അനുകൂലമായ ഒരു നിലപാടല്ലേ നിങ്ങൾ എടുക്കുന്നത്. ആദിവാസികൾക്കുവേണ്ടി ഈ ഭൂമി ഒഴിവാക്കണോ? നിങ്ങളുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കണം. ആ മാവോയിസ്റ്റുകൾ പറഞ്ഞിടത്താണോ അതല്ല 1999-ലെ നിയമ പ്രകാരം അഞ്ച് ഏക്കറിൽ താഴെ ഭൂമി കയ്യേറാൻ പാടില്ല എന്നതാണോ എന്ന് നിങ്ങൾ വ്യക്തമാക്കണം. ആദിവാസികളെ സംബന്ധിച്ച് എനിക്ക് അതാണ് സൂചിപ്പിക്കാനുള്ളത്. രണ്ടാമത് ഇവിടെ ഒരു വിവാദം നടക്കുന്നത് ലോട്ടറിയെ സംബന്ധിച്ചാണ്. ലോട്ടറിയിൽ, ഈ ഗവൺമെന്റ് നമ്മുടെ ധനമന്ത്രി ഡോ. തോമസ് ഐസക്കിനെതിരായി, അദ്ദേഹം രാജി വച്ച് പോകണം, അഥവാ അദ്ദേഹം അന്വേഷണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

വിധേയമാകണം എന്ന നിലയിലുള്ളതായിരുന്നു ഇവിടെ നടന്ന പ്രസംഗങ്ങൾ. ലോട്ടറി മാഫിയയ്ക്ക് എല്ലാ ഒത്താശകളും ചെയ്തുകൊടുത്തത്. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ചിദംബരമാണ്. അദ്ദേഹമല്ലേ യഥാർത്ഥത്തിൽ രാജിവച്ച് പോകേണ്ടത് ? ഓൺലൈൻ ലോട്ടറിക്ക് നിയമസാധുത, അന്യസംസ്ഥാന ലോട്ടറി മാഫിയയെ നിയമലംഘന കേസ്സിൽ നിന്നും രക്ഷിച്ചുനിർത്താൻ ചട്ടങ്ങളുടെ നിർമ്മാണം, ഒരു ദിവസം 24 നറുക്കെടുപ്പുകൾ നടത്തി പാവം ഭാഗ്യാന്വേഷികളുടെ സമ്പാദ്യമത്രയും കൊള്ളയടിക്കാനുള്ള പൈശാചികമായ അനുമതി, ഇതെല്ലാം കൊടുത്ത കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ചിദംബരമല്ലേ യഥാർത്ഥത്തിൽ രാജിവച്ച് പോകേണ്ടതും സമഗ്രമായി അന്വേഷണത്തെ നേരിടേണ്ടതും. ലോട്ടറി മാഫിയയെ സംരക്ഷിക്കുകയും പരശതം കോടികളുടെ ലാഭം അവർക്ക് കൈക്കലാക്കിക്കൊടുക്കുവാൻ കേന്ദ്ര ഭരണകൂടത്തിലെ താക്കോൽ ഉപയോഗിക്കുകയും ചെയ്യുന്ന കേന്ദ്ര ആഭ്യന്തര മന്ത്രിക്കെതിരെ ഈ സഭ ഐകകണ്ഠ്യേന അന്വേഷണം ആവശ്യപ്പെടണമെന്നാണ് എന്റെ അഭ്യർത്ഥന. ജോൺ കെന്നഡിയെക്കുറിച്ചും മേഘാ ഡിസ്ട്രിബ്യൂട്ടേഴ്സിനെക്കുറിച്ചും വാചാലമാകുന്ന പ്രതിപക്ഷം ഒരു കാര്യം ഓർക്കണം. ഈ രണ്ട് ആളുകൾക്കും വേണ്ടി കോടതിയിൽ വാദിക്കാൻ പോയ വക്കീലാരാണ് ? അതാണ് ഇവിടെ നേരത്തെ സൂചിപ്പിച്ചത്. ശ്രീ. ചിദംബരത്തിന്റെ ഭാര്യ. അവരങ്ങനെ പോകാമോ ? തന്റെ ഭർത്താവ് കേന്ദ്രത്തിലെ മന്ത്രിയായിരിക്കുമ്പോൾ ഇതുപോലൊരു കേസിനുവേണ്ടി പോയി വാദിക്കാമോ ? ഇല്ലെങ്കിൽ ശ്രീ. ചിദംബരം ലോട്ടറിയുടെ ചുമതല വിടുകയെങ്കിലും വേണ്ടേ ? ഇത് രണ്ടും ചെയ്യാതെ ഭാര്യയും ഭർത്താവും കൂടി ചേർന്ന് ജോൺ കെന്നഡിക്ക് വേണ്ടിയും മേഘാ ഡിസ്ട്രിബ്യൂട്ടേഴ്സിനു വേണ്ടിയും വാദിക്കുകയും അവർക്ക് അനുകൂലമായി നിയമം കൊണ്ടുവരികയും ചെയ്തു. സംസ്ഥാന ഗവൺമെന്റിന് ഈ ലോട്ടറി നിരോധിക്കാൻ അവകാശമില്ല. സംസ്ഥാന ഗവൺമെന്റ് എടുത്ത എല്ലാ സ്റ്റെപ്പും കേന്ദ്ര നിയമം കൊണ്ടുവന്ന് റദ്ദ് ചെയ്യുകയാണ് ചെയ്തത്. ഭൂട്ടാൻ ഒരു അന്യരാജ്യമാണ്. ഭൂട്ടാൻ ലോട്ടറി ഇവിടെ വിൽക്കുന്നത് ഈ സംസ്ഥാന ഗവൺമെന്റിന് നിരോധിക്കാൻ പറ്റുമോ ? കേന്ദ്രമല്ലേ അത് ചെയ്യേണ്ടത് ? ഈ സംസ്ഥാന ഗവൺമെന്റ് എടുത്ത നടപടിയൊക്കെ സുപ്രീംകോടതി സ്റ്റേ ചെയ്തു. അതിനുശേഷം കേന്ദ്ര ഗവൺമെന്റ് നിയമം കൊണ്ടുവന്ന് ഈ ലോട്ടറി കേസുകളിൽ സംസ്ഥാനം ഇടപെടരുതെന്ന് പറഞ്ഞ് ഒരു നിലപാട് സ്വീകരിക്കുകയാണ് ചെയ്തത്. അപ്പോഴാണ് ശ്രീ. വി. ഡി. സതീശൻ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ നാലു വർഷക്കാലത്തെ പ്രവർത്തനത്തിൽ ഏറ്റവും നല്ലപങ്ക് വഹിച്ചിട്ടുള്ള, നമ്മുടെ നാടിന്റെ വികസനത്തിനുവേണ്ടി ശ്രദ്ധേയമായ പങ്കുവഹിക്കുന്ന ഡോ. തോമസ് ഐസക്കിനെ കരിവാരിത്തേയ്ക്കാൻ വേണ്ടിയുള്ള ഒരു ആരോപണവുമായി വന്നത്. യഥാർത്ഥത്തിൽ ആ ആരോപണം ചിദംബരത്തിനെതിരായി ഉന്നയിക്കുകയും അവിടെ അന്വേഷണം വേണമെന്ന് ആവശ്യപ്പെടുകയും ചെയ്യുകയാണ് വേണ്ടത്. ഇവിടെ മറ്റ് രണ്ടു പ്രശ്നങ്ങൾ കൂടി ഉന്നയിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഒന്ന് ഇവിടെ, നടക്കുന്ന തീവ്രവാദ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഓരോരുത്തരും നടത്തുന്ന പ്രസംഗങ്ങളെക്കുറിച്ചാണ്. ലീഗിന്റെ നേതാവ് ശ്രീ. സി. ടി. അഹമ്മദ് അലി പ്രസംഗിക്കുകയുണ്ടായി, ഞങ്ങൾ ഭാരതീയ സംസ്ക്കാരത്തിന്റെ ഭാഗമാണ്, ഹിന്ദുക്കളും മുസ്ലീങ്ങളും ഇവിടെ വന്നപ്പോൾ അവർക്കെല്ലാ സംരക്ഷണവും കൊടുത്തു, പള്ളി വയ്ക്കാൻ സൗകര്യം കൊടുത്തു എന്നൊക്കെ അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. യഥാർത്ഥത്തിൽ നമ്മുടെ രാജ്യം നിലനിൽക്കുന്നത് ഇൻഡ്യൻ ഭരണഘടനയുടെ ജനാധിപത്യ-മതേതരത്വ-സോഷ്യലിസ്റ്റ്-റിപ്പബ്ലിക് എന്ന സങ്കൽപ്പം നിലനിൽക്കുന്നതിന്റെ ഫലമായിട്ടാണ്. അതെല്ലാം വെറും മുദ്രാവാക്യം മാത്രമല്ല. ജനാധിപത്യം, മതേതരത്വം, സോഷ്യലിസം ഇവ മുദ്രാവാക്യമല്ല. അത് പ്രാവർത്തികമാക്കുക എന്ന ഒരു നിലപാട് സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് അയൽ രാജ്യങ്ങൾ പലതും വർഗ്ഗീയതയുടേയും വംശീയതയുടേയും പ്രക്ഷോഭങ്ങളുടേയും ഫലമായി തകർന്നുപോകുമ്പോൾ നമ്മുടെ രാജ്യം തകരാതെ പിടിച്ചുനിൽക്കുന്നത്. ഇവിടെ സിക്കുകാരനുണ്ട്, മുസൽമാനുണ്ട്, ഹിന്ദുവുണ്ട്, ക്രിസ്ത്യാനിയുണ്ട്, എല്ലാ വിഭാഗങ്ങളുമുണ്ട്. പക്ഷേ ഇവിടെ എൻ.ഡി.എഫ്. എന്നുപറയുന്ന സംഘടനയെക്കുറിച്ച് കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പറയുകയുണ്ടായി. അവർ ഉന്നയിക്കുന്ന മുദ്രാവാക്യമെന്താണ് ? ജനാധിപത്യവും ഇസ്ലാമും പൊരുത്തപ്പെട്ടുപോകുകയില്ല. നിങ്ങൾ അതിനോട് യോജിക്കുന്നുണ്ടോ ? വാഴത്തട എണ്ണിയിട്ട് കണക്കുപറയുന്നതുപോലെ പറഞ്ഞാൽ പോരാ. വ്യക്തമായി പറയണം. എൻ.ഡി.എഫിന്റെ ആ സ്റ്റേറ്റ്മെന്റിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? ജനാധിപത്യത്തെ ധ്വംസിക്കാനാണ് നിൽക്കുന്നത്. ഇൻഡ്യയ്ക്കകത്ത് ഒരു മുസ്ലീം രാഷ്ട്രം സ്ഥാപിക്കണം എന്നാണ് പ്രചരിപ്പിക്കുന്നത്. ആ പ്രചരിപ്പിക്കുന്നതിനോട് കോൺഗ്രസിന് യോജിപ്പുണ്ടോ ? ലീഗിന് യോജിപ്പുണ്ടോ ? ആ വിവരം ഈ സഭയിൽ പറഞ്ഞപ്പോൾ അത് മുസ്ലീം വിരോധമായി, എൻ.ഡി.എഫ്-നെ പറഞ്ഞാൽ പി.ഡി..എഫ്-നെ പറഞ്ഞാൽ, ജമാ-അത്തെ ഇസ്ലാമിയെ പറഞ്ഞാൽ, എങ്ങനെയാണ് മുസ്ലീം വിരോധമാകുന്നത് ? ആർ.എസ്.എസ്.-നെക്കുറിച്ച് പറഞ്ഞപ്പോൾ ബജറംഗ്ദളിനെക്കുറിച്ച് പറഞ്ഞപ്പോൾ ഹിന്ദു രാഷ്ട്രവാദത്തെ ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ എതിർത്തപ്പോൾ ഇവിടെയുള്ള ഹിന്ദു സംഘടനകളൊന്നും പ്രതിഷേധ പ്രമേയവുമായിട്ട് വന്നില്ലല്ലോ. ഇതെല്ലാം ഹിന്ദുക്കളെ അപമാനിക്കലാണെന്ന് പറഞ്ഞുകൊണ്ട് എൻ.എസ്.എസ് വന്നോ ? എസ്.എൻ.ഡി.പി. വന്നോ ? എങ്ങനെയാണ് ഇപ്പോൾ എൻ.ഡി.എഫ്-നെക്കുറിച്ചും പി.ഡി.എഫ്-നെക്കുറിച്ചും പറയുന്ന അവസരത്തിൽ മുസ്ലീംലീഗ് എതിർക്കുന്നത്. രണ്ടു ദിവസമായി തേജസ് പത്രത്തിലും, ചന്ദ്രിക പത്രത്തിലും രണ്ടാളുകളുടെ പ്രസ്താവനയാണ് കൂടുതൽ ഉള്ളത്, കുഞ്ഞാലിക്കുട്ടിയുടേയും, ഉമ്മൻ ചാണ്ടിയുടേയും നിങ്ങൾ ഈ മതേതരത്വമെല്ലാം കളഞ്ഞുകൊണ്ടാണ് ഈ തീവ്രവാദത്തിന്റെ കൂടെ പോകുന്നത്. ഇന്ന് കേരള കൗമുദിയിൽ ഒരു മുഖപ്രസംഗമുണ്ട്. ഒരു പത്രം പ്രസിദ്ധീകരിച്ച വിവരങ്ങൾ വച്ചുകൊണ്ട്. എന്താണ് ആ മുഖപ്രസംഗത്തിൽ പറയുന്നത് ? അതിൽ വിക്കിലിക്സ് എന്നുപറയുന്ന ഒരു വെബ്സൈറ്റ് പരസ്യപ്പെടുത്തുകയുണ്ടായി. അമേരിക്കൻ സി.ഐ.എ. തൊണ്ണൂറായിരത്തിൽപ്പരം രേഖകൾ പുറത്ത് വിട്ടിരിക്കുകയാണ്. ആ രേഖ അനുസരിച്ച് പാകിസ്ഥാനിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്ന ഐ.എസ്.ഐ.-ക്ക് അമേരിക്ക ഇഷ്ടംപോലെ സഹായം കൊടുക്കുന്നുണ്ട്. ആ ഐ.എസ്.ഐ.-യുമായി ബന്ധമുള്ളവരാണ് ബോംബെയിലെ സ്ഫോടനത്തിൽ പങ്കെടുത്തത് എന്ന് ആഭ്യന്തര സെക്രട്ടറി ശ്രീ. ഗോപാൽകൃഷ്ണപിള്ള പറഞ്ഞതിനെ നിങ്ങളുടെ വിദേശകാര്യമന്ത്രി ശ്രീ. കൃഷ്ണ അപലപിക്കുകയുണ്ടായി. അങ്ങനെ പറയാൻ പാടില്ലെന്ന് അദ്ദേഹം ചൊടിക്കുകയുണ്ടായി. ഇന്ന് ഈ രേഖകൾ പുറത്തുവന്നപ്പോൾ ആഭ്യന്തര സെക്രട്ടറിയായിരുന്ന ശ്രീ. ഗോപാൽകൃഷ്ണപിള്ള പറഞ്ഞതു മുഴുവൻ ശരിയാണ്. ആ ഐ.എസ്.ഐ.-യുമായി ബന്ധമുള്ളതാണ് ഈ എൻ.ഡി.എഫ്.-ഉം അതുപോലെയുള്ള സംഘടനകളുമെന്നുള്ളത് എത്ര ഗൗരവമുള്ളതാണ്. നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ സംവിധാനത്തേയും മതേതരത്വത്തേയും തകർക്കുന്ന വിധത്തിൽ വന്നിട്ടുള്ളതാണ് ഈ നിലപാടുകൾ.........

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഇന്നലെ തേജസ് പത്രത്തിൽ പേര് വച്ച് എഴുതിയിരിക്കുന്ന ഒരു ലേഖനത്തിൽ എൻ.ഡി.എഫ്-ന്റെ സുപ്രീം കൗൺസിൽ അംഗമായിരുന്ന റസിഡന്റ് എഡിറ്റർ ശ്രീ. പി. അഹമ്മദ് ഷെരീഫ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് എതിരായി ഗുരുതരമായ ആരോപണം ഉയർത്തിയിരിക്കുന്നു. ലീഗിന്റെ തകർച്ച നടക്കുന്ന സമയത്ത് ലീഗിനെ രക്ഷിച്ചത് ഞങ്ങളാണ് എന്ന് പേര് വച്ച് എഴുതിയിരിക്കുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടോ ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, അതും ശ്രദ്ധയിൽപ്പെട്ടു. തേജസ്സും ചന്ദ്രികയും നിരന്തരമായി പ്രചരിപ്പിക്കുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോഴും എൻ.ഡി.എഫാണ് ജോസഫ് സാറിന്റെ കൈവെട്ടിയതെന്ന് പറയാൻ മടിക്കുന്ന ലീഗിന്റെ സംസ്ഥാന സെക്രട്ടറിയുണ്ട്. ഞാൻ നിങ്ങളെക്കുറിച്ചല്ല പറഞ്ഞത്. നിങ്ങളെക്കുറിച്ച് പറയാൻ പോകുന്നതേയുള്ളു........ ഒരു ഡിബേറ്റിൽ ബഷീർ പറയുകയാണ്. ജോസഫ് സാറിന്റെ കൈവെട്ടിയത് എൻ.ഡി.എഫ് ആണെന്നോ അല്ലെന്നോ പറയാൻ ഞാൻ തയ്യാറല്ല. അതിലെ പ്രതികളെയൊക്കെ നുള്ളിപ്പെറുക്കി പിടിച്ചിട്ടും നിരവധി തെളിവുകൾ ലഭിച്ചിട്ടും എന്തുകൊണ്ടാണ് നിങ്ങൾ ഇക്കാര്യത്തിൽ ഒരു അയഞ്ഞ സമീപനമെടുക്കുന്നത് ? മുസ്ലീങ്ങൾക്ക് എതിരാണെന്നു പറഞ്ഞുകൊണ്ട്, ഇവിടെ വർഗ്ഗീയ കലാപമുണ്ടാക്കാൻ, അഥവാ ഹിന്ദു-മുസ്ലീം വൈരുദ്ധ്യമുണ്ടാക്കാൻ അല്ലേ ശ്രമിക്കുക ? അതിൽനിന്ന് വ്യത്യസ്തമായ ഒരു വ്യക്തിത്വം കാണുന്നത് ശ്രീ. ആര്യാടൻ മുഹമ്മദിനാണെന്ന് പറയുന്നതിൽ ഞങ്ങൾക്ക് മടിയില്ല. നിങ്ങൾ കോൺഗ്രസിന്റെ ദേശീയ നേതാക്കൻമാരാണല്ലോ. ഒരു ദേശീയ നേതാവിന്റെ ഒരു സ്റ്റേറ്റ്മെന്റ്, അദ്ദേഹം കുറിച്ച ഒരു കുറിപ്പടി ഞാൻ നിങ്ങളുടെ ശ്രദ്ധയിൽക്കൊണ്ടുവരാം. ഹിന്ദുമുസ്ലീം ഐക്യം എന്ന ആവശ്യം ഉപേക്ഷിച്ചാൽ 24 മണിക്കൂറിനകം എനിക്ക് സ്വരാജ്യം നേടാമെന്ന് ഒരു ദൈവദൂതൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന് കുത്തബ് മിനാറിന് മുകളിൽനിന്നുകൊണ്ട് പറഞ്ഞാൽ ഞാൻ ഇങ്ങനെ തിരിച്ചടിക്കും. വേണ്ട സ്നേഹിതാ, ഞാൻ സ്വരാജ് വേണമെങ്കിൽ ഉപേക്ഷിക്കാം, എന്നാലും ഹിന്ദു-മുസ്ലീം ഐക്യം ഉപേക്ഷിക്കില്ല. കാരണം സ്വരാജ് ഉപേക്ഷിച്ചാൽ അത്

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയ്ക്ക് മാത്രമുള്ള നഷ്ടമായിരിക്കും. പക്ഷേ ഹിന്ദു മുസ്ലീം മൈത്രി നഷ്ടപ്പെട്ടാൽ അത് മനുഷ്യരാശിക്കാകെത്തന്നെ നഷ്ടമായിരിക്കും. അങ്ങനെ പറഞ്ഞത് ആരാണെന്ന് അറിയാമോ ? മൗലാനാം അബ്ദുൾ കലാം ആസാദ്. മൗലാനാം അബ്ദുൾ കലാം ആസാദിന്റെ പിൻതലമുറക്കാരാണ് കോൺഗ്രസ് എന്ന് അവകാശപ്പെടുന്നല്ലോ. ശ്രീ. ഹസ്സന് അവകാശപ്പെടാമോ ? നിങ്ങൾക്കാർക്കെങ്കിലും അവകാശപ്പെടാമോ ? അതിൽ ഒരു ചെറിയ പ്രതീക്ഷയെങ്കിലും ഉള്ളത് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ നിലപാടിനോടാണ്.

ശ്രീ. കെ. ബാബു : സർ, ഞങ്ങൾക്ക് അതിൽ അഭിമാനമുണ്ട്. കാരണം ഞങ്ങൾ അദ്ദേഹത്തിന്റെ പിൻതലമുറക്കാരാണ്. പക്ഷേ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് ഒരു ലേഖനത്തിലെഴുതി, മ്അദ്നിയും മഹാത്മാഗാന്ധിയും ഒരു പോലെയാണെന്ന്. സേട്ടും, മഅദ്നിയും, മഹാത്മാഗാന്ധിയും ഒരുപോലെ ആണെന്ന് ലേഖനമെഴുതി അത് നിങ്ങൾ വായിച്ചിട്ടുണ്ടോ ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, നിങ്ങൾ മൗലാനാം അബ്ദുൾ കലാം ആസാദിന്റെ അനുയായികളാണെന്ന് വെറുതെ പറയുന്നതല്ലേ ? നിങ്ങളുടെ പ്രവൃത്തിയിലില്ല, പ്രസംഗത്തിലില്ല. നിങ്ങളിപ്പോഴും എവിടെയാണ് നിൽക്കുന്നത് ? നിങ്ങൾ എൻ.ഡി.എഫ്-ന് അനുകൂലമായി പോപ്പുലർ ഫ്രണ്ടിന് അനുകൂലമായി നിലപാട് സ്വീകരിച്ചില്ലേ ? പരസ്യമായി ആണത്തത്തോടുകൂടി ഇവിടെ കമ്മ്യൂണിസ്റ്റുകാർ പറയുന്നതുപോലെ ഞങ്ങൾ ഒരു മതേതര പാർട്ടിയാണ്, ഞങ്ങൾ ഒരു ദേശീയ പാർട്ടിയാണ് ഈ വർഗ്ഗീയ വാദികളേയും മതമൗലിക വാദികളേയും തീവ്രവാദ പ്രസ്ഥാനത്തേയും ഞങ്ങൾ പ്രോത്സാഹിപ്പിക്കില്ല, അവർക്കെതിരാണെന്ന് പറയാനുള്ള ആർജ്ജവം കാണിക്കാമോ ? അത് കാണിക്കുന്ന ഒരാളെ അപ്പുറത്ത് ഇരിപ്പുള്ളൂ, ശ്രീ. ആര്യാടൻ മുഹമ്മദ്. നിങ്ങളാരും കാണിക്കുന്നില്ല.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇ.എം.എസ്.-ന്റെ ലേഖനത്തെക്കുറിച്ച് പറഞ്ഞല്ലോ. ഇ.എം.എസ്. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മാത്രമല്ല, ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ ആരാധ്യനായ നേതാക്കൻമാരിൽ ഒരാളാണ്. അദ്ദേഹം പറഞ്ഞിട്ടുപോലും അത് ശരിയല്ല എന്ന് പാർട്ടി സെൻട്രൽ കമ്മിറ്റി തിരുത്തിയത് അറിയാമോ ? അതാണ് സി.പി.ഐ.(എം). നിങ്ങൾ പക്ഷേ അങ്ങനെ തിരുത്തുന്നില്ലല്ലോ. ശ്രീ. ആര്യാടൻ പറഞ്ഞത് ഞങ്ങൾ അംഗീകരിച്ചുതന്നല്ലോ, നിങ്ങളും അതുപോലെ പറയൂ.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, അടുത്ത പ്രസംഗം ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ആയതുകൊണ്ട് അദ്ദേഹം സ്വീകരിക്കുന്ന നിലപാടിനെ അടിസ്ഥാനപ്പെടുത്തി ലീഗുകാരാരും ഇവിടെ നിൽക്കാതിരിക്കുന്നത് ബോധപൂർവ്വമാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ലീഗുകാർ പി.ഡി.എഫ്.-നേയും എൻ.ഡി.എഫ്.-നേയും കുറിച്ചുപറഞ്ഞാൽ അത് മുസ്ലീമിനെതിരാണ് എന്ന് വ്യാഖ്യാനിച്ച് അതിനിടയിൽ കുളം കലക്കാൻ നടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വി. എസ്. പറഞ്ഞതോ, സി.പി.ഐ.(എം). പറയുന്നതോ മുസ്ലീമിന് എതിരല്ല. തീവ്രവാദത്തിനെതിരാണ്. പി.ഡി.എഫ്-ന് എതിരാണ്. എൻ.ഡി.എഫ്-ന് എതിരാണ്. മുസ്ലീങ്ങളെല്ലാം തീവ്രവാദികളല്ല. പി.ഡി.എഫ്. അല്ല. ഒരു ചെറിയ സംഖ്യയേയുള്ളൂ, എസ്.ഡി.പി.ഐ. പക്ഷേ അവർ കാണിക്കുന്ന തോന്ന്യാസങ്ങൾക്ക് ഇവർ കൂട്ടുനിൽക്കുകയാണ്, ഇവർ കുട പിടിക്കുകയാണ്. ഹിന്ദുക്കളെല്ലാം ആർ.എസ്.എസ്. ആണെന്നോ, ബജറംഗ്ദൾ ആണെന്നോ ഹിന്ദുക്കൾ ധരിച്ചിട്ടില്ല. ആ ഹിന്ദുക്കൾ അതിനെ എതിർക്കുകയാണ്. അതുകൊണ്ടാണ് ഹിന്ദു സംഘടനകൾ ഹിന്ദുത്വരാജ്യം സ്ഥാപിക്കുന്നതിന് എതിരായിട്ടുള്ള നിലപാട് ഞങ്ങൾ എടുത്തപ്പോൾ, അതിനെതിരായി രംഗത്തു വരാതിരുന്നത്. ഇവിടെ മുസ്ലീം സംഘടനകൾവരുന്നു. രണ്ടാമത്തെ ഒരാപത്ത്, സോഷ്യലിസത്തിനെതിരായിട്ടുള്ള വെല്ലുവിളിയാണ്. ഭരണഘടനയിൽ സോഷ്യലിസ്മെന്നുള്ള ആ വാക്ക് നീക്കം ചെയ്യണമെന്ന് പറഞ്ഞ് ഒരു എൻ.ജി.ഒ. സംഘടന ഇപ്പോൾ സുപ്രീം കോടതിയിൽ പോയി. ഏറ്റവും വലിയ സീനിയർ അഭിഭാഷകനാണ് ആ കേസ് വാദിക്കാൻ പോയത്. ആ അഭിഭാഷകന്റെ വാദം ഉപസംഹരിച്ചുകൊണ്ട് കോടതി പറഞ്ഞിരിക്കുന്നത് സോഷ്യലിസമെന്നുള്ള വാക്ക് എടുത്തുകളയണമെന്ന് ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടി പെറ്റിഷൻ തന്നാൽ പരിശോധിക്കാമെന്നാണ്. സുപ്രീം കോടതിയുടെ ജോലിയെന്താണ് ? ഭരണഘടന സംരക്ഷിക്കാൻ ബാദ്ധ്യസ്ഥമായ സുപ്രീം കോടതി പറയുകയാണ് സോഷ്യലിസമെന്നുള്ള വാക്ക് ഉപേക്ഷിക്കണമെന്ന്. സോഷ്യലിസമെന്നുള്ള വാക്ക് ഉപേക്ഷിക്കുന്നതിലേക്കുവേണ്ടി, നരിമാൻ ഏറ്റവും വലിയ സീനിയർ അഭിഭാഷകൻ, ഹാജരായി പറഞ്ഞ വാദഗതിയെന്തെന്ന് അറിയാമോ ? സോഷ്യലിസം സോവിയറ്റ് യൂണിയന്റേയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളുടേയും തകർച്ചയോടുകൂടി പോയി. ഇപ്പോൾ മുതലാളിത്തമാണ്, കമ്പോളമാണ് മാർക്കറ്റിനെ നിയന്ത്രിക്കുന്നത്. അങ്ങനെ കമ്പോളം നിയന്ത്രിക്കുമ്പോൾ പുത്തൻ ആഗോള സാമ്പത്തിക നയം നടപ്പിലാക്കുന്ന രാജ്യമാണ് ഇൻഡ്യ.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അങ്ങനെ നയം നടപ്പിലാക്കുന്ന രാജ്യത്ത് രാഷ്ട്രീയ പാർട്ടികൾ സോഷ്യലിസത്തിൽ വിശ്വസിച്ചുകൊണ്ട്, സോഷ്യലിസം സ്ഥാപിക്കുമെന്ന് ഭരണഘടന വ്യവസ്ഥയിൽ സത്യപ്രതിജ്ഞ ചെയ്ത് മത്സരിക്കുന്നതും മന്ത്രിമാരാകുന്നതും ശരിയല്ലെന്ന നരിമാന്റെ വാദഗതിയെ സുപ്രീം കോടതി തള്ളിക്കളയണ്ടേ? നരിമാന്റെ വാദഗതിക്ക് സുപ്രീം കോടതിയുടെ നിരീക്ഷണം, ആരെങ്കിലും ഒരു പെറ്റീഷൻ കൊണ്ടുവരൂ, ഞങ്ങൾ ഇത് എടുത്തുകളയാമെന്നാണ്. ഭരണഘടനയിൽ നിന്ന് ആ വാക്ക് എടുത്ത് കളഞ്ഞതുകൊണ്ടുമാത്രം സോഷ്യലിസം എന്ന സങ്കൽപ്പം ജനമനസ്സുകളിൽ നിന്ന് മാറില്ല. നരിമാന്റെ വാദഗതിക്ക് വല്ല പ്രസക്തിയുമുണ്ടോ ? സോഷ്യലിസ്റ്റ് രാജ്യങ്ങൾ തകർന്നു പോയി, മുതലാളിത്തത്തിനാണ് ഇനി പ്രസക്തിയുള്ളത് എന്നല്ലേ പറഞ്ഞത്? നിങ്ങളും പറഞ്ഞുനടന്നു. ശ്രീ. വയലാർ രവിയെപ്പോലെയുള്ളവരുടെ പ്രസംഗം ഞാൻ കേട്ടു. ഇനി ചെങ്കൊടി താഴെ വയ്ക്കൂ, കോൺഗ്രസ്സിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കൊടി പിടിക്കൂ എന്നാണ്. മുതലാളിത്തമാണ് ലോകത്തിന്റെ അന്ത്യം വരെ ലോകം മുഴുവൻ ഭരിക്കാൻ പോകുന്നത് എന്ന് പ്രസംഗിച്ച് നടന്നു. ഇപ്പോൾ ആ രാജ്യങ്ങളുടെ സ്ഥിതി എന്താണ് ? ഏറ്റവും വലിയ രാജ്യമായ, ചൈനയെക്കുറിച്ച് ഞാൻ പറയുന്നില്ല. അമേരിക്കയിൽ ഒന്നരക്കോടി ആളുകൾക്ക് പണിയില്ലാതായി. ഇന്നലെ പ്രൊഫ. സി. രവീന്ദ്രനാഥ് പ്രസംഗിച്ചപ്പോൾ ജോസഫ് സ്റ്റിഗ്ലിസിനെപ്പറ്റി പറഞ്ഞത് നിങ്ങൾക്ക് വലിയ കടുപ്പമായിപ്പോയി. എന്നാൽ ഞാൻ വേറൊരാളെ പറയാം. നോബൽ സമ്മാനാർഹനായ പോൾ ഹൂക്ക്മാൻ. അദ്ദേഹം പറഞ്ഞിരിക്കുന്നു, ഈ പതനത്തിൽ നിന്ന് എളുപ്പം കരകയറില്ല. അതിരൂക്ഷമായ തൊഴിലില്ലായ്മ വീണ്ടും വളർന്നുവരികയാണ്. പണിയുള്ളവന്റെ പണി പോകും. കൂടുതൽ ഭാരം പണി ചെയ്യുന്നവന് അടിച്ചേൽപ്പിക്കും. പെൻഷൻ ഇല്ലാതാകും. അവന്റെ സേവന വ്യവസ്ഥകൾ നഷ്ടമാകും. ഇതെല്ലാം ഉന്നതൻമാരായ, നിങ്ങളെ സപ്പോർട്ട് ചെയ്തിരുന്ന ആളുകൾ പറയുകയാണ്. ഏറ്റവും വികസിത മുതലാളിത്ത രാജ്യമായ ജപ്പാനിൽ ഏതാണ്ട് 80 ശതമാനം ആളുകളും ദാരിദ്ര്യ രേഖയ്ക്ക് താഴെ പോകുന്ന സ്ഥിതിയിലേക്ക് പോവുകയാണ്. അതുപോലെ സ്പെയിനിൽ, ഇറ്റലിയിൽ എല്ലായിടത്തും വമ്പിച്ച പ്രതിഷേധവും പ്രക്ഷോഭവും നടക്കുകയാണ്. ടൊറന്റോവിൽ ഡോ. മൻമോഹൻ സിംഗ് ഈ നയം അരക്കിട്ട് ഉറപ്പിക്കാനും നടപ്പാക്കാനുമായി കൂടിയ ജി 20 രാജ്യങ്ങളുടെ സമ്മേളനത്തിൽ പ്രതിഷേധവും പ്രകടനവും ഉണ്ടാകാതിരിക്കാൻ അവിടെ കൂടിയ പ്രതിനിധികളേക്കാൾ കൂടുതൽ, പതിനായിരം പ്രതിനിധികളാണ് ഉണ്ടായിരുന്നത്. പത്തൊൻപതിനായിരം പോലീസുകാരെ വച്ചു. എന്നിട്ടും പോലീസിന് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. എവിടെ ? കാനഡയിലാണ്. കേരളത്തിലല്ല. അവസാനം പോലീസുകാർ കച്ചവടക്കാരോട് കട അടച്ച് ഓടി രക്ഷപ്പെട്ടോളാൻ പറഞ്ഞു. നിങ്ങളുടെ പുത്തൻ സാമ്പത്തിക നയത്തിനും മുതലാളിത്ത നയത്തിനുമെതിരായി ലോക ത്താകെ അതിശക്തിയായ പ്രതിഷേധം ഉയർന്നുവരുന്ന പശ്ചാത്തലത്തിൽ സോഷ്യലിസത്തിന് ബദലല്ല മുതലാളിത്തം എന്ന് ലോകം തന്നെ സ്ഥാപിച്ചു കൊണ്ടിരിക്കുന്ന ഒരു പശ്ചാത്തലത്തിലാണ് സുപ്രീം കോടതിയിലെ ജഡ്ജിമാർ ഇങ്ങനെയൊരു നിരീക്ഷണത്തിലെത്തുന്നത്. ഭരണഘടനയിലെ ജനാധിപത്യം പോകണം, മതേതരത്വം പോകണം, സോഷ്യലിസം പോകണം, മറ്റ് രാജ്യങ്ങളെ പ്പോലെ തകർന്ന് തരിപ്പണമാകുന്ന ഇൻഡ്യയുടെ ഐക്യവും അഖണ്ഡ തയുമെല്ലാം ഇല്ലാതാകുന്ന, ഛിന്നഭിന്നമാകുന്ന ഒരു സമീപനത്തിലേക്ക് വേണ്ടി കോടതിയും തീവ്രവാദപ്രസ്ഥാനങ്ങളും അവരെ സഹായിക്കുന്ന രാഷ്ട്രീയ പാർട്ടികളും ഒത്തുചേരുന്ന അത്യന്തം ഗൗരവതരമായ ഒരു സ്ഥിതിവിശേഷം രാജ്യത്ത് ഉയർന്നുവരുന്നത് മതേതര രാഷ്ട്രീയ പാർട്ടികൾ, ജനാധിപത്യ രാഷ്ട്രീയ പാർട്ടികൾ കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മറ്റൊരു കാര്യം ഞാൻ സൂചിപ്പിക്കുന്നത്, വില വർദ്ധനവിനെക്കുറിച്ചാണ്. ഈ സഭയിൽ വിലക്കയറ്റത്തെക്കുറിച്ച് ഗൗരവമായ ചർച്ചയും ബഹളവും ഉണ്ടാകേണ്ടതായിരുന്നു. ഈ ഗവൺമെന്റ് ഒരുപിടി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. നികുതി പിരിക്കുന്നത് സംബന്ധിച്ച് ഞാൻ സൂചിപ്പിക്കുകയുണ്ടായി. ലോട്ടറിയുടെ കാര്യത്തിൽ ധനകാര്യവകുപ്പുമന്ത്രി കാണിച്ച സാമർത്ഥ്യം, ഒരു പുതിയ

LIBRARY ARCHIVES Kerala Legislative Assembly

നികുതിയും കൊണ്ടുവരാതെയാണല്ലോ രാജ്യത്തിനാവശ്യമായ വികസന പ്രവർത്തനങ്ങൾക്ക് പണം ഉണ്ടാക്കിയത്. 2006-07-ൽ 19 കോടി ടിക്കറ്റ് വിറ്റ സ്ഥാനത്ത് 38 കോടി ടിക്കറ്റ് ഇപ്പോൾ വിൽക്കുകയുണ്ടായി. വരുമാനമാണെങ്കിൽ 230 കോടി രൂപയിൽ നിന്ന് 484 കോടി രൂപയായി വർദ്ധിച്ചു. ലാഭം 36 കോടി രൂപയിൽ നിന്ന് 104 കോടി രൂപയായി വർദ്ധിച്ചു. അങ്ങനെ എല്ലാ മേഖലകളിലും കൂടുതൽ വരുമാനമുണ്ടാക്കി ഒട്ടേറെ ജനക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ആ കൂട്ടത്തിൽ ഒരു കാര്യം ഞാൻ ഈ അവസരത്തിൽ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ജനങ്ങൾക്ക് നിരവധി ക്ഷേമപദ്ധതികൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സംഭാവനകൾ നൽകി റിക്കാർഡ് സ്ഥാപിച്ച ഗവൺമെന്റാണ്. ഉത്തര മലബാറിലെ ക്ഷേത്രാചാര സ്ഥാനീയർ, കോലധാരികൾ എന്നിവർക്കുള്ള ധനസഹായത്തിനുള്ള ഒരു പദ്ധതിക്കുവേണ്ടി അവർ ദീർഘകാലമായി മുറവിളി കൂട്ടുകയായിരുന്നു. എല്ലാ വിഭാഗത്തിനും ആനുകൂല്യങ്ങൾ കൊടുത്ത കൂട്ടത്തിൽ ഈ വിഭാഗത്തിന്റെ ആനുകൂല്യങ്ങളെ സംബന്ധിച്ചും, ക്ഷേമപദ്ധതികളെക്കുറിച്ച് അതിന്റെ വിശദാംശങ്ങൾ എന്താണ്; പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ എന്നൊക്കെ വെളിപ്പെടുത്തുന്നത് നന്നായിരിക്കും. വില വർദ്ധനവ് സംബന്ധിച്ച്, പാർലമെന്റിൽ രണ്ട് ദിവസമായി ചർച്ച നടക്കുന്ന കാര്യം നമുക്കറിയാം. വില വർദ്ധനവ് കേരളത്തിന്റെ മാത്രം പ്രതിഭാസമാണ്, ലോകത്തെങ്ങും വില വർദ്ധനവില്ല എന്നുപറഞ്ഞ് നടന്നവരാണ് അപ്പുറത്തിരിക്കുന്നവർ. പക്ഷേ ഇപ്പോൾ പാർലമെന്റ് സമ്മേളനം കൂടാനാകാത്ത വിധത്തിൽ ഇൻഡ്യയിലെ വിലക്കയറ്റത്തെക്കുറിച്ച് അതിരൂക്ഷമായ വാഗ്വാദങ്ങൾ നടക്കുകയാണ്. ഇന്ന് ഒരു പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വില വർദ്ധനവുമൂലം ജനങ്ങൾ പട്ടിണി കിടക്കുന്ന പശ്ചാത്തലത്തിൽ കോടിക്കണക്കിന് ടൺ ഭക്ഷ്യധാന്യങ്ങൾ നശിച്ച് നാമാവശേഷമാവുകയാണ്. അതൊരു ക്രിമിനൽ കുറ്റമാണെന്ന് സുപ്രീം കോടതി വിലിയിരുത്തിയിട്ടുണ്ട്. ഒരു വശത്ത് ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടക്കുക, മറുവശത്ത് ജനങ്ങൾ പട്ടിണി കിടക്കുക, ഇങ്ങനെയൊരു വിരോധാഭാസം ഇൻഡ്യയിൽ നിലനിൽക്കുകയാണ്. ഉള്ള ഭക്ഷ്യധാന്യങ്ങൾ തന്നെ, സർക്കാരിന്റെ ഗോഡൗണിലുള്ളതായാലും ശരി, സ്വകാര്യ മുതലാളിമാരുടെ ഗോഡൗണിലുള്ളതായാലും ശരി, അത് സംഭരിച്ച് ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് വിതരണം നടത്താനുള്ള യാതൊരു സംവിധാനവും ഉണ്ടാക്കാത്ത, നിരുത്തരവാദപരമായി പ്രവർത്തിക്കുന്ന ഒരു കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളാണ് ഈ വില വർദ്ധനവിന് ഇടയാക്കിയിട്ടുള്ളത്. അവിടെ ഇനി എൻ.സി.പി നിൽക്കുമോ, യു.പി.എ.യിലെ ഘടകകക്ഷികൾ ഏതൊക്കെ നിൽക്കുമെന്ന് വിലവർദ്ധനവിനെക്കുറിച്ചുള്ള ചർച്ച കഴിയുമ്പോൾ നമുക്കറിയാം. വോട്ടിട്ട് തീരുമാനിക്കുന്ന വിധത്തിൽ പ്രമേയം ചർച്ച ചെയ്യണമെന്ന് പറഞ്ഞിട്ട് എന്താണ് ഒളിച്ചോടുന്നത് ? പാർലമെന്റിൽ വോട്ടിനിട്ട് തീരുമാനിക്കുന്ന വിധത്തിൽ പ്രമേയം ചർച്ച ചെയ്യണമെന്നല്ലേ പ്രതിപക്ഷം ആവശ്യപ്പെടുന്നത് ? ചർച്ച ചെയ്യാൻ എന്തുകൊണ്ടാണ് തയ്യാറാകാത്തത് ? ചർച്ച ചെയ്താൽ യു.പി.എ. കക്ഷിയിൽ നിൽക്കുന്ന പല

LIBRARY ARCHIVES Kerala Legislative Assembly

കക്ഷികളും അപ്പുറത്തുണ്ടായി എന്ന് വരില്ല. ഗവൺമെന്റിന്റെ നില പരുങ്ങലിലാകുമെന്നുള്ളത് കൊണ്ടല്ലേ ചർച്ചയ്ക്ക് നിങ്ങൾ തയ്യാറാകാതിരിക്കുന്നത് ? ഈ സംസ്ഥാന ഗവൺമെന്റ് എടുത്ത നടപടികളുടെ ഫലമായി ഇൻഡ്യൻ ലേബർ ബ്യൂറോ പ്രസിദ്ധീകരിച്ച കൺസ്യൂമർ പ്രൈസ് ഇന്റെക്സ് പ്രകാരം 489 പോയിന്റാണ് കേരളത്തിന്റെ വില സൂചിക. ഇൻഡ്യയുടെ ശരാശരി വില സൂചിക 539 പോയിന്റാണ്. 50 പോയിന്റ് കേരളത്തേക്കാൾ കൂടുതലാണ് ഇൻഡ്യൻ ശരാശരി. ഏറ്റവും കൂടുതൽ ഭക്ഷ്യധാന്യം ഉൽപ്പാദിപ്പിക്കുന്ന പഞ്ചാബിൽ 589 പോയിന്റാണ്. കേരളത്തേക്കാൾ നൂറ് പോയിന്റ് കൂടുതലാണ്. ഇൻഡ്യൻ ലേബർ ബ്യൂറോ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് തമിഴ്നാടും കർണ്ണാടകവും ആന്ധ്രയുമെല്ലാം കേരളത്തിന് മുൻപിലാണ്. ഏറ്റവും കൂടുതൽ വില വർദ്ധനവ് ഉണ്ടാകേണ്ട സംസ്ഥാനം കേരളമാണ്. പക്ഷേ വരാതിരുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ രംഗത്ത് ഫലപ്രദമായി സ്വീകരിച്ച നടപടികളാണ്, പൊതുവിതരണ രംഗത്ത് സ്വീകരിച്ച നടപടികളാണ്, മാവേലി സ്റ്റോറുകളും സപ്ലൈകോയും സഹകരണ ചന്തകളും റംസാൻ ചന്തയും പെരുനാൾ ചന്തയും ഓണ ചന്തയും ഇതെല്ലാം കേരളത്തിലെ ജനങ്ങൾക്ക് ആശ്വാസം പകർന്നിട്ടുണ്ട്. യു.ഡി.എഫ് ആണ് കേരളം ഭരിച്ചിരുന്നതെങ്കിൽ ഇവിടെ ജനങ്ങൾ വിലക്കയറ്റത്തിന്റെ നീർച്ചുഴിയിൽപ്പെട്ട് നട്ടം തിരിയുമായിരുന്നു. ഇതെല്ലാം ഓർമ്മയുള്ളവരാണ് കേരളത്തിലെ ജനങ്ങൾ. ഏത് ജനവിഭാഗത്തിനാണ് ഈ ഗവൺമെന്റ് അസംതൃപ്തിയുണ്ടാക്കിയത് ? പിടിച്ചുപറിക്കാർക്കും മോഷ്ടാക്കൾക്കും തീവ്രവാദ പ്രവർത്തനം നടത്തുന്നവർക്കും ഗുണ്ടാപ്രവർത്തനം നടത്തുന്നവർക്കുമെതിരാണ് ഈ ഗവൺമെന്റ്. അവരെയെല്ലാം ഇരുത്തേണ്ട സ്ഥലത്ത് ഇരുത്തുന്നുണ്ട്. ഏതെങ്കിലും ആശ്വാസം കിട്ടാത്ത ഒരു ജനവിഭാഗം കേരളത്തിലില്ല. ആ ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടിയാണ് ഈ ഗവൺമെന്റ് നാല് കൊല്ലക്കാലം പ്രവർത്തിച്ചത്. തുടർന്നും ആ പ്രവർത്തനങ്ങൾ നടത്താനാവശ്യമായ പണം അനുവദിക്കണമെന്നുള്ള ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വളരെ നല്ല കാര്യങ്ങൾക്കുവേണ്ടി അവതരിപ്പിച്ചിട്ടുള്ള സപ്ലിമെന്ററി ഗ്രാന്റാണെന്ന് ഇവിടെ പറഞ്ഞു. ഞാൻ ഇതിനെ എതിർക്കാനുള്ള കാരണം, 2006-07-ലെ ബഡ്ജറ്റിൽ ഒറിജിനലായി പാസ്സാക്കിയതും അതിന് പുറമെ സപ്ലിമെന്ററിയായും തുക അനുവദിച്ചുകൊടുത്തു. അതിൽ പലതിലും ഒറിജിനൽതന്നെ നിങ്ങൾ ചെലവഴിച്ചിട്ടില്ല. ഒറിജിനൽ തുകയിൽത്തന്നെ 8813.48 കോടി രൂപ ചെലവഴിക്കാതെ മാറ്റി. നിങ്ങൾക്ക് ഇത് പാസ്സാക്കി തന്നിട്ട് എന്താണ് കാര്യം ? ഒറിജിനൽ ചെലവഴിക്കാത്തതിനെക്കുറിച്ച് സി.ആന്റ്.എ.ജി. 2006-07-ൽ പറഞ്ഞില്ലേ ? 2007-2008-ൽ 5954.95 കോടി രൂപ പാസ്സാക്കി തന്നതിൽ നിങ്ങൾക്ക് ചെലവാക്കാൻ കഴിഞ്ഞില്ല. അതിൽ സപ്ലിമെന്ററിയുള്ള പലതിലും ഒറിജിനൽ തന്നെ ചെലവാക്കാൻ സാധിക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

പോയി. പിന്നെ എന്തിനാണ് പാസ്സാക്കുന്നത്? 2008-09-ൽ 7718.82 കോടി രൂപ സഭ പാസ്സാക്കി തന്നത് പോലും ചെലവിട്ടിട്ടില്ല. അങ്ങനെ മൂന്ന് വർഷം പാസ്സാക്കിയ ഒറിജിനൽ തുക 22487.25 കോടി രൂപ ചെലവഴിക്കാത്ത നിങ്ങൾക്ക്, സപ്ലിമെന്ററി പാസ്സാക്കാൻ സമയനഷ്ടവും ധനനഷ്ടവും വരുത്തേണ്ട കാര്യമുണ്ടോ? അതുകൊണ്ടാണ് ഞങ്ങൾ എതിർക്കുന്നത്. ഇന്നലെ ബഹുമാന്യനായ സതീശൻ ഇവിടെ ഒരു കാര്യം പറഞ്ഞു. ഇന്ന് ആ ഭാഗത്തുള്ള ആർക്കെങ്കിലും അതിനെക്കുറിച്ച് പറയാതെ പ്രസംഗം നടത്താൻ കഴിഞ്ഞോ? എന്താണ് കാരണം? നിങ്ങൾക്ക് അത് ബാധിച്ചിരിക്കുന്നു. യാതൊരു സംശയവും വേണ്ട. ശ്രീ. വി. ഡി. സതീശന്റെ പ്രസംഗം ഫലിച്ചു എന്നതിൽ അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു, അനുമോദിക്കുന്നു. ഇതേ എനിക്ക് പറയാനുള്ളൂ. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സാധാരണ വളരെ സൗമ്യമായി പെരുമാറുന്ന ഒരാളാണ്. ബഹുമാന്യനായ കെ. എം. മാണി ഇവിടെ പറഞ്ഞു, അങ്ങ് ചിരിച്ചു കളയരുത് എന്ന്. അതുകൊണ്ടാണോ ഇത്ര വലിയ ഗൗരവം? ശ്രീ. കെ. എം. മാണിയുടെ ഉപദേശം സ്വീകരിച്ചോ? എനിക്ക് മനസ്സിലായില്ല. എന്തൊരു ഗൗരവമാണ്.

മി. സ്പീക്കർ : ശ്രീ. കെ. എം. മാണിയുടെ അഭിപ്രായം സ്വീകരിക്കണമെന്നാണോ അങ്ങയുടെ അഭിപ്രായം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്റെ അഭിപ്രായം ചിരിച്ചുകൊണ്ടിരിക്കണം എന്നാണ്. സാധാരണ ഈ സഭയിൽ കാണുന്ന ധനകാര്യ മന്ത്രിയെയാണോ ഇന്നലെ വൈകുന്നേരം മുതൽ ഇവിടെ കണ്ടത്. അല്ല. ശ്രീ. മാത്യു ടി. തോമസ് ഒരു കാര്യം പറയുന്നത് ഞാൻ കേട്ടു. അദ്ദേഹം പറഞ്ഞത് ഇതുവരെ അഴിമതി ആരോപണമൊന്നും പറയുന്നില്ല, എന്നതുകൊണ്ട് ഞങ്ങൾ പറഞ്ഞുവെന്നാണ്. അല്ല. ഞങ്ങൾക്ക് കുറെ കാര്യങ്ങൾ അറിയാം. എന്നാൽ പലതും നിങ്ങൾ പറയുന്നതുപോലെ പറയാൻ പറ്റുമോ? നിങ്ങൾ ഈ ഭാഗത്ത് ഇരുന്ന് പറഞ്ഞത് ഏതെങ്കിലും ഒന്ന് അന്വേഷിക്കാൻ നിങ്ങൾക്ക് സാധിച്ചോ? നാല് കൊല്ലമായില്ലേ? 5,000, 6,000, 10,000 കോടി രൂപയുടെ ഒക്കെ അഴിമതി ആരോപണങ്ങൾ അല്ലേ പറഞ്ഞിരുന്നത്? ഡോ: തോമസ് ഐസക് അത് പറഞ്ഞിട്ടില്ല. പക്ഷേ അത് അന്വേഷിക്കണ്ടേ? ശ്രീ. മാത്യു ടി. തോമസ് ചോദിച്ചു, എന്ത് അഴിമതി ആരോപണം എന്ന്. ശ്രീ. വി. ഡി. സതീശൻ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർക്ക് എതിരായി എഴുതികൊടുത്ത് തന്നെ പറഞ്ഞു. അന്ന് നിഷേധിച്ചു. ഏതായാലും ഈ സഭയിൽ അവർ പറഞ്ഞു അത് ശരിയായിരുന്നുവെന്ന്. ഒരു കാര്യം മനസ്സിലാക്കണം. ഞങ്ങൾ എന്തും പറയുന്നവരല്ല. അങ്ങനെയാണെങ്കിൽ മാത്യു ടി. തോമസ് പറഞ്ഞത് എനിക്ക് മനസ്സിലായി. അദ്ദേഹത്തിന്റെ ആ മന്ത്രിയെക്കുറിച്ച്, ഞങ്ങളെക്കൊണ്ട് ഉണ്ടെന്ന് പറയിപ്പിക്കണം. ട്രാൻസ്പോർട്ട് മന്ത്രിയെക്കുറിച്ച്. അതിന് ഞങ്ങളെ കിട്ടുമോ. അതിപ്പോൾ ഞങ്ങൾക്ക് വേണമെങ്കിൽ മുഖ്യമന്ത്രി പറഞ്ഞത് ഏറ്റ് പറഞ്ഞാൽ പോരെ? മുഖ്യമന്ത്രി തന്നെ ഇവിടുത്തെ മന്ത്രിമാരെക്കുറിച്ച് അഴിമതി ആരോപണം പറഞ്ഞില്ലേ? ശ്രീ. ജോസ് തെറ്റയിലിനെക്കുറിച്ച് പറഞ്ഞില്ലേ? അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാത്യു ടി. തോമസ് നമ്മുടെ ട്രാൻസ്പോർട്ട് മന്ത്രിയെക്കുറിച്ച് രണ്ട് വർത്തമാനം പറയണമെന്നാണോ ? ഞങ്ങളില്ല. അദ്ദേഹത്തിന്റെ മുഖം കണ്ടാൽ പറയാൻ തോന്നുമോ ? മുഖ്യമന്ത്രിക്കല്ലാതെ അങ്ങയെക്കുറിച്ച് ഞങ്ങളെകൊണ്ട് ചിലത് പറയിപ്പിക്കാനാണ് ശ്രീ. മാത്യു ടി. തോമസ് പറഞ്ഞത്. എന്തുണ്ട് പറയാൻ ? അതിലൊന്നും ഞങ്ങൾ വീഴില്ല. ഏതായാലും ഞാൻ ഒരു കാര്യം ഇവിടെ പറയട്ടെ, ഇപ്പോൾ ഈ പറയുന്ന കേസ് തന്നെ എടുക്കാം. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ ഇല്ലാതെ പോയതിലാണ് എനിക്ക് സങ്കടം. കാരണം അദ്ദേഹം ഇവിടെ ഒരു നിവേദനം ഗവർണ്ണർക്ക് കൊടുത്തിരുന്നു, സത്യപ്രതിജ്ഞാ ലംഘനമാണ്. ഉമ്മൻ ചാണ്ടിയും ഉമ്മൻ ചാണ്ടിയുടെ മന്ത്രിസഭയിലെ മന്ത്രിമാരും ലംഘിച്ചിരിക്കുന്നതുകൊണ്ട് അവരുടെ പേരിൽ ഗവർണ്ണർ നടപടി കൈക്കൊള്ളണം എന്നാണ് അദ്ദേഹത്തിന്റെ റിക്വസ്റ്റ്. ആ റിക്വസ്റ്റ് കൊടുത്തത് ലോട്ടറി കാര്യത്തെക്കുറിച്ചാണ്. അതിനെക്കുറിച്ച് അദ്ദേഹം കൊടുത്ത നിവേദനത്തിൽ അവസാന ഭാഗം ഞാൻ വായിക്കാം. ഗവർണ്ണർക്ക് കൊടുത്തതാണ്. ഇതിലൂടെ ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥകൾക്ക് അനുസൃതമായി ഭരണം നടത്താൻ സംസ്ഥാന സർക്കാരിന് കഴിയാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നത്. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ മന്ത്രിസഭയ്ക്കും എതിരെ സത്യപ്രതിജ്ഞാ ലംഘനത്തിന്റെ പേരിൽ ശക്തമായ നടപടികൾ കൈക്കൊള്ളണമെന്ന് സവിനയം അങ്ങയോട് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഇന്നത്തെ മുഖ്യമന്ത്രി, അന്നത്തെ പ്രതിപക്ഷ നേതാവ് കൊടുത്തതാണ്. അതിൽ പറയുന്ന രണ്ടാമത്തെ പോയിന്റ് ഞാൻ വായിക്കാം. അതു മതി ഡോ. തോമസ് ഐസക്കിനുള്ള മറുപടി. കേന്ദ്ര നിയമപ്രകാരം സംസ്ഥാന സർക്കാരുകൾക്ക് മാത്രമേ ഭാഗ്യക്കുറി നടത്താനുള്ള അവകാശമുള്ളൂ. കേന്ദ്ര നിയമത്തിലെ നാലാം വകുപ്പിൽ നിഷ്കർഷിക്കുന്ന മുൻകരുതൽ നിബന്ധനകൾക്ക് വിധേയമായി മാത്രമേ സംസ്ഥാന സർക്കാരുകൾ ഭാഗ്യക്കുറികൾ നടത്താവൂ എന്ന് പ്രസ്തുത നിയമത്തിൽ പറഞ്ഞിട്ടുണ്ട്. മുൻകരുതൽ നിബന്ധനകൾ അദ്ദേഹം പറഞ്ഞിരിക്കുന്നത് ഞാൻ വായിക്കുന്നില്ല. ഇത് ഇന്നത്തെ മുഖ്യമന്ത്രി ഗവർണ്ണർക്ക് കൊടുത്തതാണ്. എന്നിട്ട് അതിൽ അദ്ദേഹം വേറൊരു ഭാഗം പറയുന്നത് ഞാൻ വായിക്കാം. കേന്ദ്ര നിയമത്തിലെ മുൻകരുതൽ നിബന്ധനകൾ ലംഘിച്ചുകൊണ്ടുള്ള നിയമവിരുദ്ധ ഭാഗ്യക്കുറികളിൽ അടങ്ങിയിരിക്കുന്ന അപകട സാധ്യതകൾ ബഹുമാനപ്പെട്ട സുപ്രീംകോടതി 1999-ൽ ഉത്തർപ്രദേശും മിയാൻദാ എന്റർപ്രൈസസ്സും കേസിലെ വിധിന്യായത്തിൽ വിവരിക്കുന്നുണ്ട്. അതിലെ ഭാഗം ഞാൻ പറയാം. ആ വിധി ന്യായം അദ്ദേഹം ക്വാട്ട് ചെയ്തിരിക്കുന്നു. അദ്ദേഹം ക്വാട്ട് ചെയ്ത ഒരു ഭാഗം ഞാൻ വായിക്കാം. നാലാം വകുപ്പിലെ മുൻകരുതൽ നിബന്ധനകൾ ലംഘിക്കുന്നത് വളരെ ഗുരുതരമാണെന്നും പോലീസിന് സ്വമേധയാ കേസ് എടുക്കാവുന്നതും ജാമ്യമില്ലാത്ത ക്രിമിനൽ കുറ്റമാണെന്നും കേന്ദ്ര ഭാഗ്യക്കുറി നിയമത്തിൽത്തന്നെ പ്രതിപാദിക്കുന്നുണ്ട്. പറയുന്നത് നമ്മുടെ മുഖ്യമന്ത്രി. ബലാൽസംഗവും കൊലപാതകവും പോലെ സംസ്ഥാനം നടത്തിവരുന്ന ഭാഗ്യക്കുറികൾ, പൊതുജനങ്ങളുടെ ഇടയിൽ വിൽക്കപ്പെടുന്ന മറ്റ് ലോട്ടറികളിലും നാലാം വകുപ്പിലെ മുൻകരുതൽ നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പ് വരുത്തേണ്ട ഭാരിച്ച ചുമതല സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. അല്ലെങ്കിൽ നിസ്സഹായരായ പൊതുജനങ്ങൾ വഞ്ചിക്കപ്പെടും. അപ്പോൾ നാലാം വകുപ്പിൽ വ്യവസ്ഥയുണ്ട്. ഇവിടെ സിബിമാത്യു അന്വേഷിച്ചിട്ട് പറയുന്നത് എന്താണ് ? ഞാൻ ഇപ്പോൾ മന്ത്രിയോട് ചോദിക്കുന്നു. നാലാം വകുപ്പിൽ ഇതിനുള്ള വ്യവസ്ഥയുണ്ട് എന്ന് ഇന്നത്തെ മുഖ്യമന്ത്രി തന്നെ സുപ്രീംകോടതി ജഡ്ജുമെന്റ് ഉദ്ധരിച്ചുകൊണ്ട് ആ ക്വട്ടേഷനോടുകൂടി തന്നെ അദ്ദേഹം ഗവർണ്ണറോട് പറയുന്നു. മാത്രമല്ല അങ്ങ് ചട്ടത്തിനെക്കുറിച്ച് പറഞ്ഞല്ലോ. ഈ ചട്ടം വന്നത് 2010 ഏപ്രിൽ മാസത്തിലാണ്. മൂന്നു മാസമേ ആയിട്ടുള്ളൂ. സിബിമാത്യുവിന്റെ അന്വേഷണം കഴിഞ്ഞിട്ട് മൂന്ന് വർഷം കഴിഞ്ഞു. ആ റിപ്പോർട്ട് അങ്ങ് പൂഴ്ത്തിച്ചില്ലേ ? എന്നിട്ട് മൂന്ന് വർഷം കഴിഞ്ഞിട്ട് ഇപ്പോൾ ചട്ടം പറയുന്നു. വേറൊന്നു കൂടി ഞാൻ പറയട്ടെ, ഒരു ആക്ടിൽ സെക്ഷനാണ് പ്രാധാന്യം. ആ സെക്ഷൻ അനുസരിച്ചു നിങ്ങൾക്ക് കേസ് എടുക്കാം. പിന്നെ 2010-ൽ വന്ന ചട്ടമാണ് അദ്ദേഹം പറയുന്നത്. ആക്ടിലെ പ്രൊവിഷന് വിരുദ്ധമായി റൂൾ ഉണ്ടാക്കാൻ പാടില്ല. റെഗുലേഷൻ ഉണ്ടാക്കാൻ പാടില്ല. അങ്ങനെ ഉണ്ടാക്കിയാൽത്തന്നെ നിങ്ങൾ കേസ് എടുത്താൽ അവർ കോടതിയിൽ പോയാൽ ആ കേസിൽ സർക്കാരെ ജയിക്കൂ. അത് നിങ്ങൾ മനസ്സിലാക്കണം. സിബിമാത്യു വളരെ ക്ലിയറായി പറഞ്ഞില്ലേ കേസ് എടുക്കണമെന്ന്. ഞാൻ സമയക്കുറവ് കൊണ്ട് അത് വായിക്കുന്നില്ല. ഒരു കാര്യം വ്യക്തമാണ്. വളരെ ഉത്തരവാദിത്വത്തോടു കൂടിയാണ് ശ്രീ. വി. ഡി. സതീശൻ ഇന്നിവിടെ കാര്യങ്ങൾ ഉന്നയിച്ചത്. അതുകൊണ്ട് തന്നെയാണ് പ്രതിപക്ഷ നേതാവ് ചട്ടം ഉണ്ടാക്കുന്നതുവരെ നടപടി എടുക്കാതിരിക്കാൻ താൽപ്പര്യം കാണിച്ചത്. ആരാണ് അങ്ങയെ തടഞ്ഞത്? മുഖ്യമന്ത്രി ഇവിടെ ഇല്ല. സത്യപ്രതിജ്ഞാലംഘനത്തിന്റെ പേരിൽ ഞങ്ങളുടെ പേരിൽ നടപടി എടുക്കണം എന്ന് പറഞ്ഞ അന്നത്തെ പ്രതിപക്ഷ നേതാവ് ഇന്ന് മുഖ്യമന്ത്രിയാണ്. അദ്ദേഹം രാജി വയ്ക്കണമെന്ന് ഞാൻ പറയില്ല. കാരണം അദ്ദേഹം അവിടെ ഇരിക്കുന്നതാണ് ഞങ്ങൾക്ക് നല്ലത്. അതുകൊണ്ട് ഞാൻ അത് പറയുകയില്ല. ഈ മന്ത്രിയുടെ പേരിൽ നടപടിയെടുക്കാൻ തയ്യാറുണ്ടോ ? ഈ മുഖ്യമന്ത്രി തയ്യാറുണ്ടോ ? അദ്ദേഹത്തിന് അധികാരം ഉണ്ടല്ലോ. സാക്ക് ചെയ്യാൻവരെ അധികാരമുണ്ട് മുഖ്യമന്ത്രിക്ക്, ഗവർണ്ണർക്ക് എഴുതികൊടുത്താൽ മതി. അദ്ദേഹം നടപടി കൈക്കൊള്ളും. അദ്ദേഹം ഞങ്ങളുടെ പേരിൽ നടപടി എടുക്കാൻ വേണ്ടി പറഞ്ഞു. എന്നിട്ട് ഞാൻ ഇപ്പോൾ അതിലേക്ക് ഒന്നും കടക്കുന്നില്ല. എനിക്ക് വേറെയും കാര്യം പറയാനുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല. ഏതായാലും ഇത് വലിയ ഒരു തെറ്റായിട്ടുള്ള കാര്യമാണ്. സംസ്ഥാനത്തിന് 5000 കോടി രൂപയുടെ നഷ്ടം വരുത്തുന്ന കാര്യമാണ്. ഇന്ത്യയിലെ ഏറ്റവും വലിയ കവർച്ച മുഖ്യമന്ത്രിയുടെ നിവേദനമാണ്. അത് വേണമെങ്കിൽ ഞാൻ വായിക്കാം. ഇപ്പോൾ അത് 10,000 കോടി രൂപയായില്ലേ ? നിങ്ങൾക്ക് തൊടാൻ കഴിഞ്ഞോ ? ഞാൻ പറയുന്നു അന്വേഷിക്കൂ. നിയമത്തിന് വിരുദ്ധമായി ചട്ടം ഉണ്ടാക്കിയാൽ ചട്ടം നിലനിൽക്കുമോ ? ആരോടാ ഇത് പറയുന്നത് ? ഏതായാലും ഞാൻ അത് നിർത്തുന്നു. എനിക്ക് ഒന്നേ പറയാനുള്ളൂ. പ്രൊഫ. രവീന്ദ്രനാഥ് ഇന്നലെ

LIBRARY ARCHIVES Kerala Legislative Assembly

കുറേ കാര്യങ്ങൾ പറഞ്ഞു. സമയക്കുറവുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഏതായാലും ഇന്നലെ പ്രൊഫ. രവീന്ദ്രനാഥ് ജോസഫ് സ്ടിഗ്ലിസിനെയാണ് പറഞ്ഞത്. ഏതായാലും മാർക്സിനേയും ഏംഗൽസിനേയു മൊക്കെ വിട്ടു അല്ലേ ? കമ്പോളത്തിന്റെ വക്താവായ അദ്ദേഹത്തെത്തന്നെ വേണമല്ലേ നിങ്ങൾക്ക് ന്യായീകരിക്കുവാൻ ? ഞാൻ അതൊക്കെ വിടുന്നു. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം ഈ സംസ്ഥാനം തകരാൻ പോകുകയാണ്. ഇദ്ദേഹം കൊടുത്ത എ.എസ്. മുഴുവൻ പ്രവർത്തിച്ചാൽ കേരളം കണ്ടതിൽവച്ച് ഏറ്റവും വലിയ റവന്യൂക്കമ്മിയിൽ ഈ സംസ്ഥാനം പോയി വീഴും. അതിൽ ഒരു സംശയവും വേണ്ട.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ഇങ്ങനെ പറയുമ്പോൾ പ്രതികരിക്കാതിരിക്കുവാൻ പറ്റാതെ വരുന്നു. ക്യാപ്പിറ്റൽ വർക്കിന് എ. എസ്. കൊടുത്താൽ റവന്യൂകമ്മി എങ്ങനെയാണ് കൂടുന്നതെന്ന് പറയാമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, റവന്യൂ കമ്മി മാത്രമല്ല, കട ബാധ്യതയും ധനക്കമ്മിയും കൂടും. അത് റവന്യൂ അക്കൗണ്ടിലേക്ക് വരു മ്പോൾ റവന്യൂ കമ്മി വരും. റവന്യൂ അക്കൗണ്ടിൽ നിങ്ങൾ ചെലവഴിച്ചാൽ റവന്യൂ കമ്മി. ക്യാപ്പിറ്റൽ അക്കൗണ്ടിലാണ് ചെലവഴിക്കുന്നത് എങ്കിൽ മൊത്തം ധനക്കമ്മി. നിങ്ങൾ ഏതിൽ ചെലവഴിക്കുവാൻ പോകുന്നു ? ഇതെല്ലാം ക്യാപ്പിറ്റൽ അക്കൗണ്ടിലാണെന്ന് പറഞ്ഞാൽ കടം വാങ്ങി ചെലവിടാൻ പോകുന്നു എന്നർത്ഥം. കടബാധ്യത വർദ്ധിക്കുമെന്ന് മാത്രമല്ല ധനക്കമ്മി വർദ്ധിക്കും. ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. പി.ഡബ്ല്യു.ഡി.ക്ക് അയ്യായിരം കോടി രൂപയുടെ എ. എസ്. കൊടുത്തു. ഇപ്പോൾ എത്രയാണ് സപ്ലിമെന്ററി ഗ്രാന്റ് വന്നിരിക്കുന്നത് ? എല്ലാം കൂടി വന്നത് 3,375 കോടി രൂപ. ശമ്പളം കൊടുക്കണം, ഓൺ ഗോയിംഗ് വർക്കിനുള്ള പണം കൊടുക്കണം. എല്ലാം കഴിഞ്ഞ് ഇതിനകത്ത് എത്ര തുക ഉണ്ടാകും ? പക്ഷേ നിങ്ങൾക്ക് ധൈര്യമുണ്ട്. ഇതൊക്കെ ചെയ്യാം. ഈ കടം തീർക്കാൻ ഞങ്ങൾ വേണ്ടി വരും. അത് താങ്ങാൻ കഴിയുകയില്ല. ഒരു കാര്യം ഞാൻ പറയുന്നു. സി. ആന്റ് എ. ജി. റിപ്പോർട്ട്, സ്റ്റേറ്റ് ഫൈനാൻസ്, 2008-09, 2008-ൽ 6,962 കോടി രൂപയാണ് ഈ പറയുന്ന കേന്ദ്രത്തിന്റെ സഹായം. കേന്ദ്ര ഗവൺമെന്റ് ഒന്നും തരുന്നില്ലല്ലോ ? കേന്ദ്രത്തിന്റെ സഹായമൊന്നും കിട്ടുന്നില്ല. ഒറ്റ വാചകം വായിക്കാം. Chart 1.1 shows that compared to the budget estimates, the actual revenue receipts were less by Rs.424 crore, while actual revenue expenditure was less by Rs.79 crore. എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നു പറഞ്ഞാൽ നിങ്ങളുടെ കാലത്ത് അത് വളരെ കുറഞ്ഞുപോയി. ഇതാണ് വസ്തുത. ഒന്നുകൂടി ഞാൻ പറയുന്നു. ഇവിടെ ഒരു കാര്യം നിങ്ങൾ കാണണം. അതിന്റെ ഒന്നാമത്തെ പേജിൽ 1.1 Summary of Current Year's Fiscal Transactions. കേന്ദ്ര ഗവൺമെന്റ് 2008-09-ൽ ആകെ തന്നത് 6962.71 കോടി രൂപ. അതിൽ 2007-08-ൽ കിട്ടിയത് 4917.67 കോടി രൂപ. വർദ്ധനവ് 2045.04 കോടി രൂപ. എന്നുപറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

41.59% കേന്ദ്രം കൂടുതൽ തന്നു. എന്താണ് സ്റ്റേറ്റിന്റെ കോൺട്രിബ്യൂഷൻ ? ഇവിടെ ആകെ അധിക വർദ്ധനവുണ്ടായത് കഴിഞ്ഞ വർഷത്തേക്കാൾ 2770.97 കോടി രൂപ. എന്നു പറഞ്ഞാൽ 18.62 കോടി രൂപ. ഞാൻ അത് മുഴുവൻ ക്വാട്ട് ചെയ്യുന്നില്ല. ഏതായാലും ഒരു കാര്യം ഞാൻ നിങ്ങളോട് പറയുന്നു, ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഏറ്റവും വലിയ സഹായം കിട്ടിയതു കൊണ്ടാണ് ഈ പറയുന്ന സാമ്പത്തിക സ്ഥിതി ഇന്ന് ഇങ്ങനെയെങ്കിലും വന്നത്. 41 ശതമാനത്തിൽ അധികമാണ് കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ തന്നത്. അത് കാണണം. കേന്ദ്ര ഗവൺമെന്റ് ഞങ്ങളുടെ കാലത്ത് തന്നത് 10%. കേന്ദ്രം ഇപ്പോൾ 11% തന്നു. ഞങ്ങളുടെ കാലത്ത് 61% സ്റ്റേറ്റിൽനിന്ന് ഞങ്ങൾ ഉണ്ടാക്കിയതാണ്. അത് 60% ആയി കുറഞ്ഞു. പ്ലാൻ എക്സ്പെന്റിച്ചറിനെ കുറിച്ച് ഞാൻ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏഴായിരത്തിനാനൂറ്റി ചില്വാനം കോടിരൂപ ചെലവായി എന്നു പറഞ്ഞു. ബഹുമാനപ്പെട്ട ധനമന്ത്രി പറഞ്ഞു 8090 കോടി രൂപ ചെലവായി എന്ന്. രണ്ടും ഞാനാണ് ചോദിച്ചത്. രണ്ട് ചോദ്യവും 2010 മാർച്ച് 31-ന് ആണ്. എങ്ങനെ ഈ രണ്ട് ഫിഗർ വന്നുവെന്ന് ഞാൻ ചോദിക്കുന്നു.

മി. സ്പീക്കർ: അങ്ങേക്ക് 7 മിനിട്ട്അധികമായി......

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, രണ്ട് മിനിട്ട് തരാതെ ഒരു രക്ഷയുമില്ല. ഇവിടെ ഒരു കാര്യം, എല്ലാ കാര്യത്തിലും പ്ലാൻ എക്സ്പെന്റിച്ചർ കുറഞ്ഞില്ലേ ? ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ പ്രസ്താവന എന്റെ കയ്യിലുണ്ട്. മന്ത്രി പറഞ്ഞത്, 4-6-2010-ലെ മാതൃഭൂമി, പ്ലാൻ എക്സ്പെന്റിച്ചർ നൂറ് ശതമാനത്തിലേറെ. ഇതിൽ എത്ര കൊടുത്തിരിക്കുന്നു ? അങ്ങേയ്ക്കത് 90% വരും. മുഖ്യമന്ത്രിയുടെ മറുപടിയിൽ 80%. എങ്ങനെ വന്നു ഇത് ? ആളെ കാണുന്നിടത്ത് അതിനനുസരിച്ച് പ്രസംഗിക്കും. എല്ലാ നിലയിലും ഈ സംസ്ഥാനത്തിന്റെ ഖജനാവ് മുടിക്കുന്ന ഒരു ഭരണകൂടമായി ഈ ഭരണം മാറി എന്ന് മാത്രമല്ല, സാമ്പത്തിക അരാജകത്വം ഈ സംസ്ഥാനത്തുണ്ടായി. അന്ന് ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് ഭരണത്തിൽ വന്നപ്പോൾ ഉണ്ടായ സ്ഥിതിയുടെ ഏറ്റവും ഭീകരമായ ഒരു സാഹചര്യം ആയിരിക്കും ഇനി വരുന്ന യു.ഡി.എഫ്. ഗവൺമെന്റിന് ഉണ്ടാകുന്നത്.

മി. സ്പീക്കർ: അതുകൊണ്ട് വരണ്ട എന്നാണോ ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ സംസ്ഥാനത്തിനെ ഇതുപോലെ തകർത്ത ഒരു ധനകാര്യ മന്ത്രി ഈ സംസ്ഥാന ചരിത്രത്തിൽ ഉണ്ടായിട്ടില്ല. അതുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഇവിടെ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട അംഗം ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച ഒരു കാര്യത്തിന് ഒരു ചെറിയ വിശദീകരണമാണ് നൽകുന്നത്. ഉത്തര മലബാറിലെ കാവുകളിലും ക്ഷേത്രങ്ങളിലും ആചാര അനുഷ്ഠാനത്തോടെ കർമ്മം ചെയ്യുന്നവരാണ്

LIBRARY ARCHIVES Kerala Legislative Assembly

ആചാര്യ സ്ഥാനീയരും കോലധാരികളും. സാധാരണ ജീവിതത്തിൽനിന്ന് വ്യത്യസ്തമായി വ്രത ശുദ്ധിയോടെ സേവനം ചെയ്യുന്ന അവരുടെ ജീവിത പ്രയാസങ്ങളും പ്രാരാബ്ധങ്ങളും കണക്കിലെടുത്തുകൊണ്ട് അവർക്ക് സഹായം നൽകുന്നതിനുള്ള ധനസഹായ പദ്ധതിക്കാണ് ഇപ്പോൾ രൂപം കൊടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിൽത്തന്നെ ഒരു കോടി രൂപ അതിനുവേണ്ടി പ്രഖ്യാപിച്ചിട്ടുണ്ട്. വളരെയേറെ മാനുഷിക പരിഗണന നൽകി ഈ സ്ഥാനീയരുടെ പരിരക്ഷയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി അനുകൂല നടപടികൾ സ്വീകരിച്ചതിന് ഞാൻ നന്ദി രേഖപ്പെടുത്താൻകൂടി ആഗ്രഹിക്കുകയാണ്. 'ഉത്തര മലബാറിലെ ക്ഷേത്ര ആചാര്യ സ്ഥാനീയർ, കോലധാരികൾ എന്നിവർക്കുള്ള ധനസഹായ പദ്ധതി 2010' എന്ന് അറിയപ്പെടുന്ന ഈ പദ്ധതിയുടെ വിശദാംശങ്ങൾ സമയക്കുറവുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. ഇതു സംബന്ധിച്ച് ഇന്നലെത്തന്നെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അധികാരിക്ക് നൽകി കഴിഞ്ഞു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ചർച്ച തുടങ്ങിയത് ശ്രീ. കെ. ശിവദാസൻ നായരാണ്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ തോന്നി എന്റെ പ്രതികരണം എന്താണോ അവർ ആഗ്രഹിച്ചത് ആ വഴി ആയിപ്പോയി എന്ന്. പിന്നീടുള്ള മുഴുവൻ യു.ഡി.എഫ്. അംഗങ്ങളുടേയും പ്രസംഗം കേട്ടപ്പോൾ എനിക്കത് ബോധ്യമായി. ഒരു പൊതു ജീവിതത്തിൽ പരിശുദ്ധി വേണമെന്നും തന്റെ അധികാര പരിധിയിൽ വരുന്നതിൽ എവിടെ അഴിമതിയുണ്ടോ അതിനോട് വിട്ടുവീഴ്ചയില്ലാത്ത നിലപാട് എടുക്കണമെന്നും ഉറച്ച് വിശ്വസിക്കുന്ന ഒരു പൊതു പ്രവർത്തകനാണ് ഞാൻ. അപ്പോൾ അങ്ങനെയുള്ളവർക്ക് മാത്രമേ ഇങ്ങനെയൊക്കെ പറയുമ്പോഴുള്ള പ്രയാസം മനസ്സിലാകു. എങ്കിലും ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളോട് പതിവു ശൈലിയിൽ മാത്രം മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ബഡ്ജറ്റ് സെഷൻ ആരംഭിച്ച ദിവസത്തെ ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കെ.എസ്.ടി.പി. പദ്ധതിയെക്കുറിച്ചും സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിനെക്കുറിച്ചും ചോദ്യങ്ങൾ ഉയർത്തിക്കൊണ്ട് 205 കോടി രൂപ നഷ്ടപ്പെട്ടതിനെക്കുറിച്ച് പറയുകയുണ്ടായി. അതിനെക്കുറിച്ച് അന്വേഷണവും ആവശ്യപ്പെട്ടു. ഞാൻ അപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറഞ്ഞു അങ്ങ് തീരുമാനിക്കുന്ന ഒരു എം.എൽ.എ.യോ ഉദ്യോഗസ്ഥനോ വന്നാൽ മുഴുവൻ ഫയലും കാണിച്ചുതരാം. ബോധ്യപ്പെട്ടാൽ തിരുത്തിയാൽ മതി. എന്നാൽ അത് ഇതുവരെ ഉണ്ടായില്ലെന്ന് മാത്രമല്ല ഇന്നലെ വീണ്ടും അദ്ദേഹം അത് ആവർത്തിച്ചു. അതുകൊണ്ട് അത് സംബന്ധിച്ച കണക്ക് കൃത്യമായി സഭയുടെ റെക്കോർഡിന് വേണ്ടിയെങ്കിലും പറയുകയാണ്. സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന് 2004-ൽ ഭൂമി ഏറ്റെടുത്ത് കൊടുക്കേണ്ടതായിരുന്നു. 2006 ആയിട്ടും 42 കിലോമീറ്ററിൽ 14 കിലോമീറ്റർ റോഡിന് മാത്രമേ ഭൂമി ഏറ്റെടുത്ത് കൊടുത്തിട്ടുള്ളു. മൊത്തം ഭൂമി അക്വിസിഷനു വേണ്ടുന്ന 80 കോടി രൂപയിൽ 28 കോടി രൂപയേ ചെലവഴിച്ചുള്ളു. യഥാർത്ഥത്തിൽ അന്ന് ട്രിഡ ചോദിച്ചത് ഏതാണ്ട് 35 കോടി രൂപയാണ്. 28 കോടി രൂപയേ

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിച്ചുള്ളു. ഞാൻ ഇതുവരെയുള്ള പേമെന്റ് വായിക്കാം. പ്രതിപക്ഷ നേതാവിന്റെ വാദം എന്താണെന്നുവച്ചാൽ 18 കോടി രൂപ ഭൂമി അക്വിസിഷന് നൽകാത്തതിന്റെ ഫലമായി അക്വിസിഷൻ നടപടി നിന്നു. അതിന്റെ ഫലമായി 120 കോടി രൂപയുടെ ധനനഷ്ടം വന്നു എന്നുള്ളതാണ്. ....(ബഹളം)........... പറയാം. രണ്ട് ഇഷ്യൂസ് ഉണ്ട്. എല്ലാ വാദത്തിനും ആര് ചോദിച്ചാലും പറയാം. പറയാൻ അനുവദിക്കുക. സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ കാര്യം പറഞ്ഞു. അതിൽ ട്രിഡയാണ് ഏജൻസി. ട്രിഡ ചോദിക്കുമ്പോൾ സർക്കാർ പണം അനുവദിക്കുന്നു. ട്രിഡ കളക്ടർക്ക് നൽകുന്നു. 19-3-2004-ൽ ആറര കോടി രൂപ ചോദിച്ചു. ആറര കോടി രൂപ ഒരു മാസം കഴിഞ്ഞ് കൊടുത്തു. 12-1-2005-ൽ 17 കോടി രൂപ ചോദിച്ചു. 8 കോടി രൂപ മൂന്ന് മാസം കഴിഞ്ഞ് കൊടുത്തു. 10-3-2006 ൽ അഞ്ച് കോടി രൂപ ചോദിച്ചു. അഞ്ച് കോടി രൂപ കൊടുത്തു. ഒരു മാസത്തെ കാലതാമസം. ഇതാണ് യു.ഡി.എഫ്.-ന്റെ കാലം. അതുകഴിഞ്ഞ് ഈ സർക്കാർ വന്നു. 30-10-2006-ൽ നാല് കോടി രൂപ ട്രിഡ ചോദിച്ചു. ഒരു മാസത്തിനുള്ളിൽ നൽകി. 30-10-2006-ൽ 3.1 കോടി രൂപ ചോദിച്ചു. രണ്ട് മാസത്തിനുള്ളിൽ കൊടുത്തു. 27-11-2006-ൽ 10.06 കോടി രൂപ ചോദിച്ചു. രണ്ട് മാസത്തിനുള്ളിൽ നൽകി. 13-06-2007-ൽ പതിനഞ്ച് കോടി രൂപ ചോദിച്ചു. ഒരു മാസത്തിനുള്ളിൽ ആ പണം നൽകി. അവസാനം 21-11-2007-ൽ 12.2 കോടി രൂപ ചോദിച്ചു. ആ തുക മൂന്ന് മാസത്തിനുള്ളിൽ നൽകി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് 18 കോടി രൂപയുടെ കണക്ക് എവിടെ നിന്ന് കിട്ടിയെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ടാണ് അദ്ദേഹത്തോട് പറഞ്ഞത് ആരെയെങ്കിലും ഒരാളെ വിടു. ഈ കണക്ക് ഒന്ന് നോക്കാമെന്ന്. 2004-ൽ തീർക്കേണ്ട അക്വിസിഷൻ നടപടി 2006 ആയിട്ടും 42 കിലോമീറ്ററിൽ 14 കിലോമീറ്റർ മാത്രം തീർത്തിട്ട് .... (ബഹളം) ....നോ........നോ.............Not while I speak. That is not fair. ഞാൻ വഴങ്ങിത്തരാം. ഞാൻ സംസാരിച്ച് കഴിഞ്ഞിട്ട് പറയാം. ഓരോ പോയിന്റ് കഴിഞ്ഞിട്ടും വഴങ്ങാം. തോക്കിനുള്ളിൽ കയറി വെടിവയ്ക്കരുത്. എന്നെ പറയാൻ അനുവദിക്കാത്ത രീതിയിൽ ചോദ്യം ചോദിക്കരുത്. ഇത് എല്ലാം ഇവിടത്തെ റെക്കോർഡിലുണ്ട്. 18 കോടി രൂപ അന്ന് അങ്ങോട്ട് കൊടുത്തിരുന്നെങ്കിൽ ഭൂമി കിട്ടുമായിരുന്നല്ലോ, അവർ പണി നിർത്തി പോകില്ലായിരുന്നല്ലോ. 2006-ൽ പറഞ്ഞ ഭൂമി എടുത്ത് കൊടുക്കാത്തതുകൊണ്ട് മാത്രമല്ല അവരുടെ വലിയ പ്ലാന്റും മറ്റും ഒന്നോ രണ്ടോ റോഡും വച്ച് പണിയുന്നത് എക്കണോമിക്കലല്ലാത്തതുകൊണ്ട് അവർ നിർത്തി പോയതാണ്. അതിന്റെ നഷ്ടം എന്റെ തലയിൽ വയ്ക്കേണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പ്രതിപക്ഷ നേതാവ് പറഞ്ഞതായി ഞാൻ മനസ്സിലാക്കുന്നത് കെ.എസ്.ടി.പി. പ്രോഗ്രാമിന്റെ 18 കോടി രൂപയുടെ ബിൽ അവരുടേത് ഉണ്ടായിരുന്നു. അത് എം.സി. റോഡിന്റെ പണിയിൽ അവർക്ക് കിട്ടേണ്ടിയിരുന്ന ബിൽ. രണ്ടാമത്തേത്, ഈ പണി പൂർത്തിയാക്കുന്നതിന് ആറ് മാസത്തെ എക്സ്റ്റൻഷൻ. ഈ രണ്ട് കാര്യങ്ങൾ കൊടുക്കില്ല. അതിനെക്കുറിച്ചുള്ള തർക്കം വന്നുഎന്നാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് പറയുന്നത് സിറ്റിയിലെ റോഡ് ഇംപ്രൂവ്മെന്റിനെക്കുറിച്ചാണ്. പ്രതിപക്ഷ നേതാവ് പറഞ്ഞത് എം.സി. റോഡിന്റെ കെ.എസ്.ടി.പി. പ്രോഗ്രാമിനെക്കുറിച്ചാണ്.

ഡോ. തോമസ് ഐസക്: പ്രതിപക്ഷ നേതാവ് പറഞ്ഞുവന്നതിനെ കുറിച്ച് പറയാം. രണ്ടും പറഞ്ഞു. ഒരെണ്ണത്തിന്റെ കഥ ഇതാണ്. അത് പോകട്ടെ നിങ്ങൾക്ക് ഇപ്പോൾ തർക്കമില്ലല്ലോ. അങ്ങനെ നിൽക്കട്ടെ. ഇനി കെ.എസ്.ടി.പി. എടുക്കാം. കെ.എസ്.ടി.പി.-യുടേത് 176 കോടി രൂപയാണ്. പതിബെൽ-ന്റെ ഒറിജിനൽ എസ്റ്റിമേറ്റ്. പണി തീരുമ്പോൾ 289 കോടി രൂപയാകും. എങ്ങനെയാണ് ഈ അധിക ചെലവുണ്ടായത്? ആരുടെ കാലത്താണ് അധികച്ചെലവ് ഉണ്ടായത്? യു.ഡി.എഫ്.-ന്റെ കാലത്ത് 112 കോടി രൂപയുടെ പ്രവൃത്തി നടന്നു. ഇന്ന് രാവിലെ പറഞ്ഞ പ്രൈസ് എസ്കലേഷന്റെ ഭാഗമായി 24 കോടി രൂപ കൊടുത്തു. 63 കോടി രൂപയുടെ പണി ബാക്കിയുണ്ട്. അതിന് ഈ പ്രൈസ് എസ്കലേഷൻ നോംസ് വച്ചാൽ 48 കോടി രൂപവരും. യു.ഡി.എഫ്.-ന്റെ കാലത്ത് നടന്നതുപോലെ ആ പ്രവൃത്തി തീരുമായിരുന്നെങ്കിൽ പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ആ 18 കോടി രൂപ അല്ലെങ്കിൽ എത്രയാണെന്ന് വച്ചാൽ അതുംകൂടി കൊടുത്ത് അവർക്ക് എക്സ്റ്റൻഷൻ കൊടുത്തിരുന്നെങ്കിൽ 250 കോടി രൂപയ്ക്ക് പണി തീരുമായിരുന്നു. ഇപ്പോൾ എന്താണ് നില? പ്രതിപക്ഷ നേതാവിന്റെ കണക്കിന്റെ കടലാസ് കൊടുക്കണമെന്ന് പറഞ്ഞിരുന്നു. ശ്രീ. ആര്യാടൻ മുഹമ്മദിനെങ്കിലും കിട്ടിക്കാണും. ഇപ്പോൾ 289 കോടി രൂപയ്ക്ക് തീരും. 289-കോടി രൂപക്ക് തീരുമ്പോൾ അതിൽ അധികച്ചെലവ് എത്രയാണ് വരുന്നത്? 16 കോടി രൂപ പ്രൈസ് അഡ്ജസ്റ്റ്മെന്റ് പെയ്ഡ്. ഇനി കൊടുക്കാനുള്ളത് 25 കോടി രൂപ. ആകെ വരുന്ന അധികച്ചെലവ് 39 കോടി രൂപയുടേതാണ്. ഇവിടെ തർക്കമില്ലാതെ അവർ ചോദിച്ചത് കൊടുത്ത് തീർത്തിരുന്നെങ്കിൽ 250 കോടിരൂപയ്ക്ക് തീരുമായിരുന്നു. അതിപ്പോൾ 289 കോടി രൂപ വരും. ഈ 39 കോടി രൂപ നഷ്ടപ്പെടാൻ പാടില്ലായിരുന്നു. എന്താ ഉണ്ടായ തർക്കം? ഞങ്ങൾ അന്ന് എക്സ്റ്റൻഷൻ കൊടുത്തെന്ന്. ഇന്ന് വളരെ അഭിമാനത്തോടെ പറഞ്ഞല്ലോ. ഈ എക്സ്റ്റൻഷൻ കൊടുത്തതിന്റെ ഫലമായിട്ടാണ് 74 കോടി രൂപ കൂടുതൽ കൊടുക്കേണ്ടി വന്നത്. ആദ്യം ഭൂമി എടുത്തു കൊടുത്തില്ല. പിന്നെ ഭൂമി കിട്ടിയപ്പോഴേക്കും ഭഗീരഥ കമ്പനി തകർന്നു. അവർക്ക് പണമില്ലാതെയായി പ്രവർത്തി നടന്നില്ല. ആറ് പ്രാവശ്യം കൺസൾട്ടന്റ്, ഇവരുടെ കുറ്റമാണെന്ന് പറഞ്ഞിട്ടുണ്ട്. വേൾഡ് ബാങ്ക് റിവ്യൂ ടീം എഴുതിയിരിക്കുന്നത് ഈ കമ്പനിയുടെ ഫിനാൻഷ്യൽ സ്റ്റാറ്റസിനെക്കുറിച്ച് പരിശോധിക്കേണ്ടത് ഉണ്ടെന്നാണ്. അവരുടെ തെറ്റുകൊണ്ടാണ്, കുറ്റംകൊണ്ടാണ് ഇത് നീണ്ട് പോകുന്നത്, ടൈം എക്സ്റ്റന്റ് ചെയ്യേണ്ടി വരുന്നത് എന്നു പറഞ്ഞിട്ട് ഒരു പ്രാവശ്യം, ഒരു എൽ.ഡി. ക്ലെയിം, നഷ്ട പരിഹാരം ആവശ്യപ്പെട്ട് പതിബെൽ 74 കോടി രൂപയുടെ നഷ്ടപരിഹാരം വാങ്ങിക്കുകയാണ്. കേരള സർക്കാർ, അവരുടെ തന്നെ നീണ്ടു പോകുന്നത് എന്നുള്ള റിപ്പോർട്ടുകളെല്ലാം ഉണ്ടായിട്ടും ഒരു പ്രാവശ്യം പോലും എൽ.ഡി.ക്ലെയിം നടത്താതെ

LIBRARY ARCHIVES Kerala Legislative Assembly

എക്സ്റ്റെൻഷൻ കൊടുക്കുകയാണ് ചെയ്തത്. ഈ സർക്കാർ വന്നു. പഴയ സർക്കാരിന്റെ ധനവകുപ്പ് പറഞ്ഞത് തന്നെ ഈ സർക്കാരും പറഞ്ഞു. എൽ.ഡി. ക്ലെയിം കൊടുക്കണം. എക്സ്റ്റൻഷൻ കൊടുക്കുന്നതിന് മുൻപ് എൽ.ഡി. ക്ലെയിം കൊടുത്തിരിക്കണം. അത് ഈടാക്കിയിട്ടേ പേമെന്റ് നടത്താൻ പാടുള്ളൂ. എന്നാൽ പേമെന്റ് നിർത്തിവച്ചു. ഒരു മാസം കഴിഞ്ഞപ്പോൾ അങ്ങോട്ട് കൊടുക്കാനുള്ളതിനേക്കാൾ കൂടുതലായി ഇങ്ങോട്ടുള്ള ക്ലെയിം, അപ്പോൾപിന്നെ പണം കൊടുക്കാതെയായി. ഫിനാൻസ് പറഞ്ഞു. Null bill കൊടുക്കണം. ഇതെല്ലാം കഴിഞ്ഞ് ബാക്കി ഇത്രയുമാണ് ഇങ്ങോട്ട് തരാനുള്ളത് എന്ന് പറയണം. പറഞ്ഞില്ല. കരാർ ലംഘിച്ചുഎന്ന് പറഞ്ഞ് കമ്പനി തടിയൂരി. ഇതെങ്ങനെ വന്നു ഭവിച്ചു. ബിൽ പേ ചെയ്യാതിരുന്നതിന് ആരാണ് ഉത്തരവാദി എന്നുള്ളതാണ് വിജിലൻസ് അന്വേഷണത്തിന്റെ ഉള്ളടക്കം. 74 കോടി രൂപ അധികച്ചെലവ് നിങ്ങളുടെ ഭരണകാലത്ത് നടത്തിയിട്ട് ഇങ്ങനെയൊരു ഊരാക്കുടുക്ക് വന്നതിന്റെ ഫലമായിട്ടുണ്ടായ നഷ്ടം 39 കോടി രൂപ. ഇതൊക്കെ നമ്മുടെ പിടലിക്ക് വയ്ക്കരുത്.

ശ്രീ. വി. ഡി. സതീശൻ : അന്ന് എക്സ്റ്റൻഷൻ കൊടുക്കാതിരിക്കുകയും നിലവിലുള്ള പതിനെട്ട് കോടി രൂപയുടെ ബില്ല് കൊടുക്കാതിരിക്കുകയും

4.00 PM]

ചെയ്തപ്പോൾ അങ്ങ് ഉയർത്തിയ വാദങ്ങളല്ല. അന്ന് പറഞ്ഞിരിക്കുന്നത് ഇതിൽ വലിയ അഴിമതി നടന്നിട്ടുണ്ട്, ഇവരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യും, ഒരു കാരണവശാലും ഇവർക്ക് എക്സ്റ്റെൻഷൻ കൊടുക്കില്ല, ഇവരുടെ തുക കൊടുക്കില്ല എന്നു പറഞ്ഞു. രണ്ടുകാര്യങ്ങൾ അന്ന് സമ്മതിച്ചില്ല. അന്ന് ഞങ്ങൾ പറഞ്ഞു, അവരോട് ക്ലെയിം ചെയ്യണമെങ്കിൽ അവസാനം ക്ലെയിം ചെയ്യാം. ഇപ്പോൾ ഈ വർക്ക് ക്യാൻസൽ ചെയ്തുകഴിഞ്ഞാൽ നമുക്കൊരു സീസൺ പോകും, ഈ വർഷം വർക്ക് ചെയ്യാൻ കഴിയില്ല, മാത്രമല്ല, റീ-ടെണ്ടർ ചെയ്താൽ ഇതിനേക്കാൾ വലിയ എമൗണ്ടിൽ റീ-ടെണ്ടർ വരുമെന്ന് ഞങ്ങൾ പറഞ്ഞു. പക്ഷേ അങ്ങ് സമ്മതിച്ചില്ല. ഈ രണ്ടു സംഭവങ്ങളും കൊണ്ടാണ് 120 കോടി രൂപ ഈ പദ്ധതിക്കും 85 കോടി രൂപ മറ്റേ പദ്ധതിക്കും കൂടി ചേർത്ത് 205 കോടി രൂപ നഷ്ടമായത്. പ്രധാനപ്പെട്ട കാരണം അങ്ങ് എടുത്ത അന്നത്തെ നിലപാടാണ്. സർക്കാരിന് നഷ്ടമുണ്ടെങ്കിൽ അത് ക്ലെയിം ചെയ്യുന്നത് വർക്ക് കഴിയുമ്പോഴാണ്. ആർബിട്രേഷൻ കൊടുത്തിട്ടാണ് ക്ലെയിം ചെയ്യുന്നത്. ആ വർക്ക് നീട്ടിക്കൊണ്ട് രണ്ടാമത് റീ-ടെണ്ടർ ചെയ്തപ്പോൾ അതിനേക്കാൾ വലിയ തുകയാണ് ക്വാട്ട് ചെയ്തത്. പിന്നെ അവരെത്തന്നെ വിളിച്ച് മറ്റേ വർക്ക് അഡ്ജസ്റ്റ് ചെയ്തു. ഇതൊക്കെ നമ്മൾ കണ്ടതല്ലേ ?

ഡോ. തോമസ് ഐസക് : ആയിക്കോട്ടെ, ആയിക്കോട്ടെ. രണ്ടും റിക്കാർഡിൽ കിടന്നോട്ടെ, എല്ലാം റിക്കാർഡിൽ കിടന്നോട്ടെ. എൽ.ഡി. ക്ലെയിം വയ്ക്കുന്നത് ആർബിട്രേഷൻ വരുമ്പോഴല്ല. നിങ്ങൾ ക്ലെയിം കൊടുത്തിട്ടില്ലെങ്കിൽ ആർബിട്രേഷനിൽ നിങ്ങൾക്ക് കേസ്സില്ല. നിങ്ങൾ ചെയ്തത് അതാണ്. ഈ പരിപാടിയെ ഞങ്ങൾ വിമർശിച്ചു. എന്തുകൊണ്ട് ? എസ്റ്റിമേറ്റ് കമ്മിറ്റി പറഞ്ഞ കാരണങ്ങൾ കൊണ്ട്. അതിപ്പോൾ എസ്റ്റിമേറ്റ് കമ്മിറ്റി പുതുതായി കണ്ടുപിടിച്ചതല്ല. നിങ്ങളുടെ ഭരണ കാലത്ത് ഫിനാൻസ് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിനും ഇതിനെസംബന്ധിച്ചും പറഞ്ഞ കാര്യങ്ങളുടെ അപ്പുറം ഒരു വസ്തുതയും ഞാൻ പറഞ്ഞിട്ടില്ല. ഇതാണ് വസ്തുത. റിക്കാർഡിൽ ഇരുന്നോട്ടെ എന്താണ് കാര്യമെന്നുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് ആ കാലത്ത് ഇവരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുമെന്നും ഇവരെ വർക്ക് ഏൽപ്പിക്കില്ലെന്നും ഇവർക്ക് ഫൈനിടുമെന്നും പറഞ്ഞിരുന്നു. പിന്നെ ഈ വർക്ക് ഇവരെത്തന്നെ ഏൽപ്പിക്കാൻ എന്താണ് കാരണം ?

ഡോ. തോമസ് ഐസക് : അത് കഴിഞ്ഞപ്പോഴേക്കും നമ്മൾ കോൺട്രാക്ട് ബ്രേക്ക് ചെയ്തു എന്നുപറഞ്ഞ് അവർ പിരിയുന്നതോടുകൂടി നമ്മുടെ എല്ലാ അവകാശവാദവും പോയി. പൈസ കൊടുക്കാത്തതുകൊണ്ട് കോൺട്രാക്ട് നമ്മൾ ബ്രേക്ക് ചെയ്തിരിക്കുകയാണ്. അപ്പോൾ പിന്നെ 39 കോടി രൂപ അധികച്ചെലവുണ്ട്. ഇതിന് ഉത്തരവാദിയായിട്ടുള്ളവർ ആരെന്ന് അന്വേഷിക്കും. 74 കോടി രൂപയുടേത് അങ്ങ് പറഞ്ഞാൽ മതി. രണ്ടാമത്തേത് ലോട്ടറി സംബന്ധിച്ചാണ്. ഒരുപാട് ചർച്ചയും തർക്കവും നടന്നു. അഞ്ചുകാര്യങ്ങളാണ് ഇവിടെ ലോട്ടറി സംബന്ധിച്ച് ഇന്നലേയും ഇന്നുമായി ഉയർന്നുവന്ന ചോദ്യങ്ങളും വാദങ്ങളും. ബഹുമാനപ്പെട്ട മെമ്പർ വി. ഡി. സതീശൻ ഇന്നു കാലത്ത് ഞാൻ നടത്തിയ പത്ര സമ്മേളനത്തിന് മറുപടി കുറിപ്പ് കൊടുത്തത് ഞങ്ങൾക്ക് കിട്ടി. ഓരോന്നോരോന്നായി പറയാം. ആദ്യം, ഇന്നിപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ചതുപോലെ സെക്ഷൻ 4-ന്റെ വയലേഷന് ലോട്ടറി കമ്പനികൾക്ക് എതിരായി, പ്രൊമോട്ടേഴ്സിന് എതിരായി കേസ് എടുക്കാൻ സംസ്ഥാന സർക്കാരിന് അവകാശമുണ്ടോ അതാണ് ഒരു ചോദ്യം. രണ്ട്, ജോൺ കെന്നഡിക്ക് കേരളാ പേപ്പർ ലോട്ടറി നിയമപ്രകാരം പ്രൊമോട്ടറാകാൻ അർഹതയുണ്ടോ ; ഇല്ല എന്നാണ് നിങ്ങളുടെ വാദം. മൂന്ന്, ശ്രീ. വി. ഡി. സതീശൻ ഇന്നലെ പറഞ്ഞ കാര്യമുണ്ട്. നിങ്ങൾക്ക് സെക്ഷൻ 4-ന് എതിർക്കാൻ അവകാശമുണ്ടെന്ന് ശഠിക്കുന്നില്ല. ശ്രീ. വി. ഡി. സതീശന്റെ വാദം അതിനു പറ്റിയില്ലെങ്കിലും നിയമസഭ പാസ്സാക്കിയ പേപ്പർ ലോട്ടറി ടാക്സ് നിയമമുണ്ട്. അതുപ്രകാരം നികുതി വാങ്ങാതിരിക്കാം. അത് ചെയ്യാൻ പറ്റുമോ ? അതാണ് മൂന്നാമത്തേത്. നാലാമത്തേത്, രജിസ്ട്രേഷൻ കൊടുത്തു, അവർ പുതിയ ഡ്രോ നടത്താൻ പോകുന്നു. അത് നിഷേധിക്കാനുള്ള സ്വാതന്ത്ര്യമുണ്ടോ ? ഇതൊരു തർക്ക വിഷയമാണ്. അവസാനം, തലേമാസമാണ് നികുതി നൽകേണ്ട തീയതി. അല്ലാതെ നികുതി വാങ്ങിച്ചുകഴിഞ്ഞാൽ കാലതാമസത്തിന്റെ പലിശ വാങ്ങിക്കണം. ഇതാണ് നിയമവ്യവസ്ഥ. ആ നിയമം ലംഘിച്ചിട്ടുണ്ടോ ? ഇത്തരത്തിൽ തലേമാസമല്ലാതെ ആ മാസം തന്നെ നികുതി വാങ്ങുന്നതിന് നിയമം അനുവദിക്കുന്നുണ്ടോ ? ഇതാണ് അഞ്ചു ചോദ്യങ്ങൾ. വേറെ ഏതെങ്കിലും ചോദ്യമുണ്ടെങ്കിൽ അതും കൂടി പറയാം. അല്ലെങ്കിൽ ഇത് അഞ്ചെണ്ണം കൈകാര്യം ചെയ്യും. ആദ്യത്തേതിൽ മുഖ്യമന്ത്രി ഇവിടെ പറഞ്ഞ കത്തെല്ലാം കൊടുത്തതിനുശേഷമാണ് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

കേരളാഹൈക്കോടതിയും സുപ്രീം കോടതിയും സംസ്ഥാന സർക്കാരിന് ഇങ്ങനെ അവകാശമില്ല എന്ന് ഒന്നിലേറെ കേസ്സുകളിൽ വിധിച്ചിട്ടുള്ളതിന്റെ കഥ ഞാൻ ഇന്നലെ പറഞ്ഞു. അപ്പോൾ ഒരു സംശയം വരാം. എന്നാൽ സുപ്രീം കോടതിയുടെ അവസാനത്തെ ഇന്ററിം വിധിയിൽ, നിങ്ങൾ കേസ് രജിസ്റ്റർ ചെയ്തോളൂ, എഫ്.ഐ.ആർ.എടുത്തോളൂ എന്നാണ് പറഞ്ഞിട്ടുള്ളത്. പക്ഷേ വേറെ നടപടി പാടില്ല. കോടതി അങ്ങനെ വ്യാഖ്യാനിച്ചതിന്റെ പശ്ചാത്തലത്തിലാണ് ധൃതിപിടിച്ച് ഈ റൂൾസ് കൊണ്ടുവന്നത്. ഇന്നത്തെ കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ. പി. ചിദംബരം, ഇവരുടെ കാലത്ത് ഓൺലൈൻ ലോട്ടറീസിനുവേണ്ടി ഇവിടെ കേസ് വാദിക്കാൻ വന്നു. ഇവിടെ നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ ലോട്ടറി നിയമത്തിന്റെ റെഗുലേഷൻസിന് എതിരായി കേസ് വാദിക്കുന്നതിനുവേണ്ടി വന്നു. അദ്ദേഹം പറഞ്ഞത് ഓൺലൈൻ ലോട്ടറിയും മറ്റ് ലോട്ടറിപോലൊരു ലോട്ടറിയാണ്. ഹൈക്കോടതി അത് തള്ളി. നിയമസഭ പാസ്സാക്കിയ നിയമത്തെ അപ്ഹോൾഡ് ചെയ്തു. അന്ന് വക്കീൽ വാദം നടത്തി ജയിക്കാൻ പറ്റാത്ത കാര്യം ഇന്ന് മന്ത്രിയായപ്പോൾ ചട്ടമാക്കി മാറ്റിയിരിക്കുകയാണ്. ഇന്ന് കാലത്ത് പ്രതിപക്ഷ നേതാവ് പറയുകയുണ്ടായി, നളിനി ചിദംബരം ഒരു തവണയേ ഇവിടെ കേസ് വാദിക്കാൻ വന്നിട്ടുള്ളൂ എന്ന്. ലോട്ടറി കേസ്സുകളിൽ ഓൺലൈൻ ലോട്ടറിക്കും അന്യസംസ്ഥാന ലോട്ടറികൾക്കും ഏറ്റവും കൂടുതൽ അപ്പിയർ ചെയ്തിട്ടുള്ള വക്കീലൻമാരിൽ ഒരാൾ നളിനി ചിദംബരമാണ്. എന്റെ കയ്യിലുള്ള വിധി പകർപ്പുകൾ അനുസരിച്ച് ഞാൻ പറയാം. റിട്ട് അപ്പീൽ നമ്പർ 101 ഓഫ് 2007 ജോൺ കെന്നഡിക്ക്, നമ്മുടെ വിവാദ പുരുഷനുവേണ്ടി ഹാജരാകുന്നത് ശ്രീമതി നളിനി ചിദംബരം. ചിദംബരം മന്ത്രിയാവേണ്ട, നളിനി ചിദംബരം വന്നിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്..............(ബഹളം)....... ആയിക്കോട്ടെ.......... പറയാം..........പറയാം..........ഞാൻ നിങ്ങൾക്ക് വഴങ്ങിത്തരാം ....റിട്ട് അപ്പീൽ 256 ഓഫ് 2007, അവിടെയും ജോൺ കെന്നഡിക്കുവേണ്ടി ഹാജരാകുന്നത് നളിനി ചിദംബരമാണ്. ഇനി റിക്കാർഡിൽ വരട്ടെ..........റിട്ട് അപ്പീൽ 638/07..........(ബഹളം)...........ജോൺ റോസിനുവേണ്ടി ഹാജരായത് നളിനി ചിദംബരമാണ്. ജോൺ കെന്നഡി...............സിക്കിം ലോട്ടറി, കോൺസ്റ്റിറ്റ്യൂഷൻ ഓഫ് വാലിഡിറ്റി സംബന്ധിച്ച് നടന്ന കേസ്സിൽ ഹാജരായത് നളിനി ചിദംബരമാണ്. ഒരുപ്രാവശ്യം ഹാജരായിയെന്നാണ് ഇന്നുകാലത്ത് അസംബ്ലിയിൽ പറഞ്ഞത്. ഈ നളിനി ചിദംബരവും ശ്രീ. ചിദംബരവും നടത്തിയിട്ടുള്ള വാദം സംസ്ഥാന സർക്കാരിന് സെക്ഷൻ 4 വയലേഷന് എതിരെ നടപടി സ്വീകരിക്കാൻ അവകാശമില്ല. ഓൺലൈൻ ലോട്ടറിയും പേപ്പർ ലോട്ടറിയും ഒന്നുപോലെയാണ്. ഇന്ന് ആ വാദങ്ങൾ ചട്ടങ്ങളാക്കി ശ്രീ. ചിദംബരം മാറ്റിയിരിക്കുകയാണ്.........

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ രണ്ട് കാര്യങ്ങൾ ചോദിക്കാനുദ്ദേശിക്കുന്നു. ഒന്ന്, സിബി മാത്യുവിന്റെ എൻക്വയറി റിപ്പോർട്ടാണ്. Enquiry further reveal that the proceeds of the sale of the both these lotteries Bhutan and Sikkim are not credited into the public account of the concern as contemplated by clause 9(d) of section (4), Act 1998.

LIBRARY ARCHIVES Kerala Legislative Assembly

അടുത്ത് ഇതാണ്, That is most important. Major portion of the sale proceeds is directly going to the pocket of the distributors sale agent and thereby they defeating the frame object of the Act. അതു കഴിഞ്ഞിട്ട് സിബി മാത്യു കൺക്ലൂഡ് ചെയ്യുന്നത് The Government may take immediate step to prohibit the sale of Bhutan Lottery as well as Sikkim Lottery within the State, since it is being conducted in gross violation of the provision of the section (4) of the Lotteries Regulation Act. അതു കഴിഞ്ഞിട്ട് മൂന്നുകൊല്ലമായി.

അതുകഴിഞ്ഞ് 3 കൊല്ലമായി. ഇപ്പോൾ ഏപ്രിലിൽ കൊണ്ടുവന്ന ഈ റെഗുലേഷന്റെ പേരിലാണ് അങ്ങ് പറയുന്നത്. ഒരു കാര്യം കൂടി പറയാം. ശ്രീ. ചിദംബരത്തിന്റെ ഭാര്യ നളിനി ഇവിടെ കേസ്സ് വാദിച്ചു, അങ്ങയുടെ ഭാര്യ അമേരിക്കയിൽ ജോലി ചെയ്താൽ ഒബാമയുടെ ആള് എന്നാണോ അർത്ഥം ? സാമ്രാജിത്വവാദത്തിന്റെ ആളാണോ ? ....(ബഹളം)............

മി. സ്പീക്കർ : യെസ്....

ഡോ. തോമസ് ഐസക് : സർ, ...(ബഹളം)........... അതെയതെ... അതെ. അങ്ങനെതന്നെ ശ്രീ. ആര്യാടൻ മുഹമ്മദ് പറയണം. അത് നല്ലതാണ്. നല്ല ഒരു മര്യാദയാണ്. വളരെ നിലവാരമുള്ള ഒരു പ്രതികരണമാണ്. ആയിക്കോട്ടെ. അങ്ങ് ഇരിക്കൂ. ...അങ്ങ് ഇരിക്കൂ..... ഞാൻ ആണ് ഇപ്പോൾ മൈക്കിൽ. സിബിമാത്യുവിന്റെ റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ജോൺ കെന്നഡിയുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും ഇവിടെ നികുതി മേടിക്കാതിരിക്കാനും തീരുമാനമെടുത്തു. ആ തീരുമാനത്തിനെതിരായിട്ടുള്ള കേസ്സിലാണ് നളിനി ചിദംബരം വാദിക്കുന്നത്. .....(ബഹളം).....എന്നിട്ട്....എന്നിട്ട്....കേൾക്കണം. ഹൈക്കോടതി ....(ബഹളം).....

മി. സ്പീക്കർ : യെസ്...യെസ്...

ഡോ. തോമസ് ഐസക് : സർ, എന്നിട്ട് സിങ്കിൾ ബെഞ്ച് ...അല്ല നിങ്ങൾ കേൾക്കെന്ന്........ ....(ബഹളം)...........കേൾക്കുന്നെങ്കിൽ കേൾക്കൂ. ....(ബഹളം)............നിങ്ങൾ കേൾക്കുന്നെങ്കിൽ കേൾക്കൂ. ഞാൻ നിങ്ങൾ പറയുമ്പോൾ വഴങ്ങിത്തരുന്നുണ്ടല്ലോ കേൾക്കൂ ഇതൊക്കെ നിങ്ങൾ പറഞ്ഞതല്ലേ ? അപ്പോൾ സിങ്കിൾ ബഞ്ച് പറഞ്ഞു................(ബഹളം) ....പ്ലീസ്...ഞാൻ പറയട്ടെ. അപ്പോൾ സിങ്കിൾ ബഞ്ച് പറഞ്ഞു സിക്കിം ഇന്ത്യാരാജ്യത്തിനുള്ളിലാണ്. അത് ലോട്ടറി നടത്തുന്ന സംസ്ഥാനമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഭൂട്ടാൻ ലോട്ടറി വേണ്ടത്ര രേഖകൾ കൊണ്ടു വന്നിട്ടില്ല. അതുകൊണ്ട് ഭൂട്ടാൻ ലോട്ടറിയുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തത് ശരി. ഉടനെ അവർ ഹൈക്കോടതിയിൽപ്പോയി. ഹൈക്കോടതിയിൽ നടന്ന സംഭവമാണ്. അവിടെ നളിനി ചിദംബരം മാത്രമല്ല വന്നത് വി. റ്റി. ഗോപാലനുണ്ട്. കേന്ദ്ര സോളിസിറ്റർ ജനറൽ. എന്റെ കയ്യിൽ മുഴുവൻ രേഖകളുമുണ്ട്. ഞാൻ വായിക്കാം അദ്ദേഹം വാദിച്ചതിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഡിവിഷൻ ബഞ്ച് പറഞ്ഞു സംസ്ഥാനത്തിന് അവകാശമില്ല. സുപ്രീം കോടതിയിൽ സംസ്ഥാനം പോയി. സുപ്രീം കോടതിയും പറഞ്ഞു.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങ് ഇവിടെ പറഞ്ഞിരിക്കുന്ന കാര്യമെന്നുപറയുന്നത്, സിബി മാത്യു കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം,.......സിബി മാത്യുകമ്മിറ്റി റിപ്പോർട്ടിന്റെ രണ്ടാമത്തെ ശുപാർശയെന്നു പറഞ്ഞാൽ ടാക്സ് വാങ്ങിക്കാതിരിക്കുകയെന്നതാണ്. ടാക്സ് വാങ്ങിക്കാതിരുന്നാൽ പിന്നെ നടത്താതിരിക്കാൻ കഴിയും. അങ്ങ് ഇവിടെ യഥാർത്ഥത്തിൽ കോടതിയിൽ പോയി എന്നു പറയുന്ന കേസ് ഏതാണ്? കോടതിയിൽ കേന്ദ്രഗവൺമെന്റിന്റെ വക്കീൽ വന്നാൽ കേന്ദ്രത്തിന് അധികാരമില്ലെന്ന് വാദിക്കാൻ പറ്റുമോ ? സെൻട്രൽ ആക്ടിൽ കേന്ദ്രത്തിനാണ് അധികാരം. ഞങ്ങൾ ആ കാര്യത്തിൽ തർക്കം പറഞ്ഞിട്ടില്ലല്ലോ ? ഇന്ന് രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ സംസ്ഥാനങ്ങൾക്ക് അധികാരം കൊടുക്കണമെന്ന് ആദ്യം ആവശ്യപ്പെട്ടത് ഞങ്ങളാണെന്നാണ് പറഞ്ഞത്. ഞങ്ങൾ ഒരിക്കലും ഇതിന്റെ ഒരു ഘട്ടത്തിലും ....(ബഹളം).......പറയട്ടെ. ബഹുമാനപ്പെട്ട ധനമന്ത്രി പറയട്ടേ. ശ്രീ. ജയരാജൻ വലിയ വക്കാലത്ത് എടുക്കല്ലേ. നിങ്ങളൊക്കെക്കൂടിയാണ് കാശ് മേടിക്കുന്നത്. അതുകൊണ്ടാണ് ഇദ്ദേഹം പ്രതിക്കൂട്ടിൽ നിൽക്കുന്നത്. മനസ്സിലായോ ? ....(ബഹളം)........... അതാണ് ഞാൻ പറഞ്ഞത്. മര്യാദയ്ക്ക് നിൽക്കുക. അതാണ് ഇദ്ദേഹം പ്രതിക്കൂട്ടിൽ നിൽക്കുന്നത്. കാശ് മേടിക്കുന്നത് നിങ്ങളൊക്കെയാണ്. അതാണ് ഒച്ചയുണ്ടാക്കുന്നത്. അത് ഞങ്ങളോട് വേണ്ട. മനസ്സിലായോ? അതൊന്നും, വേണ്ട. .....വേണ്ട....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ.......

ശ്രീ. വി. ഡി. സതീശൻ: ദേശാഭിമാനിയുടെ.............(ബഹളം)............. ദേശാഭിമാനിയുടെ രണ്ട് കോടി രൂപ. ....(ബഹളം)................

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, അത് നീക്കം ചെയ്യണം. ....(ബഹളം)................

മി. സ്പീക്കർ: യെസ്...യെസ്.... ബഹുമാനപ്പെട്ട മിനിസ്റ്റർ. ....(ബഹളം)............അംഗങ്ങൾ ഇരിക്കണം....ഇരിക്കണം....ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം..........(ബഹളം)............ശ്രീ. പി. കൃഷ്ണപ്രസാദ് .... (ബഹളം)............യെസ്....യെസ്.....ശ്രീ. വി. ഡി. സതീശൻ....

ശ്രീ. വി. ഡി. സതീശൻ : സർ, എനിക്ക് അനുവദിച്ചതല്ലേ........ എനിക്ക് അനുവദിച്ചതല്ലേ ? എനിക്ക് അനുവദിച്ചതാണ്. സർ, എനിക്ക് അനുവദിച്ചതാണ്. ....(ബഹളം)............അങ്ങ് അനുവദിച്ചുതരണം. അദ്ദേഹം അനുവദിച്ചതാണ്. ....(ബഹളം)................

മി. സ്പീക്കർ : യെസ്...യെസ്....

ശ്രീ. വി.ഡി. സതീശൻ : സർ, അല്ലല്ല ഞാൻ പറഞ്ഞത്, ഞാൻ ഇന്ന് മറുപടി പറയുമ്പോൾ ....(ബഹളം)............

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : ശ്രീ. വി.ഡി. സതീശൻ...

ശ്രീ. വി. ഡി. സതീശൻ : സർ, ദേശാഭിമാനിയുടെ രണ്ട് കോടി രൂപയുടെ ബോണ്ട് മേടിച്ച കാര്യമാണ് ഞാൻ പറഞ്ഞത്. അത് തിരിച്ചു കൊടുത്തില്ല....തിരിച്ചുകൊടുത്തില്ല... ....(ബഹളം)...........തിരിച്ചുകൊടുത്തോ ? .... സെൻട്രൽ കമ്മിറ്റി ഇടപെട്ട് തിരിച്ചുകൊടുത്തില്ലേ. ....(ബഹളം)........... പറയാൻ സമ്മതിക്കാത്തത്....

മി. സ്പീക്കർ : യെസ്...യെസ്....

ഡോ. തോമസ് ഐസക് : സർ, കേൾക്കൂ........കേൾക്കൂ........യെസ്....... യെസ്....... ഇല്ലില്ല. അത് കിടന്നോട്ടെ രേഖയിൽ. നമുക്ക് പ്രശ്നമൊന്നുമില്ല. അതല്ല. ഇവിടെ പറയുന്നതെന്തിനാണെന്ന് എനിക്കറിയാം........... (ബഹളം) ....അതെ........അല്ലല്ല.... ....(ബഹളം)................

മി. സ്പീക്കർ : യെസ്...യെസ്....ബഹുമാനപ്പെട്ട മിനിസ്റ്റർ.....

ഡോ. തോമസ് ഐസക് : സർ, ...(ബഹളം)............മൈക്ക് എനിക്കാണ്.........മൈക്ക്.........എനിക്കാണ്...........സതീശൻ.......ഇരിക്കൂ സതീശൻ...........(ബഹളം)...........പ്ലീസ്...പ്ലീസ്.....പറഞ്ഞോ......സതീശൻ ഇനിയും പറഞ്ഞോ. ഇപ്പോൾ ഇരിക്കൂ. തൽക്കാലം ഞാൻ പറയട്ടെ. പറഞ്ഞു കഴിഞ്ഞിട്ട് പറയാം.. ഇതുകഴിയട്ടെ. ഇപ്പോൾ നമ്മൾ പോയിന്റ് ബൈ പോയിന്റായിട്ടാണ് പോകുന്നത്. വെറുതെ ഇടയ്ക്ക് കയറിയിട്ട് മറ്റൊന്നും പറയണ്ട. നമുക്ക് ഓരോന്ന് ആയിട്ട് പോകാം...........(ബഹളം)...........

മി. സ്പീക്കർ : ശ്രീ.വി. ഡി. സതീശൻ.......ശ്രീ. പി. ജയരാജൻ പറയട്ടെ.

ശ്രീ. പി. ജയരാജൻ : സർ, ഇവിടെ നിർഭാഗ്യവശാൽ പ്രതിപക്ഷ അംഗമായിട്ടുള്ള ശ്രീ. വി. ഡി. സതീശൻ, അദ്ദേഹം സമനില തെറ്റിയ നിലയ്ക്ക് കണ്ണൂർക്കാരനേയും ഒക്കെ ആക്ഷേപിക്കേണ്ട വല്ല ആവശ്യവുമുണ്ടോ ? കാശ് വാങ്ങിയെന്നാണ് ആക്ഷേപമുന്നയിച്ചിട്ടുള്ളത്. ....(ബഹളം)............അപ്പോൾ കണ്ണൂർ കാരൻ തന്നെ...കണ്ണൂർകാരൻ തന്നെ..., പക്ഷേ ഈ തരത്തിലുള്ള ആക്ഷേപമുന്നയിക്കേണ്ട വല്ല ആവശ്യവുമുണ്ടോ ? ഇവിടെ നമ്മൾ............ അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും പരസ്പരം അങ്ങോട്ടുമിങ്ങോട്ടും വിമർശിക്കാറുണ്ട്. പക്ഷേ ഒരു പ്രദേശത്തിന്റെ പേര് പറഞ്ഞ് നിങ്ങളൊക്കെ പൈസ വാങ്ങിച്ചിട്ടുണ്ട് എന്ന ആക്ഷേപം സതീശനെ പോലുള്ള ആളുകൾ ഉന്നയിക്കുന്നത് ശരിയാണോ സർ ? അത് ബഹുമാനപ്പെട്ട ചെയറാണ് അതിന്റെ റൂളിംഗ് നൽകേണ്ടത്. ....(ബഹളം)...........

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശൻ...

ശ്രീ. വി. ഡി. സതീശൻ : സർ, കണ്ണൂർ എന്നുപറയുന്നൊരു വാക്ക് ഞാൻ സംസാരിച്ചപ്പോൾ പറഞ്ഞിട്ടുപോലുമില്ല. ....(ബഹളം) ....ഞാൻ പറഞ്ഞിട്ടില്ല. ....(ബഹളം)................ ഞാൻ പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. വി.ഡി.സതീശൻ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ സഭാരേഖകൾ പരിശോധിച്ച് അത് നീക്കം ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ....

ശ്രീ. വി. ഡി. സതീശൻ : സർ, രേഖയിലുണ്ടെങ്കിൽ നീക്കം ചെയ്തോളൂ ......എനിക്ക്... ....(ബഹളം)...........

മി. സ്പീക്കർ : യെസ്................ചെയർ പറഞ്ഞുകഴിഞ്ഞു. ചെയർ പറഞ്ഞുകഴിഞ്ഞു. ഇരിക്കൂ.............

ഡോ. തോമസ് ഐസക് : സർ, ഞാൻ പറയുന്നത് രേഖയിൽനിന്നും മാറ്റണ്ട. അവിടെ കിടന്നോട്ടെ. പ്രശ്നമൊന്നുമില്ല. ....(ബഹളം)...........

മി. സ്പീക്കർ : ശ്രീ. പ്രകാശൻ മാസ്റ്റർ..........പറഞ്ഞുകഴിഞ്ഞു..........ചെയർ പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട മിനിസ്റ്റർ..........

ഡോ. തോമസ് ഐസക് : സർ, ശ്രീ. വി. ഡി. സതീശൻ പ്രസംഗിച്ചപ്പോൾ 25 കോടി രൂപയുടെ അഴിമതിയുണ്ടെന്നേ പറഞ്ഞുള്ളൂ. ആരുടെ അഴിമതിയെന്ന് പറഞ്ഞില്ല. എന്നാൽ ഇന്ന് ദീപിക പത്രത്തിലെ തലക്കെട്ട്.......'ധനമന്ത്രിക്ക് 25 കോടി രൂപ, പാർട്ടിക്ക് 150 കോടി രൂപ' ഇങ്ങനെയുള്ള ചില തെറ്റുകളുണ്ട്. അവരെക്കൂടി തിരുത്തിയെഴുതിക്കാനങ്ങ് പറഞ്ഞോളൂ. നിങ്ങൾ പറഞ്ഞതൊക്കെ നാട്ടുകാർ വിശ്വസിക്കുമെന്ന് കരുതിയിട്ടാണോ.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങ് ഉദ്ദേശിച്ചതുപോലെയാണെങ്കിൽ ഞാൻ ഇന്നലെ പറഞ്ഞപ്പോൾ എനിക്ക് അങ്ങനെ തന്നെ പറയാമായിരുന്നല്ലോ. ഞാൻ പറഞ്ഞത് അങ്ങ് പറഞ്ഞല്ലോ. ഞാൻ ചോദിക്കുന്നത് ഈ ഒന്നാമത്തെ പോയിന്റ് ....(ബഹളം).....................ഒന്നാമത്തെ പോയിന്റ് പറഞ്ഞത് 4-11-2009-ൽ സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവ് ഉണ്ട്. അങ്ങേയ്ക്ക് കേസ് എടുക്കാം.

മി. സ്പീക്കർ : ചെയർ പറഞ്ഞുകഴിഞ്ഞു.

ശ്രീ. വി.ഡി. സതീശൻ : സർ, കോടതിയുടെ അനുവാദത്തോടുകൂടി സെർച്ച് നടത്താം. ആകെ ഇവിടെ 4-11-നു ശേഷം കുറച്ച് കേസേ എടുത്തിട്ടുള്ളൂ. അതാണ് ഞാൻ ഇന്നലെ ഉന്നയിച്ച ആരോപണം സെയിൽ ഔട്ട്ലെറ്റുകളിൽ പോയി മാത്രമാണ് കേസ്സ് എടുത്തത്. യഥാർത്ഥത്തിൽ പ്രൊമോട്ടറെ സർച്ച് ചെയ്ത് പുറത്തുകൊണ്ടുവന്നാൽ ഈ സെക്ഷൻ 4-ന്റെ വയലേഷൻ വളരെ ക്ലിയറാകും. സംസ്ഥാനഗവൺമെന്റിന് അതിനുള്ള അധികാരമുണ്ട് എന്ന് സുപ്രീംകോടതി പറഞ്ഞിരിക്കുന്നു. അത് ഈ ചട്ടത്തിൽ എതിരായി പറഞ്ഞിട്ടുണ്ടെങ്കിൽപ്പോലും അത് ബാധകമല്ല. മാത്രമല്ല അങ്ങ് സിക്കിം സ്റ്റേറ്റ് ഗവൺമെന്റിനെ ഈ ചട്ടം അനുസരിച്ച് അറിയിച്ച സമയത്ത് ഇങ്ങനെ സെക്ഷൻ 4-ന്റെ വയലേഷൻ കേരളത്തിലുണ്ടായിട്ടുണ്ടെന്നോ ഇവരിതെല്ലാം ലംഘിച്ചുകൊണ്ടാണ് ലോട്ടറി നടത്തുന്നത് എന്നതിന്റെ രേഖകളൊന്നും ഹാജരാക്കാതെ ഈ സംസ്ഥാന സർക്കാരിന്റെ കയ്യിലുള്ള ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട ഡോക്യുമെന്റ് എന്നുപറയുന്നത് ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ ഉദ്ധരിച്ച സിബി മാത്യുവിന്റെ വിജിലൻസ് കമ്മിറ്റി റിപ്പോർട്ടാണ്. രണ്ടു മൂന്നുകൊല്ലക്കാലം ഇത് കോടതിയിൽ ഹാജരാക്കാതെ സെക്ഷൻ 4-വയലേഷൻ ഈ അന്യസംസ്ഥാന ലോട്ടറികൾ നടത്തിയത് മറച്ചുവച്ചുകൊണ്ട് ആ കേസ്സുകളിൽ അവരെ വിജയിപ്പിക്കാൻവേണ്ടി കൊളൂഡ് ചെയ്തുവെന്നായിരുന്നു എന്റെ ആരോപണം. അതിപ്പോൾ നിലനിൽക്കുന്നു.

ഡോ. തോമസ് ഐസക് : ശ്രീ. സതീശൻ, ഒരു കാര്യം അങ്ങ് വിട്ടു. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ നിലപാട്. അദ്ദേഹം പറഞ്ഞുതുടങ്ങിയത് ശരി. നിങ്ങൾക്ക് സെക്ഷൻ 4 വയലേഷൻ പറ്റുകയില്ലെങ്കിലും ഇവിടെയുള്ള നിയമ പ്രകാരം നികുതി വാങ്ങിക്കാമായിരുന്നു. ഉന്നയിച്ചതുകൊണ്ട് പറഞ്ഞതാണ്. സിബി മാത്യുവിന്റെ റിപ്പോർട്ട് വന്നുകഴിഞ്ഞ് രണ്ടുമാസത്തിനുള്ളിലാണ് ഈ നടപടി മുഴുവൻ എടുത്തത്. ഇവരുടെ മുഴുവൻ രജിസ്ട്രേഷനും ക്യാൻസൽ ചെയ്തു. ക്യാൻസൽ ചെയ്യുന്നതിന് കൃത്യമായി ഇന്നയിന്ന ചാർജുകൊണ്ട് സെക്ഷൻ 4-ന്റെ വയലേഷൻ മാത്രമല്ല മറിച്ച് സിക്കിം ലോട്ടറിയുടെ ഡയറക്ട് ഏജന്റല്ല, അവരുടെ പ്രൊമോട്ടറല്ല ഈ ജോൺ കെന്നഡി. അതുകൊണ്ടുകൂടി യാണ് ക്യാൻസൽ ചെയ്യുന്നതെന്നാണ്. ഇവിടെ സിക്കിം ഗവൺമെന്റ് കേസ്സിൽ പങ്കാളിയായി. അതുകൂടി പരിഗണിച്ചിട്ട് ജഡ്ജ്മെന്റ് ഞാൻ വായിക്കാം. Director of Lotteries, Government of Sikkim sent communication to the State Government of Kerala on more than one occasions stating that the petitioner M/s. Martin Lottery Agencies limited is the distributor of Sikkim lotteries and the Best and Company is a sole marketing agent and Megha distributors is a marketing agent in the State of Kerala. Further in the letter sent by Government of Sikkim on 14-6-2006 to the Government of Kerala, there is specific reference to Martin Lottery Agencies Ltd. and also various other communications. We may indicate, the registration was granted to the petitioner under provisions of the Kerala Tax on Paper Lotteries Act and there is nothing to show in the notice that the petitioner is conducting lotteries which is now organised by Sikkim Government. സിക്കിം ഗവൺമെന്റിനും ഭൂട്ടാൻ ഗവൺമെന്റിനും നൽകിയിട്ടുള്ള സ്റ്റേറ്റിന്റെ സർക്കാരിന് എഴുതിയിട്ടുള്ള കത്തുകൾ, ഇവരുടെ വാദം ഞങ്ങളാണ് ഇതിന്റെ ചീഫ് പ്രൊമോട്ടർ എന്നല്ല. സോൾസെല്ലിംഗ് ഏജന്റ് എന്നല്ല. മറിച്ച് ജഡ്ജ്മെന്റിൽ പറയുന്നത് .... is a marketing agent in the State of Kerala.........

ശ്രീ. വി. ഡി. സതീശൻ : നിങ്ങൾ കൊടുത്ത നോട്ടീസിൽ ഓർഗനൈസിംഗ് സ്റ്റേറ്റല്ല ഇത് നടത്തുന്നത് എന്ന് പറഞ്ഞിട്ടില്ല എന്നാണ് വിധിയിൽ പറഞ്ഞിരിക്കുന്നത്. അത് വായിച്ചല്ലോ. നോട്ടീസിൽ പറഞ്ഞിട്ടില്ല എന്ന് ഇപ്പോൾ വായിച്ച കൂട്ടത്തിൽ വായിച്ചു.

ഡോ. തോമസ് ഐസക് : ഒന്നുകൂടി വായിക്കാം. ആ ഭാഗം വരുമ്പോൾ പറഞ്ഞാൽ മതി. Director of Lotteries, Government of Sikkim sent

LIBRARY ARCHIVES Kerala Legislative Assembly

communication to the State Government of Kerala on more than one occasions stating that the petitioner M/s. Martin Lottery Agencies limited is the distributor of Sikkim lotteries and the Best and Company is a sole marketing agent and Megha distributors is a marketing agent in the State of Kerala. Further in the letter sent by Government of Sikkim on 14-6-2006 to the Government of Kerala, there is specific reference to Martin Lottery Agencies Ltd. and also various other communications. We may indicate, the registration was granted to the petitioner under provisions of the Kerala Tax on Paper Lotteries Act and there is nothing to show in the notice that the petitioner is conducting lotteries which is now organised by Sikkim Government. കാരണം സിക്കിം ഗവൺമെന്റ് വന്ന് പ്ലീഡ് ചെയ്യുകയാണ്...... ....(ബഹളം)...............ഇവർ സിക്കിം ലോട്ടറിയുടെ ഇവിടത്തെ ഏജന്റല്ല. സിക്കിം സർക്കാരുമായി ബന്ധമില്ല എന്ന് തെളിയിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ്.......... അല്ലാതെ പിന്നെന്താ?

ശ്രീ. ആര്യാടൻ മുഹമ്മദ്: 1999-ൽ ബി. ആർ. എന്റർപ്രൈസസിന്റെ കേസ്സിൽ സുപ്രീംകോടതി വിധിയിൽ പറയുന്നത് നാലാം വകുപ്പുപ്രകാരം അതായത് ബലാത്സംഗം, കൊലപാതകങ്ങൾ പോലത്തെ വകുപ്പുകളിട്ട് ക്രിമിനൽ കേസ്സ് പോലീസിന് എടുക്കാവുന്നതുമാണെന്ന് സുപ്രീംകോടതി വിധിയിൽ പറഞ്ഞുവെന്ന് നമ്മുടെ മുഖ്യമന്ത്രിയാണ് ഇത് ഗവർണ്ണർക്ക് എഴുതിക്കൊടുത്തത്. ഞാൻ ചോദിക്കുന്നത് കെന്നഡിയെ ക്യാൻസൽ ചെയ്യാൻ നോട്ടീസ് കൊടുത്തുവെന്നു പറഞ്ഞു. എന്തുകൊണ്ട് സുപ്രീംകോടതി പറഞ്ഞപോലെ ഈ സെക്ഷൻ-4 ന്റെ വയലേഷന് എതിരായി ക്രിമിനൽ കേസ്സെടുത്തില്ല.

ഡോ. തോമസ് ഐസക്: റെക്കോഡിൽ കിടന്നോട്ടെ ഇങ്ങനെതന്നെ. മൂന്നാമത്തേത് ശ്രീ. സതീശൻ കൺസീഡ് ചെയ്യുകയാണ്. സെക്ഷൻ-4 പ്രകാരം നടപടി പറ്റത്തില്ല. സുപ്രീംകോടതി ഇങ്ങനെ പറഞ്ഞിട്ടുണ്ട്......

ശ്രീ. വി. ഡി. സതീശൻ: എന്റെ പോയിന്റ് ഒന്നുകൂടി ക്ലിയർ ചെയ്ത് പറയാം. ലോട്ടറിയെ നിരോധിക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല എന്നറിയാം. നമ്മൾ 2005-ൽ പാസ്സാക്കിയ നിയമം ടാക്സസ് ഓൺ ലോട്ടറീസ് ആക്ട് സെക്ഷൻ 2 അനുസരിച്ച് പേപ്പർ ലോട്ടറിയെന്താണെന്ന് ഡിഫൈൻ ചെയ്യുന്നുണ്ട്. രണ്ട് കാര്യമേ പറയുന്നുള്ളു. ഒന്ന് അതൊരു ഓൺലൈൻ ലോട്ടറി ആകരുത്. രണ്ടാമത്തേത് കേന്ദ്ര നിയമത്തിലെ സെക്ഷൻ 4-ന്റെ നിബന്ധനകൾ അനുസരിക്കുന്നതായിരിക്കണം. അതായത് സെക്ഷൻ 4-നിബന്ധന അനുസരിക്കാത്ത ഒന്ന് പേപ്പർ ലോട്ടറിയല്ല. എന്നിട്ട് വീണ്ടും ടാക്സ് സ്വീകരിക്കുന്ന കാര്യം പറയുന്നു. പേപ്പർ ലോട്ടറിയല്ലാത്ത കാര്യത്തിനെങ്ങനെയാണ് ടാക്സ് സ്വീകരിക്കുന്നത്? അതാണ് ചോദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: ബഹുമാനപ്പെട്ട മെമ്പർ വാദിക്കുന്നത് കേരള സർക്കാരിന് എന്നാൽ ടാക്സല്ല, ഈ രജിസ്ട്രേഷൻ ഫീസ്.........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ കൺക്ലൂഡ് ചെയ്യണം, ഇനി ഒരു ബിൽ കൂടി ഉണ്ട്.

ഡോ. തോമസ് ഐസക്: സർ, ഇതിന് മറുപടി പറഞ്ഞുപോയേ പറ്റൂ. ഇവരിങ്ങനെ വർത്തമാനം പറഞ്ഞാൽ മറുപടി പറയണം. ഇപ്പോൾ വാദം എന്താണെന്ന് ചോദിച്ചാൽ, ഇപ്പോൾ കേരള നിയമസഭ പാസ്സാക്കിയ ലോട്ടറീസ് നിയമം ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ഫീ വാങ്ങുന്നത് ഓരോ ഡ്രോയ്ക്കും ഇത്ര ഫീ വേണമെന്നുണ്ട് ടാക്സല്ല, ഫീയാണ്. അത് വാങ്ങാതിരുന്നുകൂടേ എന്നുള്ളതാണ് ചോദ്യം. അതു സംബന്ധിച്ച് ആദ്യം അരുണാചൽ സർക്കാരിന്റെ കാര്യം, ഈ രീതിയിൽ ആപ്ലിക്കേഷൻ ഇവിടെ ജോൺ റോസ് കൊണ്ടുവന്നു. ജോൺ റോസ് കൊണ്ടുവന്നപ്പോൾ ഇവിടെ നിന്ന് നിർദ്ദേശിച്ചു. ആ രജിസ്ട്രേഷൻ ഫീ വാങ്ങാൻ പാടില്ല എന്ന്. അഡ്വാൻസ് ടാക്സ് നിരസിച്ചു. ഇതിനെതിരെ കേരള ഹൈക്കോടതിയിൽ കേസ്സ് പോയി. തോറ്റു. സുപ്രീം കോടതിയിൽ പോയി. സുപ്രീംകോടതിയിൽ ഇന്നത്തെ ചീഫ് ജസ്റ്റീസ് ജസ്റ്റീസ് കപാഡിയയുടെ വിധിയുണ്ട്. നിങ്ങളുടെ ജൂറിസ്ഡിക്ഷനില്ല. അത് കേന്ദ്ര സർക്കാർ തീരുമാനിക്കേണ്ടതാണ്. ഒരു കേസ്സിന്റെ വളരെ നിർണ്ണായകമായ വിധിയുടെ സ്റ്റേറ്റ്മെന്റുണ്ട്, രാധാകൃഷ്ണന്റെ സ്റ്റേറ്റ്മെന്റ് അത് വായിക്കാം. കേരള സർക്കാരിന്റെ വാദം ഇവിടെ ഉദ്ധരിക്കുന്നില്ല. റെലവന്റായിട്ടുള്ള ഒരു പോർഷൻ മാത്രം വായിക്കുകയാണ്. Learned Judge took the view that something which State cannot do under section (5) of Lotteries Regulation Act,..... സെക്ഷൻ 4, വയലേഷനുവേണ്ടി നടപടിയെടുക്കാനുള്ള അവകാശമാണ് സെക്ഷൻ 5. Something which State can not do under section 5 of Lotteries Regulation Act, cannot be done indirectly under the provisions of Kerala Tax on Paper Lotteries Act. നേരിട്ട് കേന്ദ്ര നിയമത്തിന്റെ അഞ്ചാം വകുപ്പുപ്രകാരം ചെയ്യാൻ നിങ്ങൾക്ക് അവകാശമില്ലാത്ത കാര്യം നിങ്ങളുടെ നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ വകുപ്പ് വച്ച് ചെയ്യാൻ ഇൻഡയറക്ട് ആയിട്ട് ശ്രമിക്കുന്നത് തെറ്റാണെന്നാണ് പറഞ്ഞത്. ഈ ജോൺ കെന്നഡിയുടെ കേസ്സിൽ.

ശ്രീ. വി. ഡി. സതീശൻ : വളരെ കൗശലത്തോടുകൂടിയുള്ള തെറ്റിദ്ധരിപ്പിക്കലാണ്. എന്താണ് അരുണാചൽ പ്രദേശ് കേസ്? അരുണാചൽ പ്രദേശ് സർക്കാരിന്റെ പേരിൽ ജോൺ റോസ് എന്നു പറയുന്ന ആൾ പുതിയ ഒരു ലോട്ടറി നറുക്കെടുപ്പിനുവേണ്ടി വരുന്നു. അയാൾ ടാക്സ് അടയ്ക്കട്ടെ എന്ന് നിങ്ങളോട് ചോദിക്കുന്നു. നിങ്ങൾ പറയുന്നു ടാക്സ് അടയ്ക്കേണ്ട എന്ന്. ടാക്സ് അടയ്ക്കേണ്ട എന്നു പറയാൻ നിങ്ങൾക്കെന്താണ് റൈറ്റ്? ടാക്സ് അടയ്ക്കേണ്ട എന്നു പറയാൻ റൈറ്റുണ്ടാകണമെങ്കിൽ അയാൾ സെക്ഷൻ 4 വയലേറ്റ് ചെയ്തിരിക്കണം. സെക്ഷൻ 4 വയലേറ്റ് ചെയ്യാൻ അരുണാചൽ സർക്കാർ കേരളത്തിൽ ലോട്ടറി നടത്തിയിട്ടില്ല. കേരളത്തിൽ ലോട്ടറി

LIBRARY ARCHIVES Kerala Legislative Assembly

നടത്താത്ത ഒരാളോട് നിങ്ങൾ സെക്ഷൻ 4 വയലേറ്റ് ചെയ്തു എന്നുപറഞ്ഞ് ടാക്സ് സ്വീകരിക്കാതിരുന്നാൽ അത് തെറ്റാണ്. നിങ്ങൾ സിക്കിം ലോട്ടറിയോട് ടാക്സ് കളക്റ്റ് ചെയ്യുകയും ചെയ്യുന്നു. അരുണാചൽ സർക്കാരിനോട് വാങ്ങിക്കുകയും ചെയ്യുന്നില്ല. പക്ഷേ ആ വിധിയുടെ അവസാനഭാഗം കോടതി വളരെ കൃത്യമായി പറയുന്നുണ്ട്. അരുണാചൽ സർക്കാരിന്റെ കത്തുമായി നിങ്ങളാണ് ഓതറൈസ്ഡ് സെല്ലിംഗ് ഏജന്റ് എന്നുപറഞ്ഞ് വന്നാൽ ജോൺ റോസിന് ഇവിടെ ലോട്ടറി നടത്താം. 2008-ലാണ് ഈ കേസ് വന്നത്. 2010-ആയിട്ടും ഈ ജോൺ റോസ് ഇതുവരെ അരുണാചൽ പ്രദേശിന്റെ കത്തുമായി ഇങ്ങോട്ട് വന്നിട്ടില്ല. കാരണം അവർ കത്ത് കൊടുത്തിട്ടില്ല. എന്തിനാണ് സർ തെറ്റിദ്ധരിപ്പിക്കുന്നത് ?

ഡോ. തോമസ് ഐസക് : സർ, അരുണാചൽപ്രദേശ് കേസ് മാത്രമല്ല, നിങ്ങൾ പറഞ്ഞുകഴിഞ്ഞല്ലോ, ഒന്ന് അടങ്ങിയിരിക്കൂ. ഇങ്ങനെ ധൃതി വച്ചാലോ ? അരുണാചൽ പ്രദേശിന്റെ ലോട്ടറി വിൽക്കുന്ന അനുവാദത്തിനുവേണ്ടി ജോൺ റോസ് വരുന്നു. കേരള സർക്കാർ പറയുന്നത് സെക്ഷൻ 4-ന്റെ വയലേഷനല്ല. കേരള സർക്കാർ പറയുന്നത്, അരുണാചൽ പ്രദേശിന്റെ ലോട്ടറി ഏജന്റാണെന്നുള്ളതിന് തെളിവില്ല, അതുകൊണ്ട് വാങ്ങിക്കുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ അരുണാചൽ സർക്കാർ സുപ്രീം കോടതിയിൽ കേരള സർക്കാരിനെതിരെ കത്തയയ്ക്കുന്നു. ആ കത്ത് ക്വാട്ട് ചെയ്തിട്ടാണ് പറയുന്നത്, നിങ്ങൾക്ക് ഇത് തടയാൻ അവകാശമില്ല. എന്നിട്ട് കോടതിയുടെ കമന്റ്, "The only discrepancy in the letter is that the letter should be attested to Assistant Commissioner of Sales Tax not to the Commissioner, Commercial Sales Tax". അത് റെക്റ്റിഫൈ ചെയ്താൽ കൊടുക്കണമെന്ന്. അത്രയും നല്ലത്. അതുകഴിഞ്ഞ് ജോൺ കെന്നഡിയുടേതും ഇതു തന്നെയാണ് കേസ്. ആ കേസിലും ഇതുപോലെ തന്നെ. അവരുടെ അഡ്വാൻസ് ടാക്സ് വാങ്ങിച്ചില്ല. വാങ്ങിക്കാത്തതിനെതിരായിട്ടാണ് അവർ കേസിന് പോയത്. അവിടെയാണ് ലേണഡ് ജഡ്ജ് പറഞ്ഞത്, നിങ്ങൾക്ക് നേരിട്ട് ചെയ്യാൻ അവകാശമില്ലാത്തകാര്യം വളഞ്ഞ വഴിയിലൂടെ നികുതി വാങ്ങിക്കാതെ നടത്തുന്നത് ശരിയല്ല. ഇവിടെ ഞങ്ങൾ നോട്ടീസ് കൊടുത്തത് ഈ പറഞ്ഞ സെക്ഷൻ 4 വയലേഷനാണ്. ഈ ജഡ്ജുമെന്റ് ഞാൻ എത്രവേണമെങ്കിലും വായിക്കാം.

ശ്രീ. വി. ഡി. സതീശൻ : സർ, ഡയറക്ടായി ചെയ്യാൻ സാധിക്കാത്ത കാര്യം ഇൻഡയറക്ടായി ചെയ്യാൻ പാടില്ലെന്ന് ജഡ്ജുമെന്റിൽ നേരത്തെ ക്വാട്ട് ചെയ്തത് അരുണാചൽ പ്രദേശ് കേസിലാണ്. ഇപ്പോൾ അങ്ങ് സൗകര്യപ്രകാരം സിക്കിം കേസിലേയ്ക്ക് ക്വാട്ട് ചെയ്ത് മാറ്റി. ഞാൻ പറയുന്നു ജോൺ കെന്നഡിയുടെ കേസിൽ കോടതിയിൽ പോയത് എന്തിനാണെന്നറിയാമോ? ഇവർ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്ന ആളുകളാണ്, ടാക്സ് അടയ്ക്കാൻ ഡിലേ വന്നു. ഡിലേ വന്നുകഴിഞ്ഞപ്പോൾ അസിസ്റ്റന്റ് സെയിൽസ് ടാക്സ് കമ്മീഷണർ പറഞ്ഞു, ഇത് വാങ്ങിക്കുന്നില്ല. ഉടനെ അവർ കോടതിയിൽ പോയി. കോടതിയിൽ പോയിക്കഴിഞ്ഞപ്പോൾ ഇവർ സെൻഷൻ 4 വയലേഷനോ

LIBRARY ARCHIVES Kerala Legislative Assembly

സിബി മാത്യൂവിന്റെ റിപ്പോർട്ടോ കോടതിയിൽ ഹാജരാക്കിയില്ല. വൈകിയതു കൊണ്ട് ടാക്സ് വാങ്ങിക്കുന്നില്ല എന്നുപറഞ്ഞു. അത് വൈകിയതിന്റെ പേരിൽ വാങ്ങിക്കാതിരിക്കണ്ട, നിങ്ങൾ പലിശ വാങ്ങിച്ചിട്ട് അത് കൺഡോൺ ചെയ്തിട്ട് ടാക്സ് വാങ്ങിക്കണമെന്ന് കോടതി പറഞ്ഞു. ഇതിനെ ടാക്സ് വാങ്ങിച്ചേ പറ്റൂ എന്ന് കോടതി പറഞ്ഞുവെന്ന് തെറ്റിദ്ധരിപ്പിക്കരുത്.

ഡോ. തോമസ് ഐസക് : സർ, അങ്ങനെയിരുന്നോട്ടെ. റിക്കോർഡിൽ കിടന്നോട്ടെ. ശ്രീ. സതീശിനെക്കൊണ്ട് വാദിച്ചപ്പോൾ സമ്മതിപ്പിക്കാൻ എനിക്ക് സാധിക്കുമോ ? ഉറക്കം നടിക്കുന്നവരെ ഉണർത്താൻ പറ്റില്ല. ഉറങ്ങിക്കിടക്കുന്നവരെ ഉണർത്താം. അതുകൊണ്ട് അങ്ങനെ ഇരുന്നുകൊള്ളട്ടെ. എന്റെവാദം അവിടെയിരുന്നുകൊള്ളട്ടെ. അടുത്തത് ലോട്ടറി നറുക്ക് രജിസ്ട്രേഷൻ, ഇപ്പോൾ ചെയ്തതുപോലെ ഒരു ലോട്ടറി പ്രൊമോട്ടർ വരികയാണ്. അദ്ദേഹം പറയുന്നു എനിക്ക് പുതിയ ഒരു ഡ്രോ കൂടി വേണം. അത് തടയാൻ പറ്റുമോ ? തടയാൻ പറ്റില്ല. ഇന്നിപ്പോൾ ഒരുദിവസം 24 ഡ്രോവരെ എടുക്കാനുള്ള അവകാശമുണ്ട്. കൃത്യമായി ഹൈക്കോടതിയുടെ വിധിയുണ്ട്. രജിസ്ട്രേഷൻ നൽകുന്നത് പ്രൊമോട്ടർക്കാണ്. നറുക്കിനല്ല. അതുകൊണ്ട് ഒരു പ്രൊമോട്ടർക്ക് പുതിയ നറുക്കെടുപ്പ് നടത്തുന്നതിനും അവകാശമുണ്ടെന്ന് കോടതി വിധിച്ചു. ഇപ്പോൾ പാലക്കാട് എ.സി.യുടെ മുന്നിലേയ്ക്ക് 2 ഡ്രോകൂടി വേണമെന്ന് പറഞ്ഞ് വന്നു. അവിടത്തെ അസിസ്റ്റന്റ് കമ്മീഷണർ അനുവാദം കൊടുത്തു, നികുതി വാങ്ങിച്ചു. പക്ഷേ തെറ്റെവിടെയാണ് ? പ്രശ്നമെന്തെന്നുവച്ചാൽ തലേമാസം 1-ാം തീയതി കൊടുക്കണം. അടുത്തമാസം എത്ര പുതിയ ഡ്രോ ഉണ്ടാകും, അതിന്റെ നികുതി മുൻകൂർവച്ച് അടയ്ക്കണം. അത് തലേമാസമല്ല ചോദിച്ചിരിക്കുന്നത്. 17-ാം തീയതി തുടങ്ങുന്ന ലോട്ടറിയുടേത് 3-ാം തീയതിയാണ് വച്ചിരിക്കുന്നത്. അതിന് ഇന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്. വ്യവസ്ഥ എന്താണ് ? ഇങ്ങനെ കാലതാമസം വന്നാൽ ആ കാലതാമസം വന്ന കാലയളവിൽ പ്രതിമാസം 2 ശതമാനം പലിശ. അപ്പോൾ 24 ശതമാനം പലിശ. നേരത്തെ പറഞ്ഞ കേസ്സിൽ, ജോൺ കെന്നഡിയുടെ കേസിൽ നാല് കോടിയിൽപ്പരം രൂപ നികുതിയും അതിന്റെ പലിശയുമായിട്ട് 40,000 രൂപയും കൂടി അടയ്ക്കേണ്ടി വന്നു. അപ്പോൾ ഇന്നലെയുണ്ടായ സംശയമെന്താണ് ? ഇദ്ദേഹം പലിശ വാങ്ങിക്കാതെയാണോ രജിസ്ട്രേഷൻ നൽകിയിട്ടുള്ളത്. ഇന്ന് ഇപ്പോൾ റിട്ടൺ റിപ്പോർട്ട് എനിക്ക് വന്നില്ലെങ്കിലും ടാക്സസ് സെക്രട്ടറി പറഞ്ഞത്, അദ്ദേഹത്തിന്റെ അന്വേഷണത്തിൽ പലിശ വാങ്ങിച്ചിട്ടുണ്ടെന്നുള്ളതാണ്. ഇതാണ് നടന്നകാര്യം ? ഇതിന്റെ അടിസ്ഥാനത്തിൽ 25 കോടി പിന്നെ 150 കോടി, ഓരോ പത്രങ്ങളിലൊക്കെ എന്തൊക്കെയാണ് എഴുതിപിടിപ്പിക്കുന്നത്.

ശ്രീ. പി. ജയരാജൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത് ഇവിടെ പ്രതിപക്ഷം പുകമറ സൃഷ്ടിക്കാനാണ് പരിശ്രമിക്കുന്നത്. കെ.എസ്.ടി.പി.യുടെ കാര്യം പറഞ്ഞു. കെ. എസ്. ടി. പി. യിൽ അതിന്റെ ആഗോള ടെണ്ടർ വ്യവസ്ഥയനുസരിച്ചുതന്നെ 30 ശതമാനമെങ്കിലും ഭൂമി എടുക്കാതെ ടെണ്ടർ നടപടി ആരംഭിക്കാൻ പാടില്ല എന്ന്

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥയുണ്ടായിരിക്കെ അതെല്ലാം ലംഘിച്ചുകൊണ്ട് ഈ സംസ്ഥാനത്തിലെ ഖജനാവിന് 500 കോടിയോളം രൂപ അധിക ഭാരമുണ്ടാക്കിയതാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ്. ഇവിടെ പ്രതിപക്ഷം വാദിച്ചുകൊണ്ടുവരുന്നതെന്തെന്നുവച്ചാൽ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കെ.എസ്.ടി.പി.യെ സംബന്ധിച്ച്, നഗരവികസന പദ്ധതിയെ സംബന്ധിച്ച് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിയതെന്നാണ്. ഇവിടെ ലോട്ടറി മാഫിയയ്ക്ക് എല്ലാവിധത്തിലും കൂട്ട് നിൽക്കുന്ന, കേന്ദ്ര ഗവൺമെന്റിനെ നയിക്കുന്ന കോൺഗ്രസിന്റെ ആളുകൾ ഈ സഭയെ തെറ്റിദ്ധരിപ്പിക്കാനാണ് നോക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അത് മനസ്സിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എനിക്ക് അനുമതി തന്നതിൽ വലിയ സന്തോഷമുണ്ട്. നമ്മൾ രണ്ടുപേരും ഉയർത്തുന്ന പോയിന്റ്, അത് അക്കാഡമിക്കായിട്ട് ശരിയാണോ അല്ലയോ എന്നുള്ളതിന്റെ ഒരു പ്രശ്നമുണ്ടല്ലോ. അങ്ങ് പറയുന്നതും ഞാൻ പറയുന്നതും റെക്കോർഡിൽ കിടക്കും. ഞാൻ അവസാനം പറഞ്ഞ പോയിന്റ് പറഞ്ഞു തീർക്കാം. അങ്ങ് പറഞ്ഞു നമ്മുടെ ടാക്സസ്, കേരള ലോട്ടറി നിയമത്തിലെ സെക്ഷൻ 10 അനുസരിച്ച് തലേമാസം 1-ാം തീയതി, അതായത് ഇപ്പോൾ 3-7-2010-നാണ് കൊടുത്തിരിക്കുന്നത്. ഏഴാം മാസം ലോട്ടറി നടത്തണമെന്നുണ്ടെങ്കിൽ ആറാം മാസം ഒന്നാം തീയതി അല്ലെങ്കിൽ ഒന്നാം തീയതി അവധിയാണെങ്കിൽ നെക്സ്റ്റ് വർക്കിംഗ് ഡേ കൊടുക്കണമെന്ന് സെക്ഷൻ 10-ൽ കൃത്യമായും പറഞ്ഞിരിക്കുന്നു. ഈ സെക്ഷൻ 10 (2)-ൽ പറഞ്ഞിരിക്കുന്നത് അറിയാമോ ? എവിടെയെങ്കിലും വീഴ്ച വരുത്തിയാൽ നമുക്ക് പലിശ സഹിതം ഇത് കൊടുക്കാമെന്നാണ്. ഇവിടെ 1-7ന് ഇവർ പണം അടയ്ക്കുന്നു, പേ ഓർഡർ കൊടുക്കുന്നു. 3-7-ന് അവർക്ക് സർട്ടിഫിക്കറ്റ് കൊടുക്കുന്നു. ടിക്കറ്റ് അടിക്കാൻ പോലും അവർക്ക് സമയമില്ല. കാരണം എത്ര കോടി ടിക്കറ്റ് അടിക്കണം. ഒരു ദിവസം രണ്ടര കോടി ടിക്കറ്റാണ് വിൽക്കുന്നത്. 50 കോടിയോളം ടിക്കറ്റ് അടിക്കണം. 26 ദിവസം നറുക്കെടുക്കാനാണ്. 26 ദിവസം കൊണ്ട് 793 കോടി രൂപയാണ് അവർ കളക്ട് ചെയ്യുന്നത്. ആ 793 കോടി രൂപ കളക്ട് ചെയ്യാൻ വേണ്ടിയാണ് 1-ാം തീയതി പേ ഓർഡർ വാങ്ങിച്ചിട്ട് 3-ാം തീയതി സർട്ടിഫിക്കറ്റ് കൊടുക്കുന്നത്. ആ പേ ഓർഡർ ഈ സർട്ടിഫിക്കറ്റിൽ വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. എത്ര രൂപയാണ് അവരിൽനിന്നും വാങ്ങിച്ചിരിക്കുന്നതെന്ന്. 1,82,00,000 രൂപയാണ് വാങ്ങിച്ചിരിക്കുന്നത്. 26 ഡ്രോയ്ക്ക് 7,00,000 രൂപ വച്ചിട്ട് 1,82,00,000 രൂപയാണ് വാങ്ങിച്ചത്. ഒരു പൈസ പലിശ വാങ്ങിച്ചിട്ടില്ല. നേരത്തെയെങ്ങാനും ഇത് വാങ്ങിച്ചെന്നുള്ളതിന് നിങ്ങളുടെ സെയിൽസ് ടാക്സ് കമ്മീഷണറോ അസിസ്റ്റന്റ് കമ്മീഷണറോ നിങ്ങളുടെ ഉദ്യോഗസ്ഥൻമാരോ ആരെങ്കിലും പോയി രേഖയുണ്ടാക്കണം. വാസ്തവത്തിൽ പലിശ വാങ്ങിക്കുമ്പോൾ മുതലിന്റെ കൂടെയാണ് പലിശ വാങ്ങിക്കുന്നത്. വേറെ പലരും പലിശ വാങ്ങിക്കും.

ഡോ. തോമസ് ഐസക്: സർ, അതാണ് ഞാൻ പറഞ്ഞത്, അത് അന്വേഷിക്കുവാൻ പറഞ്ഞിരിക്കുകയാണ്. ഞാൻ ജോൺകെന്നഡി കേസ് ഉദ്ധരിച്ചത് മറ്റൊന്നിനും വേണ്ടിയല്ല. ഇങ്ങനെ ഡിലേ വന്നത് പുതിയ

LIBRARY ARCHIVES Kerala Legislative Assembly

ലോട്ടറിയിലാണ്. ഭൂട്ടാൻ ലോട്ടറി ആരംഭിക്കുന്നതിനുവേണ്ടിയുള്ള കേസിലാണ് അത്. അല്ലാതെ നടന്നുകൊണ്ടിരിക്കുന്ന ലോട്ടറിയിൽ ഡിലേ വന്നതല്ല. കോടതിയുടെ വിധി ആ പലിശയടക്കം നിങ്ങൾ വാങ്ങിച്ച് രജിസ്ട്രേഷൻ കൊടുക്കാനാണ്. അപ്പോൾ ഇതാണ് ഇതിന്റെ നിജസ്ഥിതി. അക്കാദമിക് ഡിബേറ്റാകാം സതീശാ, ...ഞാൻ വഴങ്ങാം. പക്ഷേ ഒരു അടിസ്ഥാനവുമില്ലാത്ത കാര്യങ്ങൾ വച്ചു കൊണ്ട് കൃത്യമായി 25 കോടി രൂപയുടെ അഴിമതി, പിന്നെ ഒരു 150 കോടി രൂപയുടെ അഴിമതി എന്നൊക്കെ അന്നത്തെ ദീപിക പോലുള്ള പത്രങ്ങളുടെ തലക്കെട്ടാക്കി മാറ്റുക, ഇതൊരു മര്യാദയല്ല.

ശ്രീ. വി. ഡി. സതീശൻ : സർ, ഞങ്ങൾ പറഞ്ഞ എല്ലാ പോയിന്റുകളും ആ ഡോക്യുമെന്റുകൾ വച്ചുകൊണ്ടാണ് പറഞ്ഞത്. കേരളത്തിൽ ഇന്ന് 14,600 കോടി രൂപ ഒരു വർഷം ഇവർ ലൂട്ട് ചെയ്തുകൊണ്ടുപോകുന്നു. ഡെയ്‌ലി 40,00,00,000 രൂപ കൊണ്ടുപോകുന്നു. അങ്ങ് സമ്മതിക്കുന്ന കാര്യമാണ്. സെക്ഷൻ 4 വയലേറ്റ് ചെയ്യുന്നു റൂൾ 3 വയലേറ്റ് ചെയ്യുന്നു, ഇതെല്ലാം ചെയ്യുന്നു. നിങ്ങളും അവരുമായിട്ട് നെക്സസ് ഉണ്ടെന്ന് കാണിക്കാൻ ഞാൻ രണ്ടുമൂന്ന് കാര്യങ്ങൾ പറഞ്ഞു. അങ്ങ് അതിന് മറുപടി പറഞ്ഞില്ല.

ശ്രീ. പി. സി. ജോർജ് : ബഹുമാനപ്പെട്ട വി. ഡി. സതീശനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ചേർന്ന് നടത്തിയത് ആരോഗ്യകരമായ ഒരു ചർച്ചയാണ്. ഞാൻ അത് കണ്ടുകൊണ്ടും കേട്ടുകൊണ്ടുമിരുന്ന ആളാണ്. അങ്ങയോട് വിനയത്തോടുകൂടി എനിക്ക് ചോദിക്കുവാനുള്ളത് ഒരു ദിവസം 40 കോടി രൂപ ഈ സംസ്ഥാനത്തു നിന്നും ലൂട്ട് ചെയ്തു കൊണ്ടുപോകുന്ന ഇവർക്കെതിരെ പ്രചരണം നടത്തുകയോ, (എത്രയോ പരസ്യം നമ്മൾ കൊടുക്കുന്നു.) ഏതെങ്കിലുമൊരു മാർഗ്ഗമുപയോഗിച്ച്, ഇത് മുഴുവൻ പാവപ്പെട്ട ചുമട്ടുകാരന്............(ബഹളം).........നിങ്ങൾബഹളം വയ്ക്കാതെ. ....(ബഹളം) .... നമുക്ക് കൂട്ടായി ഒരു ശ്രമം നടത്താൻ അങ്ങ് അതിന് നേതൃത്വം കൊടുക്കുമോ ?

ഡോ. തോമസ് ഐസക് : ശ്രീ. പി. സി. ജോർജ് പറഞ്ഞ കാര്യത്തോട് എനിക്ക് പൂർണ്ണ യോജിപ്പാണ്. ഇതുവച്ച് എന്താണ് ചെയ്യാൻ ശ്രമിക്കുന്നതെന്ന് ശ്രീ. പി. സി. ജോർജിന് അറിയാമോ? കേരളാ ലോട്ടറി വിറ്റുകിട്ടുന്നതിന്റെ ഒരു ശതമാനം, കഴിഞ്ഞ വർഷം ആറ് കോടി രൂപ ഈ വർഷം പത്ത് കോടി രൂപയെങ്കിലും കിട്ടും. അത് പൂർണ്ണമായി ഒരു വെൽഫെയർ ഫണ്ടിലേയ്ക്ക് കൊടുക്കുകയാണ്. കേരളാ ലോട്ടറി മിനിമം വിൽക്കുന്നവർക്ക് അവിടെ രജിസ്റ്റർ ചെയ്യാം. അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ബോണസും ഫെസ്റ്റിവെൽ അലവൻസും കൊടുക്കുകയാണ്. ഈ ലോട്ടറി സെല്ലിംഗ് ഏജന്റ്സിനെ കേരളാ ലോട്ടറിയോട് പ്രതിബദ്ധതയുള്ളവരാക്കി മാറ്റി മറ്റുള്ള ലോട്ടറിക്കെതിരായി ഒരു യുദ്ധമുഖം തുറക്കാൻ പറ്റുമോ എന്നുള്ള പരീക്ഷണം നടത്തുകയാണ്. പ്രധാനപ്പെട്ട രണ്ട് മൂന്ന് കാര്യങ്ങൾ അത്യാവശ്യമായി പറയുവാനുണ്ട്. ആര്യാടൻ സർ പലവട്ടം ഉന്നയിച്ചിട്ടുള്ള ....(ബഹളം)..........ഇല്ല, ഇല്ല, കഴിഞ്ഞു...........

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങ് ഒരുപാട് സമയമെടുത്തു.

ഡോ. തോമസ് ഐസക്: ആര്യാടൻ സർ പലവട്ടം ഉന്നയിച്ചിട്ടുള്ള ഒരു കാര്യം ഇന്നും ആവർത്തിച്ചതുകൊണ്ട് അവസാനമായി അതിനൊരു മറുപടി പറഞ്ഞ് തീർക്കട്ടെ? അങ്ങ് പറഞ്ഞത് 2008-09-ൽ 7718 കോടി രൂപ ഈ സഭ അംഗീകരിച്ചത് സർക്കാർ ചെലവാക്കിയിട്ടില്ല എന്നുള്ളതാണ്. എന്താണ് ഇതെന്ന് അറിയാത്ത ആളല്ല നിങ്ങൾ. പക്ഷേ അതിങ്ങനെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്താണ് ഈ 7718 കോടി രൂപ. ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ എടുക്കുന്ന മുഴുവൻ വായ്പകളും തിരിച്ചടവും വരവും ചെലവുമായി വയ്ക്കും. അപ്പോൾ എന്തൊക്കെയാണ് വരവായി വരുന്ന പണം. വേയ്സ് ആന്റ് മീൻസിൽ നമുക്ക് കുറവു വന്നുകഴിഞ്ഞാൽ 600 കോടി രൂപവരെ റിസർവ് ബാങ്കിൽ നിന്നും താല്ക്കാലിക വായ്പയെടുക്കാം. അതാണ് വേയ്സ് ആന്റ് മീൻസ്. അപ്പോൾ ഒരു വർഷം നമ്മൾ എസ്റ്റിമേറ്റ് ചെയ്യും. എത്ര പ്രാവശ്യം ഇങ്ങനെ എത്ര കോടി രൂപ എടുക്കേണ്ടിവരും. അങ്ങനെ എടുക്കുന്ന പണം തിരിച്ചടയ്ക്കുകയും ചെയ്യും. ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ വരവും ചെലവും ഉണ്ടാകും. പക്ഷേ സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെട്ടതുകൊണ്ട് ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ വളരെ തുച്ഛമായ തുക മാത്രമേ വേയ്സ് ആന്റ് മീൻസിൽ റിസർവ് ബാങ്കിൽ നിന്നും വായ്പയെടുക്കേണ്ടി വന്നുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ പറയുന്നത് എഡ്യൂക്കേഷൻ, പി.ഡബ്ല്യൂ.ഡി, ഹെൽത്ത്, ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് തുടങ്ങിയ എല്ലാ വകുപ്പുകൾക്കും കൂടി 4494 കോടി രൂപയാണ് ചെലവിടാനുള്ളത്. അല്ലാതെ മറ്റുള്ള കടം വാങ്ങിയത് കൊടുക്കുന്നതല്ല. ഇതുപോലെ ഓരോ ഹെഡ്ഡിലും പാസ്സാക്കിയതാണ്. ഞാൻ അത് കൊണ്ടുവന്നിട്ടില്ല, വേണമെങ്കിൽ അത് തെളിയിക്കാം.

ഡോ. തോമസ് ഐസക്: അപ്പോൾ 7718 കോടി രൂപയിൽ പബ്ലിക് ഡെബ്റ്റായ 5000 കോടി രൂപ ഇത്തരത്തിലുള്ള ബുക്ക് അഡ്ജസ്റ്റ്മെന്റ് മാത്രമാണ്. ബാക്കി ഇവിടെ ആര്യാടൻ സർ പറഞ്ഞതുപോലെ 2798 കോടി രൂപയുണ്ട്. അതിൽ 500-ഓ 600-ഓ അല്ലെങ്കിൽ എത്രയാണോ കണക്കാക്കുന്നത്, അതാണ് പ്ലാനിൽ വരുന്നത്. ബാക്കി നോൺ പ്ലാനാണ്. അതായത് ശമ്പളത്തിലും പലിശയിലും എല്ലാം വകയിരുത്തിയിട്ടുള്ളതിൽ വന്നിട്ടുള്ള കുറവാണ്. പറഞ്ഞത് ശരിയാണ്. ചില ഡിപ്പാർട്ടുമെന്റുകളിൽ പല കാരണങ്ങൾകൊണ്ടും, പണം ചെലവായിട്ടില്ല. പക്ഷേ ഇതാണ് അതിന്റെ യാഥാർത്ഥ്യം എന്ന് മനസ്സിലാക്കണം. 124 കോടി രൂപ കാർഷിക വികസന ബാങ്കിന് സോഫ്റ്റ് ലോൺ നൽകുന്നതിനെക്കുറിച്ച് ബാങ്കിനെ പൊളിക്കാൻ പോവുകയാണ് എന്ന് പറഞ്ഞു. ഈ സർക്കാർ അല്ല ഈ നിയമം ഉണ്ടാക്കിയത്. കഴിഞ്ഞ സർക്കാർ ഗ്യാരന്റി കമ്മീഷൻ ആക്ട്, എഫ്.ആർ.ബി.എം. ആക്ട് പോലെയുള്ള രണ്ട് മൂന്ന് നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. നിയമസഭാരേഖ നോക്കിയാൽ ഇതിന്റെയൊക്കെ പ്രത്യാഘാതം എന്തെന്നുള്ള പ്രസംഗം

LIBRARY ARCHIVES Kerala Legislative Assembly

അവിടെയുണ്ട്. ഈ ആക്ട് നിലവിലുള്ളപ്പോൾ സംസ്ഥാന സർക്കാരിന് നിയമംമൂലം കമ്മീഷൻ മൊത്തം തുകയ്ക്ക് വാങ്ങാതെ, ഗ്യാരന്റി നൽകാൻ പറ്റില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കാർഷിക വികസന ബാങ്കിനൊക്കെ വായ്പ എടുക്കുന്നത് ഭീമമായ ഭാരമായി മാറുകയാണ്. 124 കോടി രൂപ തന്നാലേ കമ്മീഷന് ഗ്യാരന്റി നിൽക്കാൻ പറ്റൂ. നിയമം ഭേദഗതി ചെയ്യാൻ പോവുകയാണ്. അതിന്റെ ഡ്രാഫ്റ്റായി. പക്ഷേ, ഇപ്പോൾ അവർക്ക് വായ്പ കിട്ടണം. അതുകൊണ്ട് നേരത്തെ ചോദിച്ചപ്പോൾ കൊടുക്കാൻ കഴിഞ്ഞില്ല. എസ്.ഡി.ജി. പാസ്സാക്കിയാൽ മാത്രമേ കൊടുക്കാൻ പറ്റുകയുള്ളൂ. അതുകൊണ്ട് 124 കോടി രൂപ അവർക്ക് എന്തിന് വലതുകൈകൊണ്ടുതന്നെ 124 കോടി രൂപ ഗ്യാരന്റി കമ്മീഷനെന്നു പറഞ്ഞ് വാങ്ങും. അപ്പോൾ അദ്ദേഹത്തിന്റെ ചോദ്യം നിങ്ങൾ എന്തിനാണ് അത് വായ്പയായി കൊടുക്കുന്നത് എന്ന് ചോദിച്ചാൽ ഇത് ഗ്രാന്റായി നൽകിക്കഴിഞ്ഞാൽ സംസ്ഥാന സർക്കാരിന്റെ റവന്യൂ ചെലവ് 124 കോടി രൂപയിൽ നിന്ന് കൂടും. പലിശ രഹിത വായ്പയാണ്. ഒരു ബാദ്ധ്യതയുമില്ല. അവിടെ കിടന്നോട്ടേ? അത് ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറാകും. അതുകൊണ്ട് ആ ഒരു സമീപനം മൂലമാണ് അത് ചെയ്യുന്നത്. ആ ബാങ്കിനെ എങ്ങനെ സഹായിക്കാൻ പറ്റും എന്നുള്ളതാണ്. സാധാരണ ഗതിയിൽ ചെയ്യുന്ന കാര്യമല്ല. സാധാരണഗതിയിൽ ഒരു സർക്കാരിന്റെയും ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ഇത് അംഗീകരിക്കുകയില്ല. എന്നാൽ ഇവിടെ ബാങ്ക് നിലനിൽക്കണം. അതുകൊണ്ട് നമ്മൾ ഒരു ഉപായത്തിൽ വെറുതെ ഇത് പാസ്സാകുമ്പോൾ 124 കോടി രൂപ കൊടുക്കുന്നു. നാളെ ഈ 124 കോടി രൂപ തിരിച്ചു വാങ്ങുന്നു. അതല്ലേ ചെയ്യുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: ബാങ്കിനെ സഹായിക്കാനാണെന്ന് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. കാരണം ബാങ്ക് ഇന്നുവരെ എടുത്തിട്ടുള്ള നിലപാട് റെക്കറിംഗായി ഗ്യാരന്റി കമ്മീഷൻ വാങ്ങുന്നത് തെറ്റാണ്. ഇത് ഒരു പ്രയോറിറ്റി ലെൻഡിംഗാണ്, വാങ്ങാൻ പാടില്ല. 2003-ലെ നിയമമുള്ളതുകൊണ്ടാണ് ഇത് ചെയ്യുന്നതെന്നാണ് അങ്ങ് പറയുന്നത്. നാല് വർഷമായി പലപ്രാവശ്യം ഞാനും അങ്ങയുടെ അടുത്ത് വന്നതാണ്. ഈ നാലുവർഷമായി ഇതിന്റെ ഒരു സെക്ഷനും അമെന്റ് ചെയ്യാൻ ഇതുവരെയും അങ്ങേക്ക് സമയം കിട്ടിയില്ല. ബാങ്കിനെക്കൊണ്ട് ഇത് ഞങ്ങൾ തരാനുള്ളതാണ് എന്ന് പറയുകയും അതിന്റെ പേരിൽ ലോണെടുക്കുകയും ചെയ്ത് കമ്മിറ്റ്മെന്റ് മേടിച്ചതിനുശേഷം അങ്ങ് ബാങ്കിനെ സഹായിക്കാനാണെന്ന് പറയുന്നതിൽ എന്താണ് അർത്ഥം.

ഡോ. തോമസ് ഐസക്: ബാങ്കിനെ ദ്രോഹിക്കാനാണെന്ന് പറയില്ലല്ലോ? ഇപ്പോൾ ചെയ്യാൻ പറ്റുന്ന രീതിയിലുള്ള സഹായം കൊടുക്കുന്നു. ആ നിയമം ഭേദഗതി ചെയ്യും. ഞാൻ നീട്ടുന്നില്ല. പക്ഷേ, ഒന്നു രണ്ട് കാര്യങ്ങൾ, ഈ സർക്കാരിന്റെ ഒരു പ്രത്യേകതയെന്ന് പറയുന്നത് നിങ്ങൾ അധികാരത്തിൽ വരുമ്പോൾ കേരള സർക്കാരിന്റെ മൊത്തം ചെലവ്

LIBRARY ARCHIVES Kerala Legislative Assembly

